# അനുഭവ കിരണങ്ങൾ

## കുടുംബശ്രീ അംഗങ്ങളുടെ
## അനുഭവകുറിപ്പുകൾ






കുടുംബശ്രീ ജില്ലാമിഷൻ
കാസറഗോഡ് – 2014

# അനുഭവ കിരണങ്ങൾ

(കുടുംബശ്രീ അംഗങ്ങളുടെ അനുഭവക്കുറിപ്പുകൾ)

**കുടുംബശ്രീ ജില്ലാ മിഷൻ**

**കാസർകോട്**

**2014**

# അനുഭവ കിരണങ്ങൾ

## (കുടുംബശ്രീ അംഗങ്ങളുടെ അനുഭവക്കുറിപ്പുകൾ)





**എഡിറ്റോറിയൽ ബോർഡ് :**

**ചീഫ് എഡിറ്റർ** : **അബ്ദുൾ മജീദ്.സി.എ.**
(കുടുംബശ്രീ ജില്ലാമിഷൻ, കോർഡിനേറ്റർ)

**എഡിറ്റർ** : **പ്രകാശ്.ടി.ജെ.**
(ജെൻഡർ റിസോഴ്സ്പേഴ്സൺ കോർഡിനേറ്റർ)

**കോ-ഓർഡിനേറ്റിംഗ് എഡിറ്റർ** : **വിജയൻ.കെ.വി.** (എ.ഡി.എം.സി)
**മുഹമ്മദ്കുഞ്ഞി.എം.** (എ.ഡി.എം.സി)

**അസി. എഡിറ്റർമാർ** : **ജെൻഡർ കോർ ടീം**

**എഡിറ്റിംഗ്, പ്രിന്റിംഗ് & കവർ ഡിസൈനർ:** **സുരേഷ്.കെ.വി**
(സ്ട്രൈറ്റ്ലൈൻ കുടുംബശ്രീ ഐടി യൂണിറ്റ്, കാഞ്ഞങ്ങാട്)

# അവതാരിക



സ്ത്രീ ശാക്തീകരണത്തിന്റേയും സാമൂഹിക-സാമ്പത്തിക മാറ്റങ്ങളുടേയും പുതിയ വിജയമാതൃകകൾ സൃഷ്ടിച്ച് കേരളത്തിൽ വിവിധ മേഖലകളിൽ ശ്രദ്ധേയമായ ഇടപെടലായി മാറാൻ കുടുംബശ്രീക്ക് കഴിഞ്ഞിരിക്കുന്നു. അറിവിന്റെയും അനുഭവങ്ങളുടെയും ലോകത്തേക്ക് ആത്മവിശ്വാസത്തോടെ കൈപിടിച്ചുയർന്ന പതിനാറു വർഷത്തെ അനുഭവ സാക്ഷ്യങ്ങളുടെ സമാഹരണമാണ് ഈ പുസ്തകം.

അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വന്ന സ്ത്രീ ശാക്തീകരണം ഉയർത്തിപ്പിടിക്കുന്നതാണ് അനുഭവ രചനകളിലെ സാക്ഷ്യങ്ങൾ. സ്ത്രീകളിലൂടെ കുടുംബങ്ങളിലേക്കും കുടുംബങ്ങളിലൂടെ സമൂഹത്തിലേക്കും എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയായിരുന്നു കേരളത്തിലുടനീളം നടന്ന പുസ്തകയാത്ര. പരസ്പര സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും കൂട്ടായ്മയുടേയും, സംഘശക്തിയുടേയും വിജയഗാഥകളാണ് കുടുംബശ്രീ പ്രവർത്തകരുടെ അനുഭവസാക്ഷ്യങ്ങൾ.

കുടുംബശ്രീയുടെ പതിനാറാം വാർഷികവേളയിൽ ആനന്ദാശ്രു പൊഴിഞ്ഞ ജീവിതഗന്ധിയായ നേർകാഴ്ചകൾ, അനുഭവങ്ങൾ, കുടുംബശ്രീ വഴിത്താരയിൽ, കുടുംബശ്രീ പ്രസ്ഥാനം നൽകിയ പച്ചപ്പേകിയ മാറ്റങ്ങൾ അനുഭവത്തിന്റെ തൂലികയിലൂടെ നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു.

**ശ്രീ. അബ്ദുൽ മജീദ് ചെമ്പരിക്ക**
കുടുംബശ്രീ, ജില്ലാ മിഷൻ കോർഡിനേറ്റർ
കാസറഗോഡ്

# ആശംസ



കുടുംബശ്രീ സംഘടന കേരളത്തിന്റെ പുതിയ പ്രതീക്ഷയും ആവേശവുമാണ് എൻ.ആർ.എൽ.എം തുടങ്ങിയ കേന്ദ്രപദ്ധതികളുടെ നോഡൽ ഏജൻസിയായി കുടുംബശ്രീ മാറിക്കഴിഞ്ഞു. കുടുംബശ്രീ പ്രസ്ഥാനം പതിനാറ് വർഷംകൊണ്ട് ഒരു വൻ വൃക്ഷമായി മാറിയിരിക്കുകയാണ്. സ്ത്രീ സമത്വത്തിനും, ശാക്തീകരണത്തിനുമായി കുടുംബശ്രീ പ്രവർത്തകർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ലോകത്തിനു തന്നെ മാതൃകയാണ്. കേരളത്തിന്റെ വിഭാഭ്യാസ, സാംസ്കാരിക, തൊഴിൽ മേഖലകളിലും, സാമൂഹിക - സാമ്പിത്തക ശാക്തീകരണത്തിനും നിദാനമായത് കുടുംബശ്രീ പ്രസ്ഥാനമാണ് എന്നതിൽ സംശയമില്ല.

പതിനാറാം വാർഷികത്തോടനുബന്ധിച്ച് ജില്ലാ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന കുടുംബശ്രീ അംഗങ്ങളുടെ അനുഭവ രചനകൾ അവരുടെ ജ്വലിപ്പിക്കുന്ന കനലുകളാണ്. സമൂഹത്തിന്റെ നാനാമേഖലകളിൽ പ്രശംസാവകമായ നേട്ടങ്ങൾ സ്വായക്തമാക്കിയ കുടുംബശ്രീ കുടുംബശ്രീ സഹോദരിമാർക്ക് സ്ത്രീ ശാക്തീകരണ പ്രവർത്തനത്തിലൂടെ ഇനിയും മുന്നേറട്ടെ. അവരുടെ അനുഭവ സമാഹരണ പുസ്തകം അതിന് പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

**അഡ്വ. പി.പി ശ്യാമളാദേവി**
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
കാസറഗോഡ്

# ആശംസ



കുടുംബശ്രീ അതിന്റെ പതിനാറ് വർഷം പിന്നിടുമ്പോൾ ദാരിദ്ര്യ ലഘൂകരണ രംഗത്തും, സത്രീ ശാക്തീകരണ മേഖലകളിലും ഏറെ മുന്നേറാനും, മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാനും കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചു എന്നത് അഭിമാനാർഹമാണ്. അവരുടെ അനുഭവ വിജയ സാക്ഷ്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കാൻ കഴിയുന്നു എന്നതിൽ കുടുംബശ്രീ പ്രവർത്തകരെ അനുമോദിക്കുന്നു.

വിവിധ ഭാഷാ, സംസ്കാരികങ്ങളാൽ വൈവിധ്യമാർന്ന കാസറഗോഡ് ജില്ലയിൽ കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ പ്രചോദനമുൾക്കൊണ്ട് ജീവിതം പച്ചപിടിച്ച അനുഭവ സാക്ഷ്യങ്ങൾ ഈ പുസ്തക താളുകളിലുണ്ട്. കാസറഗോഡ് ജില്ലയിൽ നടത്തിയ കുടുംബശ്രീ പുസ്തക യാത്ര ഒരു തുടക്കമായിരുന്നു. കുടുംബശ്രീ വരുന്നതിനു മുമ്പും ശേഷവും ഉണ്ടായ കുടുംബശ്രീ പ്രവർത്തകരുടെ ജീവിതത്തിന്റെ നേർകാഴ്ചകളുടെ അനുഭവ സമാഹരണത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**ശ്രീ.പി.എസ്.മുഹമ്മദ് സഗീർ, ഐ.എ.എസ്**
ജില്ലാ കളക്ടർ, കാസറഗോഡ്

# ആശംസ



കുടുംബശ്രീ അതിന്റെ 16-ാം വാർഷികത്തോടനുബന്ധിച്ച് ജില്ലാ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന കുടുംബശ്രീ അംഗങ്ങളുടെ അനുഭവ സമാഹരണം പ്രശംസനീയമാണ്.

കുടുംബശ്രീ സഹോദരിമാർ ശരീരവും മനസ്സും കർമ്മ നിരതമാക്കിയതിന്റെ സാക്ഷ്യമാണ് അവരുടെ അനുഭവ കുറിപ്പുകൾ. വീടുകളിൽ ഒതുങ്ങി ജീവിച്ച സ്ത്രീ സമൂഹമാണ് ഈ രചനാ വിപ്ലവം നടത്തിയത് എന്നത് ശ്ലാഘനീയമാണ്.

ദാരിദ്ര്യ ലഘൂകരണ, സാമൂഹ്യ - സാമ്പത്തിക വികസന ശാക്തീകരണ മേഖലകളിൽ കുടുംബശ്രീ സംവിധാനത്തിലൂടെ മുന്നേറിയ സ്വന്തം അനുഭവങ്ങൾ മറ്റുള്ളവർക്കും പ്രചോദനമാണ്.

നിർഭയ പദ്ധതിയിലൂടെയും, സ്ത്രീ പദവി സ്വയം പഠന പ്രക്രിയയിലൂടേയും അസമത്വവും, വിലക്കുകളും, ചൂഷണങ്ങളും, വിവേചനവും മറികടന്ന് മുന്നേറാൻ ഈ അനുഭവ സമാഹരണ പ്രസിദ്ധീകരണത്തിലൂടെ കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

**അഡ്വ.എൻ.എ ഖാലീദ്**
സംസ്ഥാന കുടുംബശ്രീ ഗവേണിംഗ്
എക്സിക്യൂട്ടീവ് അംഗം,
കാസറഗോഡ് ജില്ല

# കൃതജ്ഞത



കുടുംബശ്രീ അതിന്റെ 16-ാം വാർഷികത്തോടനുബന്ധിച്ച് കാസർകോട് ജില്ലാ കുടുംബശ്രീ മിഷൻ പ്രസിദ്ധീകരിക്കുന്ന അനുഭവകിരണങ്ങൾ കുടുംബശ്രീ അംഗങ്ങളുടെ അനുഭവ സാക്ഷ്യ സമാഹാരമാണ്. സ്ത്രീ ശാക്തീകരണ മേഖലകളിൽ ഒരിക്കലും മറക്കാൻ പറ്റാത്ത സ്വന്തം അനുഭവ വിജയഗാഥകൾ.

സ്വന്തം അനുഭവങ്ങൾ മറ്റുള്ളവരമായി പങ്കുവെക്കാനും പ്രസിദ്ധീകരിക്കുവാനും സുമനസ്സു കാണിച്ച ഓരോ കുടുംബശ്രീ അംഗങ്ങൾക്കും ആദ്യമായി നന്ദി പറയുകയാണ്. പുസ്തക യാത്രയിലും തുടർ പ്രവർത്തനങ്ങളിലും അവരുടെ പ്രവർത്തനങ്ങൾ മറക്കാൻ പറ്റുന്നതല്ല.

ഈ അനുഭവക്കുറിപ്പിന്റെ പ്രസിദ്ധീകരണത്തിന് സന്ദേശങ്ങൾ നൽകിയ കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പി.പി.ശ്യാമളാദേവി, പി.എസ്.മുഹമ്മദ് സഗീർ (ഐ.എ.എസ്) ജില്ലാ കലക്ടർ, സംസ്ഥാന കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം അഡ്വ.എൻ.എ.ഖാലിദ് എന്നിവർക്കും കാസർകോട് ജില്ലാ കുടുംബശ്രീമിഷനിലെ ഡി.എം.സി, എ.ഡി.എം.സിമാർ, കൺസൾട്ടന്റുമാർ, മറ്റ് സ്റ്റാഫ് അംഗങ്ങളുടെയും സംസ്ഥാന ജെൻഡർ ടീമിന്റെയും നിർദ്ദേശങ്ങൾ നന്ദിയോടെ ഓർക്കുന്നു.

കൃത്യസമയത്ത് തന്നെ എല്ലാ സിഡിഎസുകളിലെയും അനുഭവക്കുറിപ്പുകൾ അയച്ച് തന്ന ചെയർപേഴ്സൺമാർ, മെമ്പർ സെക്രട്ടറിമാർ, സിഡിഎസ് അംഗങ്ങൾ, അക്കൗണ്ടന്റുമാർ, ജെൻഡർ റിസോഴ്സ് പേഴ്സൺമാർ തുടങ്ങി എല്ലാവർക്കും കൃതജ്ഞത അർപ്പിച്ച് കൊണ്ട് അനുഭവ കിരണങ്ങൾ നിങ്ങൾക്കായ് സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,
**പ്രകാശ്.ടി.ജെ,**
എഡിറ്റർ & ജെൻഡർ
റിസോഴ്സ് പേഴ്സൺ കോർഡിനേറ്റർ

# എന്റെ അനുഭവക്കുറിപ്പ്



**ഷക്കീല മജീദ്**
സി.ഡി.എസ്. ചെയർപേഴ്സൺ
കാസർകോട് മുനിസിപ്പാലിറ്റി

**പു**റംലോകത്തെപ്പറ്റി യാതൊരു അറിവുമില്ലാത്ത കാലം. എന്റെ വീടും പരിസരവുമല്ലാതെ മറ്റൊന്നും ചിന്തിച്ചിരുന്നില്ല. പഠിക്കുന്ന കാലത്തുതന്നെ വൈകുന്നേരങ്ങളിൽ അടുത്തുള്ള പാവപ്പെട്ട കുട്ടികൾക്ക് ട്യൂഷൻ കൊടുക്കുമായിരുന്നു. ഒരു ദിവസം തങ്ങളുടെ വാർഡിൽ (കാസർകോട് നഗരസഭയിലെ 8-ാം വാർഡ്) കൗൺസിലറുടെ നേതൃത്വത്തിൽ 24-4-2004ന് യോഗം ചേർന്നു. സി.ഡി.എസ്. ചെയർപേഴ്സൺ, പ്രൊജക്ട് ഓഫീസർ എന്നിവർ പങ്കെടുത്തു. ഞങ്ങളുടെ പ്രദേശത്ത് പത്ത് പാവപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു അയൽക്കൂട്ടം തുടങ്ങി, എന്നെ അയൽക്കൂട്ടം സെക്രട്ടറിയായി തെരഞ്ഞെടുത്തു. ഞാനും അയൽക്കൂട്ടം പ്രസിഡന്റും കണക്കെഴുത്ത് പരിശീലനം ഉൾപ്പെടെ പല പരിശീലന ക്ലാസുകളിലും പങ്കെടുത്തു. കുടുംബശ്രീ പ്രവർത്തനം അറിയാനും രജിസ്റ്ററും മിനുട്സും നന്നായി സൂക്ഷിക്കാനും ഞങ്ങൾ പഠിച്ചു. വൈകുന്നേരങ്ങളിൽ അയൽക്കൂട്ടം അംഗങ്ങളെയും എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചു. 80 വയസ്സായ മുതിർന്ന അംഗം വരെ ഇന്ന് ഞങ്ങളുടെ മിനുട്സിൽ പേരെഴുതിയാണ് ഒപ്പിടാറുള്ളത്. അയൽക്കൂട്ടത്തിലെ ഒരംഗത്തെ എന്നും മദ്യപിച്ചെത്തുന്ന ഭർത്താവ് ഉപദ്രവിക്കുമായിരുന്നു. ഒരുദിവസം അയാൾ ഭാര്യയുടെ കഴുത്തിൽ തോർത്ത് കെട്ടിമുറുക്കി ഇനി നീ അയൽക്കൂട്ടയോഗത്തിൽ പോകരുത് എന്ന് പറഞ്ഞു. ഞങ്ങൾ ഇടപെട്ടു. അയാൾ പറഞ്ഞു, എന്റെ ഭാര്യയെ തല്ലും കൊല്ലും നിങ്ങളാരും ഇടപെടണ്ട. ഞങ്ങൾ ആ സഹോദരിയോട് പറഞ്ഞു നിങ്ങൾ അയൽക്കൂട്ട യോഗത്തിൽ വരണ്ട. പകരം അമ്മയെ വിട്ടാൽ മതി. പിന്നീട് അയാൾക്ക് മഞ്ഞപ്പിത്തം ബാധിച്ചു. ഒരു മാസത്തോളം പല ആശുപത്രികളിലും കിടക്കേണ്ടിവന്നു. പണമില്ലാതെ ഭാര്യയ്ക്ക് കഷ്ടപ്പെടേണ്ടിവന്നില്ല. എല്ലാ കാര്യത്തിനും ഞങ്ങളുടെ അയൽക്കൂട്ടം ഒറ്റക്കെട്ടായി ആ കുടുംബത്തെ സഹായിച്ചു. ഇപ്പോൾ അയാൾ മുൻകാലത്തെപ്പോലെ മദ്യപിക്കാറില്ല. ഭാര്യയെ അയൽക്കൂട്ടയോഗത്തിൽ വിടാറുണ്ട്. അയൽക്കൂട്ടത്തിലെ മറ്റൊരു സഹോദരിയെ ഒരു എസ്.സി. യുവാവ് കല്യാണം കഴിച്ചു. അവർക്ക് മൂന്ന് മക്കളുമായി. അയാൾ എസ്.സി. വിഭാഗത്തിൽപ്പെട്ട മറ്റൊരു പെൺകുട്ടിയെ വിവാഹം കഴിച്ചു. ഒരു മകനുമായി. ഒരു തരത്തിലും അവർ

യോജിച്ചുപോയില്ല. എന്നും അവളുടെ കണ്ണീര് കണ്ട് ഏറെ വിഷമം തോന്നിയ ഞാനും പ്രസിഡന്റും വനിതാ കമ്മീഷനിൽ പരാതി നൽകി. രണ്ട് മാസം കഴിഞ്ഞപ്പോൾ ഞങ്ങളേയും അയാളെയും വിളിപ്പിച്ചു. അയാളോടൊപ്പം ഇനി ജീവിക്കാൻ പറ്റില്ല എന്ന് യുവതി കമ്മീഷന് മുമ്പിൽ തീർത്തുപറഞ്ഞു. ഇപ്പോൾ അയാൾ അവർക്കും മക്കൾക്കും ചിലവിന് കൊടുക്കുന്നുണ്ട്. കമ്മീഷനിൽ തീർപ്പായതാണ് ചിലവിന് കൊടുക്കാൻ.

പണ്ടുതൊട്ടേ ഞങ്ങളുടെ പ്രദേശത്ത് (എസ്.സി കോളനിയുടെ സൈഡ്) ഒരു വഴി ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരായിരുന്നു ഞങ്ങളെല്ലാവരും. എസ്.സി. വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലിന്റെ മലിനജലവും മാലിന്യവും നിറഞ്ഞ സ്ഥലത്തുകൂടിയായിരുന്നു സ്കൂളുകളിലും അംഗൻവാടികളിലും പോകുന്ന കുട്ടികളുൾപ്പെടെ നടന്നുപോയിരുന്നത്. ആരെങ്കിലും മരിച്ചാൽ പോലും മലിനജലത്തിൽ കാല് പൂഴ്ത്തിയാണ് മൃതദേഹം കൊണ്ടുപോയിരുന്നത്. ഒരു വഴിക്കായി ഞാനും പ്രസിഡന്റും ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ആയിടയ്ക്കാണ് ഒരു ഗാന്ധിജയന്തി ദിവസം ഞങ്ങളുടെ കോളനി സന്ദർശിക്കാനും പരാതികൾ സ്വീകരിക്കാനും പോലീസ് സൂപ്രണ്ട് എത്തിയത്. പലരും പരാതികൾ കൊടുക്കുന്ന കൂട്ടത്തിൽ ഞങ്ങളുടെ വഴിപ്രശ്നം വെച്ച് ഞാനും ഒരു പരാതി നൽകി.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ എസ്.സി. വകുപ്പിലെ ബ്ലോക്ക് ഓഫീസർ സ്ഥലം സന്ദർശിച്ചു. വഴിയുടെ അത്യാവശ്യം മനസ്സിലാക്കിയ അദ്ദേഹം ഞങ്ങൾക്ക് അനുകൂലമായി ജില്ലാ എസ്.സി. ഓഫീസർക്ക് റിപ്പോർട്ട് നൽകി. പക്ഷെ! അവിടെ നിന്നും പ്രതികരണമൊന്നുമുണ്ടായില്ല.

അങ്ങനെയിരിക്കെ ഞങ്ങളുടെ അയൽക്കൂട്ടം വളർന്നു. എല്ലാ പരിശീലനക്ലാസിലും ഞങ്ങൾ പങ്കെടുത്തു കൊണ്ടേയിരുന്നു. പിന്നീട് നഗരസഭയിലെ പല അയൽക്കൂട്ടങ്ങൾക്കും ഞാനും പ്രസിഡന്റും കണക്കെഴുത്ത് ക്ലാസ്സെടുത്തുകൊടുത്തു. ഞങ്ങളുടെ പ്രവർത്തനം കണ്ടറിഞ്ഞ കൗൺസിലറും അന്നത്തെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും, പ്രൊജക്ട് ഓഫീസറും, സി.ഡി.എസ്. ലെ ഒമ്പതംഗ എക്സിക്യൂട്ടീവും ചേർന്ന് ഞങ്ങളെ 8-ാം വാർഡിലെ എ.ഡി.എസ്. ഭാരവാഹികളാക്കി. പിന്നീട് ഞങ്ങളുടെ വാർഡിൽ 4 അയൽക്കൂട്ടങ്ങൾ പുതിയതായുണ്ടാക്കുകയും, അഞ്ച് അയൽക്കൂട്ടത്തിനും അഞ്ച് ബാലസഭകളുണ്ടാക്കുകയും ചെയ്തു. അവർക്ക് വേണ്ട എല്ലാ പരിശീലനങ്ങളും പിന്തുണകളും ഞങ്ങളുടെ ഭാഗത്തുനിന്നും ചെയ്തു കൊടുത്തു.

ആയിടയ്ക്കാണ് ജില്ലാമിഷനിൽ നിന്നും ഒരു ഉദ്യോഗസ്ഥൻ വന്ന് ഞങ്ങളുടെ അഞ്ച് അയൽക്കൂട്ടങ്ങളേയും ഗ്രേഡ് ചെയ്യുകയും എല്ലാ അയൽക്കൂട്ടങ്ങൾക്കും 140ന് മുകളിൽ മാർക്ക് ലഭിക്കുകയും ചെയ്തു. അങ്ങനെ എന്റെ അയൽക്കൂട്ടത്തിന് ആദ്യ

മായി 50,000/- രൂപ ലിങ്കേജ് വായ്പ ലഭിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം (21-3 -2006) കുടുംബശ്രീ ഓഫീസിൽ ചെന്നപ്പോൾ ചെയർപേഴ്സണും പ്രൊജക്ട് ഓഫീസറും പറഞ്ഞു. റോഡിനായി നീക്കിവെച്ച ഫണ്ട് സി.ഡി.എസിൽ കുറച്ചു ബാക്കിയുണ്ട്. നിങ്ങളുടെ വഴിക്കായി വേണമോ എന്ന് കേൾക്കേണ്ട താമസം വഴിയുടെ കാര്യം ഞങ്ങളുടെ ഉള്ളിൽ കത്തി. അന്നേദിവസം തന്നെ ഞങ്ങൾ സ്പെഷ്യൽ അയൽക്കൂട്ടം ചേരുകയും റോഡുപണിക്കായി ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പിറ്റേദിവസം മിനുട്സിന്റെ കോപ്പി സി.ഡി.എസിന് സമർപ്പിച്ചു.

അടുത്ത സി.ഡി.എസ്. മീറ്റിംഗിൽ റോഡുപണിക്കായി ഞങ്ങൾക്ക് 80,000 രൂപ പാസ്സായി. അഡ്വാൻസ് 20,000 രൂപ എന്റേയും പ്രസിഡന്റിന്റേയും പേരിൽ ബാങ്കിൽ നിക്ഷേപിച്ചു. എസ്.സി. ഓഫീസിൽ ചെന്ന് കാര്യങ്ങളെല്ലാം അറിയിച്ചു. പക്ഷെ എസ്.സി. ഓഫീസർ ചെവികൊണ്ടില്ല. എസ്.സി. ഓഫീസിലും മുനിസിപ്പാലിറ്റിയിലും ഞങ്ങൾ നിരന്തരം ചെന്നുകൊണ്ടേയിരുന്നു. ഞങ്ങളുടെ പ്രയാസം മനസ്സിലാക്കിയ കാസർകോട് നഗരസഭയിലെ ആദരണീയനായ ചെയർമാൻ ടി.ഇ. അബ്ദുല്ല സാർ എസ്.സി. ഓഫീസറെ മീറ്റിംഗിനായി ക്ഷണിച്ചു. എല്ലാ കാര്യങ്ങളും ചർച്ച ചെയ്തു. ഇതുപോലെ പല പ്രാവശ്യം ഞങ്ങളുടെ ബഹുമാനപ്പെട്ട ചെയർമാൻ ടി. ഇ. സാർ തിരക്കിനിടയിലും സമയമുണ്ടാക്കി എസ്.സി. ഓഫീസറെ വിളിച്ചു ചർച്ച നടത്തി. ഇക്കാര്യങ്ങളെല്ലാം തിരുവനന്തപുരം എസ്.സി. ഡയറക്ടറേറ്റിലേക്കെഴുതാമെന്ന് പറഞ്ഞ് ഓഫീസർ കൈകഴുകി. ഇക്കാര്യത്തിന് വേണ്ടി ചെയർമാനും ക്ഷേമകാര്യം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുക്താർ സാറും ഞങ്ങളെ വളരെയധികം പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്തിരുന്നു.

ആയിടയ്ക്ക് ഞങ്ങളറിയാതെ കുറച്ച് ശത്രുക്കൾ ഞങ്ങൾക്കുണ്ടായി. എസ്.സി. വിഭാഗത്തിൽപ്പെട്ട കുറച്ച് പാവങ്ങളായിരുന്നു അത്. ആരോ അവരെ ഞങ്ങൾക്കെതിരെ കരുവാക്കുകയായിരുന്നു. ഒടുവിൽ മുനിസിപ്പാലിറ്റി തീരുമാനിച്ചു. എസ്.സി. വകുപ്പിന്റെ സമ്മതമില്ലെങ്കിലും ഹോസ്റ്റൽ മതിൽ പൊളിച്ചു ഞങ്ങൾ നടവഴി ഉണ്ടാക്കിത്തരാൻ. അങ്ങനെ വഴിപ്പണി തുടങ്ങിയ അന്ന് ഒരു സംഘം കോളനിക്കാർ ഞങ്ങളെ വളയുകയും ഏറ്റവും വൃത്തികെട്ട ഭാഷയിൽ അപമാനിക്കുകയും പണിനിർത്തിവെപ്പിക്കുകയും ചെയ്തു. പിന്നീട് പരാതിയുടെ ഘോഷയാത്രയായിരുന്നു. 120ഓളം പേർ ഒപ്പിട്ട് വഴി എടുക്കാൻ പാടില്ല എന്ന് പറഞ്ഞു. വില്ലേജ് ഓഫീസ്, ബ്ലോക്ക് ഓഫീസ്, എസ്.സി. ഓഫീസ് ഒടുവിൽ മുനിസിപ്പാലിറ്റിയിലും പരാതി നൽകി. എല്ലായിടത്തുനിന്നും ഞങ്ങളെ വിളിപ്പിച്ചു. വളരെയധികം കഷ്ടപ്പെട്ട് പല ദിവസങ്ങളിലായി ഓഫീസർമാരെ സ്ഥലത്ത് കൊണ്ടുവന്ന് കാര്യങ്ങൾ ബോധ്യപ്പെടുത്തി. അപ്പോൾത്തന്നെ ഒരു കോളനി നിവാസി ഞങ്ങൾക്ക് പരാതിയില്ലെന്നും

പറഞ്ഞ് ഒപ്പിട്ടുകൊടുത്തു. വെള്ളപേപ്പറിൽ ഒപ്പിടീച്ചവർ പറഞ്ഞത് ഈ വഴിയേ അനുകൂലിക്കാനായിരുന്നു എന്നും പറഞ്ഞു.

മാസങ്ങൾക്ക് ശേഷം ഞങ്ങളോട് അലിവ്തോന്നിയ ജില്ലാ എസ്.സി. ഓഫീസർ തിരുവനന്തപുരം എസ്.സി. ഡയറക്ടർ ബോർഡിലേക്ക് ഞങ്ങളുടെ പരാതിയും നഗരസഭയുടെ കൗൺസിൽ തീരുമാനവും അയച്ചുകൊടുത്തു.

പിന്നീട് മിക്കവാറും എല്ലാ ദിവസവും (ഏകദേശം ഒന്നരവർഷത്തോളം) ജില്ലാ എസ്.സി. ഓഫീസിൽ ചെന്ന് കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടേയിരുന്നു. മറുപടി നാളെ വരും മറ്റന്നാൾ വരും എന്ന് ഓഫീസിൽ നിന്ന് പറഞ്ഞുകൊണ്ടേയിരുന്നു. പലപ്രാവശ്യം ജില്ലാകളക്ടറെ കണ്ടു. ഫലമുണ്ടായില്ല. മൂന്ന് നാല് പ്രാവശ്യം എം.എൽ.എ.യെ കണ്ടു. മുഖ്യമന്ത്രി കാസർകോട് വന്നപ്പോൾ പരാതി നേരിട്ട് നൽകി. ഫലമുണ്ടായില്ല. ഞങ്ങൾക്ക് പാസ്സായ രൂപ തിരിച്ചടക്കാൻ സി. ഡി.എസ് ൽ നിന്നും പറഞ്ഞുകൊണ്ടേയിരുന്നു. ഒടുവിൽ 2008 നവംബർ മാസത്തിൽ ഞങ്ങൾക്കും മുനിസിപ്പാലിറ്റിക്കുമുള്ള ഉത്തരവ് എസ്.സി. ഓഫീസറിൽനിന്ന് ലഭിക്കുകയാണുണ്ടായത്.

എല്ലാം ശരിയായി റോഡുപണി തുടങ്ങുന്നതിന്റെ തലേദിവസം ഒരു പത്രത്തിൽ വാർത്തയുണ്ടായിരുന്നു. (ഹോസ്റ്റൽ മതിൽപൊളിച്ച് രണ്ട് വീട്ടുകാർക്ക് റോഡ്) എന്നായിരുന്നു തലക്കെട്ട്. പക്ഷെ, ഞങ്ങളെ അല്ലാതെ പതിനഞ്ചോളം എസ്.സി. കുടുംബങ്ങളെ എന്തുചെയ്തു എന്നറിയില്ല. ഞങ്ങളത് വകവെച്ചില്ല. റോഡ് പണി തുടരുക തന്നെ ചെയ്തു.

പക്ഷേ! ഹോസ്റ്റൽ മതിൽ ഞങ്ങൾക്ക് വിലങ്ങുതടിയായി വന്നു. എസ്.സി. ഓഫീസർ പറഞ്ഞു വഴി എടുക്കണമെങ്കിൽ ഹോസ്റ്റലിന് പുതിയ മതിൽ കെട്ടിത്തരണമെന്ന്. ഞങ്ങൾ മുനിസിപ്പാലിറ്റിയിൽ ചെന്ന് മതിലിനുള്ള ഫണ്ടുണ്ടോ എന്ന് തിരക്കി. ഇക്കാര്യത്തിന് അന്നത്തെ എ.ഡി.എം.സി. ഞങ്ങളുടെ കൂടെ പല ഓഫീസിലും വന്നിരുന്നു. ഫണ്ടൊന്നുമില്ല എന്നായിരുന്നു മറുപടി.

ഞങ്ങളുടെ അയൽക്കൂട്ടത്തിന്റെ ലിങ്കേജ് ലോൺ തീർത്ത സമയമായിരുന്നു അത്. ഒട്ടും ആലോചിച്ചു നിന്നില്ല. അയൽക്കൂട്ടം രണ്ടാമതും ഗ്രേഡ് ചെയ്ത് 1,50000 രൂപ ലോണെടുത്തു. 4,0000 രൂപ വീതം ഞാനും പ്രസിഡന്റും എടുത്ത് ഹോസ്റ്റലിന് മതിൽകെട്ടിക്കൊടുത്തു. എസ്.സി. ഓഫീസർ സ്ഥലം സന്ദർശിച്ച് മതിലിന് സിമന്റ് തേച്ച് കൊടുത്തേപറ്റൂ എന്ന് പറഞ്ഞു. ബാക്കിയുള്ള തുച്ഛമായ പൈസയ്ക്ക് സിമന്റും പൂഴിയും വാങ്ങി. പണിക്കാർക്ക് കൂലി കൊടുക്കാൻ ഞങ്ങളുടെ കയ്യിൽ ഒന്നും ഉണ്ടായിരുന്നില്ല. യാതൊരു വിഷമവും കൂടാതെ ഞാനും പ്രസിഡന്റും ചേർന്ന് സിമന്റ് കുഴയ്ക്കുകയും ഞാനും പ്രസിഡന്റും അവരുടെ

ഭർത്താവും കൂടി മതിൽ തേക്കുകയും ചെയ്തു. നഗരസഭയിലെ എഞ്ചിനിയറും കോൺട്രാക്ടറും ആ വഴി പോയപ്പോൾ ആ രംഗം കണ്ടിരുന്നു. അവർ തമാശയ്ക്ക് പറയാറുണ്ട് ഇനി മതിൽ കെട്ടാനോ തേപ്പാക്കാനോ ഉണ്ടെങ്കിൽ നിങ്ങളെ വിളിക്കാമെന്ന്. അങ്ങനെ റോഡ് പണി പൂർത്തിയാക്കി. അഡ്വാൻസ് കഴിഞ്ഞ് ബാക്കി 60000 രൂപ ചെക്ക് വാങ്ങാൻ ചെന്ന ഞങ്ങൾക്ക് അറിയാൻ സാധിച്ചത് ഞങ്ങളുടെ റോഡ് പണിയുടെ ഫയൽ എഞ്ചിനീയറിംഗ് സെക്ഷനിൽ നിന്നും കാണാതായി എന്നാണ്. മൂന്ന് മാസത്തോളം എല്ലാസെക്ഷൻ ഉദ്യോഗസ്ഥരേയും ചെന്ന് കണ്ട് കാല് പിടിച്ചിട്ട് അരിച്ച് പെറുക്കി ഫയൽ കിട്ടിയില്ല.

അങ്ങനെയിരിക്കെ ടിവി ന്യൂസിലൂടെ നിയമസഭാസമിതി പരാതികൾ സ്വീകരിക്കുവാൻ കാസർകോട് കളക്ടറേറ്റിൽ വരുന്നു എന്നറിഞ്ഞു. ഞങ്ങൾ പരാതി നൽകി രണ്ട് മാസം കഴിഞ്ഞപ്പോൾ മുനിസിപ്പൽ സെക്രട്ടറി, എ.ഇ. തുടങ്ങിയ ഉദ്യോഗസ്ഥരേയും ഞങ്ങളേയും കളക്ടറേറ്റിൽ വിളിപ്പിച്ചു. ഇവർക്ക് റോഡെല്ലാം ശരിയാക്കിക്കൊടുത്തു. ഒരു പരാതിയുമില്ലെന്ന് സെക്രട്ടറി സമിതി മുമ്പാകെ പറഞ്ഞു. എല്ലാം ശരിയായില്ലേ നിങ്ങൾ പോയിക്കൊള്ളൂ എന്ന് സമിതി ഞങ്ങളോട് പറഞ്ഞു. പക്ഷെ! ഞാൻ വിട്ടുകൊടുത്തില്ല. റോഡ് പണി പൂർത്തീകരിച്ചെങ്കിലും നഗരസഭയിൽ നിന്നും ഫയൽ കാണാതായതുകൊണ്ട് ബാക്കി തുക ലഭിച്ചില്ലെന്ന് പറഞ്ഞു. 14 ദിവസത്തിനകം ഞങ്ങൾക്ക് തുക നൽകണമെന്ന് സമിതി തീർപ്പാക്കി. ഞങ്ങൾക്ക് തുക ലഭിച്ചു.

ഇന്ന് ഞങ്ങൾ സന്തുഷ്ടരാണ്. രണ്ടര വർഷത്തോളം കഷ്ടപ്പെട്ടെങ്കിലും ഞങ്ങളുടെ വഴി എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടില്ലേ. ഇത്രയും കാര്യങ്ങൾ എന്റെ നാടിനുവേണ്ടി ചെയ്യാൻ എന്നെ പ്രേരിപ്പിച്ചതും സഹായിച്ചതും കുടുംബശ്രീയും. ഈ പ്രസ്ഥാനത്തിലൂടെ നേടിയെടുത്ത ആത്മവിശ്വാസവും സ്ത്രീ ശാക്തീകരണവുമാണ് കുടുംബശ്രീ എന്ന ഈ കൈത്താങ്ങ് ഇല്ലായിരുന്നുവെങ്കിൽ ഒരിക്കലും നടക്കാത്ത കാര്യമായിരുന്നു ഞങ്ങൾക്ക് നടന്നു കിട്ടിയത്. പ്രായമായവർ വഴിയിലൂടെ പോകുമ്പോൾ എപ്പോഴും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാണ് പോകാറുള്ളത്. അതൊക്കെ കാണുമ്പോൾ കണ്ണ് നിറയും. ആ പ്രാർത്ഥന മാത്രം മതി ഞങ്ങൾക്കും കുടുംബശ്രീക്കും. ഇന്നും ഞങ്ങളുടെ ശത്രു ആരായിരുന്നു എന്ന് ഞങ്ങൾക്കറിയില്ല.

ഇപ്പോൾ എന്റെ വാർഡിൽ 13 അയൽകൂട്ടങ്ങളും 13 ബാലസഭകളുമുണ്ട്. 13 അയൽകൂട്ടങ്ങളും അര കോടിയിലേറെ ലിങ്കേജ് വായ്പയെടുത്ത് അയൽകൂട്ടാംഗങ്ങൾ വരുമാനദായക പ്രവർത്തനങ്ങളിലേർപ്പെട്ടു കുടുംബവരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. 13 അയൽകൂട്ടങ്ങൾക്കും മാച്ചിംഗ് ഗ്രാന്റും ലഭിച്ചിട്ടുണ്ട്. എന്റെ വാർഡിൽ 9(ME)

സംരഭങ്ങൾ കൂട്ടായും, ഒറ്റയായും തുടങ്ങാൻ അയൽകൂട്ടങ്ങളെ പ്രേരിപ്പിക്കുവാനും, അവർക്കു സാമ്പത്തിക നേട്ടം ഉണ്ടാക്കി കൊടുക്കുന്നതിനും എനിക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ നഗരപ്രദേശമായിട്ടുകൂടി എന്റെ വാർഡിലെ തരിശായികിടക്കുന്ന ഏഴേക്കറോളം വരുന്ന സ്വകാര്യപറമ്പിൽ അയൽകൂട്ടാംഗങ്ങളെ കൊണ്ട് നേന്ത്രപ്പഴം, പൈനാപ്പിൾ, എന്നിവ കൃഷി ചെയ്യിക്കുന്നതിനും അവർക്ക് വേണ്ട ബേങ്ക്ലോൺ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ 321 പേർക്ക് വിവിധ ക്ഷേമപെൻഷനുകൾ വാങ്ങിച്ചു കൊടുക്കുന്നതിനും, 118 പേർക്ക് വിവിധ സർക്കാർ, പ്രൈവറ്റ് സ്ഥാരനങ്ങളിൽ പാർട്ട് ടൈം സ്വീപർ, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ ജോലി വാങ്ങിച്ചു കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്.

2012 ജനുവരി 26-ാം തിയ്യതി ഇന്ത്യയുടെ 62-ാം റിപ്പബ്ലിക്ക് ദിനത്തിൽ അധികാരമേറ്റ കാസർകോട് നഗരസഭ സി.ഡി.എസ്. ചെയർപേഴ്സനാണ്. അധികാരമേൽക്കുമ്പോൾ കാസർകോട് ജില്ലയിലെ ഏറ്റവും പിന്നിലുള്ള കുടുംബശ്രീ സി.ഡി.എസ്സിലൊന്നായിരുന്നു. കാസർകോട് നഗരസഭ സി.ഡി.എസ്. ബേങ്ക് ലിങ്കേജിലും, ആശ്രയ പദ്ധതിയിലും, സംരഭങ്ങളിലും, സംഘകൃഷിയിലും എല്ലാം പിന്നിലായിരുന്നു. ഇത്തരം വെല്ലുവിളികളെ എല്ലാം തരണം ചെയ്യുന്നതിനും പാവപ്പെട്ട തീരദേശപ്രദേശങ്ങളിലും, എസ്.സി. കോളനികളിലും താമസിക്കുന്ന കുടുംബങ്ങളുടെ ഉന്നമനത്തിനും പ്രവർത്തിക്കുന്നതിന് എനിക്കും എന്റെ ഭരണസമിതിക്കും കഴഞ്ഞിട്ടുണ്ട്. അതുവഴി കാസർകോട് നഗരസഭ കുടുംബശ്രീ സി.ഡി.എസിന്റെ അയൽകൂട്ട ബേങ്ക് ലിങ്കേജ് 100 ശതമാനത്തോളം എത്തിക്കുന്നതിനും, 180 അയൽകൂട്ടങ്ങളിൽ നിന്നും 294ലേക്കെത്തിക്കുവാനും സാധിച്ചു. 4 സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും, 13 SC അയൽക്കൂട്ടം രൂപീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. BPL Inclusion ലൂടെ മുഴുവൻ BPL കുടുംബങ്ങളേയും അയൽകൂട്ടാംഗങ്ങളാക്കുവാനും അയൽകൂട്ട സമാഗമം വൻ വിജയമാക്കുവാനും സാധിച്ചു. (ME) സംരംഭങ്ങൾ 14ൽ നിന്ന് 101ലേക്കെത്തിക്കുവാനും വേറിട്ട സംരഭങ്ങളായ Napkin unit, Day Care unit, It unit, Studio, Cafe Kudumbashree (Kasaragod PWD Rest House) Electronics unit, Vegetable, food powder, flour mill, Pappar Bag എന്നിവയും, സമഗ്ര ക്ഷീരസാഗരം 5 ഗ്രൂപ്പ്, ആട്ഗ്രാമം 5 ഗ്രൂപ്പും തുടങ്ങുവാൻ സാധിച്ചു. ഇപ്പോൾ Cafe sree തുടങ്ങുവാൻ മുനിസിപ്പാലിറ്റി കെട്ടിടം തന്നിരിക്കുകയാണ്. സംഘകൃഷി എന്റെ നഗരപ്രദേശത്ത് 28 എണ്ണം തുടങ്ങുവാൻ സാധിച്ചു. പ്രാധാനമായും നെല്ലും, നേന്ത്രവാഴയുമാണ് കൃഷി ചെയ്യുന്നത്. ബാലസഭ 27ൽ നിന്നും 116 എണ്ണമാക്കുവാനും ബാലസഭകൂട്ടുകാർക്ക് സെമിനാറുകളും, ക്ലാസ്സുകളും, പഠനയാത്രകളും നടത്തി വരുന്നു. എല്ലാം മാസവും മാസ വിപണന മേളയും, ഉത്സവചന്തകളും നടത്തിവരുന്നു. നഗരപ്രദേശത്ത് താമസിക്കുന്ന ആയിര

ത്തോളം വരുന്ന അയൽക്കൂട്ടാംഗങ്ങൾക്ക് സർക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങളിലും കാസർകോട് റയിൽവേ സ്റ്റേഷനിലും ജോലി വാങ്ങിച്ചു കൊടുക്കുന്നതിനും എന്റെ സി.ഡി.എസിനു കഴിഞ്ഞിട്ടുണ്ട്. 115 ആശ്രയ ഗുണഭോക്താക്കൾക്ക് എല്ലാ മാസ വും പോഷകാഹാരകിറ്റുകൾ നൽകി വരുന്നു. 16 ആശ്രയ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരണത്തിലാണ്. എന്റെയും എന്റെ സി.ഡി.എസിലെ മെമ്പർ സെക്രട്ടറി സി.ഒ.മാർ, അക്കൗണ്ടന്റ്, ഭരണസമിതി അംഗങ്ങൾ എല്ലാവരു ടേയും കൂട്ടായ പ്രവർത്തനത്തിലൂടെ കഴിഞ്ഞ 2012-13ലെ കേരളത്തിലെ മികച്ച നഗര സി.ഡി.എസ്സായി കാസർകോട് നഗരസഭ സി.ഡി.എസ്സിനെ തെരഞ്ഞെടുക്കു കയുണ്ടായി. ഇതിനെല്ലാമുപരിയായി ബഹു. നഗരസഭ ചെയർമാൻ ടി.ഇ. അബ്ദുല്ല സാറിന്റെ ശക്തമായ പിന്തുണയും കുടുംബശ്രീയെ ഇത്രമാത്രം പിന്തുണച്ച നഗര സഭ ചെയർമാൻ കേരളത്തിലെവിടെയുമുണ്ടാവില്ല. അദ്ദേഹം മാരകാസുഖം ബാധിച്ചു ബാംഗ്ലൂരിലെ ഹോസ്പിറ്റലിൽ രോഗത്തോട് മല്ലിടുമ്പോഴും, ഞങ്ങൾക്കു തന്ന പ്രോത്സാഹനം അളക്കാൻ പറ്റാത്തതാണ്. എന്റെ ജീവിതത്തിൽ എനിക്കു കിട്ടിയ ഏറ്റവും വലിയ അംഗീകാരവും, പുണ്യവുമാണ് ഈ 3 വർഷം. എത്രയോ പാവ പ്പെട്ട അശരണർക്ക് ഒരു കൈതാങ്ങാകുവാൻ കഴിഞ്ഞല്ലോ. അതുതന്നെ മഹാഭാ ഗ്യം. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്റെ പ്രിയപ്പെട്ട സ്നേഹസമ്പന്ന നായ ഭർത്താവിന്റെ ഭാഗത്തുനിന്നും, പൂർണ്ണ പിന്തുണയും പ്രോത്സാഹനവും എപ്പോഴും ലഭിക്കുന്നുണ്ട്. 1978ൽ ഒരു വായനാദിനത്തിൽ ജനിച്ച എനിക്ക് 4 വയസ്സു ള്ളപ്പോൾ ഉപ്പയെ നഷ്ടപ്പെട്ടു. ഉമ്മ വളരെ കഷ്ടപ്പെട്ടാണ് എന്നെ പ്രീ ഡിഗ്രി വരെ പഠിപ്പിച്ചത്. പിന്നീട് ഒന്നും വേണ്ട എന്നെ മതി എന്ന് പറഞ്ഞുവന്ന സമ്പന്ന കുടും ബത്തിലെ അംഗമാണ് ഭർത്താവ്. എനിക്ക് രണ്ട് കുട്ടികളാണ്. മകൻ 10-ാം തര ത്തിലും മകൾ 4-ാം തരത്തിലും പഠിക്കുന്നു. എന്നേയും കുട്ടികളേയും, എന്റെ ഉമ്മ യേയും അദ്ദേഹം വളരെ അധികം കഷ്ടപെട്ടാണ് നോക്കുന്നത്.

ഇതിനെല്ലാമുപരിയായി കുടുംബശ്രീയോടുള്ള തീർത്താൽ തീരാത്ത നന്ദി സമർപ്പിച്ചുകൊണ്ട് മരിക്കുന്നതുവരെ നിരാലംബരേയും അഗതികളേയും സഹായി ക്കുവാൻ പറ്റണേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ മുഴുവൻ കുടുംബശ്രീ സഹോ ദരിമാർക്കും കൂടി ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കുടുംബശ്രീ പ്രസ്ഥാനം പ്രചോദനമാവട്ടെ എന്നാശംസിച്ചു കൊണ്ട് നിർത്തുന്നു.

# അനുഭവകുറിപ്പ്



**വി.ഗീത**

പള്ളിക്കര സി.ഡി.എസ്, ചെയർപേഴ്സൺ

ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ പ്രവർത്തനം വിവിധമേഖലയിൽ ശക്തിപ്പെടുത്തുക വഴി 15 വർഷം കൊണ്ട് ഗ്രാമീണ മേഖലയിലെ മാറ്റം വളരെ വലുതാണ്. വീടിനകത്ത് മാത്രം കഴിയാൻ വിധിക്കപ്പെട്ടവരാണ് സ്ത്രീ എന്ന പഴഞ്ചൻ ധാരണയിൽ കടിച്ചു തൂങ്ങിനിൽക്കുന്നതിൽ നിന്ന് ഒരുപാട് മുമ്പോട്ട് പോകാൻ കുടുംബശ്രീ പ്രവർത്തനത്തിലൂടെ കഴിഞ്ഞു. ഒരു നിലയിലുള്ള സ്വാതന്ത്ര്യവും അനുഭവിക്കാൻ കഴിയാത്തവർക്ക് കുടുംബശ്രീയുടെ പ്രവർത്തനം വഴി പുറം ലോകം കാണാനും സ്വന്തം നിലയിൽ സാമ്പത്തിക ആസ്തി ഉണ്ടാക്കാനും കഴിഞ്ഞു. ഓഫീസുകളിൽ കയറി മറ്റുള്ളവരുടേതടക്കമുള്ള പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കാനും കഴിയുന്നു എന്നത് സ്ത്രീ സമൂഹത്തിന് അഭിമുഖീകരിക്കാൻ കഴിയുന്ന നേട്ടമാണ്.

കാർഷികമേഖലയിലും ചെറുകിടഉൽപാദന മേഖലയിലും മറ്റ് തൊഴിൽ സംരംഭ മേഖലയും കണ്ടെത്തി പരാശ്രയമില്ലാതെ ജീവിക്കാനും കുടുംബം പോറ്റാനും കഴിയുന്നു എന്നത് കുടുംബശ്രീയുടെ മഹത്വം വിളിച്ചോതുന്ന കാര്യങ്ങളാണ്. 15 വർഷം പിന്നിടുമ്പോൾ വളരെയധികം മാറ്റങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞു. സ്ത്രീ പദവി സ്വയം പഠനപ്രക്രിയയിലൂടെ സ്ത്രീശാക്തീകരണം ലക്ഷ്യമാക്കിയാണ് കുടുംബശ്രീ മുമ്പോട്ട് പോകുന്നത്. ഇതിന്റെ ഭാഗമായി ഒരു പുത്തനുണർവ് എവിടെയും ദൃശ്യമാണ്. 1967 മെയ് 17നാണ് ഞാൻ ജനിച്ചത്. ഞാനും എന്റെ സഹോദരനും അമ്മയും അടങ്ങുന്നതാണ് ഞങ്ങളുടെ കുടുംബം. അമ്മ എട്ട് മാസം ഗർഭിണിയായിക്കുമ്പോൾ അച്ഛൻ ഞങ്ങളെ ഉപേക്ഷിച്ച് പോയി. എന്റെ അമ്മ കൂലിപണിയെടുത്താണ് ഞങ്ങളെ വളർത്തിയത്. അതുകൊണ്ട് തന്നെ പ്രാഥമിക വിദ്യാഭ്യാസം മാത്രമാണ് എനിക്ക് നേടാൻ കഴിഞ്ഞത്. വിദ്യാഭ്യാസം ഒരു മുതൽ കൂട്ടായി കാണുന്ന എനിക്ക് അത് നേടാൻ കഴിയാത്തതിൽ വിഷമമുണ്ട്. ഇത്തരം കാര്യത്തിൽ മറ്റുള്ളവരെ സഹായിക്കാൻ എനിക്ക് വളരെ സന്തോഷമാണ് തോന്നാറ്. എനിക്ക് 14വയസ്സ് ആയപ്പോൾ ഞാൻ ബീഡി തെരക്കാൻ തുടങ്ങി. എന്റെ സഹോദരനെ പഠിപ്പിച്ചു. ഡിഗ്രി പാസ്സായിട്ടുണ്ട്. ഇപ്പോൾ ഗൾഫിൽ ജോലി ചെയ്യുന്നു. 1985 സെപ്റ്റംബർ 9ന് എന്റെ കല്ല്യാണം കഴിഞ്ഞു. ഭർത്താവ് ബാങ്ക് ജീവനക്കാരനാണ്. എനിക്ക് രണ്ട് ആൺ മക്കൾ. മൂത്തമകൻ എഞ്ചിനീയറിംഗ് പാസ്സായി ഗൾഫിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൻ ബികോം കഴിഞ്ഞ് സ്വകാര്യ കമ്പനിയിൽ അക്കൗണ്ടന്റായി

ജോലി ചെയ്യുന്നു.

1986മുതൽ ഞാൻ സംഘടനാരംഗത്ത് പ്രവർത്തിക്കുന്നുണ്ടായിരുന്നു. 2000-ൽ എന്റെ വാർഡ് മെമ്പർ എന്നോട് പറഞ്ഞു ഒരു കുടുംബശ്രീ രൂപികരിക്കണമെന്ന്. അങ്ങനെ അയൽപക്കത്തുള്ളവരെ വിളിച്ചു ചേർത്ത് നവംബർ 10ന് സ്വയം സഹായ സംഘം രൂപീകരിച്ചു. പിന്നീട് എ.ഡി.എസ് രൂപീകരിച്ചു. അതിന്റെ സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തു. പിന്നീട് സി.ഡി.എസ് മെമ്പറായി എന്നെ തെരഞ്ഞെടുത്തു.

2003-ൽ കുടുംബശ്രീ കലാമേള നടന്നു. പഞ്ചായത്ത് തലത്തിൽ നടന്ന പരിപാടിയിൽ നാടകം, നാടൻപാട്ട്, പ്രച്ഛന്നവേഷം എന്നീ പരിപാടിയിൽ പങ്കെടുത്ത് ഒന്നാം സമ്മാനം നേടി. ഇത്തരം പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞത് ഒരു കുടുംബശ്രീ പ്രവർത്തനത്തിന്റെ നേട്ടമാണ് എന്ന് ഞാൻ മനസ്സിലാക്കി.

2005-ൽ ത്രിതല പഞ്ചായത്തിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 5-ാം വാർഡിൽ നിന്ന് ഞാൻ മൽസരിച്ചു. നല്ല ഭൂരിപക്ഷത്തോടെ വിജയിക്കാൻ കഴിഞ്ഞു. ഒരു ജനപ്രതിനിധിയായി തെരഞ്ഞെടുത്ത ഞാൻ ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിച്ചു. അങ്ങനെ പ്രവർത്തിക്കുമ്പോഴും ഞാൻ പ്രാധാന്യം കൊടുത്തത് കുടുംബശ്രീ പ്രവർത്തനത്തിനാണ്. അടുക്കളയിൽ മാത്രം ഒതുങ്ങികൂടിയ മുസ്ലിം സഹോദരിമാരെ കുടുംബശ്രീയിൽ ചേർത്ത് സംഘടനാരംഗത്ത് കൊണ്ടു വന്നു. അതിന്റെ ഭാഗമായി സ്വയം തൊഴിൽ സംരംഭം തുടങ്ങി. പശു വളർത്തൽ യൂണിറ്റും ആടു വളർത്തൽ യൂണിറ്റും തുടങ്ങി. ദാരിദ്ര്യലഘൂകരണം നടത്തുന്നതിലൂടെ സമ്പാദ്യം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

ഇന്ന് സ്ത്രീകൾക്കെതിരെ നടക്കുന്ന പീഡനങ്ങൾക്ക് എതിരെ ഒരുപാട് നിയമങ്ങൾ ഉണ്ട്. എന്നാൽ എല്ലാവർക്കും ഇത് അറിയില്ല. അത് കൊണ്ട് തന്നെ എല്ലാം അനുഭവിക്കാൻ വിധിക്കപ്പെട്ടരാണ് സ്ത്രീ എന്ന ധാരണയിൽ കഴിയുന്നവരെ ഒരു പരിധിവരെ ബോധവൽക്കരിക്കാൻ കഴിഞ്ഞിട്ടിണ്ട്. അതിന്റെ ഉദാഹരണമാണ് 2008-ൽ ഞാനും എന്റെ ഒരു സുഹൃത്തും കൂടി ഒരു യോഗം കഴിഞ്ഞ് കാഞ്ഞങ്ങാട് ബസ് കാത്തുനിൽക്കുമ്പോൾ ഒരു സ്ത്രീയോട് ഒരു ചെറുപ്പക്കാരൻ മോശമായ രീതിയിൽ പെരുമാറി. ഇതു കണ്ട ഞങ്ങൾ ആ സ്ത്രീയോട് കാര്യം അന്വേഷിച്ചു. ഇതു കണ്ട ചെറുപ്പക്കാരൻ ഓടിപോകാൻ ശ്രമിച്ചു. കണ്ടു നിന്ന പോലീസുകാരൻ അവനെ അറസ്റ്റു ചെയ്തു. ഞങ്ങളുടെ പരാതിയിൻ മേൽ 15 ദിവസം റിമാന്റ് ചെയ്തിരുന്നു. കേസ് വിളിച്ചപ്പോൾ ശിക്ഷിക്കാൻ ആവശ്യമായ മൊഴി ഞങ്ങൾ നൽകിയിട്ടുണ്ട്. പെൺകുട്ടികൾക്ക് വിവാഹ വാഗ്ദാനം നൽകി പറഞ്ഞു പറ്റിക്കാൻ ശ്രമിക്കുന്ന ആളുകൾ ഉണ്ട്. അറിയാതെ ഇതിൽ കുടുങ്ങി പോകുന്നവരും ഉണ്ട്. ഒരു എസ്.സി പെൺകു

ട്ടിയെ ജോലിസ്ഥലത്ത് വെച്ച് വിവാഹവാഗ്ദാനം നൽകി ഗർഭിണിയാക്കി ഉപേക്ഷിക്കാൻ ശ്രമിച്ച യുവാവിനെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വന്നു വിവാഹം കഴിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചൂഷണത്തിന് വിധേയമാകുന്ന കുട്ടികളെ ബാലസഭ രൂപീകരിച്ച് സ്ത്രീ, പുരുഷ ഭേദമന്യേ ബോധവൽക്കരിക്കാൻ കുടുംബശ്രീ പ്രവർത്തകർക്ക് കഴിയണം. പാവപ്പെട്ട കുടുംബത്തിലെ വിധവയായ സ്ത്രീ ഏക മകളുടെ കല്ല്യാണം നടത്താൻ തീരുമാനിച്ചു. പറഞ്ഞ സമയത്ത് കാശ് കടം നൽകാം എന്ന് പറഞ്ഞയാൾ പണം കൊടുത്തില്ല. കല്ല്യാണത്തിന് മൂന്ന് ദിവസം മുമ്പ് ഞാൻ വെറുതെ ഒന്ന് ആ വീട്ടിൽ പോയി. അവിടെ സന്തോഷം നിലനിൽക്കേണ്ട കല്ല്യാണ വീട്ടിൽ കരഞ്ഞു കലങ്ങിയ കണ്ണുമായി നിൽക്കുന്ന അമ്മയെയും മകളെയും കണ്ട ഞാൻ കാര്യം തിരക്കി. അമ്മയ്ക്കോ മകൾക്കോ വിഷമം കൊണ്ട് സംസാരിക്കാൻ പോലും കഴിയുന്നില്ല. വല്യമ്മയാണ് എന്നോട് കാര്യം പറഞ്ഞത്. കല്ല്യാണത്തിൻ ഒരുക്കങ്ങൾ ഒന്നും നടന്നില്ല. സ്വർണ്ണം എടുത്തില്ല. ആധാരം പണയം വെച്ച് കാശ് നൽകാം എന്ന് പറഞ്ഞ ആൾ ഇപ്പോൾ കാശ് ഇല്ലെന്നാണ് പറയുന്നത്. എനിക്കും വല്ലാത്ത വിഷമം തോന്നി. എന്താണ് ചെയ്യേണ്ടത്. ഒരു പെൺകുട്ടിയുടെ ഭാവിക്കും അപ്പുറം ഒരു കുടുംബം ആത്മഹത്യയുടെ വക്കിലാണ്. ഞാൻ അവരെ പറഞ്ഞു സമാധാനിപ്പിച്ച് എന്റെ മാലയും വളയും ഊരികൊടുത്ത് പണയം വെച്ച് പണം കൊണ്ടു വന്നു. പരിചയമുള്ള ജ്വല്ലറിയിൽ പോയി സംഭവം പറഞ്ഞു. കയ്യിലുള്ള പണം കൊടുത്ത് ആവശ്യമുള്ള സ്വർണ്ണം എടുത്തു. ബാക്കി വരുന്ന പണം പിന്നീട് നൽകാൻ ഞാൻ ആളായി നിന്നു. പിന്നീട് കുടുംബശ്രീ യോഗം ചേർന്ന് ലിങ്കേജ് ലോൺ എടുത്ത് കടം തീർത്തു. ഇത്തരം പ്രശ്നങ്ങളിൽ ഇടപെടാൻ എനിക്ക് ധൈര്യം വന്നത് കുടുംബശ്രീയുടെ പ്രവർത്തനത്തിലൂടെയാണ്. ഇന്ന് കുടുംബശ്രീ 15 വർഷം പിന്നിടുമ്പോൾ പടർന്ന് പന്തലിച്ച ഒരു പടുവൃക്ഷമായി മാറിയിരിക്കുന്നു. ഏതൊരു ശക്തിക്കും കുടുംബശ്രീയെ തകർക്കാൻ കഴിയില്ല എന്ന ഉറച്ച വിശ്വാസത്തോടെ നമ്മൾക്ക് ജാതിമതഭേദമന്യേ കൈകോർത്ത് മുമ്പോട്ട് പോകാൻ കഴിയട്ടെ.

******

# എന്നെ ഞാനാക്കിയ കുടുംബശ്രീ



**സുജാത.കെ.**
സി.ഡി.എസ്. ചെയർപേഴ്സൺ
അജാനൂർ ഗ്രാമപഞ്ചായത്ത്

കാസറഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്തിലാണ് ഞാൻ ജനിച്ചത്. അച്ഛനും അമ്മയും കേരളദിനേശ് ബീഡി തൊഴിലാളിയായിരുന്നു. ബീഡി തെറുത്ത് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് എന്നെയും സഹോദരങ്ങളെയും വളർത്തിയത്.

രാഷ്ട്രീയ പ്രവർത്തകൻ കൂടിയായ അച്ഛന് അടിയന്തിരാവസ്ഥ കാലത്ത് ജയിൽ വാസവും ഭീകരമർദ്ദനവും ഏൽക്കേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ അച്ഛനെന്നും അസുഖമായിരുന്നു. ബാല്യകാലത്ത് ഒരുപാട് പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പ്രീഡിഗ്രി വരെ ഞാൻ പഠിച്ചു. 1989ൽ 20-മത്തെ വയസ്സിൽ അജാനൂർ പഞ്ചായത്തിലെ രാവണീശ്വരത്തേക്ക് എന്നെ കല്ല്യാണം കഴിപ്പിച്ചയച്ചു. ഭർത്താവിന് ഗൾഫിലാണ് ജോലി. ഇതിനിടയിൽ എന്റെ നാട്ടിൽ പുതുതായി തുടങ്ങുന്ന അങ്കൺവാടിയിലേക്ക് വർക്കറായി എന്നെ തെരഞ്ഞെടുത്തു. പക്ഷെ ഭർത്താവിന് ഞാൻ ജോലിക്ക് പോകുന്നത് ഇഷ്ടമായിരുന്നില്ല. എന്നെ പോകാൻ അനുവദിച്ചില്ല. അങ്ങനെ വീടിനകത്ത് ഒതുങ്ങിക്കൂടിയിരിക്കുമ്പോൾ ഒരു ദിവസം അങ്കൺവാടി വർക്കറായ ലേഖടീച്ചർ പുതിയൊരു കുടുംബശ്രീ രൂപീകരിക്കുന്ന കാര്യവും അതിൽ ചേരുന്നതിനും ക്ഷണിച്ചു. എന്റെ ഭർത്താവ് ഗൾഫിലെ ജോലി മതിയാക്കി നാട്ടിൽ വന്നിരുന്നു. മനസ്സില്ലാമനസ്സോടെയാണെങ്കിലും കുടുംബശ്രീയിൽ ചേരാൻ അനുവാദം കിട്ടി. അങ്ങനെ 2001-ൽ അക്ഷയ കുടുംബശ്രീ രൂപീകരിക്കുകയും ഞാനതിലൊരു അംഗവമാവുകയും ചെയ്തു. ഒരു വർഷം കഴിഞ്ഞുള്ള വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ എന്നെ അക്ഷയ കുടുംബശ്രീയുടെ സെക്രട്ടറി ആക്കി. 2005-ൽ എ.ഡി.എസിന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തു. 2008-ൽ സംസ്ഥാനത്താകെ പുതുക്കിയ ബൈലോ നിലവിൽ വന്നു. പിന്നീടുള്ള തെരഞ്ഞെടുപ്പിൽ എ.ഡി.എസ്.സെക്രട്ടറിയായും സി.ഡി.എസ് മെമ്പറായും തെരഞ്ഞെടുക്കപ്പെട്ടു. വീട്ടിനകത്ത് ഒതുങ്ങിക്കൂടിയിരുന്ന ഞാൻ നാട്ടിലാകെ അറിയപ്പെടുന്നവളായി. ബാങ്ക്, പഞ്ചായത്ത്, പോലീസ് സ്റ്റേഷൻ, ക്ഷേമനിധി ഓഫീസ്, കൃഷിഭവൻ, മൃഗാശുപത്രി, ഹെൽത്ത് സെന്റർ, അങ്കൺവാടി, സപ്ലൈ ഓഫീസ്, ക്ലബ്ബുകൾ, സ്ക്കൂൾ എന്നിവിടങ്ങളിലൊക്കെ നാട്ടുകാരുടെയും കുടുംബശ്രീകളുടെയും പലപല ആവശ്യങ്ങൾക്ക്

പോകേണ്ടതായി വന്നു. ഗ്രാമസഭകളിൽ പങ്കെടുക്കാനും കുടുംബശ്രീ യൂണിറ്റംഗ ങ്ങളെ പങ്കെടുപ്പിക്കാനും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയാനും പഠിച്ചു. ഗ്രാമ സഭ ഫെസിലിറേറ്റർ വർക്കിംഗ് ഗ്രൂപ്പംഗം എന്നീ സ്ഥാനങ്ങളും എന്നെ തേടിയെ ത്തി.

വ്യാജവാറ്റും അനധികൃത മദ്യവില്പനയും കൊണ്ട് നാട്ടിൽ പൊറുതി മുട്ടുന്ന അവസ്ഥയാണെന്നും ഇതിനെതിരെ കുടുംബശ്രീ അംഗങ്ങളെ സംഘടിപ്പിച്ച് വ്യാജ വാറ്റ് കേന്ദ്രങ്ങളിലേക്ക് മാർച്ച് നടത്തി. മാത്രമല്ല, എക്സൈസിന്റെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും സഹായത്തോടെ സെമിനാറുകളും ബോധവൽകരണ ക്ലാസ്സു കളും സംഘടിപ്പിച്ചു. മദ്യവിൽപന നടത്തുന്ന കേന്ദ്രങ്ങളിലേക്കും വീടുകളിലേക്കും സ്ത്രീകളെയും കൂട്ടി നടത്തിയ കുത്തിയിരിപ്പ് സമരത്തിൽ ഞങ്ങളുടെ നേരെ മുളക് പൊടി വിതറുകയും വെട്ടുകത്തിയെടുത്ത് വെട്ടാനും വന്നു. ഞങ്ങളെ കിട്ടാത്ത ദേഷ്യ ത്തിന് അവരുടെ കുലക്കാറായ വാഴയൊക്കെ വെട്ടി. ഞങ്ങളുടെ പേരിൽ കള്ളക്കേസ് കൊടുത്ത് ഞങ്ങളെ പോലീസ് സ്റ്റേഷനിൽ കയറ്റി. കാര്യങ്ങൾ ബോധ്യപ്പെട്ടപ്പോൾ പോലീസിന്റെ സഹായവും ഞങ്ങൾക്ക് കിട്ടി.

സി.ഡി.എസിൽ സാമൂഹ്യവികസന സബ്കമ്മിറ്റി കൺവീനറായിരുന്നു ഞാൻ. ബാലസഭ പ്രവർത്തനങ്ങളിലും അഗതി-ആശ്രയ പ്രവർത്തനങ്ങളിലും ഇടപെട്ടു. കൊടിയ ദാരിദ്ര്യം മൂലം പ്രലോഭനങ്ങളിൽ പെട്ട് ചതിക്കുഴിയിലായി ജീവിതം ഹോമി ക്കപ്പെടേണ്ടി വന്ന സഹോദരങ്ങൾക്ക് വേണ്ടിയുള്ള താഹ പ്രോജക്ടിന്റെ വളണ്ടിയ റായി പ്രവർത്തിച്ചു. ആയിടയ്ക്ക് പ്രത്യാശ കേന്ദ്രങ്ങളിലൊക്കെ പോകാനും അവ രുടെ വേദനകൾ അറിയാനും കേൾക്കാനും മനസ്സിലാക്കാനും ആശ്വസിപ്പിക്കാനും അവരോടൊപ്പമിരുന്നു അവരുണ്ടാക്കിയ ഭക്ഷണം കഴിക്കാനും സാധിച്ചിട്ടുണ്ട്.

2007ൽ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പണിക്ക് രജിസ്റ്റർ ചെയ്തി ട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിന് സഹായിയായി (മാറ്റായി) നിന്ന് പ്രവർത്തിക്കാൻ കഴിഞ്ഞു. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ പഞ്ചായത്താണ് ഞങ്ങളുടേത്. തെങ്ങിന് തടമെടുക്കുന്ന പ്രവൃത്തി വന്നപ്പോൾ പുരുഷന്മാരിൽ നിന്നും വലിയ എതിർപ്പ് ഞങ്ങൾക്കുണ്ടായി. പെണ്ണ് തെങ്ങിന് തടമെടുത്താൽ ചത്താൽ ശവ മെടുപ്പും ചെയ്യുമോ എന്നും വേണ്ടി വന്നാൽ ചെയ്യുമെന്ന് ഞങ്ങൾ കുറച്ചു പേരും, ഭർത്താക്കന്മാരെയും ആൺമക്കളെയും നാട്ടുപ്രമാണിമാരെയും പേടിച്ച് ആരും പണിക്ക് വരുന്നില്ല. അന്ന് 60ൽപരം തൊഴിലാളികളുണ്ടായിരുന്നു. ഞങ്ങളുടെ വാർഡിൽ നിന്ന് 12 പേർ ധൈര്യപൂർവ്വം മുന്നോട്ട് വന്നു. പക്ഷേ ഞങ്ങൾക്ക് തടമെടുക്കാൻ പറമ്പും തെങ്ങും വേണ്ടേ? ഒടുവിൽ എന്റെ ഭർത്താവ് ഞങ്ങളുടെ പറമ്പിലെ തെങ്ങിന് തടമെ

ടുത്തോളാൻ സമ്മതിച്ചു. അദേഹവും ഞങ്ങളോടൊപ്പം പണി ചെയ്തു. ഭീഷണിപ്പെടുത്തിയവരും പുച്ഛിച്ചവരും ഞങ്ങളുടെ അദ്ധ്വാനവും ആത്മവിശ്വാസവും കണ്ട് ഞങ്ങളെ അംഗീകരിക്കുകയും സ്നേഹപൂർവ്വം അവരുടെ പറമ്പിലെ തെങ്ങിന് തടമെടുത്ത് കൊടുക്കാനും പറഞ്ഞു. പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുക്കാൻ കഴിയില്ലെന്ന് സ്ത്രീശക്തി - സംഘശക്തിയിലൂടെ ഞങ്ങൾ തെളിയിച്ചു. വരുമാനദായപ്രവർത്തനങ്ങൾക്കായി ആടു വളർത്തൽ, ഗ്രൂപ്പ് പശുവളർത്തൽ, അച്ചാർ നിർമ്മാണം, കൊപ്ര സംഭരണം, പേപ്പർ ഗ്ലാസ്സ് യൂണിറ്റ് എന്നിവയും സംഘകൃഷി ഗ്രൂപ്പും രൂപീകരിച്ച് പ്രവർത്തിക്കുന്നു. പക്ഷേ, പേപ്പർഗ്ലാസ്സ് യൂണിറ്റ് പരാജയമായിരുന്നു. ലോണെടുത്ത് സഹോദരിമാർ കടക്കെണിയിലകപ്പെടുകയും ചെയ്തു. പഞ്ചായത്തിലും ജില്ലാമിഷനിലും എംഎൽഎയും ഗ്രൂപ്പുകാർ നേരിട്ടും സിഡിഎസും പരാതി നൽകി. ഒരു പരിഹാരവും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബാലസഭ പ്രവർത്തനങ്ങളും പാവപ്പെട്ട രോഗികൾക്ക് ചികിൽസാ സഹായ ഫണ്ട് പ്രവർത്തനവും നടത്തുന്നു.

വീട്ടിലെ പണിയും ഉറക്കവും സീരിയലുമായി സമയം കളഞ്ഞിരുന്ന എനിക്ക് സമയം കിട്ടാതെയായി. 2011ലെ സിഡിഎസ് ഭരണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനം ചെയർപേഴ്സൺ സ്ഥാനത്തേക്ക് മൽസരിക്കണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ സിഡിഎസ് ചെയർപേഴ്സണായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. ഭാരിച്ച ഉത്തരവാദിത്വമാണ് എന്റെ തലയിൽ വന്നത്. പാചകവാതക ലോണുമായി ബന്ധപ്പെട്ട് എസ്.ബി.ഐയിൽ കുടിശ്ശിക ഞങ്ങളുടെ സിഡിഎസിൽ ഉണ്ടായിരുന്നു. വിലയിരുത്തൽ സമിതി വിളിച്ച് കൂട്ടി. പഞ്ചായത്ത് ഭരണസമിതിയും സിഡിഎസും മെമ്പർ സെക്രട്ടറിയും ജില്ലാമിഷനുമൊക്കെ ഇടപെട്ടു. ഒടുവിൽ കോടതിയിൽ അദാലത്തിലൂടെ ബാങ്കിലടക്കേണ്ട പൈസ അടച്ച് പ്രശ്നം തീർത്തു.

കുടുംബശ്രീയുടെ 14-ാം വാർഷികത്തിന്റെ ഭാഗമായി കുടുംബശ്രീ സഹോദരിമാരുടെ അനുഭവങ്ങളുടെയും വിജയകഥകളുടെയും ഞങ്ങൾക്കും പറയാനുണ്ട് ഞങ്ങൾ ഞങ്ങളായതിന്റെ പയമ എന്ന പുസ്തകം തയ്യാറാക്കി. 100% ബിപിഎൽ കുടുംബങ്ങളെ കുടുംബശ്രീയിൽ അംഗങ്ങളാക്കുന്നതിന് വാർഡ് സമിതിയിലും ഗ്രാമസഭകളിലും തൊഴിലുറപ്പ് പണി ചെയ്യുന്ന സ്ഥലങ്ങളിലും പോയി ബോധവൽക്കരണ പരിപാടികളിലും ക്ലാസ്സുകളും സംഘടിപ്പിച്ചു. തീരദേശ മേഖലയിലും എസ്.സി.എടി കോളനികളിലും ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 42 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. കൂടാതെ 7 മൽസ്യത്തൊഴിലാളി, 2 എസ്.സി, 1 എസ്.ടി., 3 മൈനോറിറ്റി എന്നിങ്ങനെ പുതിയ അയൽക്കൂട്ടം രൂപീകരിക്കാൻ കഴിഞ്ഞു. നിലവിൽ പഞ്ചായത്തിൽ 366 അയൽക്കൂട്ടങ്ങളാണുള്ളത്. സംഘകൃഷി ഗ്രൂപ്പു

കൾക്ക് എൻ.ആർ.എൽ.എമ്മിന്റെ ഭാഗമായി മഹിളാ കർഷക സഹായ കേന്ദ്രം എഫ്.എഫ്.സി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞു. ഇതിലൂടെ 21 മാസ്റ്റർ കർഷകരെ കണ്ടെത്തി. ആശ്രയ തുടർസേവന പ്രോജക്ട് 2013-16 തയ്യാറാക്കി. രണ്ടാം ഘട്ട ആശ്രയ പ്രോജക്ട് തയ്യാറാക്കി. സ്ത്രീപദവി സ്വയം പണവുമായി ബന്ധപ്പെട്ട് സ്ത്രീശക്തി പോർട്ടൽ പരിശീലനം നടത്തി ജെൻഡർ കോർണർ രൂപീകരിച്ചു. ജെൻഡർ ആർ.പി.ലിസ്റ്റ് തയ്യാറാക്കി. സമഗ്ര പദ്ധതി 5 ഗ്രൂപ്പുകൾക്ക് പഞ്ചായത്തിന്റെയും ജില്ലാമിഷന്റെയും സബ്സിഡിയോടെ ആടുഗ്രാമം പദ്ധതി നടപ്പിലാക്കി. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്തുമായി സഹകരിച്ച് പ്രവർത്തമാരംഭിച്ചു. എല്ലാ ബാലസഭാ പ്രവർത്തനം, ബാല പാർല്ലിമെന്റ്, ബാലപഞ്ചായത്തിൽ ദിനാചരണ പരിപാടികളും സംഘടിപ്പിക്കുന്നു. ബാലപഞ്ചായത്ത് പ്രവർത്തനങ്ങൾക്കും കുടുംബശ്രീ ചന്ത നടത്തുന്നതിനാവശ്യമായ പിന്തുണാസംവിധാനത്തിനും പ്രോജക്ടുകൾ തയ്യാറാക്കി പഞ്ചായത്തിന് നൽകി. ഈ പ്രോജക്ടുകൾ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. സിഡിഎസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പഞ്ചായത്തിന്റെ നല്ല സപ്പോർട്ട് ലഭിക്കുന്നുണ്ട്. ഇതുതന്നെ നല്ലൊരംഗീകാരമായി കണക്കാക്കുന്നു. അതുപോലെ പഞ്ചായത്തിൽ ബിആർസി ആരംഭിക്കുന്നതിന് ജില്ലാമിഷൻ ഫണ്ട് അനുവദിച്ചു. പഞ്ചായത്തും ആവശ്യമായ പ്രോജക്ടും തയ്യാറാക്കി ഫണ്ട് നീക്കി വെച്ചിരിക്കുന്നു. ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്പെഷ്യൽ അയൽക്കൂട്ടം രൂപീകരിക്കാൻ കഴിഞ്ഞു. എസ്.സി, എസ്.ടി അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് ലഭ്യമാക്കാനും, സാമ്പത്തിക സുരക്ഷിതത്വത്തിന്റെ ഭാഗമായി കുടുംബശ്രീകൾക്ക് ലിങ്കേജ് ലോൺ, പലിശ സബ്സിഡി, മാച്ചിംഗ് ഗ്രാന്റ് എന്നിവ ലഭ്യമാക്കാനും സാധിച്ചു.

എല്ലാ പ്രവർത്തനങ്ങൾക്കും സിഡിഎസ് അക്കൗണ്ടിന്റേയും മെമ്പർ സെക്രട്ടറിയുടെയും, സിഡിഎസ് ഭരണസമിതിയുടെയും പഞ്ചായത്തിന്റെയും പ്രത്യേകിച്ച് എന്റെ കുടുംബത്തിന്റെയും നല്ലൊരു പിന്തുണ എനിക്കുണ്ടായിട്ടുണ്ട്. ഒരു കാലത്ത് ഞാൻ ആരുമായിരുന്നില്ല. ഇന്ന് ഞാൻ ആരൊക്കെയോ ആണ്. എന്നെ ഇന്ന് ഒരുപാട് ആളുകൾ അറിയുന്നു. അംഗീകരിക്കുന്നു. തിരുവനന്തപുരത്തായാലും എറണാകുളത്തായാലും തൃശ്ശൂരായാലും ഒറ്റയ്ക്ക് യാത്ര ചെയ്യാൻ പേടിയില്ല. ആവശ്യമുള്ളിടത്ത് പ്രതികരിക്കാനും കഴിയുന്നു. ഒരുപാട് സ്ഥലങ്ങളും സ്ഥാപനങ്ങളും കുടുംബശ്രീയിൽ വന്നതോടെ എനിക്ക് കാണാൻ കഴിഞ്ഞു. എന്നെ ഞാനാക്കിയതുപോലെ, ഒരുപാട് സ്ത്രീകളുടെ ജീവിതത്തിന് പുതിയൊരർത്ഥം നൽകിയ ഈ പ്രസ്ഥാനം; ഈ കൂട്ടായ്മ എന്നും നിലനിൽക്കണമെന്ന പ്രത്യാശയോടെ നിർത്തുന്നു.

****

# തണലായ് മാറിയ കുടുംബശ്രീ



**കുഞ്ഞാമിന.സി**
സി.ഡി.എസ് മെമ്പർ
അജാനൂർ ഗ്രാമപഞ്ചായത്ത്

പുല്ലൂർ എന്ന കൊച്ചുഗ്രാമത്തിലായിരുന്നു എന്റെ ജനനം. അബ്ദുൾഖാദറിന്റെയും അലീമയുടെയും നാലാമത്തെ മകളായി ഞാൻ ജനിച്ചു. എന്റെ ഉപ്പ മൽസ്യകച്ചവടക്കാരനായിരുന്നു. ഉപ്പയ്ക്കും ഉമ്മയ്ക്കും വിദ്യാഭ്യാസം ഇല്ലായിരുന്നു. സാമാന്യം മെച്ചപ്പെട്ട കുടുംബത്തിലായിരുന്നു ഞാൻ ജനിച്ചത്. ഉപ്പയ്ക്കും ഉമ്മയ്ക്കും വിദ്യാഭ്യാസം കുറവായതിനാൽ എന്റെ രണ്ട് ഏട്ടൻമാർക്കും ഏച്ചിക്കും കൂടുതൽ വിദ്യാഭ്യാസം നൽകിയിരുന്നില്ല. ശൈശവ വിവാഹത്തിന് തുല്യമായ രീതിയിലായിരുന്നു എന്റെ ഇത്തയുടെ വിവാഹം. 2 ക്ലാസ്സിൽ വെച്ച് അവളുടെ വിവാഹം കഴിച്ച് കൊടുത്തു. എന്നാൽ ഞാൻ വാശിയോടെ പത്താംക്ലാസ്സ് വരെ പഠിച്ചു. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും പാർട്ടിസിപ്പേറ്റ് ചെയ്യാറുണ്ടായിരുന്നെങ്കിലും മറ്റുള്ളവരുമായി കൂട്ടുകൂടാനും പരിപാടിയിൽ പങ്കെടുക്കാനും വളരെ നാണം കുണുങ്ങിയായിരുന്നു ഞാൻ. പിന്നെ ഉപ്പ എന്നെ കട്ടിംഗ് ക്ലാസ്സിന് ചേർത്തു. അങ്ങനെ 1 വർഷത്തോളം ഞാൻ കട്ടിംഗ് ക്ലാസ്സ് പഠിച്ചു. എന്റെ ശ്രദ്ധ മുഴുവൻ പഠിക്കുന്ന കാര്യങ്ങളിൽ ആയതിനാൽ മറ്റുകുട്ടികളെക്കാളും മുമ്പ് തന്നെ ഞാൻ എംബ്രോയ്ഡറി വർക്ക് പഠിച്ചു. പിന്നീട് വീട്ടിലുള്ളവർക്ക് എല്ലാം ഞാൻ തന്നെയാണ് ഡ്രസ്സ് തയ്ച്ച് കൊടുക്കുന്നത്. അങ്ങനെ ആദ്യമായി എനിക്ക് നല്ല അഭിപ്രായം കിട്ടിയത് എന്റെ കട്ടിംഗ് ടീച്ചറുടെ കൈയ്യിൽ നിന്നാണ്. നീ തയ്ച്ച ഡ്രസ്സ് ആണ് നിന്ഡറെ ഉപ്പ ധരിച്ചിരിക്കുന്നത്. അത് എനിക്ക് അഭിമാനത്തോടെ നിന്റെ ഉപ്പ കാണിച്ചു തന്നു.

ടീച്ചറുടെ ആ അഭിപ്രായം എന്നെ വല്ലാതെ സന്തോഷിപ്പിച്ചു. ഞാൻ ഷർട്ട് അടിക്കാൻ പഠിച്ചതിലുള്ള സന്തോഷം ടീച്ചറുടെ മുഖത്തും ഞാൻ കണ്ടു. പണ്ട് കാലത്ത് 10 വയസ്സായാൽ പെൺകുട്ടികളെ കെട്ടിച്ചയക്കണമെന്നാണ് മുതിർന്നവരുടെ ധാരണ. ഇതൊന്നും ചെവി കൊള്ളാതെ ഉപ്പ എന്റെ അനിയത്തിയെ ഡിഗ്രി വരെ പഠിപ്പിച്ചു. അനുജത്തി ഫുൾമാർക്കോടെ പഠിച്ച് പാസായി. ഉപ്പയ്ക്ക് അനുജത്തിയുടെ വിജയം മറ്റുള്ളവരുടെ മുമ്പിൽ അഭിമാനമായി. പണ്ട് കാലത്ത് മുസ്ലിം കുട്ടികൾ അധികമൊന്നും പഠിക്കാറില്ലായിരുന്നു. അതിനിടയിൽ എനിക്ക് ഉപ്പയും ബന്ധുക്കളും കുറേ വിവാഹാലോചനകൾ കൊണ്ടു വന്നു. അത് സ്ത്രീധനകാര്യത്തിലും ദൂരെയാണെന്നും പറഞ്ഞ് ബന്ധുക്കൾ തള്ളിക്കളഞ്ഞു. എന്നാൽ എന്റെ ഉമ്മയ്ക്ക് ഉപ്പയെക്കാളും ഇഷ്ടം ഉമ്മ

യുടെ അനുജനോടാണ്. അങ്ങനെ ഉമ്മയുടെ അനുജന്റെ ഇഷ്ടപ്രകാരം എനിക്കൊരു വിവാഹാലോചന കൊണ്ടു വന്നു. എന്നെക്കാൾ എത്രയോ പ്രായം കൂടുതലുള്ള വ്യക്തി. ഞങ്ങളുടെ വീട്ടിൽ ആലോചനയ്ക്ക് ആർക്കും താൽപര്യമില്ലായിരുന്നു. എന്റെ ജ്യേഷ്ഠൻ നാടുവിടുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയെങ്കിലും അത് ആരും ഉൾക്കൊണ്ടില്ല. ഉപ്പ പറഞ്ഞു നിനക്ക് നല്ല ഭാവി കിട്ടുമെന്നും നീ വിവാഹത്തിന് സമ്മതിക്കുക. അല്ലെങ്കിൽ ഞാൻ ട്രെയിനിന് തല വെക്കും. ആ ഭീഷണിക്ക് വഴങ്ങി ഞാൻ വിവാഹത്തിന് സമ്മതിച്ചു. അങ്ങനെ എന്റെ വിവാഹം കഴിഞ്ഞു. ഞാൻ ആകെ വിഷമത്തിലായി. നാട്ടുകാരുടെ ഇടയിൽ സംസാരവിഷമായി. എന്റെ ഭർത്താവാണെങ്കിൽ ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ച് കിട്ടിയ പണം മുഴുവൻ പെങ്ങളുടെ ഭർത്താവിന് അയച്ച് കൊടുത്തു. സ്വന്തം പേരിൽ സ്ഥലം വാങ്ങുമെന്ന വിശ്വാസത്തോടെ. അവർ ആണെങ്കിൽ ഒരു സെന്റ് സ്ഥലം പോലും ഞങ്ങളുടെ പേരിൽ വാങ്ങിയില്ല. എന്റെ വിവാഹം കഴിഞ്ഞപ്പോൾ തന്നെ അവർക്ക് ജോലിയൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങൾക്കുണ്ടായിരുന്ന പതിനഞ്ച് സെന്റ് സ്ഥലം വിറ്റ് കിട്ടിയ പൈസ കൊണ്ട് ഞങ്ങൾ കുറച്ച് കാലം ജീവിച്ചു. പിന്നീട് ഞാൻ മൂത്തകുട്ടിയെ ഗർഭം ധരിച്ചു. അവന്റെ നാല് വയസ്സ് വരെ ഞങ്ങൾ നല്ല രീതിയിൽ ജീവിച്ചു.

ഇതിനിടയിൽ നിത്യവൃത്തിക്ക് പോലും ബുദ്ധിമുട്ടായി. ആരോടും പറയാൻ പറ്റില്ലല്ലോ. എല്ലാവരുടെയും മുമ്പിൽ എന്റെ ഭർത്താവ് പണക്കാരനാണ്. എന്റെ മകന് ആറു വയസ്സായപ്പോൾ ഞാൻ വീണ്ടും ഗർഭിണി ആയി. എന്റെ വീട്ടുകാരാണ് എല്ലാ ചെലവുകളും വഹിച്ചത്. പിന്നീട് ഞാൻ എന്റെ ഭർത്താവിന്റെ വീട്ടിലേക്ക് പോകാതെ എന്റെ വീട്ടിൽ താമസമാക്കി. നാട്ടുകാരുടെ പരിഹാസം നിറഞ്ഞ ചോദ്യം എന്നെയും വീട്ടുകാരെയും വിഷമത്തിലാക്കി. എന്തേ അവൾ ഇവിടെ തന്നെ നിൽക്കുന്നു. കല്ല്യാണം കഴിഞ്ഞാൽ പെൺകുട്ടികൾ ഭർത്താവിന്റെ അടുത്താണ് നിൽക്കേണ്ടത്, ഈ വാക്ക് കേട്ട എനിക്ക് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയായി. എന്റെ മകൻ നാലാം ക്ലാസ്സിൽ പഠിക്കുന്നത് വരെ ഞാൻ എന്റെ വീട്ടിൽ താമസിച്ചു. അതിനിടയിൽ എന്റെ മകൾക്ക് മൂന്ന് മാസം പ്രായമായപ്പോൾ എന്റെ വീടിനടുത്ത് കുറേ വനിതകൾ ഒന്നിച്ച് കൂടി ഒരു കുടുംബശ്രീ രൂപീകരിച്ചു. അതിൽ എന്റെ ജ്യേഷ്ഠത്തി ഒരംഗമായിരുന്നു. ഞാൻ വീട്ടിൽ നിന്ന് എന്റെ ജ്യേഷ്ഠനോട് ചോദിച്ചു. ഞാൻ കുടുംബശ്രീയിൽ കൂടിക്കോട്ടെ എന്ന്. ഒരംഗമായിക്കോ. പക്ഷെ വേറൊരു സ്ഥാനവും ഏൽക്കാൻ പാടില്ല. കുടുംബശ്രീയിൽ പോകണം പൈസ കൊടുക്കണം അപ്പോൾ തന്നെ തിരിച്ച് വരണം. വൈകിയാൽ എന്റെ സ്വഭാവം മാറും എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി. അങ്ങനെ

ആദ്യമായി ഞാൻ കുടുംബശ്രീയിൽ ഒരംഗമായി. എന്റെ മകൻ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഞാനും എന്റെ അനുജനും തമ്മിൽ പ്രശ്നമായി. എനിക്ക് വാശിയായി. ഞാൻ രണ്ടും കൽപിച്ച് എന്റെ മകന്റെ ടി.സി.വാങ്ങി എന്റെ ഭർത്താവിന്റെ വീട്ടിലേക്ക് താമസം മാറി. അവിടെ തന്നെ എന്റെ മകനെ സ്കൂളിൽ ചേർത്തു. ഒരു വർഷത്തിന് ശേഷം വാർഡ് മെമ്പർ നസീമ ടീച്ചർ എല്ലാ വീട്ടിലേക്കും വന്നു. ഇവിടെ ഒരു കുടുംബശ്രീ രൂപീകരിക്കണമെന്ന് പറഞ്ഞു. ടീച്ചറുടെ വാക്ക് ഞങ്ങൾക്കിഷ്ടമായി. പ്രസിഡന്റും, സെക്രട്ടറിയും ആരാവും. വാർഡ് മെമ്പറുടെ നിർദ്ദേശപ്രകാരം എന്നെ പ്രസിഡന്റാക്കി. രജിതയെ സെക്രട്ടറിയുമാക്കി. സ്നേഹനിധി എന്ന പേരിൽ 20 അംഗങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് കുടുംബശ്രീ രൂപീകരിക്കുകയുണ്ടായി. ഞങ്ങളുടെ വാർഡാണെങ്കിൽ അധികവും മുസ്ലിങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് അതുകൊണ്ട് തന്നെ ആരും തന്നെ രംഗത്തേക്കിറങ്ങാൻ മനസ്സു കാണിച്ചില്ല. അങ്ങനെ രണ്ട് സർവ്വേ വന്നു. അക്ഷയ കമ്പ്യൂട്ടർ സർവ്വേ, ചൈൽഡ് സർവ്വേ. നസീമ ടീച്ചറുടെ നിർദ്ദേശ പ്രകാരം സർവ്വേ നടത്താൻ എന്നെ ഏൽപ്പിച്ചു.

ഞങ്ങളുടെ വാർഡിൽ 700ഓളം വീടുകളുണ്ട്. എല്ലാ വീടുകളും സന്ദർശിച്ച് നല്ല ഭംഗിയായി സർവ്വേ പൂർത്തീകരിച്ചു. അങ്ങനെ എന്റെ വീട്ടിൽ തന്നെ ഒരു റൂമിൽ 200ഓളം പേർക്ക് അക്ഷയ കമ്പ്യൂട്ടറിന്റെ ആദ്യ പരിശീലനം നൽകി. ഇത് മുസ്ലീങ്ങളുടെ ഇടയിലും നാട്ടുകാരുടെ ഇടയിലും എനിക്ക് അഭിമാനമായി. അങ്ങനെ എഡിഎസിന്റെ സെക്രട്ടറിയായി. വാർഡ് മെമ്പർ നസീമ ടീച്ചർ എന്നെ സെലക്ട് ചെയ്തു. എന്റെ ഭർത്താവ് സുഖമില്ലാതെ കിടപ്പിലായി. ഒരു കുടുംബശ്രീ പോലും ഇല്ലാത്ത ആ വാർഡിൽ 16ഓളം കുടുംബശ്രീ ഞാനും നസീമ ടീച്ചറും കൂടി രൂപീകരിക്കുകയുണ്ടായി.  ഗ്യാസ് കണക്ഷൻ അല്ലാത്തെ 40ഓളം കുടുംബങ്ങൾക്ക് ഗ്യാസ് കണക്ഷൻ ലഭ്യമാക്കി. ഗവൺമെന്റിൽ നിന്ന് കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും ജനങ്ങൾക്ക് വാങ്ങിച്ച് കൊടുക്കുകയും അവർക്ക് വേണ്ടിയുള്ള സേവനങ്ങളിലും അവരുടെ പ്രശ്നങ്ങളിലും അവർക്ക് വേണ്ടി സംസാരിക്കുന്ന ഒരാളായി മാറി. പുറത്തിറങ്ങാൻ മടി കാണിച്ചിരുന്ന ഇന്ന് ഞാൻ വാർഡിന്റെയും നാടിന്റെയും അഭിമാനമായി മാറി. കൂടാതെ ടൈലറിംഗ് സെന്റർ, ട്യൂഷൻ സെന്റർ എന്നീ രണ്ട് സ്ഥാപനങ്ങൾ നടത്തുന്നതോടൊപ്പം തന്നെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും ജോലി ചെയ്യുന്നുണ്ട്. ഇതിനിടയിൽ എന്റെ ഭർത്താവ് മരണപ്പെട്ടു. ഇപ്പോൾ എന്റെ കുടുംബത്തിന്റെ ഏക അത്താണിയാണ് ഞാൻ. എന്റെ മകൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാനും എനിക്ക് നല്ലൊരു വീട് പണിയാനും എന്റെ കഠിനാദ്ധ്വാനം കൊണ്ട് സാധിച്ചു. ഇന്ന് ജാതിമതഭേദമില്ലാതെ ഏതൊരു കാര്യത്തിനും എന്റെ വീട്ടു പടിക്കലിലാണ് ജനങ്ങൾ എത്താറുള്ളത്. വാർഡിനകത്തും പുറത്തുമായി

എത്രയോ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എത്രയോ വിഷമങ്ങളനുഭവിച്ച ഞാൻ, ഇന്ന് എന്റെ മക്കളും സന്തോഷവാൻമാരാണ്. ഇന്ന് പല സ്ഥാപനങ്ങളിലും ഞാൻ അറിയപ്പെടുന്നുണ്ട്. ഇതൊക്കെ കുടുംബശ്രീ എന്ന പ്രസ്ഥാനത്തിലൂടെയാണ്. ഇനിയും മരിക്കുവോളം ജനങ്ങൾക്ക് വേണ്ടി കഴിയുന്ന സഹായങ്ങൾ ചെയ്ത് കൊടുക്കുമെന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

ഈ അനുഭവ കഥ വായിച്ചതിന് ശേഷം എത്രയോ എന്നെക്കാൾ വിവരവും ബുദ്ധിയുമുള്ള സ്ത്രീകൾ സമൂഹത്തിന്റെ ഇരുട്ടറയിൽ കഴിയുന്നുണ്ടെങ്കിൽ അവർക്കിതൊരു മാതൃകയാവട്ടെ എന്ന് പ്രതീക്ഷിച്ച് കൊണ്ട് നിർത്തട്ടെ.

******

# എന്നെ ഞാൻ ആക്കിയ എന്റെ കുടുംബശ്രീ

**പി.രാജേശ്വരി**

ചെയർപേഴ്സൺ

പുല്ലൂർ പെരിയ കുടുംബശ്രീ, സി.ഡി.എസ്.

2001 ഒക്ടോബർ 21ന് പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിൽ കുമ്പള - ചെറുവലം എന്ന പ്രദേശത്ത് അന്നത്തെ വാർഡ് മെമ്പറായ കെ.വി.ഗോപാലന്റെ അധ്യക്ഷതയിൽ നർമ്മദ എന്ന പേരിൽ കുടുംബശ്രീ രൂപീകരിച്ചു. 21 പേർ അടങ്ങുന്നതായിരുന്നു നർമ്മദ കുടുംബശ്രീ. ഈ കുടുംബശ്രീയിലെ സെക്രട്ടറിയായിട്ടാണ് ഞാൻ രംഗത്തേക്ക് വന്നത്. അന്ന് എനിക്ക് കുടുംബശ്രീ എന്നതിനെ കുറിച്ച് ഒരു ധാരണയുമില്ലായിരുന്നു. ക്രമേണ പഞ്ചായത്ത് തലത്തിൽ വെച്ച് നടത്തിയ പഠനക്ലാസ്സിലൂടെ ഒരു പാട് കാര്യങ്ങൾ എനിക്ക് മനസ്സിലാക്കാൻ പറ്റി.

പിറകിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ഭൂരിഭാഗം സ്ത്രീകളും അടുക്കളയിൽ ഒതുങ്ങികൂടിയ കാലഘട്ടത്തിലാണ് കുടുംബശ്രീ പ്രസ്ഥാനം നിലവിൽ വന്നത്. കുടുംബശ്രീ നിലവിൽ വന്നതോട് കൂടി ഞാൻ ഗ്രാമസഭയിൽ പങ്കെടുക്കാൻ തുടങ്ങി. ഇതിന് മുമ്പ് ഗ്രാമസഭയെന്ന് കേട്ടതല്ലാതെ അത് എന്താണെന്ന് ഒരു പിടിയും ഇല്ലായിരുന്നു. ഗ്രാമസഭയിൽ പോകാൻ തുടങ്ങിയതോടെ അവിടെ നടക്കുന്ന ചർച്ചകളിലും പ്രശ്നങ്ങളിലും ഇടപെടാനും സാധിച്ചു. ഈ സംഭവങ്ങളൊക്കെ ഒരു ത്രില്ലായിട്ടാണ് ഞാനെടുത്തത്. മാത്രമല്ല ഗ്രാമസഭയിൽ ഒരു ജാഗ്രതാസമിതി കൂടി ഉണ്ടെന്നറിഞ്ഞതോടെ അതിലൂടെ സമൂഹത്തിൽ നടക്കുന്ന അനീതികളെയും അനാചാരങ്ങളെയും ചെറുത്ത് നില്ക്കാനും പാടെ മാറ്റിമറിക്കാനും സാധിച്ചു.

കുടുംബശ്രീയുടെ ആ കാലഘട്ടത്തിൽ തന്നെ എന്നെ വാർഡ് തലത്തിൽ എ.ഡി.എസ് പ്രസിഡന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. എ.ഡി.എസ് പ്രസിഡന്റായ ഞാൻ വളരെ നന്നായി തന്നെ കുടുംബശ്രീ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. അങ്ങനെ തിരഞ്ഞെടുപ്പ് ഒന്നുമില്ലാതെ തന്നെ ഇരിയ, കുമ്പള എന്നീ രണ്ടു വാർഡുകളെ പ്രതിനിധീകരിച്ച് എന്നെ സി.ഡി,എസ് മെമ്പറുമാക്കി. സി.ഡി.എസ് മെമ്പറായ എനിക്ക് പഞ്ചായത്തുമായി നല്ലൊരു ബന്ധം പുലർത്താൻ കഴിഞ്ഞു.

ആ സമയത്താണ് പഞ്ചായത്ത് തലത്തിൽ കുടുംബശ്രീക്ക് ഒരു നിർദ്ദേശം വന്നത്. വാറ്റു ചാരായം പാടെ നിർത്തലാക്കാൻ കുടുംബശ്രീയുടെ ഇടപെടൽ അത്യാവശ്യമാണെന്ന്. എന്നാൽ ഈ നിർദ്ദേശം ആദ്യം അയൽകൂട്ട പ്രവർത്തകർ തള്ളികളയുകയാണ് ചെയ്യതത്. അപ്പോൾ എന്റെ മനസ്സിൽ ഒരു ആശയം ഉദിച്ചു. വാർഡ് തലത്തിൽ

വാറ്റ് ചാരായം നിർത്തലാക്കുന്നതിനെ കുറിച്ച് എ.ഡി.എസിൽ ചർച്ച ചെയ്താൽ എങ്ങനെയിരിക്കുമെന്ന് ഞാൻ തുടക്കമിട്ടത് ഇങ്ങനെയാണ്. നമ്മുടെ വാർഡിലുള്ളവർ വാറ്റ് ചാരായം ഉണ്ടാക്കാൻ പാടില്ല. നമുക്കതിനെ എതിർക്കണം. എന്നാൽ ഇതിനെക്കുറിച്ച് ആരും തന്നെ വ്യക്തമായ ഒരു മറുപടിയും പറഞ്ഞില്ല.

അങ്ങനെ വാറ്റു ചാരായം നിർത്തലാക്കുന്നതിനെ കുറിച്ചുള്ള എന്റെ മനസ്സിലുള്ള ആശയം ഒരു കനലായി തന്നെ നിന്നു. എനിക്ക് ഇതിൽ നിന്ന് പിൻമാറാനും തോന്നിയില്ല. പിന്നീട് എന്റെ ഈ ആശയം ഞാൻ എന്റെ കുടുംബശ്രീയിൽ നിന്ന് തന്നെ തുടങ്ങാം എന്ന ചിന്താശക്തിയോട് കൂടിയാണ് കുടുംബശ്രീ യോഗത്തിലേക്ക് പോയത്. യോഗം തുടങ്ങി കാര്യങ്ങൾ ചർച്ച ചെയ്യുന്ന സമയത്ത് വാറ്റു ചാരായം എടുക്കുന്നതിനെ കുറിച്ചും പറഞ്ഞു. ഞാൻ തുടക്കമിട്ടത് ഇങ്ങനെയാണ്. കുടുംബശ്രീ അംഗത്വം ഉള്ളവർ വാറ്റു ചാരായം ഉണ്ടാക്കാൻ പാടില്ല. നമ്മുടെ അയൽകൂട്ടത്തിൽ നിന്ന് തന്നെ നമുക്ക് തുടങ്ങാം. പക്ഷെ ഞാൻ എന്തോ മണ്ടത്തരം പറഞ്ഞത് പോലെയാണ് എല്ലാവരും കേട്ടത്. ഞാനുണ്ടോ വിടുന്നു. വീണ്ടും പറഞ്ഞു നോക്കി. അപ്പോൾ അയൽകൂട്ടത്തിലെ ഒരംഗം എന്നോട് കയർത്ത് സംസാരിച്ചു. കുടുംബശ്രീയിൽ നിന്നും രാജിവെക്കുമെന്ന് ഭീഷണി വേറെയും. ഞാൻ കൂട്ടാക്കിയില്ല നിങ്ങൾ രാജിവെച്ചാലും എനിക്ക് പ്രശ്നമില്ല. എന്ത് തന്നെയായലും നിങ്ങൾ ഈ ജോലി ഉപേക്ഷിച്ചേ പറ്റുമെന്ന് ഞാനും അങ്ങനെ നിൽക്കക്കള്ളിയില്ലാതെ എന്നെ ഒരുപാട് പ്രാകികൊണ്ട് മനസ്സില്ലാമനസ്സോടെ അതിൽ ഒരംഗം മാത്രം സമ്മതിച്ചു. അങ്ങനെ ആ ഒരു കുടുംബം മദ്യവിൽപന പൂർണ്ണമായും നിർത്തലാക്കി. അതിൽ ഞാൻ വളരെയധികം സന്തോഷിച്ചു.

പിന്നീട് ഞാൻ എന്നോട് ഒരു ചോദ്യം നീ എന്താണ് ഈ നാടകാവതരണത്തിൽ പഞ്ചായത്തും, ബഹു ഉദുമ എം.എൽ.എ, കാസർഗോഡ് പോലീസ് മേധാവി തോംസൺ ജോസ് ഐ.പി.എസ്, ജില്ലാകുടുംബശ്രീ മിഷൻ ഡി.എം.സി നല്ലൊരു അനുമോദനം തന്നെ തന്നിട്ടുണ്ട്. മാത്രമല്ല ഈ സന്ദേശ യാത്ര സ്റ്റേറ്റ് കുടുംബശ്രീ മിഷൻ അംഗീകരിക്കുകയും ചെയ്തു. ഈ അനുമോദനം എന്റെ ജീവിതത്തിൽ ഒരുകെടാവിളക്കായി ഇന്നും ഞാൻ സൂക്ഷിച്ചു വെക്കുന്നു. ഇനി എന്റെ ദൗത്യമെന്ന് പറയുന്നത് ലഹരി വിരുദ്ധ ഫിലിം ഡോക്യുമെന്ററി തയ്യാറാക്കുക എന്നതാണ്. ഇതിന്റെ അനുമതിക്ക് വേണ്ടി കുടുംബശ്രീ ജില്ലാമിഷൻ മുഖാന്തിരം കുടുംബശ്രീ സ്റ്റേറ്റ് മിഷനിലേക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി കിട്ടുമെന്ന ഉറച്ച വിശ്വാസം എനിക്കുണ്ട്. ഒരു സ്ത്രീ എന്ന നിലയിൽ പണ്ട് തൊട്ടെ ഒരുപാട് ദുരിതം അനുഭവിച്ച സ്ത്രീയാണ് ഞാൻ. കുടുംബപശ്ചാത്തലം മുതൽ ഇന്ന് ഞാൻ കൈകാര്യം ചെയ്യുന്ന കുടുംബശ്രീയിൽവരെ. എവിടെ ഒരു നല്ല കാര്യം ചെയ്യുന്നുവോ അവിടെ അതിനേക്കാൾ വലിയ എതിർപ്പായിരിക്കും

ഞാൻ നേരിടേണ്ടി വരിക. എല്ലാ തടസ്സങ്ങളെയും ചെറുത്ത് നിൽക്കാനുള്ള ധൈര്യം ഈശ്വരൻ എനിക്ക് കനിഞ്ഞ് നൽകിയിട്ടുണ്ട്. ഇനി എനിക്ക് കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനത്തിലൂടെ ബൂഹുദൂരം സഞ്ചരിക്കാൻ ജഗദീശ്വരൻ എനിക്ക് ബോധവൽക്ക രിക്കാനായി വീടുകൾ തോറും കയറിയിറങ്ങി. ഇതിന്റെ ഫലമായി വാർഡിനകത്ത് 3 കുടുംബങ്ങൾ വാറ്റ് ചാരായ വിൽപ്പന നിർത്തലാക്കി. ഇതൊക്കെ എന്നെ സംബന്ധി ച്ചിടത്തോളം സന്തോഷം ഉളവാക്കുന്ന കാര്യം തന്നെയാണ്. 430 കുടുംബങ്ങൾ ഉള്ള എന്റെ വാർഡിൽ ഇപ്പോൾ 3 കുടുംബങ്ങളാണ് ഇപ്പോഴും ഇത് തുടർന്ന് കൊണ്ടിരി ക്കുന്നത്. ഇനി അവരെക്കൂടി ബോധവാൻമാരാക്കി കൊണ്ട് വരികയെന്നുള്ളതാണ് എന്റെ അടുത്ത ലക്ഷ്യം.

കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനത്തിന്റെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിൽ 2011 നവംബർ മാസത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ സിഡിഎസിന്റെ ചെയർപേ ഴ്സണാണ് ഞാനിപ്പോൾ. ഈ സ്ഥാനം എന്നിൽ വന്നതോട് കൂടി പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിൽ മുഴുവൻ വാർഡുകളെയും കേന്ദ്രീകരിച്ച് മദ്യനിരോധനത്തിനെ തിരായി മദ്യവിരുദ്ധ സന്ദേശ ഗ്രാമയാത്ര. 2013 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോ ടനുബന്ധിച്ച് ഗ്രാമപ്രദേശങ്ങളിലും സ്കൂളുകളിലും ടൗണിലും മദ്യംകൊണ്ട് ഉണ്ടാ കുന്ന കുടുംബപശ്ചാത്തലത്തെക്കുറിച്ച് നാടകം അവതരിപ്പിച്ചു. അതിലെ പ്രധാന കഥാപാത്രമായി ഒരു കള്ളു കുടിയന്റെ വേഷം ചെയ്തു. മറ്റുള്ള രണ്ടു പേരോടും ചാരായം നിർത്തലാക്കാൻ പറയാത്തത്? പിന്നീട് എന്റെ ഊഴം മറ്റുള്ള രണ്ട് പേരുടെ നേർക്കായി പറഞ്ഞ് നോക്കി രണ്ടു പേരോടും. പക്ഷെ, അന്ന് ഞാൻ എന്റെ ജീവിത ത്തിൽ കേൾക്കാൻ പറ്റാത്ത കുറെയേറെ വേണ്ടാത്ത വർത്തമാനങ്ങൾ കേൾക്കേണ്ടി വന്നു. എങ്കിലും പിൻമാറിയില്ല. പറഞ്ഞാൽ അനുസരിക്കാത്തവർക്ക് വഴികൾ വേറെയും ഉണ്ടെന്ന് കാണിച്ച് കൊടുത്തു. എക്സൈസ് ഡിപ്പാർട്ട്മെന്റിൽ വിളിച്ച് കൊടുത്തു. എക്സൈസ് ഡിപ്പാർട്ട്മെന്റിൽ വിളിച്ച് വിവരം അറിയിച്ചു. സ്ഥലം, വീട് എന്നിവ പറഞ്ഞ് കൊടുത്തു. പിറ്റേ ദിവസം വൈകുന്നേരം 6 മണിയോട് പോലീസ് വന്ന് ഒരാളെ പിടിച്ചു. മറ്റൊരാളെ കിട്ടിയില്ല. എങ്കിലും മൂന്നാമത്തെയാളും ക്രമേണ വാറ്റ് ചാരായം എടുക്കുന്നത് നിർത്തലാക്കി. ഈ സംഭവം എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു സംഭവവികാസം തന്നെയാണ്. മാത്രമല്ല ഈ കാരണവും കാണിച്ച് കൊണ്ട് ഞാൻ എ.ഡി.എസ് യോഗത്തിൽ വീണ്ടും പറഞ്ഞ് നോക്കി. അത് പിന്നീട് ജാഗ്രത സമിതിയിൽ അറിയിക്കുകയും 21 പേർ അടങ്ങുന്ന കുടുംബശ്രീ പ്രവർത്തകരും 3 യുവാക്കളും അടങ്ങുന്ന ഒരു ടീം ശക്തി നൽകട്ടെയന്ന് പ്രാർത്ഥിച്ച് കൊണ്ട് എന്റെ അനുഭവം ഇവിടെ ചുരുങ്ങുന്നു.

*****

# ഉദയ കുടുംബശ്രീ

ഞാൻ അന്തർമുഖമായി കഴിഞ്ഞിരുന്ന കാലം ആരോടും കൂടുതലായി സംസാരിക്കുകയോ, അടുക്കുകയോ ചെയ്തിരുന്നില്ല. ആകെ ഒരു അപകർഷതാബോധം ഇതിന് കാരണം എന്റെ ഭർത്താവ് മദ്യപിക്കും അതാണ് ഞാൻ ഇങ്ങനെ കഴിയാൻ കാരണം. ആ സമയത്താണ് എന്റെ സുഹൃത്ത് ദേവകി പറഞ്ഞ് ഏണേ നീ എന്റെ കുടുംബശ്രീയിൽ ചേര്. എന്റെ കുടുംബശ്രീയിൽ അംഗങ്ങൾ കുറവാണ്. കുടുംബശ്രീയിൽ കൂടിയാൽ ആളുകളുമായി ഇടപഴകുമ്പോൾ നിനക്ക് നല്ല തുറസ്സുണ്ടാകും. നീ അങ്ങനെ ഇവിടെ തൂങ്ങിക്കെട്ടിയിരിക്കേണ്ട. എന്റെ അമ്മയും അതു ശരി വെച്ചു (ഭർത്താവിന്റെ അമ്മ)

അങ്ങനെയാണ് ഞാൻ 2003ൽ കുടുംബശ്രീയിൽ (ഉദയ കുടുംബശ്രീ) അംഗമാകുന്നത്. എന്റെ ഭർത്താവോ അമ്മയോ തന്നെ പൈസയാണ് ഞാൻ കുടുംബശ്രീയിൽ അടക്കുന്നത്. ഇങ്ങനെ രണ്ട് മാസം പിന്നിട്ട് ഒരു കുടുംബശ്രീ യോഗത്തിൽ സെക്രട്ടറി തന്നെ അതിന് വേണ്ട ഇലയും പുകയിലയും വാങ്ങിത്തരാൻ ഇതേ കുടുംബശ്രീയിലുള്ള സരസ്വതിയേട്ടിയോട് പറയുകയും, അങ്ങനെ ഞാൻ ബീഡി അവരുടെ കൂട്ടത്തിലിരുന്ന് തെരക്കാനും തുടങ്ങി. ഇതോടെ എനിക്ക് കുടുംബശ്രീയിൽ ത്രിഫ്റ്റ് അടക്കുവാൻ കഴിഞ്ഞു. ഈ സമയത്താണ് കുടുംബശ്രീയുടെ മേള ആദ്യമായി നടക്കുന്നത്. ഈ പരിപാടിയിൽ കലാപരമായും, കായികപരമായും നന്നായി തിളങ്ങാൻ സാധിച്ചു. പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും നടന്ന കലാപരിപാടിയിൽ എനിക്ക് പങ്കെടുക്കാൻ സാധിച്ചു. ഇത് ജീവിതത്തിലെ ഒരു വഴിത്തിരിവാണെന്ന് എനിക്ക് തോന്നുന്നു.

2004ൽ ഞാൻ ഉദയ കുടുംബശ്രീയുടെ സെക്രട്ടറിയാവുകയും എഡിഎസ് സെക്രട്ടറിയായി എന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. ആദ്യമൊക്കെ സിഡിഎസിൽ പോയി യോഗത്തിൽ കാര്യങ്ങൾ പറയാനും ചെയ്യാനുമൊക്കെ പേടിയായിരുന്നു. എന്നാലും ഒരുവിധമൊക്കെ ഒപ്പിച്ചു പോയി. 2005ലാണ് കുടുംബശ്രീകൾ ബാങ്ക് ഉദ്യോഗസ്ഥർ വന്ന് ഗ്രേഡ് ചെയ്യുക, ലോൺ കുടുംബശ്രീക്ക് നൽകുക എന്ന പരിപാടിയൊക്കെ വന്നത്. ഇതേ സമയത്ത് തന്നെ കേരള വികസന സമിതിയുമായി ബന്ധപ്പെട്ട് ഞങ്ങളുടെ കുടുംബശ്രീ കല്ലുമ്മക്കായ കൃഷി, പശുവളർത്തൽ എന്നീ രണ്ടു സംരംഭങ്ങൾ തുടങ്ങി. പശുവളർത്തൽ ആറ് അംഗങ്ങളുൾപ്പെടുന്ന ആക്ടിവിറ്റി ഗ്രൂപ്പിനാണ് നൽകിയത്. ഈ ഗ്രൂപ്പിൽ ഞാനും അംഗമായിരുന്നു. ഈ സമയത്ത് തന്നെയാണ് ക്ഷീരോൽപാദക സംഘങ്ങൾ രൂപീകരിക്കാൻ തുടങ്ങിയത്. ഇത് ഞങ്ങളുടെ സംരംഭത്തിന് ഒരാശ്വാസമായിരുന്നു. ക്ഷീരസംഘം രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു പ്രമോട്ടിംഗ്

കമ്മിറ്റിയെ രണ്ട് വാർഡുകൾ ഉൾപ്പെടുന്ന (13, 14) തെരഞ്ഞെടുത്തു. അതിൽ ഒന്ന് ഞാനും മറ്റേത് പാർവ്വതിയുമായിരുന്നു. 2007ൽ ക്ഷീരസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. സംഘത്തിന്റെ ഡയറക്ടർ ബോർഡ് അംഗവും ജീവനക്കാരിയുമായി എന്നെ സംഘം ജനറൽബോഡി തെരഞ്ഞെടുത്തു. ഇതോടെ എനിക്ക് ഒരു വരുമാന മാർഗ്ഗം ഉണ്ടായി. ഇപ്പോൾ ക്ഷീരസംഘത്തിൽ സ്ഥിര ജീവനക്കാരിയാണ്. ഇത് എനിക്ക് ലഭിച്ചത് കുടുംബശ്രീ മുഖേനയാണെന്ന് പറയേണ്ടതില്ലല്ലോ.

ഇങ്ങനെ കഷ്ടിച്ച് ജീവിതം മുന്നോട്ട് പോയി 2009 ഫെബ്രുവരി ഒന്ന് ഇതെന്റെ ജീവിതത്തിലെ കാളരാത്രിയായിരുന്നു. എന്നും മറക്കാൻ പറ്റാത്ത കയ്പ്പുറ്റ അനുഭവം. ഇന്നാണ് എന്റെ ചെറിയോന് പാമ്പ് കടിയേറ്റത്. ഞാൻ കുടുംബശ്രീ കഴിഞ്ഞ് വരുന്നതേയുള്ളൂ. എന്റെ വലിയ കുട്ടിയും ഇളയവനും കരഞ്ഞു കൊണ്ട് ഓടി വരുന്നു. ഞാൻ വിചാരിച്ചു തമ്മിൽ അടികൂടിയിട്ടായിരിക്കുമെന്ന് പക്ഷെ എന്റെ മൂത്തവൻ പറഞ്ഞു അമ്മേ..... ബിച്ചൂനാ പാമ്പ് കടിച്ചെന്ന് ഇത് കേട്ടപ്പോൾ എനിക്ക് ഒന്നും തിരിയാത്ത അവസ്ഥ. ഞാൻ ഉറക്കെ കരഞ്ഞൂന്നാ തോന്നുന്നേ. എന്റെ കുടുംബശ്രീക്കാരെല്ലാം ഓടിയെത്തി. മോനെ വേഗം ആശുപത്രിയിലേക്ക് കൊണ്ടുപോ. ആരോ ഒരാൾ അവന്റെ കാലിൽ മുറുക്കി കെട്ടി. ഞാൻ കുഞ്ഞിനെയും എടുത്ത് ഓടി. ആ സമയത്ത് കുടുംബശ്രീയിലെ ഒരാൾ നിന്റെയടുത്ത് പൈസയില്ലല്ലോ? ഈ പൈസ കൈയ്യിൽ വെച്ചോ എന്ന് പറഞ്ഞ് അന്ന് പിരിഞ്ഞ 860/- രൂപ എനിക്ക് തന്നു. ആ പരിസരത്തുള്ള കുറേ ആളുകൾ ഓടിയെത്തി. ഏതോ ഒരു കാറിൽ ഞാനും കുഞ്ഞും വേറെ രണ്ടു പേരും കൂടി നീലേശ്വരം ഹരിദാസ് ഡോക്ടറുടെ ആശുപത്രിയിൽ എത്തി. അദ്ദേഹമാണ് പറഞ്ഞത് നല്ല വിഷമുള്ള പാമ്പാണ് കടിച്ചതെന്ന്. പിന്നെ മരുന്നുകൾ ഓരോന്നായി കുത്തിവെച്ചു. അന്ന് എങ്ങനെയോ നേരം പുലർവ്വു. പിറ്റേ ദിവസമാണ് മരുന്നിന്റെ ബില്ല് വന്നത്. 10 മണിക്ക് മുമ്പേ ആറായിരത്തി ചില്ലാനം വേണം. എന്റെ ഈശ്വരാ ഇനി എന്ത് ചെയ്യും എന്ന് വിചാരിച്ചിരിക്കുമ്പോൾ തന്നെ എന്റെ കുടുംബശ്രീയിലെ ഒരു സെറ്റ് ആളുകൾ ആദ്യം വന്നു. അവർ മറ്റപ്യ വരുമ്പോ പണം കൊണ്ട് വരുമെന്ന്. ഞാൻ ചോദിക്കാതെ തന്നെ കുടുംബശ്രീ വായ്പയെടുത്ത് പണം കൊണ്ട് വന്നു. പിന്നീട് എന്റെ ബന്ധുക്കളും ഏറെ നാട്ടുകാരും മറ്റ് എന്റെ വാർഡിലെ കുടുംബശ്രീക്കാരും ഉദ്യോഗസ്ഥരും, ഭരണസമിതി അംഗങ്ങളും എല്ലാവരും വന്ന് കൊണ്ടിരുന്നു. ഇങ്ങനെ ആളുകൾ എന്റെ മോനേ കാണാൻ വരുമ്പോ ഞങ്ങളുടെ തൊട്ടടുത്ത റൂമിലെ ആളുകൾ എന്നോട് ചോദിച്ചു. നിങ്ങളാരാണ്? നിങ്ങൾ എന്താണ് ചെയ്യുന്നത്? എത്ര ആളുകളാണ് നിങ്ങളുടെ മകനെ കാണാൻ വരുന്നത്.? ഞാൻ പറഞ്ഞു കുടുംബശ്രീ പ്രവർത്തകയാണെന്ന്. അപ്പോൾ ഒരു സ്ത്രീ എന്നോട് പറഞ്ഞു. ഞാനും കുടുംബശ്രീയിലുണ്ടല്ലോ. എന്നെ കാണാൻ ബന്ധുക്കളോ

അടുത്ത സുഹൃത്തുക്കളോ അല്ലാതെ പിന്നെയാരും വന്നിട്ടില്ല. ഞാൻ വീണ്ടും പറഞ്ഞു. സി.ഡി.എസ് സെക്രട്ടറിയാണ്, സിഡിഎസ് മെമ്പറാണ് എന്നൊക്കെ. എന്നാലും ഇങ്ങനെയോ? അവർ പറഞ്ഞു. അപ്പോഴാണ് ഞാൻ എന്റെ സ്ഥാനത്തിന് ഇത്ര സ്വാധീനം ജനങ്ങളിൽ ഉണ്ടാക്കാൻ സാധിച്ചെന്ന് ഓർത്തത്. കൂടാതെ എനിക്ക് ഇവിടെ 20000 രൂപയോളം ചെലവായിട്ടുണ്ട്. ഇതൊക്കെ എന്റെ വാർഡിലെ കുടുംബശ്രീകൾ ആരുടെയും പ്രേരണ ഇല്ലാതെ തന്നെ പൈസയാണ്. ഒന്നമില്ലാത്ത എന്നെ പാവങ്ങള് സഹായിച്ച് രക്ഷപ്പെടുത്തി.

ഇന്ന് ഞാൻ വാർഡ് വികസന സമിതിയുടെ ചെയർപേഴ്സനും, സിഡിഎസ് വൈസ് ചെയർപേഴ്സനുമാണ്. ഇനിയും മുന്നോട്ടുള്ള എന്റെ ജീവിത യാത്രയിൽ കുടുംബശ്രീക്കും പാവപ്പെട്ടവർക്കും മറ്റ് എല്ലാവരുടെയും നൻമയ്ക്കായി സ്ഥാനമാനങ്ങളില്ലെങ്കിലും അവർക്ക് വേണ്ടി പ്രവർത്തിക്കുമെന്ന് മാത്രം പറഞ്ഞ് കൊണ്ട് നിർത്തുന്നു. ഇനിയുമുണ്ട്. ഒരുപാട് കാര്യങ്ങൾ. ഇതൊക്കെ എനിക്ക് നേടാൻ കഴിഞ്ഞത് അല്ലെങ്കിൽ ലഭിച്ചത് കുടുംബശ്രീ സംവിധാനത്തിലൂടെയാണ്. കുറച്ചെങ്കിലും നൻമ ചെയ്യാനും, ക്രിയാത്മകമായി എല്ലാ കാര്യങ്ങളിലും ഇടപഴകാനും പ്രാപ്തയാക്കിയ കുടുംബശ്രീ സംവിധാനത്തിന് നന്ദി നമസ്കാരം.

യശോദ.കെ.സി.
ഉദയ കുടുംബശ്രീ
വാർഡ് 14

********

# എന്നെ ഞാനാക്കിയ അനുഭവക്കുറിപ്പ്



**സാവിത്രി.കെ**

മടിക്കൈ സി.ഡി.എസ്.ചെയർപേഴ്സൺ

എന്റെ പേര് സാവിത്രി.കെ. ഞാൻ മടിക്കൈ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലെ ലാവണ്യ കുടുംബശ്രീ അയൽകൂട്ടത്തിന്റെ സെക്രട്ടറിയാണ്. കൂടാതെ 2-ാം വാർഡിലെ 96-ാം വീട്ടിലെ ഒരംഗവും. രണ്ട് മക്കളുടെ അമ്മയുമാണ്. മക്കളുടെ പേര് സൂരജ്, സുധീഷ് ഭർത്താവ് എൻ.രാഘവൻ.

മടിക്കെ ഗവ.ഹൈസ്കൂൾ വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയത് 1993ൽ ആണ്. മലയാളമായിരുന്നു പ്രിയപ്പെട്ട വിഷയം. സ്ക്കൂൾ ടീച്ചറാകാനായിരുന്നു ആഗ്രഹം. ആഗ്രഹമറിഞ്ഞ സഹോദരങ്ങൾ കളിയാക്കി. റിട്ട.അധ്യാപകനായിരുന്ന അച്ഛൻ സമാധാനിപ്പിച്ചു. എനിക്കേറെ പ്രിയപ്പെട്ടവളും എന്റെ ജീവസ്വമായിരുന്ന അമ്മ എന്നെ സമാധാനിപ്പിച്ചു. പ്രീഡിഗ്രിക്ക് ശേഷം പഠനം അവസാനിച്ചു. തുടർന്ന് വിവാഹിതയായി കുടുംബിനിയുടെ ജീവിതം തള്ളിനീക്കി.

9-ാംതരത്തിൽ പഠിക്കുമ്പോൾ സാഹിത്യസമാജം പരിപാടിയുണ്ടാകുമായിരുന്നു. ഒരു തവണ പ്രസംഗമൽസരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. ഏട്ടൻ കളിയാക്കി മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ് എന്ന്. അതെന്റെ മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തി. അതിന് ശേഷം പ്രസംഗമൽസരം ഒഴികെയുള്ള പരിപാടികളിൽ മാത്രമായിരുന്നു എന്റെ പങ്കാളിത്തം.

വിദ്യാഭ്യസ കാലഘട്ടം അവസാനിച്ച് കുടുംബിനിയായതിന് ശേഷം കുട്ടികളെ പരിപാലിച്ച് സമയം തള്ളിനീക്കുകയായിരുന്നു. ഒരു ദിവസം ഭർത്താവ് വന്നു പറഞ്ഞു. 20 സ്ത്രീകളെ ഉൾപ്പെടുത്തി ഗ്രാമശ്രീ എന്ന പേരിൽ ഒരു സംഘം രൂപീകരിക്കുന്നുണ്ടെന്ന്. ഭർത്താവ് രാഷ്ട്രീയപ്രവർത്തകനായ ബാങ്ക് ജീവനക്കാരനായിരുന്നു. വളരെയധികം സന്തോഷം തോന്നി. വെറുതെയിരിക്കാതെ വല്ലതും പ്രവർത്തിക്കാനുള്ള അവസരം കൈവന്നതിൽ. എന്നാൽ കുഞ്ഞുങ്ങൾ ചെറുതായതിനാൽ വീട്ടിലെ വയസ്സായ അച്ഛനും അമ്മയ്ക്കും നോക്കാൻ ബുദ്ധിമുട്ടായിരുന്നു. എന്നിരുന്നാലും ആഴ്ചയിലെ യോഗങ്ങളിലും പങ്കെടുക്കുകയും നിക്ഷേപം അടക്കുകയുമായിരുന്നു.

2001 ൽ ഗ്രാമശ്രീ കുടുംബശ്രീയായി മാറി. അതിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് 32 പേർ അടങ്ങുന്ന വലിയ ഗ്രൂപ്പായി മാറി. അതിലൂടെ പഞ്ചായത്തിനെയും മറ്റ് സ്ഥാപ

നങ്ങളെയും കുറിച്ച് അറിയാനും സാധിച്ചു. പലകാര്യങ്ങൾക്കും പഞ്ചായത്തിൽ പോകണമായിരുന്നു. എന്നാൽ പഞ്ചായത്തിലെ ജീവനക്കാരെയും ഭരണാധികാരികളെയും കാണുമ്പോൾ പേടിയായിരുന്നു. കുടുംബശ്രീ യൂണിറ്റിന്റെ ഭാരവാഹിത്വം ഏറ്റെടുക്കാൻ പറഞ്ഞപ്പോഴും പേടിയായിരുന്നു. എന്നാൽ പലതവണ പലയോഗങ്ങളിൽ പങ്കെടുത്തത് മൂലം പേടിമാറികിട്ടി. എഴുന്നേറ്റു നിന്ന് സംസാരിക്കുമ്പോൾ കൈ കാലുകൾ വിറക്കുമായിരുന്നു ശബ്ദം പുറത്തേക്ക് വരാതെ മടിച്ചു നിൽക്കുമായിരുന്നു. എന്നാൽ അയൽകൂട്ടയോഗങ്ങളിൽ സംസാരിച്ച് സംസാരിച്ച് വിറയലും പേടിയുമില്ലാത്ത ശബ്ദത്തോടെ സംസാരിക്കാൻ സാധിച്ചു.

ഗ്രാമസഭകളിൽ പങ്കെടുക്കുന്നതു മൂലം പഞ്ചായത്തിന്റെ ആനുകൂല്യങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ മനസ്സിലാക്കാൻ സാധിച്ചു. കൂടാതെ സംഘടനകളിലും സ്ഥാനം ലഭിച്ചു. പ്രവർത്തനം വിപുലീകരിക്കുന്നതോടൊപ്പം അറിവും കഴിവും വർദ്ധിച്ചു. വിദ്യാഭ്യാസകാലത്ത് പോലും ലഭിക്കാത്ത പലതരം അറിവുകളും ഈ കാലയളവിൽ ലഭിച്ചു. എന്നതാണ് ഏറ്റവും വലിയ നേട്ടം.

2005ൽ പഞ്ചാത്ത് തെരഞ്ഞെടുപ്പിൽ 2-ാം വാർഡിനെ പ്രതിനിധീകരിച്ച് മൽസരിച്ച് വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു. അങ്ങനെ 2-ാം വാർഡിന്റെ മെമ്പറായി. ഈ കാലയളവിലും കുടുംബശ്രീയെ മറന്നില്ല. സജീവമായി അയൽകൂട്ടത്തിലും സി.ഡി.എസിലും ഇടപെട്ട് പ്രവർത്തിച്ചു. എന്നാൽ കഴിയുംവിധം പാവപ്പെട്ട ജനങ്ങളെ സേവിച്ചു.

പഞ്ചായത്ത് മെമ്പറായ ഞാൻ കുടുംബശ്രീയുമായി ബന്ധപ്പെട്ടാണ് ആദ്യമായി തിരുവനന്തപുരത്ത് എത്തിയത്. എന്റെ ജീവിതത്തിലെ മറക്കാനാകാത്ത അനുഭവമായിരുന്നു അതൊക്കെയും. അഗതി ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേയിലൂടെ പാവങ്ങളിൽ പാവങ്ങളായ അഗതികളുടെ വേദന മനസ്സിലാക്കാൻ സാധിച്ചു. ഇതൊക്കെ മനസ്സിൽ മായാതെ കിടന്നു.

പഞ്ചായത്ത് ഭരണത്തോടൊപ്പം സജീവമായി വീട്ടിലും രാഷ്ട്രീയത്തിലും പ്രവർത്തിച്ചു വരുകയായിരുന്നു. നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയും ചെയ്യുന്നുണ്ടായിരുന്നു. നാട്ടുകാരുടെ ആവശ്യങ്ങൾ കണ്ടെറിഞ്ഞ് പഞ്ചായത്ത് വഴി പരിഹാരം കാണാൻ ശ്രമിക്കാറുണ്ട്. പാവപ്പെട്ട ജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് ആശ്വാസമായിട്ടായിരുന്നു തൊഴിലുറപ്പു പദ്ധതി പിറന്നു വീണത്. ജനങ്ങൾക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ സാധിച്ചു എന്ന ആത്മവിശ്വാസം ഈ പദ്ധതി വന്നതോടെ ഉണ്ടായി. പല നടപാതകളും റോഡുകളും നടവഴികളും ഉണ്ടാക്കി കൊടുക്കാൻ ആദ്യ ഘട്ടത്തിൽ സാധിച്ചിരുന്നു.

പഞ്ചായത്ത് മെമ്പറായപ്പോൾ പലസ്ഥലങ്ങളിലും അനുമോദന-സ്വീകരണ പരി

പാടികൾ സംഘടിപ്പിക്കുകയുണ്ടായി. വലിയ ആൾക്കൂട്ടം കാണുമ്പോൾ ഹൃദയം പട പടാമിടിക്കുമെങ്കിലും പതറാതെ സംസാരിക്കാൻ സാധിച്ചതിന് ഞാൻ കുടുംബശ്രീയോടു കടപ്പെട്ടിരിക്കുന്നു. സ്വീകരണപരിപാടികളിൽ കുടിക്കാൻ തരുന്ന വെള്ളം, ചായ എന്നിവ ഇറങ്ങാതെ തൊണ്ടയിൽ നിൽക്കും. അപ്പോൾ ഞാൻ കുടുംബശ്രീയെ ഓർക്കും അങ്ങനെയാണ് ഞാൻ ധൈര്യം സംഭരിച്ചിരുന്നത്.

പലപ്പോഴും വളരെ വേദനിപ്പിക്കുന്ന അവസരങ്ങൾ പലരിൽ നിന്നു മുണ്ടായിട്ടു ണ്ട്. വാർഡിൽ നിന്നും പഞ്ചായത്തിന് പുറത്തേക്ക് മണ്ണ് കൊണ്ടു പോകുന്നത് തട ഞ്ഞപ്പോൾ മണ്ണെടുത്ത വ്യക്തി വളരെ രൂക്ഷമായി പരസ്യമായി ആക്ഷേപിച്ചു. എന്നാൽ എനിക്കോ എന്റെ കുടുംബത്തിനോ വേണ്ടി മാത്രമല്ലല്ലോ സമൂഹത്തിന് വേണ്ടിയും കൂടിയാണല്ലോ എന്നോർത്തപ്പോൾ സമാധാനിച്ചു.

ഓട്ടോ വിളിച്ച് അതിൽ കയറാൻ ചെന്നപ്പോൾ ഒരു കുടുംബശ്രീ അംഗം അവ രുടെ സംശയനിവാരണത്തിനായി സമീപിച്ചു. മറുപടി പറയാൻ നിന്ന എന്നെ ഓട്ടോ ഡ്രൈവർ അവഹേളിച്ചു. ഇതിൽ പ്രതിഷേധിച്ച് അവരുടെ യൂണിയനിൽ കത്ത് നൽകി. യൂണിയൻകാരും വനിതാമെമ്പറും ഞാനും ചേർന്ന് സന്ധിസംഭാഷണം നടത്തി പ്രശ്നം രമ്യമായി പരിഹരിച്ചു. ഇതിനെല്ലാം ധൈര്യം തന്നത് എന്റെ പ്രസ്ഥാനത്തോ ടൊപ്പം കുടുംബശ്രീയും കൂടിയാണ്.

പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി അവസാനിച്ച് വീട്ടിലിരിക്കുമ്പോൾ ഭയങ്കരനിരാശ തോന്നി. അടുക്കളയിൽ ഒതുങ്ങി നിന്ന എന്നെ പുറത്ത് ചാടിച്ചത് കുടുംബശ്രീയാണ്. 2-ാംവാർഡിന്റെ മുക്കിലും മൂലയിലും ഞാൻ സഞ്ചരിച്ചിരുന്നു. എനിക്ക് എല്ലാവരെയും പരിചയമായിരുന്നു. ആരെയും കാണാതെ വെറുതെ ഇരി ക്കുന്നത് എനിക്ക് ചിന്തിക്കാൻ സാധ്യമായിരുന്നില്ല. അങ്ങനെ ഞാൻ മൈക്രോ ഇൻഷു റൻസ് ഏജൻസിയെടുത്തു. മാസത്തിൽ ഓരോ ആഴ്ചയിലും ഓരോ പ്രദേശത്ത് സഞ്ച രിച്ച് ആളുകളെ കാണാൻ അവസരം ഉണ്ടായി.

2011 നവംമ്പറിൽ കുടുംബശ്രീ അയൽകൂട്ടങ്ങളിൽ തെരഞ്ഞെടുപ്പു വന്നപ്പോൾ വീണ്ടും ഞാൻ അയൽകൂട്ടം സെക്രട്ടറിയായി. അതിലൂടെ വാർഡിന്റെ ഭാരവാഹിത്വം ലഭിച്ചു. സി.ഡി.എസ് തെരഞ്ഞെടുപ്പിലൂടെ സി.ഡി.എസിലേക്കുമെത്തി. അങ്ങനെ മ ടിക്കൈ സി.ഡി.എസ് ചെയർപേഴ്സണായി മാറി.

2012 ജനവരി 26-ാം തീയ്യതി മടിക്കൈ ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേ ഴ്സണായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുക്കുമ്പോൾ വളരെയധികം ആശ ങ്കയുണ്ടായിരുന്നു. എന്നാൽ, എന്നാൽ കഴിയും വിധം ഞാൻ പരിശ്രമിക്കുന്നുണ്ട് എന്നാണെന്റെ വിശ്വാസം.

എന്റെ ഇതു വരെയുള്ള ജീവിതത്തിന് ദുഃഖത്തിന്റെ വലിയൊരു കെട്ടുണ്ട്. കാരണം ഞാൻ എവിടെയിരുന്നാലും എന്റെ എല്ലാമെല്ലാം എന്റെ അച്ഛനും അമ്മയു

മായിരുന്നു. അച്ഛന്റെ മരണശേഷം എനിക്ക് താങ്ങും തണലുമായി എന്റെ അമ്മ യുണ്ടായിരുന്നു. എനിക്ക് ഏതു കാര്യവും തുറന്നു പറയാൻ പറ്റുന്ന കൂട്ടുകാരിയെ പോലെയുമായിരുന്നു എന്റെ അമ്മ. ചെയർപേഴ്സണായി മാറിയതിന് ശേഷം വളരെ തിരക്കു പിടിച്ചതായിരുന്നു ജീവിതം. എന്നാലും ആഴ്ചയിലൊന്നോ രണ്ടോ തവണ അമ്മയെ കാണാൻ പോകുമായിരുന്നു. 2012 നവംമ്പർ 26-ാം തീയ്യതി എന്റെ അമ്മ ഞങ്ങളെ വിട്ട് പോയി. എന്റെ മനസ്സിന് താങ്ങാനാവാത്ത വേദനയായിരുന്നു അത്. ഈ വേദന ഞാൻ തരണം ചെയ്യുന്നത് കുടുംബശ്രീ പ്രവർത്തനം കൊണ്ടാ ണ്. മറക്കാൻ ശ്രമിക്കുന്തോറും കൂടി കൂടി വരുന്ന വേദന തിരക്കു പിടിച്ച കുടും ബശ്രീ പ്രവർത്തനത്തിൽ മുഴുകി ഞാൻ മറക്കുന്നു. അല്ലെങ്കിൽ ഞാൻ എന്നേ കാലയവനികയ്ക്കുള്ളിൽ മറഞ്ഞേനെ.

എന്നെ ഞാനാക്കിയതിൽ ഒരു പ്രധാന പങ്ക് വഹിച്ചത് മടിക്കൈ സി.ഡി.എ സിന്റെ മുൻ (ആദ്യത്തെ)ചെയർപേഴ്സണും സഹപ്രവർത്തകയുമായിരുന്ന കെ. കെ.വനജകുമാരിയാണ്. വീട്ടിൽ ഒതുങ്ങി കഴിഞ്ഞിരുന്ന എന്നെ കുടുംബശ്രീ പ്രവർത്തനത്തിലേക്കും രാഷ്ട്രീയ രംഗത്തേക്കും തുടർന്ന് ചെയർപേഴ്സൺ സ്ഥാനം നിർവ്വഹിക്കുന്നതിലും നിർലോഭമായ സഹകരണവും സഹായവും നൽകി സഹായിച്ചു. ഏതു സാഹചര്യത്തിലും എന്ത് സഹായവും ചെയ്യാനും അവർ ഒരു ക്കമായിരുന്നു. ഇത് എന്നെ ഞാനാക്കി മാറ്റാൻ സഹായിച്ചു. പിന്നെ ഭർത്താവ് മക്കൾ ഇവരുടെ പിൻന്തുണയും എടുത്ത് പറയേണ്ടതാണ്. ഇവർ എന്റെ വഴികാ ട്ടിയും കുടുംബശ്രീ എന്റെ ധൈര്യവുമാണ്.

*****

# എന്റെ അനുഭവക്കുറിപ്പ്

**പവിത്രി പി,**
സി.ഡി.എസ് ചെയർപേഴ്സൺ,
കാഞ്ഞങ്ങാട് സെക്കന്റ്



ഞാൻ പള്ളിക്കര പൂച്ചക്കാട് സ്ഥലത്താണ് ജനിച്ചത്. എനിക്ക് രണ്ട് ഏട്ടനും രണ്ട് ഏച്ചിയുമാണ് ഉള്ളത്. ആ പ്രദേശത്തുള്ളവർക്ക് വിദ്യാഭ്യാസം കുറവാണ്. പ്രത്യേകിച്ച് പെൺകുട്ടികൾ എത്ര പഠിച്ചാലും മറ്റൊരുത്തന്റെ വീട്ടിൽ കരിയും ചട്ടിയും വടി കണ്ടവൾയെന്ന് പറയുന്ന കാലം. അതു കൊണ്ട് എന്നെ പത്താം ക്ലാസ്സ് വരെ പഠിപ്പിച്ചുള്ളു. പത്താം ക്ലാസ് കഴിഞ്ഞയുടൻ തന്നെ കല്ല്യാണം കഴിച്ചു വിട്ടു.

കാഞ്ഞങ്ങാട് കല്ലൂരാവി എന്ന സ്ഥലത്താണ് എന്നെ കല്ല്യാണം കഴിച്ച് അയച്ചത്. അവിടെയും പെണ്ണുങ്ങൾക്ക് സ്വാതന്ത്ര്യമില്ല. പെണ്ണുങ്ങൾ അടുക്കളയിൽ ഒതുങ്ങികൂടേണ്ടവൾ തന്നെ.

അങ്ങനെയുള്ള കാലഘട്ടത്തിലാണ് അന്നത്തെ വാർഡ് കൗൺസിലർ അസിനാർ (കല്ലൂരാവി) ആ പ്രദേശത്ത് വന്ന് അയൽവീട്ടിലെ വീട്ടമ്മമാരുടെ ഒരു യോഗം വിളിച്ചു കൂട്ടി. അതിൽ ഞാനും പങ്കെടുത്തു. ആ യോഗത്തിൽ വെച്ച് ഒരു മംഗല്യ എന്ന കുടുംബശ്രീക്ക് രൂപം കൊടുത്തു. ആ കുടുംബശ്രീയിൽ എന്നെ സെക്രട്ടറിയാക്കി നിയമിച്ചു.

വി.ടി ഭട്ടതിരിപ്പാടിന്റെ ഭാഷയിൽ പറഞ്ഞാൽ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന പോലെ സമൂഹത്തിന്റെ ഇടയിലേക്ക് ഞാൻ ഇറങ്ങിചെന്നു.

കുടുംബശ്രീ രൂപീകരിച്ച് സെക്രട്ടറി ആയതും മംഗല്യാകുടുംബശ്രീ ഒന്നാം വാർഷികം ഒരു ആഘോഷമായി കഴിഞ്ഞതും എന്റെ മനസ്സിൽ ഏറ്റവും നല്ല മറക്കാനാവാത്ത ഓർമ്മകളായിരുന്നു.

കുടുംബശ്രീയുടെ വാർഷികം നടത്തിയത് ഇന്നും ഞാൻ ഓർക്കുകയാണ്. ആദ്യമായി പോലീസ് സ്റ്റേഷൻ കയറി ഇറങ്ങിയത് കുടുംബശ്രീയുടെ വാർഷികത്തിന് മൈക്ക് കിട്ടൻ വേണ്ടിയാണ്. സ്റ്റേഷനിലേക്ക് കയറിചെന്നപ്പോൾ പേടിച്ച് വിറച്ചു. എന്നാലും ധൈര്യം പ്രകടിപ്പിച്ചു. പ്രമിഷനുള്ള എഴുത്ത് എസ്.ഐക്ക് കൊടുത്തു. എസ്.ഐ പ്രമിഷൻ തന്നു. അങ്ങനെ ആ വാർഷികത്തിന്റെ ഉൽഘാടന ചടങ്ങിൽ സ്വാഗതം പറയേണ്ടത് സെക്രട്ടറിയായ ഞാൻ തന്നെയാണ്. പത്ത് പേരുടെ മുന്നിൽ വെച്ച് അവരെ അഭിമുഖീകരിച്ച് കൊണ്ട് പ്രസംഗിക്കുക എന്നത് എനിക്ക് ചിന്തി

ക്കാൻ പോലും പറ്റാത്ത കാര്യമാണ്. വാർഷത്തിൽ യവനിക കൊണ്ട് അലംകൃത മായ വേദിയിൽ നിന്ന് പേടിച്ചു വിറക്കുന്ന ശരീരവുമായി. ഞങ്ങളുടെ വാർഡ് കൗൺസിലർ എഴുതി തന്ന പ്രസംഗം വായിച്ചു. തീർത്തതെങ്ങനെയെന്ന് ഇപ്പോൾ ചിന്തിക്കാൻ പോലും പറ്റുന്നില്ല.

കുടുംബശ്രീ ശാക്തികരണത്തോടൊപ്പം വളരുകയായിരുന്നു ഞാൻ. എന്റെ അയൽകൂട്ട അംഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വാങ്ങി കൊടുക്കാൻ എന്നെ കൊണ്ടു സാധിച്ചു.

അങ്ങനെ ഇരിക്കെ 2007 മാർച്ച് മാസം ഞാൻ പഴയക്കടപ്പുറം എ.ഡി.എ സിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അന്നേരം പഴയക്കടപ്പുറം എ.ഡി.എ സിൽ 7 അയൽകൂട്ടങ്ങൾ ഉണ്ടായിരുന്നുള്ളു. അത് ഇപ്പോൾ 16 ആയി വർദ്ധിപ്പിച്ചു. ഓരോ അയൽക്കൂട്ടങ്ങൾക്കും അവർ അർഹിക്കുന്ന അനുകൂല്യങ്ങൾ വാങ്ങി കൊടു ക്കാൻ എനിക്ക് സാധിച്ചു എന്ന് ഞാൻ കരുതുന്നു.

അങ്ങനെ എ.ഡി.എസിന്റെ വാർഷിക ആഘോഷം നല്ല രീതിയിൽ നടത്തി.

പിന്നീട് ഞാൻ കാഞ്ഞങ്ങാട് നഗരസഭ കുടുംബശ്രീ സി.ഡി.എസിന്റെ ജെന്റർ ആർ.പിയായി നിയമിക്കപ്പെട്ടു. ജെന്ററിന്റെ വിലപ്പെട്ട ക്ലാസ്സുകൾ എന്റെ ജീവിത ത്തിൽ പല അറിവുകൾക്കും വഴിയൊരുക്കി.

പണ്ട് സന്ധ്യകഴിഞ്ഞാൽ എന്തു കൊണ്ടും പുറത്തിറങ്ങാൻ മടിക്കുന്ന ഞാൻ ഇപ്പോൾ ഏത് പാതിരാത്രിയിലും പുറത്തിറങ്ങാൻ ധൈര്യം നൽകി പ്രാപ്തയാക്കി യത് കുടുംബശ്രീ ജെന്ററിന്റെ ക്ലാസുകളാണ്. ഒപ്പം സ്ത്രീകളോട് അപമര്യാദ യായി പെരുമാറുന്ന പുരുഷന്മാരോട് പ്രതികരിക്കാൻ എനിക്ക് പ്രചോദനമായതും കുടുംബശ്രീ ക്ലാസ്സുകളിൽ കൂടിയാണ്.

അങ്ങനെയിരിക്കെ 2011 സെപ്റ്റംബർ മാസത്തിൽ കുടുംബശ്രീയുടെ തെര ഞ്ഞെടുപ്പ് വീണ്ടും വന്നു. എന്റെ കുടുംബശ്രീയിലെ അംഗങ്ങൾ വീണ്ടും എന്നെ തന്നെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. അതു പോലെ തന്നെ പട്ടക്കൽ എ.ഡി. എസിന്റെ പ്രസിഡന്റായി വീണ്ടും ഞാൻ തെരഞ്ഞെടുക്കപ്പെട്ടു.

കുടുംബശ്രീയിലൂടെയുള്ള എന്റെ മുന്നേറ്റം ഇവിടെ തീരുന്നില്ല. സി.ഡി.എസ് ഇലക്ഷന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ കാഞ്ഞങ്ങാട് നഗരസഭയിൽ അയൾകൂട്ടങ്ങളുടെ എണ്ണം കൂടുതൽ ഉള്ളത് കൊണ്ട് രണ്ട് സി.ഡി.എസുകളായി ഭാഗിച്ചു. 2012 ജനുവരി 21-ാം തീയ്യതി സി.ഡി.എസ്സിന്റെ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനമായി എന്നാൽ അപ്പോഴും സി.ഡി.എസ് ചെയർപേഴ്സൺ തലത്തിലേക്ക് ആരാണ് മൽസരിക്കുന്നുവെന്ന ചോദ്യം ബാക്കിയായിരുന്നു.

തലേന്നാൾ രാത്രി വളരെ വൈകി ഞാനാണ് സി.ഡി.എസ് ചെയർപേഴ്സൺ തലത്തിൽ മൽസരിക്കുന്നവൾ എന്ന വാർത്ത എന്നിൽ പരിഭ്രാന്തി ഉണർത്തി. ആ

രാത്രി ഞാൻ ഉറങ്ങിയതേയില്ല. നാളത്തെ മൽസരത്തെ കുറിച്ചുള്ള ചിന്തകൾ എന്റെ ഉറക്കം കെടുത്തി. സന്തോഷവും പേടിയും ആശങ്കയും മാറി മാറി വരുന്ന വൈകാരി കമായ മുഹൂർത്തങ്ങളായിരുന്നു ആ രാത്രി മുഴുവൻ. പിറ്റദിവസം ഉച്ചയ്ക്ക് 2മണി ക്കായിരുന്നു തെരഞ്ഞെടുപ്പ് നടന്നത്.

ഞാൻ കാഞ്ഞങ്ങാട് നഗരസഭ കുടുംബശ്രീ സി.ഡി.എസ് സെക്കന്റിന്റെ ചെയർപേഴ്സണായി തെരഞ്ഞെടുക്കപ്പെട്ടു.

അങ്ങനെ ഞാൻ 2012 ജനവരി 26ന് സി.ഡി.എസ് ചെയർപെഴ്സണായി സത്യ പ്രതിജ്ഞ ചെയ്തു.പല പ്രതിസന്ധികൾക്കിടയിലും എന്നാൽ കഴിയും വിധം സ്ത്രീക ളുടെ ഉന്നമനം മാത്രം ലക്ഷ്യമിട്ട് ഞാൻ കുടുംബശ്രീയെ മുന്നോട്ട് നയിച്ചു. ചെയർപേ ഴ്സണായി വന്നപ്പോൾ എങ്ങനെ സി.ഡി.എസ് മുന്നോട്ട് കൊണ്ടു പോകും എന്നുള്ള ഒരു ഭയം മനസ്സിൽ ഉണ്ടായിരുന്നു. മുൻ സി.ഡി.എസ് പ്രസിഡന്റ് എന്റെ സി.ഡി.എ സിന്റെ ഒരു ഉപസമിതി കൺവീനർ ആയിരുന്നു. അവളെല്ലാ കാര്യങ്ങളും പറഞ്ഞു തരുമെന്ന ഒരു ധൈര്യമുണ്ടായിരുന്നു. എന്നാൽ അവളോട് എനിക്ക് അറിയാത്ത കാര്യങ്ങൾ ഒന്നും തന്നെ പറഞ്ഞു തരുമായിരുന്നില്ല. എന്നിരുന്നാലും പഴയ അക്കൗ ണ്ടന്റ് എല്ലാം പറഞ്ഞു തരുമായിരുന്നു.

അങ്ങനെ ആദ്യമായി കാസറഗോഡ് ജില്ലാമിഷനിൽ സി.ഡി.എസ് പ്രസിഡന്റ്മാ രുടെ യോഗത്തിന് പോയി. എനിക്കൊന്നും അറിയില്ലായിരുന്നു അവിടെ എന്തൊക്കെ യാണ് പറയുകയെന്നത്. എന്നോട് എന്തൊക്കെയാണ് ചോദിക്കുകയെന്ന പേടി മന സ്സിലുണ്ടായിരുന്നു. അവിടെ അന്ന് കുറെ കാര്യങ്ങൾ മനസ്സിലായി. ആദ്യമൊക്കെ സി.ഡി.എസ് യോഗം വിളിക്കാൻ എനിക്ക് പേടിയായിരുന്നു. പിന്നെ പിന്നെ മാസ ത്തോറും ജില്ലാമിഷനിൽ മീറ്റിംഗിൽ പങ്കെടുത്തും വലിയ വലിയ ആൾക്കാരുമായും കൂടുതൽ ഇടപഴകാനും സാധിച്ചപ്പോൾ ക്രമേണ ക്രമേണ പേടികൾ മാറി. ഇപ്പോൾ ഏത് വേദിയിരുന്ന് സംസാരിക്കുവാനും പ്രതികരിക്കുവാനും സാധിക്കുന്നുണ്ട്.

സി.ഡി.എസ് ചെയർപേഴ്സൺ ആയതിന് ശേഷം ആദ്യമായി വീടു വിട്ട് മാറി നിന്നതും പലപല സ്ഥലങ്ങളിൽ പോയി താമസിക്കാനും എന്തിനധികം പറയുന്നു കുടുംബശ്രീയിൽ വരുന്നതിന് മുമ്പ് കാസറഗോഡ് ജില്ല മാത്രം കണ്ട ഞാൻ ഇപ്പോൾ കേരളത്തിലെ പല ജില്ലകളിലും പോകാൻ സാധിച്ചു. തിരുവനന്തപുരം, കന്യാകു മാരി ഒന്നും സ്വപ്നത്തിൽ പോലും കാണുമെന്ന് വിചാരിച്ചതല്ല. എന്നാൽ ഇപ്പോൾ അതല്ലാം സാധിച്ചത് ഈ ചെയർപേഴ്സണായി വന്നതിന് ശേഷമാണ്.

ചെയർപേഴ്സണായി വന്നതിന് ശേഷം ഒരുപാടു അയൽക്കൂട്ടങ്ങളും ബാല സഭയും രൂപികരിക്കാനും അവർക്ക് വേണ്ടുന്ന ആനുകൂല്യങ്ങൾ എത്തിച്ച് കൊടു ക്കാനും എന്നെ കൊണ്ട് സാധിച്ചു. വീടിന്റെ നാല് ചുവരുകൾക്കിടയിൽ നിന്നും

സമൂഹത്തിന്റെ വെളിച്ചത്തിലേക്ക് എന്നെ നയിച്ച് സ്വന്തമായി ചെറുതെങ്കിലും ഒരു ചെറിയ സമ്പാദ്യം സ്വരൂപിക്കാൻ എന്നെ സഹായിച്ച കുടുംബശ്രീ പല സ്ത്രീകൾക്കും ജീവിക്കാനുള്ള ഒരു വഴിക്കാട്ടിയാണ്.

പല പ്രതിസന്ധികൾക്കിടയിലും എന്നാൽ കഴിയും വിധം സ്ത്രീകളുടെ ഉന്നമനം മാത്രം ലക്ഷ്യമിട്ട് കുടുംബശ്രീയെ മുന്നോട്ട് നയിക്കാൻ ഞാൻ എന്നും പ്രയ്നിക്കും.

കണ്ണീർപുഴയിൽ ഒഴുകി കൊണ്ടിരുന്ന പെൺമനസ്സുകളുടെ വ്യാകുലതകൾ തിരിച്ചറിഞ്ഞ് സ്ത്രീകളുടെ ഉന്നമനം മാത്രം ലക്ഷ്യമിട്ട് കൊണ്ട് രൂപികൃതമായ കുടുംബശ്രീ ഇനിയും വിജയങ്ങളുടെ കൊടുമുടി കീഴടക്കട്ടെ എന്നാശംസിക്കുന്നു.

*****

# പെൺമനസ്സ് നൽകിയ കുടുംബശ്രീ



**ഓമന.പി.വി.**

സി.ഡി.എസ് ചെയർപേഴ്സൺ,

കാഞ്ഞങ്ങാട് ഫസ്റ്റ്

കാഞ്ഞങ്ങാട് നഗരസഭയിലെ മലയോര പ്രദേശമായ അരയിപുഴയുടെയും പുതുക്കൈ നമ്പ്യാർക്കാൽ അണക്കെട്ടിന്റെയും മദ്ധ്യേ സ്ഥിതി ചെയ്യുന്ന മധുരംകൈ എന്ന സ്ഥലത്താണ് ഞാൻ ജനിച്ചത്. എൽ.പി മുതൽ യുപി വരെ ഉപ്പിലിക്കൈ സ്കൂളിലും തുടർന്ന് നീലേശ്വരം രാജാസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം തുടർന്നു. എസ്എസ്എൽസി പൂർത്തിയായതിന് ശേഷം സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം തുടർന്ന് പഠിക്കാൻ സാധിച്ചില്ല. അമ്മയുടെ കൂടെ പശുവിനെ വളർത്തിയും കൃഷി കൾ ചെയ്തും ജീവിതം തള്ളി നീക്കുകയായിരുന്നു. അപ്പോഴാണ് വാഴുന്നോറടി അംഗൺവാടിയിൽ ഉള്ള ടീച്ചർ ട്രെയിനിങ്ങിന് പോകേണ്ടി വന്നത്. ആ സമയത്ത് ടീച്ചറുടെ സഹായത്തോടെയും സൂപ്പർവൈസർ സമ്മതിച്ച് 10 മാസം അംഗൺവാടിയിൽ ജോലി ചെയ്തിരുന്നു. 18 വയസ്സിൽ എന്നെ കല്ല്യാണം കഴിപ്പി ക്കുകയും ചെയ്തു. കല്ല്യാണത്തിന് ശേഷമാണ് ജീവിതമെന്താണെന്ന് ഞാൻ അറി യുന്നത്. കല്ല്യാണത്തിന് ശേഷവും ചില വിഷമതകൾ ഉണ്ടായിരുന്നുവെങ്കിലും ഭർത്താവിന്റെ സഹായത്തോടെ അതിൽ നിന്നും അതിജീവിച്ചു. പിന്നീട് പൊതുപ്ര വർത്തനവുമായി മുന്നോട്ട് പോവുകയും ചെയ്തു. കുടുംബശ്രീ രൂപീകരിച്ച നാൾ മുതൽ അതിന്റെ സെക്രട്ടറിയായി സ്ഥാനം തുടരുകയും ചെയ്തു. സ്ഥിരവരുമില്ലാ തിരുന്ന ഞാൻ ഭർത്താവ് ജോലി ചെയ്ത് കൊണ്ട് വരുന്ന തുകയിൽ നിന്നാണ് പൊതുപ്രവർത്തനത്തിന് വേണ്ടി കാശ് വാങ്ങിയിരിക്കുന്നത്. ചോദിക്കുമ്പോൾ അദ്ദേഹം വഴക്ക് പറയാതെ ബസ്സിന് വേണ്ട കാശ് തരികയും നല്ല രീതിയിൽ സപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. കുടുംബശ്രീ ഇന്ന് എന്റെ ജീവിതത്തിലെ ഏറ്റവും വിലപിടിപ്പുള്ള ഞാൻ ഏറെ വിലമതിക്കുന്ന ഒന്നാണ് എനിക്ക് കുടുംബ ശ്രീ സമ്മാനിച്ചിട്ടുള്ളത്.

കുടുംബശ്രീ എന്നത് എന്നെ സംബന്ധിച്ചിടത്തോളം വെറുമൊരു പെൺകൂ ട്ടായ്മ മാത്രമല്ല. എന്റെ ജീവിത വഴി കാട്ടിയാണ് കുടുംബശ്രീ. ആദ്യമായി കുടും ബശ്രീയിൽ അംഗമാകുമ്പോൾ എനിക്ക് അറിയില്ലായിരുന്നു ഈ കൂട്ടായ്മയ്ക്ക്

എന്റെ ജീവിതം ഇത്രത്തോളം മാറ്റി മറിക്കാനുള്ള ശക്തിയുണ്ടെന്ന്. കാരണം കുടുംബശ്രീയിൽ അംഗത്വം തേടുമ്പോൾ ഞാൻ വെറുമൊരു വീട്ടമ്മ മാത്രമായിരുന്നു. അടുക്കളയുടെ പുകമറയ്ക്കിടയിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന എനിക്ക് പുറംലോകത്തെ അഭിമുഖീകരിക്കാനോ സദസ്സിൽ സംസാരിക്കാനോ ഉള്ള കഴിവില്ലായിരുന്നു. ജീവിതം ഒരു പനിനീർ പൂമെത്തയാകണമെന്ന് ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. എങ്കിലും അത് കാരമുള്ളുകൾ നിറഞ്ഞ ഒന്നാവരുതെന്ന് അതിയായി ആഗ്രഹിക്കുകയും ചെയ്യുന്നു. ജീവിതത്തിൽ കഠിനമായ പല വിഷമതകളും യാതനകളും എനിക്ക് ഉണ്ടായിട്ടുണ്ട്. അതിൽ പ്രധാനമായും സാമ്പത്തിക ബുദ്ധിമുട്ടായിരുന്നു. എന്റെ കയ്യിൽ മിച്ചം വരുന്ന ചെറിയ ചെറിയ തുക ഞാൻ കുടുംബശ്രീയിൽ നിക്ഷേപിച്ചു. നിക്ഷേപിച്ച തുക കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി ചെലവഴിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ആത്മധൈര്യത്തിന്റെ ഉറവിടമാണ് എനിക്ക് കുടുംബശ്രീ. ഈ കൂട്ടായ്മ എന്നിൽ ആത്മധൈര്യം ഊട്ടിയുറപ്പിച്ച് എന്റെ ഉള്ളിലെ അപകർഷതാബോധത്തെ പാടേ തുടച്ച് നീക്കിയത് കുടുംബശ്രീയാണ്. പുരോഗതിക്കുള്ള എല്ലാ ഫലപ്രദമായ ഒരു സഹന സ്ത്രീയായിരുന്നു ഞാൻ. പക്ഷെ കുടുംബശ്രീയിൽ  വന്നതിന് ശേഷം ഞാൻ മറ്റൊരു സ്ത്രീയായി മാറിയിരിക്കുകയാണ്. സ്വന്തം കഴിവുകളെ കുറിച്ച് മാത്രം ഓർത്ത് അത് അപകർഷാവികാരവുമായി കൂടി ചേർത്ത് കഴിഞ്ഞിരുന്ന എന്നെ എന്നിൽ ഉറങ്ങി കിടന്നിരുന്ന കഴിവുകളെ വളർത്തിയെടുത്ത ശക്തി സ്രോതസ്സാണ് കുടുബശ്രീ.

എംപ്ലോയ്മെന്റ് മുഖേന എനിക്ക് 6 മാസത്തേക്കുള്ള ജോലി ലഭിക്കുകയും ചെയ്തു. ജോലിയിൽ പ്രവേശിച്ച ഞാൻ കുടുംബശ്രീ നിലനിർത്തുകയും 4 തവണകളായി രണ്ടര വർഷക്കാലം ജോലി ചെയ്യുകയും കുടുംബശ്രീ അംഗങ്ങൾക്ക് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കുകയും ചെയ്ത് കൊണ്ടിരിക്കുന്നു. 2008ൽ കാഞ്ഞങ്ങാട് ബ്ലോക്ക് വനിതാ സർവ്വീസ് സഹകരണ സംഘത്തിന്റെ ഡയറക്ടർ സ്ഥാനമേറ്റടുക്കുകയും 2009 മുതൽ മധുരംകൈ വാർഡ് എഡിഎസിന്റെ പ്രസിഡന്റ് ആയി സ്ഥാനമേൽക്കുകയും കുടുംബശ്രീ അംഗങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ് മനസ്സിലാക്കിക്കൊണ്ട് അവരുടെ ഉന്നമനത്തിന് വേണ്ടി സംഘകൃഷി ഗ്രൂപ്പുകൾ ഉണ്ടാക്കി തരിശായി കിടന്നിരുന്ന ഭൂമിയിൽ നെൽകൃഷികളും നടത്തി അംഗങ്ങൾക്ക് സിഡിഎസ് മുഖേന ജില്ലാ മിഷനിൽ നിന്നും അതുപോലെ  കൃഷി ഓഫീസിൽ നിന്നും ധനസഹായങ്ങൾ നടന്ന എഡിഎസ് ഇലക്ഷൻ മുഖേന മധുരംകൈ എഡിഎസിന്റെ പ്രസിഡന്റായി എന്നെ നിർത്തുകയും ചെയ്തു.  ചുമതല ഏറ്റെടുത്ത ശേഷം സിഡിഎസിന്റെ പ്രവർത്തനവുമായി മുന്നോട്ട് പോവുകയും 2010-11ൽ സർവ്വേ ചെയ്ത ഒന്നാംഘട്ട ആശ്രയ പ്രോജക്ട് സമൂഹത്തിൽ

ഏറെ കഷ്ടത അനുഭവിക്കുന്ന നിരാലംബരായ കുടുംബങ്ങളെ കണ്ടെത്തി 2012 ഏപ്രിൽ മാസത്തിൽ അവർക്ക് നൽകുവാൻ സാധിച്ചു എന്നുള്ളത് എന്റെ ഏറ്റവും വലിയ സ്വപ്നവും തിളക്കവുമായിരുന്നു. തുടർന്ന് അവർക്ക് പ്രോജക്ടിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ചും സ്പോൺസർഷിപ്പ് കണ്ടെത്തിയും അവരെ സഹായിക്കാൻ ഒരു പരിധി വരെ എനിക്ക് കഴിഞ്ഞിരുന്നു. അതിന് ശേഷം രണ്ടാംഘട്ട പ്രോജക്ടിന് വേണ്ടി എന്നോടൊപ്പം 5 കമ്മ്യൂണിറ്റി ഓർഗനൈസുമാർ പ്രവർത്തിച്ച് കൊണ്ട് സർവ്വേ പൂർത്തിയാക്കി. 85 കുടുംബങ്ങളെ കണ്ടെത്തുകയും പ്രോജക്ട് തയ്യാറാക്കി അംഗീകാരത്തിന് കൊടുക്കുവാനും സാധിച്ചു എന്നത് യാഥാർത്ഥ്യമാണ്. കുടുംബശ്രീ വഴി നടത്തുന്ന സ്കിൽ പ്ലേസ്മെന്റിലൂടെ 65ഓളം പേരുടെ കോഴ്സ് പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ബാലസഭാകുട്ടികളോടൊപ്പം കുടുംബശ്രീ വാർഷികത്തിലൂടെയും വിവിധ പരിപാടികളിലും ക്ലാസ്സുകളിലും പ്രവർത്തിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്.

*****

# വളക്കരുത്ത് - 2012



**ശൈലജ.പി**

സി.ഡി.എസ്.ചെയർപേഴ്സൺ

പിലിക്കോട് ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ 14-ാം വാർഷികത്തോടനുബന്ധിച്ച് പിലിക്കോട് ഗ്രാമപഞ്ചായത്ത്കുടുംബശ്രീ സി.ഡി.എസ്തയ്യാറാക്കിയ'വളക്കരുത്ത്' എന്ന അനുഭവപുസ്തകത്തിൽ നിന്ന്. 2002 നവംബർമാസം 14 നാണ് ഞാൻ അർച്ചന കുടുംബശ്രീയിൽഅംഗമായത്. അന്നുമുതൽഇന്ന് 2014 ജൂൺ 23 വരെഎന്റെജീവിതത്തിലുണ്ടായമാറ്റംചെറുതൊന്നുമല്ല.ഒരു സാധാരണകുടുംബത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. അച്ഛൻ, അമ്മ, അഞ്ച് പെൺമക്കൾ അടങ്ങിയതായിരുന്നുഎന്റെകുടുംബം. അതിൽ നാലാമത്തെ മകളാണ് ഞാൻ. ചെറുപ്പത്തിൽ പഠിക്കാൻ മിറുക്കിയാണെങ്കിലുംവിവാഹംകഴിഞ്ഞതോടെ പാതിവഴിയിൽഎന്റെവിദ്യാഭ്യാസംഉപേക്ഷിക്കേണ്ടിവന്നു. 1986 ൽ എസ്.എസ്.എൽ.സിക്ക് ഫസ്റ്റ് ക്ലാസിൽ പാസാവുകയുംതുടർന്ന് പ്രീഡിഗ്രിയും, ബി.എ ക്ക് മൂന്ന് വർഷം പൂർത്തീകരിച്ചെങ്കിലുംഒരുവിഷയം പരീക്ഷ എഴുതാൻ സാധിക്കാതെവരികയുംചെയ്തു. 1992-ൽ എന്റെവിവാഹംകഴിഞ്ഞു. ഒരു സാധാരണകുടുംബത്തിലേക്കാണ്എന്നെ കല്ല്യാണംകഴിച്ചത്. വീട്ടിൽ ഭർത്താവിന്റെഅച്ഛനും അമ്മയ്ക്കും ഏഴ് മക്കളായിരുന്നു. മൂത്ത മകനാണ്എന്റെ ഭർത്താവ്. അന്ന്സ്ത്രീകൾഅയൽപക്കത്തെ വീടുകളിൽ പോകുന്നതോ കടയിൽ സാധനം വാങ്ങാൻ പോകുന്നതോഒന്നുംഇഷ്ടപ്പെടാത്ത ഒരാളായിരുന്നുഎന്റെ ഭർത്താവ്. പുറത്തെവിടെയെങ്കിലും പോകണമെങ്കിൽ കൂട്ടിന് ആരെങ്കിലുംവേണം. വീട്ടിലെജോലികഴിഞ്ഞാൽ ബാക്കിസമയംടി.വി യിൽ സീരിയൽകാണും. അങ്ങനെ 10 വർഷം കടന്നുപോയി. എന്നാൽഇന്ന് ഞാൻ ടി.വി. യിൽഏറ്റവുംവെറുക്കുന്നത് സീരിയലാണ്.

2002 ൽ ഞങ്ങളുടെവീടിനടുത്ത്ഒരുകുടുംബശ്രീരൂപീകരിക്കുന്നതിന് എന്നോട് ചോദിക്കാൻ വന്നു. ഞാൻ അവരോട്വളരെതാൽപര്യത്തോടെഞാനുമുണ്ടെന്ന്അറിയിച്ചു. ഞാൻ എന്റെ ഭർത്താവിനോട്ചോദിച്ചപ്പോൾകുടുംബശ്രീയിലൊന്നുംഇപ്പോൾ കൂടേണ്ട കുഞ്ഞ്കുറച്ച്കൂടി വലുതാകട്ടെ എന്നും പറഞ്ഞു. പിന്നീട് ക്രമേണ ക്രമേണഎന്റെ ഭർത്താവിന്റെ മനസ്സ്മാറി. 10 മാസം പിന്നിട്ടപ്പോൾ ഞാൻ ഒരുകുടുംബശ്രീയിൽഅംഗമായി. എല്ലാഞായറാഴ്ചയും ഞാൻ 5 മണിയാകാൻ കാത്തിരിക്കും. കാരണംവീടിന് പുറത്തിറങ്ങിചുറ്റുപാടുമുള്ളസ്ത്രീകളുമായിസംസാരിക്കാൻ ഒരവസരം. അങ്ങനെ 2 മാസം കഴിയുമ്പോഴേക്കും എന്നെ എന്റെവാർഡിന്റെ എ.ഡി.എസ്.സെക്രട്ടറിയാക്കി. അങ്ങനെ കൂടുതൽ ഉത്തരവാദിത്വംഎന്റെചുമലിലായി. തുടർന്ന് 2006 ജുലൈമാസം6ന് പഞ്ചായത്തിൽവെച്ച് നടന്ന ഒരുകുടുംബശ്രീയോഗത്തിൽഎന്നെ സി.

ഡി.എസ്ചെയർപേഴ്സണാക്കി. ആരാത്രി ഞാൻ ഭക്ഷണം പോലുംകഴിച്ചില്ല, ഉറങ്ങിയില്ല. വീട്ടിൽ നിന്നാണെങ്കിൽഎന്റെ ഭർത്താവിന്റെവകഒരുപാട്വഴക്ക് പറയുകയുംചെയ്തു. ഒരാഴ്ച ഞാൻ വളരെയധികംവിഷമം അനുഭവിച്ചു. ആദ്യമൊക്കെ സി.ഡി.എസിന്റെയോഗത്തിൽസംസാരിക്കുമ്പോൾ വിറയൽവരും.കുടുംബശ്രീയോഗങ്ങളിൽ പോയാൽചിലപ്പോൾവീട്ടിലെത്താൻ 7 മണിയൊക്കെയാകും. അപ്പോഴൊക്കെ എല്ലാംമതിയാക്കിവീട്ടിലിരുന്നാൽമതിയെന്ന് ഭർത്താവ്എന്നോട് പറഞ്ഞിട്ടുണ്ട്. കുട്ടികളെശരിക്കും ശ്രദ്ധിക്കാൻ പറ്റാത്തതിന്റെ പേരിൽഎന്റെവീട്ടുകാരുടെശകാരംവേറെയും. എന്നാലോഅന്ന്ചെയർപേഴ്സൺ ഹോണറേറിയംവെറും 250 രൂപയാണ്. അതുപോലും ഞാൻ വീട്ടിൽ പറഞ്ഞിട്ടില്ല. വീട്ടിൽ പറഞ്ഞാൽഎന്തായാലുംഎന്നെ വിടുകയില്ല എന്നെനിക്കറിയാം. ഓരോആവശ്യത്തിന് പോകുമ്പോഴും പൈസ ഭർത്താവിനോട്ചോദിക്കണം. ഗത്യന്തരമില്ലാതെ ഞാൻ എന്റെവളവീട്ടുകാരറിയാതെ പണയംവെച്ചു. പിന്നീട്കുടുംബശ്രീയിൽ നിന്നുംലോണെടുത്താണ്എന്റെവളതിരിച്ചെടുത്തന്. മാസംതോറുംചെറിയതുകവെച്ച്ഞാനത് തീർത്തു.

തുടർന്ന് 2008ലെ തെരഞ്ഞെടുപ്പിലൂടെഎന്നെ വീണ്ടും സി.ഡി.എസ്ചെയർപേഴ്സണായിതെരഞ്ഞെടുത്തു. തിരുവനന്തപുരമൊക്കെ ആദ്യമായിട്ട് പോകുന്നത് ഞാൻ കുടുബശ്രീയിൽ വന്നതോടെയാണ്. അങ്ങനെ ജില്ലയുടെ പുറത്ത് പോകാനുംവിവിധ ആളുകളുമായി പരിചയപ്പെടാനും എനിക്ക് അവസരംഒരുക്കിയത് ഈ മഹാ പ്രസ്ഥാനമാണ്. ഇത്രയുംവർഷത്തെ അനുഭവത്തിൽ ഞാൻ ഒരുപാട്മാറി. എന്റെകുട്ടികൾക്കും ബാലസഭയിലൂടെകുടുംബശ്രീയുമായി നല്ല ബന്ധമുണ്ട്. കൂടാതെഎന്റെ ഭർത്താവുംവീട്ടുകാരുംഇപ്പോൾ എനിക്ക് നല്ല സപ്പോർട്ടാണ്. കുടുംബശ്രീചന്തയൊക്കെ ആകുമ്പോൾ 8 മണിയൊക്കെയാകുംവീട്ടിലെത്താൻ. എന്നാലും അവിടേക്ക്എന്റെ ഭർത്താവ് കൂട്ടാൻ വരും. ഈ കുടുംബശ്രീ പ്രസ്ഥാനമില്ലായിരുന്നെങ്കിൽഎന്റെജീവിതം അടച്ചുപൂട്ടിയഒരു അദ്ധ്യായമായി മാറുമായിരുന്നു. അതിനെന്നുംകുടുംബശ്രീയോടുള്ള കടപ്പാട് എനിക്കുണ്ടാകും. മാത്രമല്ല ഇന്നെനിക്ക്എവിടെയുംഒറ്റയ്ക്ക്യാത്രചെയ്യുന്നതിനുംഏത് പരിപാടിയുംഏറ്റെടുത്ത് നടത്താനുമുള്ളഒരു മനോധൈര്യവുംകൈവന്നിട്ടുണ്ട്. എത്രവലിയ സഭയായാലും പേടികൂടാതെ രണ്ട് വാക്ക്സംസാരിക്കാൻ എനിക്ക്ധൈര്യംതന്നത്എന്റെകുടുംബശ്രീ പ്രസ്ഥാനമാണ്. ഇന്ന്എന്നെ ഈ നിലയിൽഎത്തിക്കാൻ ഒരുപാട്വിശിഷ്ടവ്യക്തികളുടെ പിന്തുണയുംസഹായവും എനിക്ക്കിട്ടിയിട്ടുണ്ട്. അടുക്കളയിൽമാത്രംഒതുങ്ങികൂടിയിരിക്കുന്ന സ്ത്രീ സമൂഹത്തിൽ നിന്നുംഅറിവിന്റെയുംഅംഗീകാരത്തിന്റേയും അധികാരത്തിന്റേയുംലോകത്തിലേക്ക്വളർന്നതിന്റെ തെളിവാണ് വളക്കരുത്ത്.

*****

# അനുഭവകുറിപ്പ്



**രജനി.എം.കെ**
ചെയർപേഴ്സൺ,
വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ 5ാം വാർഡിലെ ശ്യാമ കുടുംബശ്രീയിലെ അംഗമായ ഞാൻ 03/02/2000 ൽ ആണ് കുടുംബശ്രീയിൽ ചേർന്നത്. അയൽവാസികളായ 20 അംഗങ്ങൾ ഒത്തുചേർന്നാണ് സംഘം രൂപീകരിച്ചത്. ആഴ്ച്ചയിൽ എല്ലാവരും ഒത്തുകൂടി 10 രൂപ തോതിൽ നിക്ഷേപിക്കുമായിരുന്നു. ആദ്യ കാലത്തോന്നും പഞ്ചായത്തിൽ നിന്നും കുടുംബശ്രീക്ക് എന്തൊക്കെ ആനുകൂല്യം ലഭിക്കുന്നുണ്ട് എന്നൊന്നും അിറയുമായിരുന്നില്ല . രണ്ടുവർഷം കഴിഞ്ഞതിനുശേഷം അയൽക്കൂട്ടത്തിന്റെ സെക്രട്ടറിയായി ചുമതലയേറ്റു ആ സ്ഥാനത്തേക്ക് വന്നതോടുകൂടി കുറേ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. എങ്കിലും ഞാൻ എ.പി.എൽ കുടുംബം ആണ് എന്ന കാര്യം പറഞ്ഞ് പഞ്ചായത്തിൽ നടക്കുന്ന മീറ്റിംങ്ങിൽ ഒന്നും പങ്കെടുപ്പിക്കാത്ത അവസ്ഥയും ഉണ്ടായി. അങ്ങനെ എനിയ്ക്കും എന്റെ സംഘക്കാർക്കും കാര്യങ്ങൾ അിറയണം എന്ന വാശി ഉണ്ടാവുകയും കുടുംബശ്രീ സംവിധാനം വന്നതോടുകൂടി തിരഞ്ഞെടുപ്പ് നടത്തുന്ന അവസരത്തിൽ ഒരു വാർഡിൽ 7 എ.ഡി.എസ് അംഗങ്ങൾ ഉള്ളതിനാൽ ഞാൻ ഒരാളായി തീരണമെന്നും മറ്റുള്ളവർക്ക് കാര്യങ്ങൾ പറഞ്ഞ് കൊടുക്കണമെന്നും തീരുമാനിച്ചു .

അങ്ങനെ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എ.ഡി.എസ് മെമ്പർ ആയി തീരുകയും ചെയ്തു. അങ്ങനെ പഞ്ചായത്തിൽ മീറ്റിംങ്ങ് വിളിക്കുമ്പോൾ ആദ്യമൊക്കെ ഏറ്റവും പുറകിൽ ഇരുന്ന് കാര്യങ്ങൾ എത്തിച്ച് കൊടുക്കുവാൻ സാധിച്ചു. ആങ്ങനെയിരിക്കുമ്പോൾ ഞങ്ങളുടെ സി.ഡി.എസിന്റെ വൈസ് ചെയർപേഴ്സൺ വേറൊരു ജോലി കിട്ടി പോവുകയും എന്നെ ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു . ഈ സ്ഥാനത്തേക്ക് വന്നതോടു കൂടി കുറേ അധികം ജനങ്ങളുമായി കൂടുതൽ ഇടപെടാനുള്ള അവസരം ലഭിക്കുകയുണ്ടായി. ഇതിനൊക്കെ അവസരം ഒരുക്കി തന്നത് അന്നത്തെ ചെയർപേഴ്സൺ ആയിരുന്നു . അങ്ങനെ ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുപ്പ് വന്നപ്പോൾ അന്നത്തെ ചെയർപേർസൺ ബ്ലോക്ക് തലത്തിലേക്ക് മൽസരിക്കുന്നതിനാൽ സ്ഥാനം രാജി വയ്ക്കുകയും ചെയർപേർസൺ സ്ഥാന

ത്തേക്ക് എന്നെ തിരഞ്ഞെടുക്കുകയും ചെയ്തു അങ്ങനെ കുറെ ആധികം കാര്യങ്ങൾ വാർഡിലും എത്തിക്കുവാൻ സാധിച്ചു . തുടർന്ന് വീണ്ടും തിരഞ്ഞെടുപ്പ് വരുകയും എന്നെ തന്നെ ചേയർപേർസൺ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. ഈ കാലയളവിനുള്ളിൽ പല ബാങ്കുകളിലും പോകുവാനും കുടുംബശ്രീക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും സാധിച്ചു. കൂടാതെ സി.ഡി.എസിൽ 5 അംഗങ്ങൾ ചേർന്ന് 36 ഗ്രൂപ്പുകളുണ്ടാക്കി ആട് ഗ്രാമം പദ്ധതി നടപ്പിൽ വരുത്തുവാൻ സാധിച്ചു എന്നത് എന്റെ ഒരു നേട്ടമായ് കാണുന്നു.

കുടുംബശ്രീ അംഗങ്ങൾക്ക് പലതരത്തിലുള്ള ആനുകൂല്യങ്ങൾ വാങ്ങികൊടുക്കാൻ കഴിഞ്ഞു എന്നതും ഒരു ചാരിതാർത്ഥ്യമാണ്. അതുപോലെ ഈ മേഘലയിൽ വന്നതുകൊണ്ട് പഞ്ചായത്ത് തലത്തിലുള്ള അഗതി കുടുംബങ്ങളെ സന്ദർശിക്കുവാനും അവരുടെ വിഷമതകൾക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കുവാനും സാധിച്ചു. കുടുംബശ്രീയുടെ കീഴിലുള്ള ബാലസഭ കുട്ടികളെ ഒത്തുചേർത്ത് പല പരിപാടികളും സംഘടിപ്പിക്കുവാനും സാധിച്ചു. എല്ലാവരും ഒറ്റക്കെട്ടായി ഒരുമിച്ച് പ്രവർത്തിച്ച് മുന്നോട്ട് പോകുന്നതിനാൽ നല്ല രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കുന്നു. ആദ്യമൊക്കെ ഏതെങ്കിലും ഒരു മീറ്റിംങ്ങിൽ പങ്കെടുക്കുവാൻ പറഞ്ഞാൽ പേടിയായിരുന്നു. ഇപ്പോൾ പേടിയോക്കെ മാറി. ഒറ്റയ്ക്ക് യാത്ര ചെയ്യാനുള്ള ധൈര്യം ഉണ്ടായി . ഞാൻ കുടുംബശ്രീയിൽ വന്നതേടുകൂടി എന്റെ ജീവിതത്തിൽ ഒത്തിരി മാറ്റങ്ങൾ ഉണ്ടാവുകയും സമൂഹത്തിൽ ഉള്ളവർക്ക് എന്നാൽ കഴിയുന്ന കാര്യങ്ങൾ ചെയ്തു കൊടുക്കാൻ സാധിച്ചു എന്നതും ഒരു നല്ലകാര്യമായി ഞാൻ കണക്കാക്കുന്നു. ഇനിയും ജീവിതത്തിൽ നല്ല നല്ല അനുഭവങ്ങൾ ഉണ്ടാകട്ടെ എന്ന് ആശിക്കുന്നു

*****

# കാൽപ്പാടുകൾ

**കെ.രമണി**

സി.ഡി.എസ്സ് ചെയർപേഴ്സൺ

ബേഡഡുക്ക ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ

16/8/1966 ൽ പാവപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ചു.സ്വന്തമെന്ന് പറയാൻ ഒരു വീട് പോലുമില്ലാത്ത ഒരു കുടുംബമായിരുന്നു എന്റേത്.ഞാൻ,അച്ഛൻ,അമ്മ,4 സഹോദരങ്ങൾ എന്നിവരടങ്ങിയ കുടുംബം ഓല മേഞ്ഞ ഒരു ചെറിയവീട്ടിലായിരുന്നു താമസം. 5 സെന്റ് സ്ഥലം പോലും ഞങ്ങളുടേതെന്ന് പറയാൻ ഇല്ലായിരുന്നു.അന്നത്തെ ജന്മിയുടെ കീഴിൽ ജോലിചെയ്ത് കിട്ടുന്ന തുച്ഛമായ കൂലികൊണ്ടാണ് ഞങ്ങളുടെ കുടുംബം ജീവിച്ചുപോന്നത്.അന്ന് വയറ് നിറയെ ആഹാരം കഴിക്കാൻ പോലും ഇല്ലായിരുന്നു.അന്നൊക്കെ താളും തവരയും ചീരയും മുരിങ്ങയുമൊക്കെയാണ് പ്രധാന ആഹാരം.മൂത്തചേച്ചി രണ്ടാംക്ലാസ് വരെ പഠിച്ചു.രണ്ടാമത്തെ സഹോദരൻ അഞ്ചാംക്ലാസ് വരെയും അതിനിളയ സഹോദരി ഏഴാംക്ലാസ് വരെയും ഞാൻ പത്താം ക്ലാസ് വരെയും അനുജൻ പ്ലസ് ടു വരെയും പഠിച്ചു.ഓരോരുത്തരെയും പഠിപ്പിക്കുന്നതിന് വേണ്ടിയാണ് മൂത്തവരുടെ പഠി



പ്പോയത്.പല ജന്മിമാരുടെ കീഴിലും എന്റെ കുടുംബം ജോലി ചെയ് ... ജന്മിയുടെ കീഴിൽ ജോലി ചെയ്ത് അധ്വാനിച്ച് തെങ്ങുകളും,കവു ... കൃഷി ചെയ്ത് വരുമാനം കിട്ടാറാകുമ്പോഴേക്കും ജന്മി പറയും അ ... ട്ടോളാൻ അങ്ങനെ പാണ്ടിക്കാട്,ചൊട്ട,നേര,അമ്പിലാടി,വാവടുക്കം ... ടിയ പല സ്ഥലങ്ങളിലും ഞങ്ങൾ താമസിക്കുകയുണ്ടായി.അവസാ ... നം എന്ന സ്ഥലത്ത് പിടിച്ച് നിൽക്കാനുള്ള ഒരവസരം കൈവന്നു.1957 ലെ ഇ എം എസ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കൊണ്ട് വന്ന ബാരം പാട്ടം ഭൂമി കർഷകബന്ധ ബില്ല് നിയമം വന്നപ്പോൾ 10 സെന്റെങ്കിലും നമ്മുടെതെന്ന് പറയാൻ പറ്റുന്ന ഒരവസ്ഥ വന്നപ്പോൾ എന്റെ കുടുംബം അവിടെ തന്നെ സ്ഥിരതാമസമാക്കി.പിന്നീട് അച്ഛനും അമ്മയും മക്കളും പണിയെടുത്ത കാശ് കൊണ്ട് 2 ഏക്കർ സ്ഥലം ഞങ്ങൾ സ്വന്തമായി വാങ്ങി. അന്ന് സ്ഥലത്തിന് സെന്റിന് 60 രൂപയായിരുന്നു.അങ്ങനെയാണ് ഇത്രയധികം സ്ഥലം വാങ്ങാൻ കഴിഞ്ഞത്.ഇനി എന്റെ കഥ തുടങ്ങാം.1971 ലാണ് ഞാൻ സ്കൂളിൽ ചേർന്നത്.6 മാസം കഴിയുമ്പോൾ എന്റെ അച്ഛൻ മരിച്ചു.അച്ഛൻ മദ്യപിക്കുമായിരുന്നെങ്കിലും വീട്ടുകാരോടും നാട്ടുകാരോടും നല്ല എളിമയോടും സ്നേഹത്തോയും കൂടി മാത്രമേ പെരുമാറുകയുള്ളൂ.ഒരുദിവസം രാവിലെ അമ്മയ്ക്ക് അസുഖം കാരണം മരുന്ന് വാങ്ങാൻ പോയതാണ് അച്ഛൻ.പിറ്റേ ദിവസം 11 മണിക്കാണ് തിരിച്ച് വരുന്നത്.അച്ഛൻ കോൽക്കളി പഠിപ്പിക്കുന്ന ഗുരുക്കളായിരുന്നു.മരുന്ന് വാങ്ങാൻ പോയ ദിവസം മദ്യപിച്ച് വന്ന് കോൽക്കളിയും പരിശീലിപ്പിച്ച് വൈകുന്നത് വരെ നാടൻമദ്യം വാറ്റുന്ന

ഒരു വീട്ടിൽപോയി മദ്യവും കഴിച്ച് അവിടെത്തന്നെ ഉറങ്ങി.ദാഹിച്ച് വെള്ളം കിട്ടാതെ നാവ് താണുപോയി.അങ്ങനെ പിറ്റെ ദിവസം കറുത്തവാവുദിവസം ഞാനും ചേച്ചിയും രാവിലെ അച്ഛനെ അന്വേഷിച്ച്

ആ വീട്ടിൽ പോയപ്പോൾ കണ്ട കാഴ്ച നാലഞ്ച് പേർചേർന്ന് അച്ഛനെ താങ്ങി കൊണ്ട് വരുന്നതാണ്.അന്ന് കാസർഗോഡ് മാത്രമാണ് ആശുപത്രി ഉണ്ടായിരുന്നത്.അച്ഛനെ അന്ന് ആശുപത്രിയിൽ എത്തിച്ചിരുന്നുവെങ്കിലും അപ്പോഴേക്കും അച്ഛൻ മരിച്ചിരുന്നു.അച്ഛന്റെ വീട് ഉദുമ എരോൽപാലസിനടുത്തുള്ള ആറാട്ട്കടവ് എന്ന സ്ഥലത്താണ്.ഞങ്ങൾ വണ്ണാത്തിക്കാനത്ത് നിന്ന് നടന്നാണ് അച്ഛന്റെ ശവം കാണാൻ ആറാട്ട്കടവിലെത്തിയത്.അന്ന് എന്റെ അമ്മാവൻ എന്നെ ഒക്കത്തിരുത്തിയാണ് പോയതെന്ന് ഇന്നും പറയും.അന്ന് മുതൽ കൂടുതൽ കഷ്ടപ്പാടും ദുരിതവും ദാരിദ്രവും ഞാൻ അറിഞ്ഞു.ആ വർഷം എനിക്ക് സ്കൂളിൽ പോവാൻ കഴിഞ്ഞില്ല.പിന്നത്തെ വർഷം വീണ്ടും ഞാൻ ഒന്നാം ക്ലാസിൽ ചേർന്നു.സ്കൂളിൽ പോകുമ്പോൾ രാവിലെ ഒന്നും കഴിക്കാൻ ഉണ്ടാകാറില്ല.ഉച്ചയ്ക്ക് സ്കൂളിൽ നിന്നും കഞ്ഞിക്ക് പകരം കിട്ടുന്ന ഉപ്പ്മാവ് കൊണ്ട് വിശപ്പടക്കേണ്ടി വന്നു.

രാത്രിയിൽ കുറച്ച് കഞ്ഞി മാത്രമേ കിട്ടുള്ളൂ.വയർ നിറയാൻമാത്രം എപ്പോഴും കഞ്ഞി കിട്ടാറില്ല.അരി വറുത്തതും അവൽകുഴച്ചതുമൊക്കെയായിരുന്നു അധികദിവസവും ഭക്ഷണം.പിന്നീട് ഞങ്ങൾ കൃഷി ഇറക്കിയും തെങ്ങ് കവുങ്ങ് എന്നിവയിലൂടെ ചെറിയതോതിൽ വരുമാനം ഉണ്ടാക്കാൻ തുടങ്ങി.ഓരോ വിശേഷ ദിവസങ്ങൾ വരുമ്പോഴാണ് ഞങ്ങൾക്ക് സന്തോഷമുണ്ടാകുന്നത്.കാരണം അന്നാണ് വയർ നിറയെ ആഹാരം ലഭിക്കുന്നത്.ഒരു ദിവസം സ്കൂളിൽ സ്റ്റാമ്പ് വാങ്ങാൻ ടീച്ചർ പറഞ്ഞു.അന്ന് 10 പൈസയാണ് സ്റ്റാമ്പിന് വില. എല്ലാവരും സ്റ്റാമ്പ് വാങ്ങി.എനിക്ക് മാത്രം കാശ് കിട്ടിയില്ല.അദ്ധ്യപകൻ സ്റ്റാമ്പ് വാങ്ങാത്തതിന് വഴക്ക് പറഞ്ഞു.രണ്ട് ദിവസം ക്ലാസിൽ പോയില്ല.കാരണം സ്റ്റാമ്പിനുള്ള 10 പൈസ കൊടുക്കാനില്ലായിരുന്നു.പിന്നെങ്ങനെ സ്കൂളിൽ പോകും.അ വസാനം വീട്ടിലെ പുഷ്പദ്വാരത്തിൽ( പണ്ട് കാലത്ത് വീടുകളിൽ കാശ് സൂക്ഷിക്കുന്നതിന് വേണ്ടി ചുമരോട് ചേർന്ന് ഉണ്ടാക്കുന്ന ദ്വാരം)പൈസ തപ്പിനോക്കുന്നതിന് വേണ്ടി ചിരവ മണ്ണിന് ചാരിവച്ച് അതിന് മുകളിൽ കയറി തപ്പിനോക്കി ഒരുപൈസപോലും കിട്ടിയില്ല എന്ന് മാത്രമല്ല ചാരിവച്ച ചിരവയുടെ ആണി ഇളകി താഴെ വീണത് കൊണ്ട് താഴെ ഇറങ്ങുമ്പോൾ എന്റെ കാലിൽ ആണി തുളച്ച് കയറി.പെട്ടെന്ന് നിലവിളിച്ചപ്പോൾ നിലവിളി കേട്ട് അടുത്ത വീട്ടിലെ ആൾക്കാർ ഓടിവന്ന് ചോരഒലിക്കുന്ന കാലിൽ നിന്നും ആണി ഊരി എടുത്തു.ആശുപത്രിയിൽ അഡ്മിറ്റായി.ഒരാഴ്ച സ്കൂളിൽ പോകാതിരുന്നപ്പോൾ അന്നത്തെ ഹെഡ്മാസ്റ്റർ കാര്യങ്ങൾ അന്വേഷിക്കാൻ വീട്ടിൽ എത്തി നടന്ന കാര്യങ്ങൾ അറിഞ്ഞപ്പോൾ മാഷിന് വിഷമമായി.10 പൈസ പോലും എടുക്കാൻ ഇല്ലാത്ത എന്റെ അവസ്ഥ മനസ്സിലാക്കി നാലാം ക്ലാസ് വരെ ഫീസില്ലാതെ പഠിക്കാനുള്ള സൗകര്യം എനിക്ക് ചെയ്തുതന്നു.അഞ്ചാം ക്ലാസ് മുതൽ കുണ്ടംകുഴി സ്കൂളിൽ ചേർന്നു.1 മണിക്കൂർ നടന്നാണ് സ്കൂളിൽ പോകേണ്ടത്.കാലിൽ

ഇടാൻ ചെരിപ്പോ മഴ നനയാതിരിക്കാൻ കുടയോ ഇല്ലായിരുന്നു.തെങ്ങിന്റെ ഓല കൊണ്ട് ഉണ്ടാക്കിയ കുരമ്പപിടിച്ചാണ് സ്കൂളിൽ പോയത്. അന്ന് മറ്റ് കുട്ടികൾ എന്നെ കളിയാക്കുമായിരുന്നു.എന്നിട്ടും ഞാൻ പതറിയില്ല.നല്ല ഡ്രസ്സ് പോലും ഇല്ലായിരുന്നു.കീറിയ ഉടുപ്പിട്ടായിരുന്നു അധികവും സ്കൂളിൽ പോയിരുന്നത്.അമ്മ വലിയ വീടുകളിൽ പണിക്കുപോകുമ്പോൾ അവരുടെ മക്കളുടെ പഴയ ഉടുപ്പുകൾ അമ്മ കൊണ്ടു വന്നു തരുമായിരുന്നു. എട്ടാംക്ലാസിൽ എത്തിയപ്പോഴേക്കും എന്നോട് പഠിത്തം നിർത്താൻ എന്റെ സഹോദരൻ ആവശ്യപ്പെട്ടു എങ്കിലും ഞാൻ പഠനം നിർത്താൻ തയ്യാറായില്ല.ആ സമയത്ത് എന്റെ ചേച്ചി ബീഡി തെരക്കാൻ പഠിച്ചിരുന്നു,.അവർ ജോലിചെയ്യുന്നത് കണ്ട് ഞാനും കുറേശ്ശെ പഠിച്ചിരുന്നു.അങ്ങനെ ഒമ്പതാം ക്ലാസിലേക്ക് വേണ്ട പാഠപുസ്തകങ്ങൾ വാങ്ങിക്കാൻ ഞാൻ സ്വന്തമായി ബീഡി തെറുത്ത് 100 രൂപ ഉണ്ടാക്കി.9,10 ക്ലാസുകളിൽ സ്വന്തമായി വരുമാനം കണ്ടെത്തിയാണ് പഠിച്ചത്.ശനി ഞായർ ദിവസങ്ങളിൽ അമ്മയോടൊപ്പം ഞാനും പണിക്ക് പോകുമായിരുന്നു.എസ് എസ് എൽ സി പരീക്ഷ കഴിഞ്ഞ് റിസൾട്ട് വരുന്നതിന് മുമ്പേ എന്റെ വിവാഹം കഴിഞ്ഞു.ഭർത്താവിന്റെ വീട്ടുകാർ തുടർന്നും പഠിപ്പിക്കാം എന്ന് പറഞ്ഞതുകൊണ്ടാണ് വീട്ടുകാർ വിവാഹത്തിന് സമ്മതിച്ചത്.1984 ജൂൺ 6 നായിരുന്നു വിവാഹം.എന്റെ വീട്ടിൽ വച്ചായിരുന്നു വിവാഹം.കല്ല്യാണം കഴിഞ്ഞ് ലൈൻ ബസ്സിലായിരുന്നു ഭർത്താവിന്റെ വീട്ടിലേക്ക് പോയത്.വീട്ടിൽ നിന്നും ബസ്സ് സ്റ്റോപ്പിലെത്താൻ 45 മിനിട്ട് നടക്കണം അങ്ങനെ ബസ്സിൽ കയറിയപ്പോൾ ഇരിക്കാൻ പോലും സീറ്റ് ഇല്ലായിരുന്നു.

ബസ്സിറങ്ങി അരമണിക്കൂറോളം നടന്നാണ് ഭർത്താവിന്റെ വീട്ടിൽ എത്തിയത്.ഇങ്ങനെ ഒരു അനുഭവം മറ്റാർക്കും ഉണ്ടായിട്ടുണ്ടാവില്ല എന്നാണ് എനിക്ക് തോന്നുന്നത്.കല്ല്യാണം കഴിഞ്ഞ് പോയ വീടും ദാരിദ്ര്യത്തിൽ അകപ്പെട്ട കുടുംബമായിരുന്നു. കല്ല്യാണം കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞപ്പോൾ എസ് എസ് എൽ സി റിസൾട്ട് വന്നു.റിസൾട്ട് നോക്കാൻ പോലും അയക്കാൻ ഭർത്താവിന്റെ വീട്ടുകാർ സമ്മതിച്ചില്ല.ഭർത്താവാണെങ്കിൽ മുഴുകുടിയനായിരുന്നു.ഇപ്പോഴാണ് ഇത്തരം വിവാഹആലോചന വരുന്നതെങ്കിൽ ഇഷ്ടപ്പെട്ട വരനെ തെരഞ്ഞെടുക്കാൻ എനിക്ക് സാധിക്കുമായിരുന്നു.കല്ല്യാണം കഴിഞ്ഞ് പോകുമ്പോൾ 6 മാസം ധരിക്കാനുള്ള ഡ്രസ്സുകൾ പെണ്ണ് വീട്ടുകാർ കൊണ്ടുപോകണമെന്നും പിന്നീട് ഭർത്താവ് വാങ്ങിക്കൊടുക്കണമെന്നുമാണ് നിയമമെങ്കിലും കല്ല്യാണഡ്രസ്സല്ലാതെ ഇന്നുവരെ ഭർത്താവിന്റെ കയ്യിൽ നിന്ന് ഒരു തുണികഷണം പോലും എനിക്ക് കിട്ടിയിട്ടില്ല.ഭർത്താവ് എന്നും പണിയെടുക്കും അതിന് മദ്യപിക്കുകയും ചെയ്യും.അങ്ങനെ ഒരു വർഷം കഴിഞ്ഞു.ജീവിതം വേദനജനകമായിരുന്നു.എന്നും തീരാദുഖം.സ്വന്തം വീട്ടിൽ പോലും ഒന്ന് പോവാൻ ഭർത്താവ് സമ്മതിക്കാതായി.ഇതിനിടയിൽ കേരള ദിനേശ് ബീഡി സ്ഥാപനത്തിൽ ജോലിക്ക് ആളെ എടുക്കുന്നുണ്ടെന്ന് കേട്ട ഞാൻ ഭർത്താവിനോട് ചോദിച്ച് അപേക്ഷ നൽകി. ഇത് ഭർത്താവിന്റെ വീട്ടുകാർക്ക് ഇഷ്ടപ്പെട്ടില്ല.എങ്കിലും ഭർത്താവിന്റെ സമ്മതം കിട്ടിയല്ലോ എന്ന ആശ്വാസത്തിൽ ജോലി ചെയ്ത് ലഭിക്കുന്ന വരുമാനം കൊണ്ട് ഭർത്താ

വിന്റെ വീട്ടുകാരെ സഹായിക്കാമെന്ന വിശ്വാസത്തിൽ ഞാൻ ഇന്റർവ്യൂവിന് പോയി പാസ്സായി ജോലി ലഭിക്കുകയും ചെയ്തു.ഭർത്താവ് മദ്യപിക്കുമായിരുന്നെങ്കിലും അച്ഛനും അമ്മയും എനിക്ക് നല്ല സ്നേഹം തന്നിരുന്നു.അത് മാത്രമായിരുന്നു ഏക സമാധാനം.അങ്ങനെ ജോലിക്ക് പോകാൻ തുടങ്ങി.രാവിലെ 5 മണിക്ക് എഴുന്നേറ്റ് പണികളെല്ലാം തീർത്ത് ജോലിക്ക് പോകും തിരിച്ച് വന്ന് ബാക്കി പണികൾ ചെയ്യും, ആഴ്ചയ്ക്ക് കിട്ടുന്ന കൂലി കൊണ്ട് വീട്ടുസാധനങ്ങൾ വാങ്ങിക്കും.റേഷൻ അരിയും മണ്ണെണ്ണയും വാങ്ങാൻ കാശ് നൽകും.അത് കോണ്ട് വീട്ടുകാർക്കും സന്തോഷമായി.രണ്ട് വർഷം കഴിഞ്ഞപ്പോൾ എനിക്ക് ഒരു ആൺകുട്ടി പിറന്നു.ഭർത്താവിന്റെ അച്ഛനും അമ്മയ്ക്കും വയസ്സായതുകൊണ്ട് കുട്ടിയെ വീട്ടിലാക്കി പണിക്ക് പോകാൻ പറ്റാതെയായി.അങ്ങനെ ഭർത്താവിന്റെ വീട്ടുകാരുടെ സമ്മതത്തോടെ എന്റെ വീട്ടിൽ നിന്നുകൊണ്ട് പണിക്ക് പോകാൻ തുടങ്ങി.3 മാസം പ്രായമായ എന്റെ കുഞ്ഞിനെ എന്റെ അമ്മ നോക്കാം എന്നേറ്റു.

അന്നൊക്കെ ദിവസവും 1000 ബീഡി വരെ തെരക്കുമായിരുന്നു ഞാൻ.അന്ന് കിട്ടുന്ന കൂലി കുറവാണെങ്കിലും സാധനങ്ങൾക്കും വില കുറവായിരുന്നു.അങ്ങനെ ജോലിചെയ്ത് ലഭിക്കുന്ന വരുമാനം മിച്ചം വച്ച് സ്വന്തമായി ഒരുവീടും ഒരേക്കർ സ്ഥലവുംവാങ്ങി.എനിക്ക് കിട്ടാത്ത വിദ്യാഭ്യാസം എന്റെ മക്കൾക്ക് നൽകണം എന്ന വാശി എനിക്ക് ഉണ്ടായിരുന്നു.മകൻ എസ് എസ് എൽ സി വരെ പഠിച്ചു.ഇപ്പോൾ ഗൾഫിൽ ജോലിനോക്കുന്നു.മകൾ ബി എഡ് വരെ പഠിച്ചു.ടീച്ചറായി ജോലിനോക്കുന്നു.മകളുടെ വിവാഹം കഴിഞ്ഞു.ഇതെല്ലാം എന്റെ വരുമാനം കൊണ്ടുമാത്രമാണ് സാധിച്ചത്.

2001 ൽ കുടുംബശ്രീ സംവിധാനം ഉടലെടുത്തുവെങ്കിലും ആദ്യം സ്വയംസഹായസംഘമായാണ് പ്രവർത്തിച്ചത്.22 അംഗങ്ങളുള്ള സമത സ്വയംസഹായസംഘത്തിൽ ചേർന്ന ഞാൻ 6 മാസം വരെ കൃത്യമായി യോഗത്തിൽ പോവുകയും 10 രൂപവയ്ക്കുകയും ചെയ്തു.പിന്നീട് അമ്മയ്ക്ക് സുഖമില്ലാതെ വന്നപ്പോൾ 3 ആഴ്ച കുടുംബശ്രീയിൽ പോകാൻ സാധിച്ചില്ല. ലീവ് കാണിച്ച് കത്ത് നൽകിയെങ്കിലും അടുത്ത ആഴ്ച യോഗത്തിൽ പോയപ്പോൾ എന്നെ ഒഴിവാക്കിയതായി പറഞ്ഞു. എന്നോട് ചോദിക്കാതെ ലീവ് നൽകിയിട്ടും എന്നെ ഒഴിവാക്കിയതിനെതിരെ പ്രതികരിക്കാൻ അന്ന് എനിക്ക് കഴിഞ്ഞില്ല.3 ആഴ്ച പോകാത്തത് എന്റെ കുറ്റമാണെന്നും എന്റെ അമ്മയ്ക്ക് സുഖമില്ലാത്തത് അവർക്ക് പ്രശ്നമല്ലല്ലോ എന്നൊക്കെ ഞാൻ മനസ്സിൽ വിചാരിച്ചു.പിന്നീട് ഒരുമാസം കഴിഞ്ഞപ്പോൾ എന്റെ വീടിന്റെ തൊട്ടടുത്തുള്ള ആളുകൾ എന്നോട് പറഞ്ഞു 10പേർക്ക അയൽക്കൂട്ടം രൂപീകരിക്കാമെന്നും ഞങ്ങൽ 9 പേരുണ്ട് നീയും കൂടണം എന്ന്.ആദ്യത്തെ അനുഭവം ഓർത്ത് ഞാൻ ചേരാൻ ഒന്നു മടിച്ചു.അവർ അങ്ങനെ ഒന്നും ഉണ്ടാവില്ല എന്ന് പറഞ്ഞപ്പോൾ മനസ്സില്ലാ മനസ്സോടെ ഞാൻ അതിൽചേർന്നു.സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തു.പിന്നീട് എ ഡി എസ്സ് യോഗത്തിലും പോയി തുടങ്ങി.1 വർഷം കഴിഞ്ഞപ്പോൾ എ ഡി എസ്സിന്റെ സെക്രട്ടറി സ്ഥാനം വഹിക്കാൻ പുരോഗമനപ്രസ്ഥാനത്തിന്റെ ആളുകൾ

എന്നോട് ആവശ്യപ്പെട്ടു. കാര്യങ്ങളൊക്കെ പറഞ്ഞ് തരാം എന്നും പറഞ്ഞു.അവരോട് എനിക്ക് പറ്റില്ല എന്ന് പറയാൻ എനിക്ക് കഴിഞ്ഞില്ല.അന്നൊക്കെ ഇന്നത്തെപ്പോലെ കുറെ പണിയൊന്നും ഇല്ല.മാസത്തിൽ ഒരുതവണ യോഗം ചേരും. ഗ്രാമസഭ നടക്കുന്നുണ്ടെങ്കിൽ പോകും അത്രതന്നെ.2002 മുതൽ2005 വരെ എ ഡി എസ്സ് സെക്രട്ടറിയായി തുടർന്നു.പിന്നീട് സി ഡി എസ്സ് ചെയർപേഴ്സൺ ആയിരുന്ന രാധാമണി 11 വാർഡ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു.ആ സ്ഥാനത്തേക്ക് എന്നെ സി ഡി എസ്സ് ചെയർപേഴ്സണായി തെരഞ്ഞെടുത്തു.ആദ്യം ഒന്നും അറിയില്ലായിരുന്നു.രാധാമണി എന്നെ സഹായിക്കുമായിരുന്നു.അന്ന് മെമ്പർസെക്രട്ടറിമാർ സജീവമായിരുന്നു.അത്കൊണ്ട് വലിയപ്രയാസം ഇല്ലായിരുന്നു.അന്നോക്കെ എല്ലാ സ്ഥലത്തും കുടുംബശ്രീ രൂപീകരിക്കാനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും പാട്ടകൃഷി ചെയ്യുന്നവരെ തെരഞ്ഞെടുക്കാനും നല്ലവണ്ണം ബുദ്ധിമുട്ടി.2001 മുതൽ ചെറിയ  സംരംഭങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് സഹായങ്ങൾ ചെയ്തുതന്നു.ആട്,പശു വളർത്തൽ എന്നിങ്ങനെ 100 കണക്കിന് സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു.2005 നു ശേഷമാണ് ജില്ലാമിഷൻ സംസ്ഥാനമിഷൻ മുഖാന്തിരം സംരംഭങ്ങൾ ആരംഭിക്കാം എന്ന ഓർഡർ വരുന്നത്.2005 മുതൽ പഞ്ചായത്ത് പദ്ധതികളിൽ ചെലവാകുന്ന വനിതഘടകപദ്ധതിയിലെ 10% തുകയും ഉപയോഗിച്ച് കുടുംബശ്രീ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകാൻ എനിക്ക് സാധിച്ചു.നമ്മുടെ പഞ്ചായത്തിന്റെ മാറി മാറി വരുന്ന ഭരണസമിതികളുടെ കൂട്ടായപ്രവർത്തനം ഞങ്ങൾക്ക് എന്നും പ്രചോദനമായിട്ടുണ്ട്.

ഞങ്ങളുടെ പഞ്ചായത്തിലെ എടുത്ത് പറയത്തക്ക സംരംഭങ്ങളാണ് കാദംബരി എന്ന പേരിൽ വസ്ത്രനിർമ്മാണ യൂണിറ്റ് ,ധനംകശുവണ്ടി യൂണിറ്റ്,കീർത്തി അമൃതം ന്യൂട്രിമിക്സ്,കറിപൗഡർ യൂണിറ്റ്,കുമാരിപ്ലസ്,ജീവൻപ്ലസ്,മണ്ണിരകമ്പോസ്റ്റ്തേനീച്ച വളർത്തൽ,പാളപ്ലേറ്റ്,പായനെയ്ത്ത്,സോപ്പ്,ഫിനോയിൽ നിർമ്മാണ യൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ്,കോഴി വളർത്തൽ യൂണിറ്റ്,ആടുവളർത്തൽ യൂണിറ്റ്,പശു,അച്ചാർ യൂണിറ്റ്,മാർജിൻ ഫ്രീ മാർക്കറ്റ്,തയ്യൽ പരിശീലന കേന്ദ്രം,പലഹാര നിർമ്മാണ യൂണിറ്റ്,കുറ്റി മുല്ലകൃഷി,കാറ്ററിംഗ് യൂണിറ്റ്,നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ്, തുടങ്ങി 150 ഏളം സംരംഭങ്ങൾ 2001 മുതൽ 2014 വരെയുള്ള കലയളവിൽ ആരംഭിക്കാൻ സാധിച്ചു.ആദ്യകാലത്ത് സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ലഭിച്ച പരിശീലനകുറവും വിപണിയുടെ അഭാവവും കാരണം ചില സംരംഭങ്ങൾ അടച്ചുപൂട്ടേണ്ടി വന്നിട്ടുണ്ട്.എങ്കിലും 95 ഓളം സംരംഭങ്ങൾ ഇന്ന് നല്ല ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ എടുത്തുപറയേണ്ട ഒന്നാണ് ഞാനടക്കമുള്ള 22 പേർ ചേർന്ന് ആരംഭിച്ച ശിങ്കാരിമേളം ഗ്രൂപ്പ്.നല്ല വേദികൾ ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്.നമ്മുടെ ജില്ലയ്ക്കകത്തും കർണ്ണാടകയിലുമായി നിരവധി അവസരങ്ങൾ ഞങ്ങളെ തേടി എത്തിയിട്ടുണ്ട്.ഞാൻ ചെറുപ്പം മുതലേ ഉത്സവങ്ങൾ കാണാൻ പോകുമായിരുന്നു. ഉത്സവത്തിന് ചെണ്ടകൊട്ടുന്നത് കാണുമ്പോൾ അത് പോലെ കൊട്ടാൻ എനിക്കും ഭയങ്കര ആഗ്രഹം ഉണ്ടായിരുന്നു.ഈ 45 വയസ്സിൽ ആ ആഗ്രഹം സാധിച്ചെടുക്കാൻ

എനിക്ക് കഴിഞ്ഞു.പിന്നീട് തെങ്ങ് കയറ്റപരിശീലനത്തിലും ഞാൻ പങ്കെടുത്തു. ഇനി ഡ്രൈവിംഗ് പഠിക്കണമെന്ന എന്റെ ആഗ്രഹം കൂടി സാധിക്കാനുണ്ട്.

ആദ്യമൊന്നും ആരോടും മിണ്ടാത്ത പ്രകൃതമായിരുന്നു എന്റേത്.കുടുംബശ്രീയിൽ വന്നതിന് ശേഷമാണ് എല്ലാ കാര്യങ്ങളിലും ഇടപെടാനും ചർച്ചകളിൽ പങ്കെടുക്കാനും കാര്യങ്ങൾ പറയാനും പ്രസംഗിക്കാനും പഠിക്കുന്നത്.2005 ൽ ഞാൻ ചെയർപേഴ്സണായി വരുമ്പോഴാണ് പഞ്ചായത്തിൽ ആദ്യമായി ന്യൂട്രിമിക്സ് സംരംഭം ആരംഭിക്കുന്നതിനായ് സി പി സി ആർ ഐ ശാസ്ത്രജ്ഞൻമാരുടെ നേതൃത്വത്തിൽ പരിശീലനം ആരംഭിക്കുന്നത്.കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ സി ഡി എസ്സുകൾക്കും ആറ് മാസക്കാലം ജില്ലാമിഷന്റെ നിർദ്ദേശപ്രകാരം ഞങ്ങളുടെ ന്യൂട്രിമിക്സ് ഗ്രൂപ്പ് പരിശീലനം നൽകുകയുണ്ടായി.ആ സമയത്ത് എല്ലാ ജില്ലക്കാരുമായി പരിചയപ്പെടാനും അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കാനും അവരെ സ്വന്തം വീട്ടുകാരെപ്പോലെ സ്നേഹിക്കാനും അവരുടെ സുഖദുഖങ്ങളിൽ പങ്കുചേരാനും ഞങ്ങൾക്ക് സാധിച്ചു.ഈ 6 മാസക്കാലം എല്ലാദിവസവും ഓരോരോ കലാപരിപാടികൾ അവതരിപ്പിക്കാനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും കഴിഞ്ഞു.ഇതുപോലുള്ള നല്ല അവസരങ്ങൾ ഞങ്ങളുടെ പഞ്ചായത്തിന് നൽകിയ കുടുംബശ്രീ മിഷനോടും കുടുംബശ്രീ പ്രസ്ഥാനത്തോടും എന്റെ അകമഴിഞ്ഞ സ്നേഹവും കടപ്പാടും ഞാൻ അറിയിക്കുന്നു.കുടുംബശ്രീ ചെയർപേഴ്സണായതിന് ശേഷമാണ് ആദ്യമായി തീവണ്ടിയിൽ പോകാൻ എനിക്ക് അവസരം ലഭിച്ചത്.തിരുവനന്തപുരത്ത് വച്ച് നടത്തിയ ബാലപാർലിമെന്റിൽ കുട്ടികളെയും കൂട്ടിപോകാൻ ഞങ്ങൾ റെയിൽവെ സ്റ്റേഷനിൽ എത്തി.അന്നത്തെ ജില്ലാമിഷൻ കോ ഓർഡിനേറ്ററായ നിസാർ സാറുമുണ്ടായിരുന്നു.സാർ ടിക്കറ്റെടുക്കാൻ പറഞ്ഞപ്പോൾ ഞാൻ സാറിനോട് ട്രെയിനിൽ കയറിയ ശേഷം ടിക്കറ്റെടുത്താൽ പോരേ എന്നു ചോദിച്ചു.സർ പറഞ്ഞു പോര കയറുന്നതിന് മുമ്പ് ടിക്കറ്റ് എടുക്കണം എന്ന് പറഞ്ഞു.പിന്നീട് ഒരുമാസം കഴിഞ്ഞ് ജില്ലാമിഷൻ സംഘടിപ്പിച്ച റിവ്യൂമീറ്റിംഗിൽ എല്ലാവരുടെയും മുന്നിൽ വച്ച് നിസാർ സർ രമണി എന്നോട് ഇങ്ങനെ ചോദിച്ചു എന്ന് പറഞ്ഞു.ഇത് കേട്ടപ്പോൾ എല്ലാവരും കൈകൊട്ടി ചിരിച്ചു.അന്ന് ഞാൻ ഒന്നും പ്രതികരിച്ചില്ല.എന്റെ അറിവില്ലായ്മ കൊണ്ട് സംഭവിച്ചതാണ്.

പഞ്ചായത്തുമായി സഹകരിച്ച് ആശ്രയ അഗതി ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് ഓരോരോവീടും കയറി ഫോട്ടോ എടുക്കുന്നതിനും ഓരോ കുടുംബത്തിന്റെ അംഗങ്ങളുടെ സ്ഥിതി മനസ്സിലാക്കാനും സാധിച്ചു.അവരുടെ അനുഭവങ്ങൾ നമ്മുടെ മനസ്സിനെ വേദനിപ്പിക്കുന്നതായിരുന്നു.ആരും സംരംക്ഷിക്കാനില്ലാതെ സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ ആൾക്കാരെ ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കി സംസ്ഥാനമിഷനിൽ അയച്ച് അംഗികാരം നോടിയെടുത്തു.അവർക്ക് ഭക്ഷണം,വസ്ത്രം,ചികിത്സ, വിദ്യാഭ്യാസം,വീട്,കുടിവെള്ളം,സ്വയംതൊഴിൽ,എന്നിങ്ങനെ വിവിധ ആനുകൂല്യങ്ങൾ

നൽകാൻ സാധിച്ചു.ഒരുവർഷം കഴിഞ്ഞപ്പോൾ ഞങ്ങൾ വീണ്ടും അഗതികുടുംബങ്ങളെ സന്ദർശിക്കുകയുണ്ടായി.ഞങ്ങളെ കണ്ടപ്പോൾ സന്തോഷം കൊണ്ട് അവരുടെ കണ്ണ് നിറഞ്ഞു.ഞങ്ങളെ ദൈവത്തെപ്പോലെയാണ് കാണുന്നത് എന്ന് പറഞ്ഞു.അവർക്ക് ഇത്രയെങ്കിലും ചെയ്ത് കൊടുക്കാൻ സാധിച്ചതിൽ ഞങ്ങളും സന്തുഷ്ടരാണ്.ഇതൊക്കെ ചെയ്യുമ്പോൾ എന്റെ പഠനകാലത്ത് ആരെങ്കിലും എന്നെയും ഇതുപോലെ സഹായിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോയി.എങ്കിലും ഞാൻ ഇന്ന് സംതൃപ്തയാണ് കാരണം എന്നെക്കാളും കഷ്ടപ്പെടുന്നവർക്ക് വേണ്ടി ഇത്രയെങ്കിലും എനിക്ക് ചെയ്യാൻ സാധിച്ചല്ലോ എന്നതിൽ.മലയോരപ്രദേശമായ എന്റെ പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും എത്തി പ്രവർത്തിക്കാൻ അന്ന് എനിക്ക് ലഭിക്കുന്ന ഹോണറേറിയമായ 650 രൂപ ഒന്നിനും തികയുമായിരുന്നില്ല.ഞാൻ ചെയർപേഴ്സണായി സ്ഥാനം ഏൽക്കുമ്പോൾ 125 അയൽക്കൂട്ടങ്ങളാണ് ഉണ്ടായിരുന്നത്.അതിന് ശേഷം 200 ഓളം അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചു.ഓരോ അയൽക്കൂട്ടങ്ങൽ രൂപീകരിക്കുമ്പോഴുംഅവരെക്കുറിച്ചുള്ള സ്ഥിതിഗതികൾ മനസ്സിലാക്കാനും എന്നാൽ കഴിയുന്ന കാര്യങ്ങൾ പറഞ്ഞുകൊടുക്കാനും അവരിൽനിന്ന് അവരുടെ അനുഭവങ്ങൾ അറിയാനും കഴിഞ്ഞു.പിന്നീട് സംഘകൃഷികൾ ആരംഭിക്കുകയും കൃഷിചെയ്യാൻ തുടങ്ങുകയും ചെയ്തു.

ആദ്യഘട്ടത്തിൽ വ്യക്തികൾക്കും പാട്ടകൃഷിയിലൂടെ കൃഷിചെയ്യാൻ സാധിച്ചിരുന്നു.പാട്ടകൃഷി,സംഘകൃഷി എന്നിവയിലൂടെ ഏറ്റവും കൂടുതൽ ഇൻസന്റീവുകൾ വാങ്ങിച്ചെടുക്കാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്.മുഴുവൻ അയൽക്കൂട്ടങ്ങളേയും ബാങ്കുമായി ലിങ്ക് ചെയ്യിക്കാനും അവയ്ക്ക് മാച്ചിംഗ് ഗ്രാന്റ് വാങ്ങിക്കാനും സാധിച്ചിട്ടുണ്ട്. സി ഡി എസ്സ് ഓഫീസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി തുടക്കത്തിൽ തന്നെ ഒരു ഓഫീസ് സെക്രട്ടറിയെ നിയമിച്ചതിനാൽ എല്ലാകാര്യങ്ങളും കൃത്യമായി ചെയ്യാനും ചെയ്തകാര്യങ്ങൾ മറ്റ് സി ഡി എസ്സിന് മാതൃകയാക്കുവാനും സാധിച്ചിട്ടുണ്ട്.2005 മുതൽ 2014 വരെയുള്ള കാലയളവിൽ ബെസ്റ്റ് സി ഡി എസ്സുകളിൽ ഒന്നാവാൻ നമ്മൾക്ക് സാധിച്ചിട്ടുണ്ട്.ബാലസഭ പ്രവർത്തനവും നല്ലരീതിയിൽ നടത്താൻ സാധിച്ചിട്ടുണ്ട്.കുട്ടികളുടെ കലാപരിപാടികൾ,വിവിധതരം സംഗമങ്ങൾ,വാനവില്ല്,മീനകമ്മ്യൂണിക്കേഷൻ,സിനിമ നിർമ്മാണം,ബാലപാർലിമെന്റ് തുടങ്ങി ഒട്ടനവധി പരിപാടികൾ നടത്താൻ സാധിച്ചു.എസ് സി,എസ്.ടി,മേഖലകളിലും നല്ല ഇടപെടൽ നടത്താൻ സാധിച്ചിട്ടുണ്ട്.

34ഓളം എസ് ടി അയൽക്കൂട്ടങ്ങളും 1 എസ് സി അയൽക്കൂട്ടവും രൂപീകരിക്കാൻ സാധിച്ചിട്ടുണ്ട്,മുഴുവൻ എസ് സി എസ്.ടി അയൽക്കൂട്ടങ്ങൽക്കും കോർപ്പസ് ഫണ്ട് വാങ്ങിച്ചുനൽകാൻ സാധിച്ചിട്ടുണ്ട്.പഞ്ചായത്ത്,മൃഗസംരംക്ഷണ വകുപ്പ്,കൃഷിഭവൻ,സി പി സി ആർ ഐ,പി എച്ച് സി തുടങ്ങിയ മറ്റ് ഘടകസ്ഥാപനങ്ങളുമായുള്ള സംയോജനസാധ്യത പ്രയോജനപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്.പഞ്ചായത്തിന്റെ സമഗ്ര നെൽകൃഷി,ബ്ലോക്ക് പഞ്ചായത്ത് സംരംഭങ്ങൾ,ജില്ലാപഞ്ചായത്ത് സംരംഭങ്ങൾ,അപ്പാരൽപാർക്ക്,കശുവണ്ടി,ന്യൂട്രിമിക്സ് പോലുള്ള സംരംഭങ്ങൾക്ക്

ബിൽഡിംഗ്,ബാലസഭകുട്ടികൾക്ക് ബാൻഡ്സെറ്റ് ശിങ്കാരിമേളം,എന്നിവയും കുടും ബശ്രീക്ക് ലഭ്യമാക്കുന്നതിൽ ചെറിയപങ്കുവഹിക്കാൻ കഴിഞ്ഞതിൽ അഭിമാനം ഉണ്ട്. നിർഭയ പദ്ധതിയുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിനകത്ത് ക്രൈംമാപ്പിംഗ് തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്.ഓരോ പ്രദേശത്ത് പീഡനങ്ങൾ അനുഭവിക്കുന്നവരെ കണ്ടെത്തി അവരെ സംരംക്ഷിക്കുന്നതിനായി കൗൺസിലിംഗ്,ബോധവത്കരണക്ലാ സുകൾ എന്നിവ സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.ശ്രീശക്തി പോർട്ടൽ പരിശീലനം പൂർത്തിയാക്കുകയും സംവാദവേദിയിൽ പ്രതികരിക്കാനും സാധിച്ചിട്ടുണ്ട്.ഞങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് വേണ്ടി ഡൽഹി,കർണ്ണാടക,ശ്രീലങ്ക, ജാർഘണ്ട്,ആന്ധ്ര തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് അതിഥികൾ എത്തിയിട്ടുണ്ട്.മറ്റ് സംസ്ഥാനങ്ങളിൽ പോയി ഞങ്ങളുടെ അനുഭവം പറഞ്ഞുകൊടുക്കാൻ അവസരം ലഭിച്ചാൽ ഞാൻ പോകാൻ തയ്യാറാണ്.

തിരുവനന്തപുരത്ത് വച്ച് നടത്തിയ ആകാശവാണി,ദൂരദർശൻ കൂട്ടുകാരി പരി പാടിയിൽ ഞങ്ങളുടെ പഞ്ചായത്തിൽ സി ഡി എസ്സ് നടത്തിയിട്ടുള്ള മാതൃകാപര മായ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിന് ഞങ്ങൾക്ക് സാധിച്ചു.ഏറ്റവും നല്ല കാറ്ററിംഗ്,കറിപൗഡർ,ന്യൂട്രിമിക്സ്,കശുവണ്ടി യൂണിറ്റ് തുടങ്ങിയ സംരംഭങ്ങളുടെ മേന്മയും ചോദ്യോത്തരപംക്തിയിൽ പങ്കെടുത്തിട്ടുണ്ട്.കാസർഗോഡ് മുതൽ ത്രുവ നന്തപുരം വരെയുള്ള പഞ്ചായത്ത് സി ഡി എസ്സ് പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് സംസ്ഥാനമിഷൻ നടത്തിയിട്ടുള്ള വീഡിയോചാനൽ പരിപാടിയിലും പങ്കെടുക്കാനും പ്രവർത്തനങ്ങളെക്കുറിച്ചുള്ള അഭിമുഖത്തിൽ പങ്കെടുക്കാനും ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്.മന്ത്രി തോമസ് ഐസക്കിൽ നിന്ന് ഏറ്റവും നല്ല സി ഡി എസ്സിനുള്ള അവാർഡ് വാങ്ങാനും മന്ത്രി പാലോളി മുഹമ്മദ്കുട്ടിയിൽ നിന്ന് തിരുവ നന്തപുരത്ത് വച്ച് നടന്ന പരിപാടിയിൽ വച്ച് സ്പെഷൽ അവാർഡ് തുകയായ 1ലക്ഷം രൂപയും പ്രശസ്തി ഫലകവും വാങ്ങാൻ സാധിച്ചു.മീഡിയാക്ടുമായി സഹകരിച്ച് ബാലസഭകുട്ടികൾ തയ്യാറാക്കിയ 3 സിനിമകൾ പ്രകാശനം ചെയ്യാനും സംസ്ഥാനത ലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്ന സിനിമയാക്കി മാറ്റാൻ നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് സാധിച്ചു.കൗമാരപ്രായക്കാരായ കുട്ടികൾക്ക് കുണ്ടംകുഴി സ്കൂളിൽ വച്ച് കൗൺസിലിംഗ് നടത്തുകയുണ്ടായി.മദ്യം വാറ്റുന്ന കുടുംബത്തിന്റെ ചട്ടിയും കലവും തകർത്ത് മദ്യപാനം ഒഴിവാക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ പത്ത് വർഷത്തിനിടയിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യുള്ള എല്ലാ ജില്ലകൾ സന്ദർശിക്കാനും ഓരോ പരിപാടികളിൽ പങ്കെടുക്കാനും സാധിച്ചു. എന്റെ ജിവിതത്തിൽ കല്ല്യാണം കഴിയുന്നതുവരെ കാസർഗോഡ് പോലും കാണാൻ കഴിയാത്ത എനിക്ക് എല്ലാ ജില്ലകളും കാണാൻ സാധിച്ചു.പിന്നെ സി ഡി എസ്സിൽ നിന്ന് ടൂർപ്രോഗ്രാം സംഘടിപ്പിച്ചപ്പോൾ കന്യാകുമാരി,തിരുവനന്തപുരം,തൃ ശ്ശൂർ,മൈസൂർ,ഊട്ടി,കൊടയ്ക്കനാൽ,വയനാട്,മലമ്പുഴ,തുടങ്ങി പല സ്ഥലങ്ങളിൽപോ കാൻ സാധിച്ചിട്ടുണ്ട്.ഒരു നാടകടീം സി ഡി എസ്സിന്റെ നേതൃത്വത്തിൽ രൂപീകരിക്കു

കയുണ്ടായി.പതിനഞ്ചാം വാർഷികത്തോടനുബന്ധിച്ച് ജില്ലാതലത്തിൽ സംഘടിപ്പിച്ച നാടകമത്സരത്തിൽ പങ്കെടുത്തു.

ഈ കുടുംബശ്രീയിൽ വന്നതിന് ശേഷം ഞാൻ കൈവക്കാത്ത മേഖലകളില്ല. ബീഡി ലേബർ യൂണിയൻ ഫാക്ടറി കമ്മിറ്റി സെക്രട്ടറി,ഡിവിഷൻ കമ്മിറ്റി അംഗം,മഹിളഅസോസിയേഷൻ യൂണിറ്റ് സെക്രട്ടറി,വില്ലേജ് സെക്രട്ടറി,ഏരിയകമ്മിറ്റി അംഗം,കർഷകതൊഴിലാളി യൂണിറ്റ് അംഗം,വില്ലേജ് സെക്രട്ടറി,ഏരിയ പ്രസിഡന്റ്,ജില്ലാകമ്മിറ്റി അംഗം,കർഷകതൊഴിലാളി ഏരിയ വനിതസബ്കമ്മിറ്റി കൺവീനർ,ജില്ലാ വനിതസബ്കമ്മിറ്റി ജോയിന്റ് കൺവീനർ,എൻ ആർ ഇ ജി എ വർക്കേർസ് യൂണിയൻ പഞ്ചായത്ത് കമ്മിറ്റി,ഏരിയ പ്രസിഡന്റ്,ജില്ലാ വൈസ് പ്രസിഡന്റ്,സി പി ഐ എം ബീംബുങ്കാൽ ദിനേശ് ബ്രാഞ്ച്സെക്രട്ടറി,ലോക്കൽകമ്മിറ്റി അംഗം,പഞ്ചായത്ത്,ബ്ലോക്ക്,ജില്ലാപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് അംഗം,ഗവ.ആയുർവ്വേദ ആശുപത്രി ബോർഡ് അംഗം, എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ സാധിച്ചു.13 വർഷത്തിനിടയിൽ സംസ്ഥാനമിഷൻ,ജില്ലാമിഷൻ എന്നിവർ സംഘടിപ്പിച്ച വിവിദ പരിപാടികളിൽ പങ്കെടുക്കാൻ സാധിച്ചു.സി ഡി എസ്സ് തലത്തിലെ മുഴുവൻ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാനും അതിലൂടെ ബാങ്ക്,വില്ലേജ് ഓഫീസ്,പോസ്റ്റോഫീസ്,കലക്ട്രേറ്റ്,മുൻസിപ്പൽ താലൂക്ക് ഓഫീസ് തുടങ്ങിയ സർക്കാർ ഓഫീസുകളിലും വിലയിരുത്തൽ സമിതി,പഞ്ചായത്ത് ഭരണസമിതി യോഗം,ബാങ്ക് ഉപസമിതിയോഗം,എം എൽ എ അദ്ധ്യക്ഷനായുള്ള വിലയിരുത്തൽ സമിതി എന്നീ കമ്മിറ്റികളിൽ പങ്കെടുത്ത് എല്ലാകാര്യങ്ങളും അറിയാനും പ്രതികരിക്കേണ്ടതിന് പ്രതികരിക്കാനും നല്ലതിനെ ഉൾക്കൊള്ളാനും മറ്റുള്ളവരിലേക്ക് പകർന്നു നൽകാനും എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റാനും എനിക്ക് സാധിച്ചിട്ടുണ്ട്.48 വർഷത്തെ ജിവിതത്തിൽ ഒരാളെപ്പോലും വെറുപ്പിക്കുകയോ ദേഷ്യപ്പെട്ടോ സംസാരിച്ചിട്ടില്ല.എല്ലാവരോടും സൗമ്യമായി പെരുമാറുന്ന സ്വഭാവമാണ് എന്റേത്.ഇനിയും അങ്ങനെ തന്നെ ആയിരിക്കും.

എന്റെ ജീവിതത്തിൽ ഇത്രയും മാറ്റങ്ങൾ ഉണ്ടാക്കിയ കുടുംബശ്രീ പ്രസ്ഥാനത്തോടും ഇങ്ങനെ പ്രവർത്തിക്കാൻ എന്നെ സഹായിച്ച ബാങ്ക്,പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ,വിലയിരുത്തൽ സമിതി അംഗങ്ങൾ,കുടുംബശ്രീയിലെ മുഴുവൻ അംഗങ്ങൾ,എ ഡി എസ്സ്,സി ഡി എസ്സ് ഭാരവാഹികൾ കൂടാതെ തുടക്കത്തിൽ എന്നെ ഈപ്രസ്ഥാനത്തോട് അടുപ്പിക്കാൻ പ്രേരണയായ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സ:ടി അപ്പേട്ടനോടും ജില്ലാമിഷൻ കോ ഓർഡിനേറ്റർമാരായ നിസാർ സർ, രാജശേഖരൻ സർ,മുഹമ്മദ് സർ,കോ ഓർഡിനേറ്റർമാരായ രാജാറാം,ദാക്ഷായണി കൺസൾട്ടന്റുമാരായ പ്രഭാകരൻ,ഉണ്ണി,തുടങ്ങി ഈപ്രവർത്തനം മാതൃകാപരമാക്കുന്നതിന് സഹായിച്ച ഇപ്പോഴത്തെ ജില്ലാമിഷൻ ടീം അംഗങ്ങൾ മറ്റ് വിവിധ സ്ഥാപനമേധാവികൾ,സന്നദ്ധസംഘടന പ്രസ്ഥാനങ്ങൾ തുടങ്ങി എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.ഇനിയും പൊതുപ്രവർത്തന രംഗത്തുതന്നെ തുടരാനാണ് എനിക്ക് താത്പര്യം.ഇതിൽ നിന്ന് വരുമാനം അല്ല ഞാൻ പ്രതീക്ഷിക്കുന്നത്.അറിവ് കാശ്

കൊടുത്താൽ കിട്ടുന്നതല്ല.എന്റെ വീട്ടിൽ നിന്നും കിട്ടിയ നല്ല പ്രോത്സാഹനം കൊണ്ടാണ് പൊതുപ്രവർത്തന രംഗത്ത് നിറഞ്ഞ് നിൽക്കാൻ എനിക്ക് സാധിച്ചത്. ഇനിയും മറ്റുള്ളവർക്ക് വേണ്ടി ചെയ്യാൻ കഴിയുന്നതൊക്കെ ഞാൻ ചെയ്തുകൊടുക്കും.

ഈ വിജയം ഓരോരുത്തരുടെയും വിജയമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.ഇത്രയും ചെയ്യാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു.ഈ മാതൃക എല്ലാവർക്കും ഒരു പാഠമാകട്ടെ.ഈ 10 വർഷത്തിനിടയിൽ എന്നെ ദുഖത്തിലാഴ്ത്തിയ ഒരു സംഭവമായിരുന്നു തില്ലങ്കേരിയുടെ ഓമനപുത്രിയായ ചെയർപേഴ്സൺ മരിച്ച സംഭവം.നല്ല അറിവും കഴിവും പക്വതയാർന്ന സ്വരവും എല്ലാം ഒത്തുചേർന്ന സംസ്ഥാനത്ത് തന്നെ ഒന്നാംസ്ഥാനത്ത് എത്തിയ തില്ലങ്കേരി സി ഡി എസ്സ് ചെയർപേഴ്സണ് ഒരായിരം രക്തപുഷ്പങ്ങൾ അർപ്പിക്കുന്നു.അവരുടെ അറിവും കഴിവും അനുഭവങ്ങളും മറ്റുള്ളവർക്കും മാതൃകയാവട്ടെ എന്ന് ആശംസിക്കുന്നു

******

# മാതൃകാ കുടുംബശ്രീ പയ്യങ്ങാനം



**രമണി,**
ചെയർപേഴ്സണ്‍ കുറ്റിക്കോൽ സിഡിഎസ്,
മാതൃകാ കുടുംബശ്രീ

കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ പയ്യങ്ങാനം കോളനിയിലാണ് എന്റെ താമസം. പട്ടികവർഗ്ഗത്തിൽപെട്ട ഞാൻ ഒരു കർഷക കുടുംബത്തിലാണ് ജനിച്ചത്. 10 മക്കളുള്ള ഞങ്ങളുടെ കുടുംബത്തിൽ 10-ാം ക്ലാസ്സ് മാത്രം വിദ്യാഭ്യാസമുള്ള ഞാൻ ഇളയമകളാണ്. 16-ാം വയസ്സിൽ കൂലിപ്പണിക്ക് പോയി. ഞാൻ 21-ാം വയസ്സിൽ വിവാഹിതയായി. രണ്ട് മക്കളുള്ള ഞാൻ പിന്നീട് അടുക്കള എന്ന ഒറ്റമുറിയിൽ ഒതുങ്ങിക്കൂടേണ്ട അവസ്ഥയിലായി.

അപ്പോൾ ഞങ്ങളുടെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ എന്ന പ്രസ്ഥാനം വന്നു. ആ സമയത്ത് എല്ലാവരും ചേർന്ന് ഞങ്ങളെ പ്രദേശത്തിലും ഒരു കുടുംബശ്രീ യൂണിറ്റ് രൂപീകരിക്കാൻ തീരുമാനിച്ചു. 20 ആൾക്കാർ ചേർന്ന കുടുംബശ്രീക്ക് മാതൃക എന്ന പേരിടുകയും ചെയ്തു. യൂണിറ്റിലെ ആൾക്കാർ എനിക്ക് പ്രസിഡണ്ട് എന്ന വലിയ സ്ഥാനം തരികയും ചെയ്തു. ജീവിതത്തിൽ എനിക്ക് കിട്ടിയ ആദ്യത്തെ വലിയ സ്ഥാനം. ഇങ്ങനെയായതുകൊണ്ട് തന്നെ വളരെ സന്തോഷപൂർവ്വം ഞാൻ സ്വീകരിക്കുകയും ചെയ്തു. ഞങ്ങളുടെ കുടുംബശ്രീയിൽ ഭൂരിഭാഗം ആൾക്കാരും വയസ്സായവരും തീരെ വിദ്യാഭ്യാസമില്ലാത്തവരും ആയിരുന്നു. (30 വയസ്സുമുതൽ 60 വയസ്സുവരെ ഉള്ളവരാണ്.) അംഗങ്ങൾ. ആദ്യം സെക്രട്ടറിയും പ്രസിഡണ്ടും മാത്രമായിരുന്നു ബാങ്ക് ഇടപാടുകൾ നടത്തിയിരുന്നത്. ബാങ്ക് എന്ന രണ്ടക്ഷരം കേൾക്കുമ്പോൾത്തന്നെ മറ്റുള്ളവർക്ക് ഒരു പേടി പോലെ തോന്നിയിരുന്നു. ആദ്യം കുടുംബശ്രീയിൽ ഞാൻ ഒരു തീരുമാനമെടുത്തു. ഇനിമുതൽ മറ്റുള്ളവരും ബാങ്ക് ഇടപാടുകൾ നടത്തണം. എങ്കിൽ മാത്രമേ ബാങ്കിനോട് പേടി ഉണ്ടാകാതിരിക്കൂ. എന്റെ ഈ തീരുമാനം മറ്റുള്ളവർ സമ്മതത്തോടെ സ്വീകരിക്കുകയും എന്നിൽ നിന്നും മറ്റുള്ളവർക്ക് ഒരു ധൈര്യവും ഒരു അറിവും ലഭിച്ചതായി എനിക്ക് തോന്നി. വിദ്യാഭ്യാസമില്ലാത്ത ആൾക്കാർ ബാങ്കിൽ ചുണ്ടൊപ്പിടാൻ തുടങ്ങി. അപ്പോൾ അവരോട് ബാങ്ക് മാനേജർ പറഞ്ഞു ഒരു കൂട്ടായ്മയിൽ നിന്നാണല്ലോ നിങ്ങൾ വരുന്നത്. അവിടെ നിന്ന് അക്ഷരങ്ങളൊന്നും പറഞ്ഞ് തരുന്നില്ലേ. ഇനിവരുമ്പോൾ ചുണ്ടൊ

പ്പിടാത്ത സാഹചര്യം ഉണ്ടാക്കണം. ഈ കാര്യം വിദ്യാഭ്യാസമുള്ളവരായ ഞങ്ങൾ നാലഞ്ച് പേരോട് പറഞ്ഞു. ഇതിനൊരു പോംവഴി കാണണമെന്ന് തോന്നിയ ഞങ്ങൾ മറ്റാരെയും ആശ്രയിക്കാതെ വിദ്യാഭ്യാസമില്ലാത്തവർക്ക് വൈകുന്നേരം ഞാൻ ക്ലാസ്സ് എടുക്കാൻ തീരുമാനിച്ചു. 5.30 മുതൽ രാത്രി 8.30 വരെ ആദ്യാക്ഷരം പഠിപ്പിക്കാൻ തീരുമാനിച്ച കാര്യം കുടുംബശ്രീയിൽ ഞാൻ പറഞ്ഞു. ഈ കാര്യം സന്തോഷപൂർവ്വം അവർ സ്വീകരിക്കുകയും ക്ലാസ്സിൽ വരാനും തുടങ്ങി. ആദ്യാക്ഷരം പഠിക്കുമ്പോൾ ചിലരുടെ കണ്ണിൽ നിന്നും കണ്ണുനീർ വരാൻ തുടങ്ങി.

ചില ആഴ്ചകൾക്ക് ശേഷം അവരുടെ പേരുകൾ എഴുതാൻ അവർ സ്വയം പഠിച്ചു. ബാങ്കിൽ നിന്നും മാനേജർ ഞങ്ങളെ അഭിനന്ദിക്കുകയും എന്തു കാര്യത്തിലും ഞാനുണ്ടാവുമെന്ന് വാക്കു തന്നപ്പോൾ ഞങ്ങളുടെ കൂടെ ഒരു വലിയ വ്യക്തി ഉണ്ടെന്ന ധൈര്യം പുനർജനിച്ചു. ഇനി സമൂഹത്തിലേക്കിറങ്ങാൻ ഞങ്ങളെല്ലാവരും തീരുമാനിച്ചു. ഞങ്ങളുടെ അക്ഷരവിദ്യ ക്ലാസ്സ് തുടർന്നുകൊണ്ടിരുന്നു. യൂണിറ്റിലെ വിദ്യാഭ്യാസമുള്ള കുട്ടികളും ഞങ്ങളെ സഹായിച്ചു.

ഒരു രാത്രി ഞങ്ങളുടെ കുടുംബശ്രീയിലെ അംഗം എന്റെ വീടിന്റെ വാതിൽക്കൽ വന്ന് മുട്ടിക്കൊണ്ടിരുന്നു. നല്ല മഴയുള്ള രാത്രി. എന്താ എന്ന് ചോദിച്ചപ്പോൾ എന്റെ ഭർത്താവിനെ അദ്ദേഹത്തിന്റെ അച്ഛൻ വെട്ടിപ്പരിക്കേൽപ്പിച്ചു, മംഗലാപുരം കൊണ്ടുപോകണമെന്ന് പറഞ്ഞു. കൈയ്യിലാണെങ്കിൽ അഞ്ചിന്റെ നോട്ട് പോലുമില്ല. എന്നെ സഹായിക്കണം എന്ന് പറഞ്ഞ് കരഞ്ഞുകൊണ്ടിരുന്നു. എന്റെ കൈയ്യിലുള്ള പത്തുമുന്നൂറ് രൂപയെടുത്ത് കൊടുത്തു. പിറ്റെദിവസം ഞങ്ങളെ ഞെട്ടിപ്പിക്കുന്ന ആ വാർത്ത പ്രദേശം മുഴുവൻ ഒഴുകിക്കൊണ്ടിരുന്നു. കുടുംബശ്രീയിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന സമയത്ത് ആ വാർത്ത ഞങ്ങളുടെ കാതിലും എത്തി. കുടുംബശ്രീ അംഗത്തിന്റെ ഭർത്താവ് മരിച്ചു. അച്ഛൻ വെട്ടിക്കൊന്നു. ശവം വീട്ടിലെത്തിക്കാൻ പണമില്ലാതെ അവർ ആശുപത്രിയിൽ നിന്ന് അലയുകയാണ്. പെട്ടെന്ന് ഞങ്ങളെല്ലാവരും കൂടി ഞങ്ങളുടെ കൈയ്യിലുള്ള മിച്ചം വരുന്ന തുക എടുത്തുകൂട്ടി അവളുടെ കുടുംബാംഗങ്ങൾക്ക് കൊടുത്തു. ആദ്യമായാണ് ഞങ്ങളുടെ കുടംബശ്രീ ഇങ്ങനെയൊരു സഹായസഹകരണത്തിന് തുടക്കം കുറിച്ചത്. പിന്നീട് ഞങ്ങളുടെ കുടുംബശ്രീയിലെ കുടുംബശ്രീ അംഗമായ വ്യക്തിയുടെ മകൾ പത്താംക്ലാസ്സ് വിദ്യാഭ്യാസത്തിനു ശേഷം തുടർവിദ്യാഭ്യാസത്തിനു പണമില്ലാത്തതുകൊണ്ട് വിദ്യാഭ്യാസം നിർത്തേണ്ടി വന്നു. ഞങ്ങൾ എല്ലാവരും കൂടി ഒത്തുചേർന്ന് ലോൺനൽകി. ആ കുട്ടി ഇന്ന് ഞങ്ങളുടെ കോളനിയിലെ ഏറ്റവും നല്ല വിദ്യാ

ഭ്യാസമുള്ളവളായി തീർന്നു. കുടുംബശ്രീയിൽ നിന്ന് ലോൺ എന്ന സംവിധാനം ഇല്ലായിരുന്നുവെങ്കിൽ ആ കുട്ടിയുടെ ജീവിതം സമ്പൂർണ്ണമാകുമായിരുന്നില്ല. അതുപോലെ തന്നെ കല്ല്യാണ കാര്യത്തിലും സഹായിക്കാൻ സാധിച്ചിട്ടുണ്ട്.

തമിഴന്മാരോട് കോളനിയിലെ ആൾക്കാർ ഇരട്ടിപലിശയ്ക്ക് പണം കടം വാങ്ങിയിരുന്നു. പിന്നെ തുണിസാധനങ്ങൾ കൊണ്ടുവന്ന് ആഴ്ചയിൽ വിറ്റു കൊണ്ടിരുന്നു. പിന്നെ കുടുംബശ്രീക്കാർ ഇടപെട്ടതുകൊണ്ട് അവർ പീന്നീട് ഞങ്ങളുടെ പ്രദേശത്ത് വരാതായി. പിന്നെ ഞങ്ങളുടെ കോളനിയിൽ കുറെ കുടുംബാംഗങ്ങൾ ചാരായത്തിന് അടിമയായിക്കൊണ്ടിരുന്നു. ഞാനും കുടും ബശ്രീ അംഗങ്ങളും പോയി അവരെ ചാരായഅടിമത്തത്തിൽ നിന്നും പിന്തിരി പ്പിച്ചു. സംഘകൃഷി എന്ന സംവിധാനം കുടുംബശ്രീയിൽ വന്നതോടെ ഞാനും അഞ്ച് അംഗങ്ങളും ചേർന്ന് കൃഷി ചെയ്യാൻ തീരുമാനിച്ചു. യൂണിറ്റ് പരിധിയിൽ കൃഷിചെയ്യാൻ സ്ഥലമില്ലാത്തതുകൊണ്ട് സ്ഥലം വായ്പയ്ക്കെടുത്തുകൊണ്ട് കൃഷി ചെയ്യാൻ തുടങ്ങി. ആവശ്യമായ  വിത്തുകളും വളങ്ങളും ഞങ്ങളുണ്ടാ ക്കി. പിന്നെ ജലത്തിന് ബുദ്ധിമുട്ടുണ്ടായില്ല. കാരണം രണ്ട് കുളങ്ങൾ കൃഷി സ്ഥലത്ത് ഉണ്ടായിരുന്നു.

പണ്ട് കാലത്ത് കൃഷി ചെയ്തിരുന്നു. പിന്നെ കുടുംബശ്രീ വന്നതോടു കൂടി കൃഷി ചെയ്യാൻ തുടങ്ങിയ പച്ചക്കറികൾ കടകളിൽ കൊണ്ടുപോയി വിറ്റു. പച്ചമുളക് വെയിലത്തുണക്കി കറികൾക്കുപയോഗിച്ചു. മറ്റുള്ളവർക്ക് കറിക്ക് സാധ നങ്ങളും മുളകും കൊടുക്കാൻ സംഘകൃഷിയിലൂടെ സാധിച്ചു. വിഷുച്ചന്ത, ഓണച്ചന്തയിലും ഞങ്ങൾ പച്ചക്കറികൾ വിൽക്കുന്നു. വീട്ടാവശ്യത്തിനുപയോ ഗിക്കുന്നത് ഞങ്ങളുടെ കൃഷിയിൽനിന്നു തന്നെ.

കുടുംബശ്രീ മുഖേന വേദിയിൽ നിന്ന് സംസാരിക്കാനുള്ള ധൈര്യവും ട്രയിനിൽ കയറാനുള്ള ഒരു ഭാഗ്യവും എനിക്ക് ലഭിച്ചു. മറ്റ് ജില്ലയിലെ ആൾക്കാരെ പരിചയപ്പെടാനും തിരുവനന്തപുരം വരെ യാത്രചെയ്യാനുള്ള ഭാഗ്യവും ലഭിച്ചു. ചിത്രത്തിൽകണ്ട ട്രയിനുകളിലെ മനോഹാരിതയൊന്നും യഥാർത്ഥത്തിൽ പോകു മ്പോൾ തോന്നിയില്ല. 04.03.2012ന് ആദ്യമായാണ് തിരുവനന്തപുരത്തേക്ക് ട്രയി നിൽ യാത്ര ചെയ്തത്. ഭയത്തോടെ തീവണ്ടി പടി ചവിട്ടി എങ്കിലും തണുത്ത കാറ്റ് എനിക്ക് ധൈര്യം തന്നു.

ഞങ്ങളുടെ പ്രദേശത്ത് മിക്ക കുടുംബാംഗങ്ങളും വലിയ യജമാന്റെ വീട്ടിൽ അടിമപണി ചെയ്തുകൊണ്ടിരുന്ന കാലം 50 രൂപയോ, 80 രൂപയോ കൂലികൊ ടുത്തിരുന്നു അവർക്ക്. കുട്ടികൾ സ്കൂളിൽപോകാത്ത ഒരവസ്ഥ, കുപ്പായമി ല്ലാതെ, ഭക്ഷണം മെച്ചപ്പെട്ടതല്ലാത്ത ഒരവസ്ഥ ഈ സമയത്ത് കുറച്ച് കുടും ബശ്രീ അംഗങ്ങൾ അടിമപ്പണി വിട്ട് കൂലിപ്പണിക്കിറങ്ങി. ഈ സമയത്ത് കുടും ബശ്രീ മുഖേന തൊഴിലുറപ്പ്  എന്ന പദ്ധതി  വന്നത്. ഈ കാര്യം ഞാൻ എന്റെ

കുടുംബശ്രീയിലും പ്രദേശങ്ങളിലും അറിയിച്ചു. സ്ത്രീകളെ എല്ലാവരെയും പഞ്ചായത്തിൽ കൊണ്ടുപോയി തൊഴിൽകാർഡ് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. പിന്നെ എല്ലാവരും തൊഴിലുറപ്പ് പദ്ധതിയിൽ വരാൻ തുടങ്ങി. മാസങ്ങൾക്ക് ശേഷം അവർക്ക് ബാങ്ക് മുഖേന ശമ്പളം എത്തിച്ചു. അവർ ആ പണത്തെ സന്തോഷത്തോടെ സ്വീകരിച്ച് മക്കൾക്ക് നല്ല വസ്ത്രവും, മെച്ചപ്പെട്ട ഭക്ഷണവും വാങ്ങിക്കൊടുത്തു. അമ്മിക്കല്ലും മിക്സിയും ഇസ്തിരിപ്പെട്ടിയും ഫോണും മറ്റ് വീട്ടുപകരണങ്ങളും വാങ്ങി.

കുടുംബശ്രീയിൽ നല്ല നല്ല ചർച്ചകളിൽ പങ്കെടുത്തതുകൊണ്ട് ഗ്രാമസഭകളിലും മറ്റ് ചർച്ചകളിലും പങ്കെടുക്കാൻ പ്രദേശത്തുള്ളവർക്ക് സാധിച്ചു. ഗ്രാമസഭകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സാധിച്ചു. ബാലസഭ എന്ന പദ്ധതി വന്നതോടുകൂടി സ്ത്രീകളെ മുന്നോട്ടു കൊണ്ടുവന്നതുപോലെ കുട്ടികളെയും കൊണ്ടുവരാൻ സാധിച്ചു. ഇപ്പോൾ എന്റെ കോളനിയിൽ രണ്ട് എസ്.ടി.കുടുംബശ്രീയും, ഒരു ജനറൽകുടുംബശ്രീയും, ഒരു എസ്.ടി.ബാലസഭയും രൂപീകരിക്കാൻ സാധിച്ചു. ഞങ്ങളുടെ കുടുംബശ്രീ പ്രവർത്തനങ്ങൾ കണ്ടുകൊണ്ട് മറ്റ് സ്ത്രീകളും സമൂഹത്ത് ഇറങ്ങാനും ഞങ്ങളെ സഹായിക്കാനും മറ്റ് പ്രദേശങ്ങളിലെ സ്ത്രീകളെ സമൂഹത്ത് ഇറക്കാനും കൂടുതൽ കുടുംബശ്രീകൾ രൂപീകരിക്കാനും സാധിച്ചു. ഞങ്ങളുടെ പ്രവർത്തനം കണ്ട്കൊണ്ട് സമൂഹത്തിലെ വലിയ വലിയ ആൾക്കാർ ഞങ്ങളുടെ പ്രവർത്തനത്തെ അഭിനന്ദിക്കുകയും ഞങ്ങളെ സഹായിക്കുകയും ചെയ്തു. ഞങ്ങളുടെ കുടുംബശ്രീ മറ്റ് കുടുംബശ്രീകളിൽ നിന്ന് മികച്ചതാവാൻ തുടങ്ങി.

കുടുംബശ്രീയിലെ പ്രവർത്തനങ്ങൾ പിൻതുടർന്നുകൊണ്ട് കൂടുതൽ അറിവും പത്രങ്ങളും മറ്റ് കുടുംബശ്രീ മാസകകളും ഞാൻ വായിക്കാൻ തുടങ്ങി. എന്റെ വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെട്ടതുപോലെ തോന്നി. ഈ കുടുംബശ്രീ പ്രസ്ഥാനം വന്നതോടുകൂടി എനിക്ക് വലിയ അനുഭവങ്ങളും നേട്ടങ്ങളും ലഭിച്ചു. പഞ്ചായത്തിൽ തന്നെ മികച്ച കോളനിയായി ഞങ്ങളുടെ കോളനി മാറി. മാത്രമല്ല ആരോഗ്യ ശുചിത്വ കാര്യത്തിലും വലിയ ശ്രദ്ധവഹിച്ചു ഞാൻ

ഈ പ്രസ്ഥാനം മുഴുവൻ സ്ത്രീകൾക്കും നല്ലൊരു ഭാവി നൽകി. അതിൽ ഞാൻ അഭിമാനിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ തിരിനാളം അണയാതിരിക്കട്ടെ. വരും തലമുറക്കാർക്ക് ഇതൊരു പാഠമായി തീരട്ടെ.

ഈ പ്രസ്ഥാനത്തിന് എന്റെ പേരിലും ഞങ്ങളുടെ കുടുംബശ്രീയുടെ പേരിലും നന്ദി.......നന്ദി..........നന്ദി.

******

# എന്റെ അനുഭവക്കുറിപ്പ്



**പ്രസന്ന പ്രസാദ്**
സിഡിഎസ് പനത്തടി,
ഗ്രാമപഞ്ചായത്ത് ചെയർപേഴ്സൺ

പത്തനംതിട്ടയിലെ ഒരു ചെറിയ ഗ്രാമത്തിലാണ് എന്റെ ജനനം. ഒരു സാധാരണ കുടുംബമായിരുന്നു എന്റേത്. വളരെയേറെ കഷ്ടപ്പെട്ടാണ് ഞങ്ങൾ ജീവിച്ചിരുന്നത്. 17 വർഷം മുമ്പ് വിവാഹത്തിനുശേഷമാണ് ഞാൻ ഈ നാട്ടിൽ എത്തപ്പെടുന്നത്. ഇവിടെ എത്തി പുറത്തുപോകുന്നത് അമ്പലങ്ങളിലും ഉത്സവസമയങ്ങളിവും മാത്രമായിരുന്നു. അല്ലാതെ പുറംലോകവുമായി എനിക്ക് യാതൊരു പരിചയവും ഉണ്ടായിരുന്നില്ല. വിവാഹത്തിനുശേഷം 4 വർഷം കഴിഞ്ഞു ഞങ്ങൾ പുതിയ വീടു വെച്ച് വേറെ താമസം തുടങ്ങി. ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് പുതുതായി കുടുംബശ്രീ രൂപീകരിക്കുന്നുണ്ട് എന്നറിഞ്ഞ് ഞാനും ആ യോഗത്തിൽ പങ്കെടുക്കുകയും എന്നെ അതിൽ അംഗമാക്കുകയും ചെയ്തു. ആഴ്ചയിൽ ഒത്തുകൂടുകയും ചെറിയ സംഖ്യ നിക്ഷേപം സ്വീകരിക്കുകയും, പഞ്ചായത്തിൽ നിന്ന് അറിയുന്ന കാര്യങ്ങൾ അവിടെ പറയുകയും ചെയ്യാറുണ്ടായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു പുത്തൻ അനുഭവമായിരുന്നു. ആ കാലങ്ങളിൽ രണ്ടുപേരെ കൂടുതൽ കണ്ടാൽ എനിക്ക് പേടിയായിരുന്നു. പേടിച്ചിട്ട് ഒന്നും സംസാരിക്കാൻ കഴിയില്ല.പഞ്ചായത്തിൽ നിന്ന് അറിയിപ്പുകിട്ടുന്നതിനനുസരിച്ച് ഗ്രാമസഭകളിലും പല ക്ലാസ്സുകളിലും പങ്കെടുക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് കുറെയധികം കാര്യങ്ങൾ സമൂഹത്തിൽ നടക്കുന്നത് എനിക്ക് മനസിലാക്കാൻ കഴിഞ്ഞു. അങ്ങനെ ഇരിക്കവെ ഞങ്ങളുടെ പ്രദേശത്ത് ടൗണിൽ അപേക്ഷകൾ പൂരിപ്പിച്ചുകൊടുക്കുന്ന കടയിൽ ആളെ വേണമെന്ന് എന്റെ ഭർത്താവിനോട് പറയുന്നത്. അതിൽ പ്രകാരം ഞാൻ കടയിൽ പോകുവാൻ തുടങ്ങി. അങ്ങനെ കുറെയധികം ആളുകളെ പരിചയപ്പെടാനും ഗവൺമെന്റ് ഓഫീസുകളിൽ പോകുവാനും എനിക്ക് കഴിഞ്ഞു.

പെട്ടന്ന് ഒരു ദിവസമാണ് എന്റെ ഭർത്താവിന് അസുഖം തുടങ്ങിയത്. കാലിലും കൈയ്യിലുമെല്ലാം നീരുവെച്ചു. ഡോക്ടർമാരെ കണ്ടപ്പോൾ അടിയന്തിരമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ പോകണമെന്നു പറഞ്ഞു. ഞങ്ങൾ അവടെപ്പോയി ഡോക്ടറെ കണ്ടപ്പോഴാണ് അറിയുന്നത് ഭർത്താവിന് കിഡ്നി തകരാറാണെന്ന്. ഇനി കിഡ്നി മാറ്റിവെയ്ക്കുകയല്ലാതെ വേറെ മാർഗ്ഗം ഒന്നും ഇല്ലാ എന്ന് . മാറ്റിവെയ്ക്കണമെങ്കിൽ വലിയ തുക ആവശ്യമായിരുന്നു. അതുകൊണ്ട്

അത്രയും തുക ഉണ്ടാക്കുവാൻ ഞങ്ങൾക്ക് കഴിയാത്തതുകൊണ്ട് ഒരു മാസത്തിനകം എന്റെ ഭർത്താവ് മരിച്ചു. ഞാനും എന്റെ രണ്ടു കുട്ടികളും മാത്രമായി ജീവിതം. ഭർത്താവിന്റെ വീട്ടുകാർ കുറയൊക്കെ സഹായിച്ചു. ആകെ വരുമാനം അപേക്ഷകൾ പൂരിപ്പിച്ചുകൊടുത്താൽ കിട്ടുന്ന വരുമാനം മാത്രം. ഈ സമയം കുറെയധികം കടബാധ്യതകളും,കുട്ടികളുടെ വിദ്യാഭ്യാസവും എല്ലാം എന്റെ മുമ്പിൽ വലിയ പ്രയാസമായി തീർന്നു. ഈ സമയത്ത് എന്റെ കുടുംബശ്രീ യൂണിറ്റിൽ നിന്ന് ചെറിയ ചെറിയ ലോണെടുത്ത് എന്റെ കടങ്ങൾ വീട്ടികൊണ്ടിരുന്നു.

അങ്ങനെ പോകവെ 2005 ലെ പഞ്ചായത്ത് തെരെഞ്ഞെടുപ്പ് വരുന്നത് . എന്റെ വാർഡ് എസ്. സി സംവരണ വാർഡായിരുന്നു. പ്രദേശത്തെ പ്രധാന രാഷ്ട്രീയ പാർട്ടി പ്രവർത്തകർ തെരെഞ്ഞുടുപ്പിൽ മത്സരിക്കണം എന്നാവശ്യപ്പെട്ടു. എനിക്ക് പേടിയായിരുന്നു. എന്നെകൊണ്ട് ആവില്ലാ എന്നു പറഞ്ഞ് ഞാൻ ഒഴിഞ്ഞുമാറി എങ്കിലും വീട്ടുകാരുടേയും കൂട്ടുകാരുടേയും നിർബന്ധപ്രകാരം എനിക്ക് മത്സരിക്കേണ്ടി വന്നു. വലിയ ഭൂരിപക്ഷത്തോടെ ഞാൻ ജയിച്ചു മെമ്പറായി . എന്നെ സംബന്ധിച്ചിടത്തോളം അത് എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി മാറി. മെമ്പറായതിനുശേഷം പല പല ക്ലാസ്സുകളിൽ പങ്കെടുക്കുവാനും കുടുംബശ്രീ പ്രസ്ഥാനം കൂടുതൽ അറിയുവാനും എനിക്ക് കഴിഞ്ഞു. ക്ലാസ്സുകൾക്ക് വരുമ്പോൾ ഞാൻ എന്റെ കുട്ടികളെകൂടി കൊണ്ടുപോകുമായിരുന്നു. പല പല ഓഫീസുകളിൽ ഒരു പേടിയും കൂടാതെ പോകുവാൻ തുടങ്ങി. ,ഌജ, ഌഘഅ,തുടങ്ങിയ ജനപ്രതിനിധികളെ ദൂരെനിന്നുമാത്രം കണ്ടിരുന്ന എനിക്ക് അവരോട് നല്ല ബന്ധം പുലർത്താൻ കഴിയുന്നു എന്നുള്ളത് ഇപ്പോഴും എനിക്ക് വിശ്വസിക്കൻ കഴിയാത്ത കാര്യമാണ്. എന്റെ പ്രദേശത്ത് താമസിക്കുന്ന എല്ലാ കുടുംബങ്ങളിലും നല്ല രീതിയുലുള്ള സ്വീകരണം ആണ് എനിക്ക് കിട്ടുന്നത് . അഞ്ച് വർഷത്തിനുശേഷം ഞാൻ വീണ്ടും കുടുംബശ്രീയിൽ സജീവമായി പ്രവർത്തിക്കാൻ തുടങ്ങി അങ്ങനെ യൂണിറ്റിന്റെ സെക്രട്ടറിയായി തെരെഞ്ഞെടുത്തു. പഞ്ചായത്തിൽ നിന്ന് അറിയിക്കുന്ന എല്ലാ പരിപാടികളിലും കൃത്യമായി ഞങ്ങളുടെ യൂണിറ്റിൽ നിന്നും ആളുകളെ പങ്കെടുപ്പിക്കുകയും ചെയ്യും. യൂണിറ്റിനാവശ്യമായ ലിങ്കേജ് വായ്പ ഉൾപ്പെടെ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുവാൻ കഴിഞ്ഞു.

ഈ കഴിഞ്ഞ കുടുബശ്രീ തെരെഞ്ഞെടുപ്പിൽ ഞാൻ വീണ്ടും യൂണിറ്റിന്റെ സെക്രട്ടറിയായി തെരെഞ്ഞെടുത്തു. വാർഡ് തെരെഞ്ഞെടുപ്പിൽ അഉട സെക്രറിയായും തെരെഞ്ഞെടുത്തു. എന്നാൽ ഇഉട തിരഞ്ഞെടുപ്പിൽ രണ്ടുപേർ വാർഡിൽ നിന്ന് മത്സരിക്കേണ്ട സ്ഥിതി വന്നപ്പോൾ നറുക്കിടാം എന്നാണ് റിട്ടേണിംഗ് ഓഫീസർ പറഞ്ഞത്, അതിൻ പ്രകാരം നറുക്കിടുകയും ഞാൻ ഇഉട മെമ്പറായി വരു

കയും തുടർന്ന് ഇളട പ്രസിഡന്റായിവരുകയും ആണ് ഉണ്ടായത്. ഭാഗ്യം ഒന്നു കൊണ്ട് മാത്രമാണ് ഈ സ്ഥാനത്ത് എനിക്ക് വരാൻ കഴിഞ്ഞത് എന്ന് പൂർണ്ണമായും ഞാൻ വിശ്വസിക്കുന്നു.

എന്റെ ഈ പദവികളെല്ലാം എനിക്ക് നേടിതന്നതും, എന്റെ എല്ലാ പ്രയാസ ത്തിലും , പ്രശ്നങ്ങളിലും എന്റെ കൂടെ നിന്ന് എന്നെ സഹായിച്ചതും എന്റെ കുടുംബശ്രീ പ്രസ്ഥാനമാണ്. കൂടുതൽ വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും അതിനു കഴിയും എന്നുള്ളത് ഈ പ്രസ്ഥാ നത്തിന്റെ ഏറ്റവും വലിയ നേട്ടമായി കരുതുന്നു. ഈ പ്രസ്ഥാനത്തിൽ നല്ല രീതി യിൽ പ്രവർത്തിക്കാൻ എനിക്ക് എല്ലാവിധ പിന്തുണയും നല്കുന്ന ഞാൻ വിശ്വസി ക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃത്ത്വത്തോട് എന്റെ കടപ്പാടും വിശ്വാ സവും ഞാൻ ഈ അവസരത്തിൽ അറിയിക്കുന്നു. ഇങ്ങനെ എന്റെഅനുഭവം എഴു തുമ്പോൾ ഒരു അവസരം ഉണ്ടാക്കിയ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ 16-ാം പിറ ന്നാളിന് എല്ലാവിധ വിജയാശംസകളും നേരുന്നു.

******

# അനുഭവകുറിപ്പ്



**ഫിലോമിന ജോണി**
സി.ഡി.എസ്. ചെയർപേഴ്സൺ
ഈസ്റ്റ് എളേരി പഞ്ചായത്ത്.

ഈസ്റ്റ് എളേരി പഞ്ചായത്തിലെ 9ാം വാർഡിൽ താമസിക്കുന്ന ഞാൻ കുടുംബശ്രീ അംഗമായിട്ട് 15 വർഷമായി. കുടുംബശ്രീയിൽ വന്നതിനുശേഷമാണ് പഞ്ചായത്ത് ഓഫീസുപോലും പരിചയപ്പെടുന്നത്. ഇതിൽ പ്രവർത്തിക്കുമ്പോഴാണ് ഒരു പഞ്ചായത്ത് മെമ്പറാകുവാൻ സാധിച്ചത്. ഒരു പരിധിവരെ രാഷ്ട്രീയത്തിന് അതീതമായ പ്രവർത്തനങ്ങളെ ചെയ്യുവാൻ സാധിക്കൂ. ഇവിടെ ചിലപ്പോഴെങ്കിലും വിവേചനത്തോടെ മാത്രമേ ചില പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കഴിയൂ. അപ്പോൾ അർഹതയുള്ളവൻ പിൻതള്ളപ്പെടുന്നു. ഇത് എന്നെ സംബന്ധിച്ചിടത്തോളം വേദനാജനകമായിരുന്നു. ഈ അവസരത്തിലാണ് സി. ഡി. എസ്. ചെയർപേഴ്സണായി എന്നെ തിരഞ്ഞെടുക്കുന്നത്. ഈ രണ്ട് സ്ഥാനങ്ങളും രണ്ടു തരത്തിലുള്ള പ്രവർത്തനരീതിയിലുള്ളതാണ്. കാരണം കക്ഷി രാഷ്ട്രീയത്തിനതീതമായി താഴെ തട്ടിലേക്ക് ഇറങ്ങിച്ചെല്ലുവാനും വേദനിക്കുന്ന ആളുകളെ കണ്ടെത്തുവാനും അവരെ ഉദ്ധരിക്കുവാനും ഒക്കെ കിട്ടിയ അവസരം.

ഇവിടെ എന്റെ മനസാക്ഷി ഉണർന്നു. ആശ്രയ പദ്ധതിയിലേക്കാണ് ആദ്യമായി ഞാൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. 10 കുടുംബങ്ങളായിരുന്നു ആദ്യഘട്ടത്തിൽ. ഇന്നത് 47 കുടുംബം. പാർട്ടി മത്സരങ്ങളിൽ തഴയപ്പെട്ടവർ. വീടുവീടാന്തരം കയറിയിറങ്ങി ഇവരുടെ ദു:ഖങ്ങളും വിഷമതകളും കണ്ണീരും, കടലാസ്സിലും, ക്യാമറയിലും പകർത്തിയ ദിവസങ്ങൾ എന്റെ നെഞ്ചിൽ ഒരു വിങ്ങലായി അവശേഷിക്കുന്നു. ബാങ്കുകളുടേയും ബ്ലെയ്ഡ്കാരുടേയും കടക്കെണിയിൽ വിഷമിക്കുന്ന സ്ത്രീകളുടെ മോചനം ഈ കുടുംബശ്രീ പ്രസ്ഥാനംകൊണ്ട് സംജാതമായി. എനിക്ക് ഏറെ സന്തോഷം തോന്നുന്നത് കക്ഷി രാഷ്ട്രീയത്തിന് അതീതമായി ജാതിമതവർഗ്ഗ ചിന്തകൾക്ക് അപ്പുറത്തേക്ക് മാറിനിന്നുകൊണ്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിയുന്നുവെന്നതാണ്.

അർഹിക്കുന്നവർക്ക് അർഹിക്കുന്ന സമയത്ത് ചെയ്തു കൊടുക്കുവാനും , ആ സന്തോഷം കാണുവാനും സാധിക്കുന്നത് ഏറെ തൃപ്തികരമാണ്. മുന്നോട്ട് എന്റെ ഈ പ്രവർത്തനങ്ങളിൽ ഈ പ്രസ്ഥാനത്തെ കൂടുതൽ കൂടുതൽ ശക്തിപ്പെടുത്തുവാനും അതിലൂടെ മറ്റുള്ളവർക്ക് ഒരു കൈത്താങ്ങാകുവാനും ഞാൻ പ്രതിജ്ഞാബദ്ധമാണ്.

*****

# എന്റെ അനുഭവക്കുറിപ്പ്

**കെ.പി. ജാസ്മിൻ**

**ഐശ്വര്യ കുടുംബശ്രീ അയൽക്കൂട്ടം ചെറുകുന്ന്**

സമൂഹത്തിന്റെ മുഖ്യധാരയിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീ സമൂഹത്തിൽ നിന്ന് കുടുംബശ്രീയിലൂടെ പൊതു സമൂഹത്തിലേക്ക് എത്തിച്ചേർന്ന ഒരാളാണ് ഞാൻ. പ്രീഡിഗ്രി വിദ്യാഭ്യാസത്തിനിടെ വിവാഹിതയായെങ്കിലും 2 മാസം മാത്രമെ ആ ജീവിതം തുടരാൻ സാധിച്ചുള്ളൂ. പിന്നീട് സമൂഹവുമായി ഒരു ബന്ധവുമില്ലാതെ നിൽക്കുന്ന സമയത്താണ് 1998 ഒക്ടോബർ 8ന് കമ്മാടം ചെറുകുന്നിലെ ഐശ്വര്യ സ്വയംസഹായ സംഘ രൂപീകരണം. അന്ന് അതിൽ അംഗമായി. രൂപീകരണത്തിൽ 13 അംഗങ്ങളാണ് ഉണ്ടായിരുന്നത്, ആദ്യം തന്നെ സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തു. 2000ത്തിൽ സ്വയം സഹായ സംഘം മാറി കുടുംബശ്രീയായി.

പിന്നീട് സി.ഡി.എസ് ചെയർപേഴ്സണായി തെരഞ്ഞെടുത്തു. അതിനുശേഷം മുസ്ലീം കുടുംബത്തിൽ നിന്നും ഒരു സ്ത്രീ സാമൂഹിക പ്രവർത്തനത്തിന് ഇറങ്ങുന്നത് ചിലർക്ക് പിടിച്ചില്ല. സ്ത്രീ സമത്വത്തിനു വേണ്ടി പൊതു പ്രവർത്തനത്തിനിറങ്ങിയാൽ ജീവൻ തന്നെ നഷ്ടപ്പെടുമെന്ന് ഭീഷണി വരെയുണ്ടായി. പൊതു പ്രവർത്തനം മതിയാക്കി യഥാർത്ഥ ഇസ്ലാമായി അടുക്കളക്കകത്ത് ഒതുങ്ങുക അല്ലെങ്കിൽ ചേകന്നൂർ മൗലവിയുടെ ഗതിയായിരിക്കും ഫലമെന്ന് അന്ത്യശാസനയും. ഭീഷണിയെ നെഞ്ചുറപ്പോടെ നേരിടാൻ എനിക്ക് ധൈര്യം പകർന്നത് എന്റെ കുടുംബശ്രീയാണ്.

തുടർന്ന് പഞ്ചായത്തിലെ മുഴുവൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും ഏകോപിപ്പിച്ചു കൊണ്ട് പ്രവർത്തനം തുടങ്ങി. സംരം മേഖലയിൽ ജില്ലയിൽ തന്നെ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കാൻ എന്റെ നേതൃത്വത്തിലുള്ള കുടുംബശ്രീ സി.ഡി.എസ്സിന് സാധിച്ചു. ഈ പ്രവർത്തനങ്ങളൊക്കെ കൊണ്ട് ജില്ലയിലെ മികച്ച സി.ഡി.എസ് ചെയർപേഴ്സണായി 2 തവണ തെരഞ്ഞെടുത്തു.

ഈ പ്രസ്ഥാനത്തിൽ വന്നതിനുശേഷം സി.എൻ.ആർ.ഐ യുടെ ദേശീയ സമ്മേളനത്തിന് ഡൽഹിയിൽ 3 തവണ പങ്കെടുത്തു. എനിക്ക് സ്വപ്നം കാണാൻ പോലും പറ്റാതിരുന്ന ഒന്നായിരുന്നു ഡൽഹി യാത്ര. കൂടാതെ സ്ത്രീപദവി പഠന കോർ ടീം അംഗം, ജില്ലാ റിസോഴ്സ്പേഴ്സൺ, കണ്ണൂർ സർവ്വകലാശാല സെനറ്റ് അംഗം, എന്നീ സ്ഥാനങ്ങൾ ല ിച്ചത് ഈ പ്രസ്ഥാനത്തിലൂടെയാണ്.

ഡോ.എ.പി.ജെ അബ്ദുൾകലാം ഇന്ത്യൻ രാഷ്ട്രപതിയായിരുന്നപ്പോൾ നേരിട്ട് കാണാൻ സാധിച്ചതും, കുടുംബശ്രീ പ്രവർത്തനത്തിനുള്ള അവാർഡ് അദ്ദേഹത്തിന്റെ

കൈയ്യിൽ നിന്നും വാങ്ങാൻ സാധിച്ചതും എന്റെ ജീവിതത്തിലെ മറക്കാനാവാത്ത അനു വമാണ്.

കുടുംബശ്രീ പ്രവർത്തന പരിചയം മുൻനിർത്തി പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൽസരിച്ചു. വിജയം മുന്നിൽ കണ്ട് സമയത്ത് രണ്ടാമത്തെ ീഷണിയെത്തി. ഇസ്ലാമിന്റെ ചട്ടക്കൂടിൽ നിന്ന് മാത്രം പ്രവർത്തിച്ചാൽ മതിയെന്നും. എതിരായിട്ടാണ് പ്രവർത്തനമെങ്കിൽ ദുഖിക്കേണ്ടി വരുമെന്നുമായിരുന്നു ീഷണി. ഇതിനെ വകവെയ്ക്കാതെ പ്രവർത്തിക്കുകയും വൻ ൂരിപക്ഷത്തോടെ വിജയിച്ച് കിനാനൂർ കരിന്തളത്തിന്റെ പ്രഥമ വനിതാ പ്രസിഡന്റായി ഞാൻ സ്ഥാനമേൽക്കുകയും ചെയ്തു. 1998ൽ ഐശ്വര്യ സ്വയം സഹായ സംഘത്തിന്റെ സെക്രട്ടറിയായി എന്നെ തെരഞ്ഞെടുക്കുമ്പോൾ ഞാൻ ഓർത്തിരുന്നില്ല ഈ ജില്ല മുഴുവൻ അറിയപ്പെടുന്ന ഒരാളായി ഞാൻ മാറുമെന്ന്. എന്നെ ഞാനാക്കിയ എന്റെ കുടുംബശ്രീക്ക് നന്ദി.

**********

# എന്റെ അനുഭവക്കുറിപ്പ്

## കാർമേഘങ്ങൾക്കും മഴയ്ക്കും മദ്ധ്യേ

ഇന്ന് ലോകമെങ്ങും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് സ്ത്രീ . അവൾക്ക് വേണ്ടി പല നിയമങ്ങളും നിലവിലുണ്ട്. പുതിയ പുതിയ നിയമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നിട്ടും അവൾ പലവിധത്തിൽ ക്രൂശി ക്കപ്പെട്ട് കൊണ്ടിരിക്കുന്നു. സമൂഹത്തിൽ നിന്ന് മാത്രമല്ല കുടുംബത്തിൽ വരെ ശാരീരികമായും മാനസികമായും അവൾ വെല്ലുവിളികൾ നേരിടുന്നു.

സ്ത്രീശാക്തീകരണവും ദാരിദ്ര്യനിർമ്മാർജ്ജനവും മുൻനിർത്തി ഉദയം കൊണ്ട കുടുംബശ്രീ എന്ന പ്രസ്ഥാനം ചരിത്രത്തിൽ സുവർണ്ണലിപികളാൽ ആലേഖനം ചെയ്യപ്പെടും എന്നതിൽ തർക്കമില്ല. കാരണം ഞാൻ എന്ന വ്യക്തിയെ പോലെ സമൂഹത്തിലെ നൂറു നൂറു സ്ത്രീകൾക്ക് പ്രതികരണശേഷി ഉണ്ടാക്കിയെ ടുക്കുകയും മാനസിക ബലം നൽകിയതും ആ പ്രസ്ഥാനമാണ്. അനുഭവക്കുറിപ്പ് എന്ന ആശയം തന്നെയാണ് ആ പ്രസ്ഥാനത്തിന്റെ 14വർഷത്തെ പാരമ്പര്യത്തിന് നൽകാവുന്ന ഏറ്റവു നല്ല സമ്മാനം.

അതെ, ഞാനും എഴുതുന്നു. അനുഭവങ്ങളുടെ തീച്ചൂളകൾ എനിക്കില്ല, ദാരി ദ്ര്യത്തിന്റെ മേലാപ്പും എന്നിൽ അധികഭാരം ചുമത്തിയിട്ടില്ല. എന്നാലും മറക്കാനാ വാത്ത ഒരുപാട് ഓർമ്മകൾ എന്റെ ഓർമ്മതാളുകളിൽ മായാതെ കിടക്കുന്നു. അതെ ഴുതുന്നതിന് മുമ്പ് ആദ്യം എന്നെ ഞാൻ പരിചയപ്പെടുത്തേണ്ടിയിരിക്കുന്നു.

ഞാൻ ആയിഷ ഫർസാന. ആറുമക്കളിൽ ഒന്നാംസ്ഥാനം. ആ സ്ഥാനം ജീവിതത്തിൽ എന്നും നിലനിർത്താൻ ആഗ്രഹിച്ചവൾ. മക്കളില്ലാതെ വർഷങ്ങ ളോളം കാത്തിരുന്ന എന്റെ കുടുംബത്തിന്റെ എല്ലാമായവൾ. അത്കൊണ്ട്തന്നെ ദു:ഖം നിറഞ്ഞ ചെറുപ്പക്കാലങ്ങൾ എനിക്കുണ്ടായിരുന്നില്ല. എല്ലാ തലങ്ങളിലും ഞാൻ ഒന്നാമതായി. വിദ്യാഭ്യാസത്തിലും കലാകായികരംഗങ്ങളിലും ഞാൻ മത്സ രിച്ച് ഉന്നതസ്ഥാനം നേടി. എല്ലാവരെ കൊണ്ടും നല്ലതു പറയിപ്പിക്കുന്നതിൽ ഞാൻ വിജയിച്ചു.

കാറ്റ് ഗതി മാറി വീശി. പ്ലസ്ടു തലത്തിൽ എത്തിയ എന്റെ ചിന്തകൾക്ക് നിറം മാറ്റം സംഭവിച്ചു തുടങ്ങി. മറ്റു കുട്ടികളെ പോലെ എന്റെ മനസ്സും പ്രണയ മെന്ന വലയിൽ കുടുങ്ങി. അതിൽ നിന്നും രക്ഷപ്പെടാൻ ആവാതെ, എന്നാൽ ആരെയും അറിയിക്കാതെ ഞാനത് കൊണ്ടുനടന്നു.

ഡിഗ്രിക്ക് പഠിക്കുന്ന കാലത്താണ് ഞങ്ങളുടെ അവിടെ കുടുംബശ്രീ രൂപീ കരിച്ചത്. എന്റെ എളേമ്മയായ ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡന്റ് നസീമ ടീച്ചറും ഏ.ഡി.എസ്. ഭാരവാഹികളായ കുഞ്ഞാമിനയും കദീജയുമാണ് കുടുംബശ്രീയുടെ ബാലപാഠങ്ങൾ എന്നെ പഠിപ്പിച്ചത്. വെറുമൊരു പണമിടപാട് നടത്തുന്ന ഒരു സംഘ

മായി മാറുമായിരുന്ന ഞങ്ങളെ ഇന്നത്തെ നിലയിൽ എത്തിച്ചതിൽ അവർക്കുള്ള പങ്ക് ഇവിടെ എഴുതാതെ വയ്യ.

വീട്ടിൽ വിവാഹാലോചനകൾ തുടങ്ങി.......എന്റെ മനസ്സിൽ വെള്ളിടി വെട്ടി...... ഒരിക്കൽ പോലും എന്റെ കുടുംബക്കാരെ എതിർക്കാതിരുന്ന ഞാൻ അന്നാദ്യമായി അവരുടെ മുമ്പിൽ എന്റെ അഭിപ്രായം തുറന്നു പറഞ്ഞു. പിന്നെ എന്താണ് സംഭവിച്ചതെന്ന് പറയാതിരിക്കുന്നതാണ് നല്ലത്. നിരാഹാരം, ഭീഷണി, സമരമുറകൾ പലതും പയറ്റി. അവസാനം എന്റെ മാതാപിതാക്കൾ എന്റെ ആഗ്രഹം നടത്തി തന്നു.

ഇത്രയും എഴുതിയത് എന്നെ അറിയുവാൻ......ഇനി എഴുതാൻ പോകുന്നത് എന്റെ മറക്കാനാവാത്ത അനുഭവങ്ങളിൽ ചില ഏടുകൾ...........

വിവാഹത്തോടെ എന്റെ ജീവിതരീതി ആകെ മാറി. ബിരുദവും ടീച്ചർ ട്രെയിനിംഗും കഴിഞ്ഞ്, അൽപ്പസ്വൽപ്പം വായനയും എഴുത്തും കൊണ്ട് ഞാൻ ഒരു വർഷത്തോളം ടീച്ചറായി ജോലി ചെയ്തു. വെറു 1500രൂപ ശമ്പളത്തിന്. എഞ്ചിനീയറിംഗ് കഴിഞ്ഞ ഭർത്താവ് ഒരു സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്തു. കഷ്ടപ്പാട് അറിയാത്ത എനിക്ക് പണ മെന്ന കടലാസുകഷ്ണത്തിന്റെ വില അറിഞ്ഞു തുടങ്ങിയത് അന്നു മുതലാണ്. ജോലിക്ക് പോയത് എന്റെ ആഗ്രഹം കൊണ്ട് മാത്രമായിരുന്നു. പൂർണ്ണഗർഭിണിയായ അവസ്ഥയിലും ഞാൻ ജോലിക്കു പോയി.

പ്രസവത്തോടെ മറ്റൊരു ജീവിത പടവിലേക്ക് ഞാൻ കയറുകയായിരുന്നു. പിന്നെ ഞാൻ ജോലിക്ക് പോയില്ല. ഭർത്താവും മകളും മാത്രമായി എന്റെ ലോകം. ആകെ ഞാൻ ഇടപഴകുക എന്റെ കുടുംബശ്രീ അംഗങ്ങളോട് മാത്രമായിരുന്നു. കുടുംബക്കാരുടെ വീട്ടിലേക്കൊന്നും പോകുവാൻ എനിക്ക് അന്ന് കഴിയുമായിരുന്നില്ല.

സത്യം പറഞ്ഞാൽ കുടുംബശ്രീ മീറ്റിംഗിന്റെ അന്ന് ഒരു കൗൺസിലിങ്ങിന് വിധേയമായത് പോലെയാണ് എനിക്ക് തോന്നുക. ഒരു തരത്തിൽ പറഞ്ഞാൽ മാനസികാശ്വാസം. മറ്റുള്ളഅംഗങ്ങളുടെ വിഷമം കേൾക്കുമ്പോൾ ഞാൻ ദൈവത്തിന് നന്ദി പറയും. അവരെ സമാധാനിപ്പിക്കുമ്പോൾ ഞാൻ സ്വയം ആശ്വാസം കണ്ടെത്തുമായിരുന്നു.

എന്റെ കുടുംബശ്രീയിലെ ഒരംഗം സ്വന്തമായി വീടുണ്ടാക്കിയ കഥ നിങ്ങൾക്ക് കേൾക്കണോ? പഞ്ചായത്തിൽ നിന്നും കിട്ടിയ ധനസഹായം കൊണ്ട് ആരോ ഇഷ്ടദാനം നൽകിയ സ്ഥലത്ത് വീടിന്റെ പാതി പണിയെടുത്തു. പിന്നെ ആ വീടു തേക്കാൻ, വാതിൽ വെക്കുവാൻ, വെള്ള പൂശുവാൻ എല്ലാം ഘട്ടം ഘട്ടമായി സഹായിക്കാനെത്തിയത് കുടുംബശ്രീ ആയിരുന്നു. വർഷങ്ങൾകൊണ്ടാണ് പണി മുഴുവനായി തീർത്തതെങ്കിലും ആ വീടു ഇന്ന് മനോഹരമായ ഒരു കൊച്ചുമാളിക തന്നെയാണ്. ആ വീട്ടിൽ വെച്ച് അവരുടെ മകളുടെ കല്ല്യാണവും നടത്തി. അതിന് ഒരു കൈ സഹായത്തിനെത്താനും കുടുംബശ്രീക്ക് കഴിഞ്ഞു.

പിന്നൊരു സംഭവം കൂടി ഞാനെഴുതട്ടെ. എഴുതാതിരിക്കാൻ ആവില്ല. കാരണം ഇതൊക്കെ എഴുതുന്നതെന്തിനാണെന്ന് അവസാനം നിങ്ങൾക്ക് മനസ്സിലാകും.

മറ്റൊരു അംഗത്തിന്റെ കഥ. അവർ കുറച്ച് പ്രായമായവർ ആണ്. അവരുടെ ഭർത്താവിന് പെട്ടെന്ന് ഒരു ഓപ്പറേഷൻ വേണ്ടി വന്നു. പണത്തിന് വേണ്ടി അവർ നാലു പാടും ഓടി. 25,000 രൂപ വേണം. ഒറ്റയടിക്ക് അത്രയും പണം നൽകാൻ ആരും തയ്യാറല്ല. ഞങ്ങൾ അടിയന്തിര യോഗം വിളിച്ചു. ആ പണം കുടുംബശ്രീയിൽ നിന്ന് നൽകാൻ തീരുമാനമായി. ആ ചെക്ക് ഒപ്പിടുമ്പോൾ അവരുടെ കണ്ണ് നിറഞ്ഞൊഴുകിയത് ഞാനോർക്കുന്നു. വിറയ്ക്കുന്ന കരങ്ങളോടെ എന്റെ കൈകൾ കൂട്ടിപ്പിടിച്ചതും ഞാൻ മറന്നിട്ടില്ല.

അങ്ങനെയെത്രയെത്ര സംഭവങ്ങൾ.........സ്കൂളുകളിൽ ചേർക്കാൻ, പാഠപുസ്തകങ്ങളും യൂണിഫോമും വാങ്ങാൻ, ആഘോഷനാളുകളിൽ വസ്ത്രങ്ങളും മറ്റും വാങ്ങാൻ.....എല്ലാം സഹായത്തിനെത്തിയത്ആഴ്ചയിൽ വെറും 20രൂപ അടയ്ക്കുന്ന കുടുംബശ്രീയാണ്. സാമ്പത്തികഭദ്രത മാത്രമല്ല, മാനസികമായ ബലം നൽകാനും ആത്മവിശ്വാസത്തോടെ കാര്യങ്ങൾ ചെയ്യാനും എന്നെപ്പോലെ പലർക്കും കഴിഞ്ഞിട്ടുണ്ടാവും. ആ കാര്യത്തിൽ സംശയമില്ല.

ഇതിനൊക്കെയുള്ള കാര്യങ്ങൾക്ക് സി.ഡി.എസ്. ഓഫീസിനെയും ബാങ്കിനെയും സമീപിച്ചത് ഞാനാണ്. അംഗങ്ങളിൽ ഭൂരിഭാഗവും വിദ്യാഭ്യാസം കുറഞ്ഞവരായിരുന്നു. അങ്ങനെ ഓഫീസുകളിൽ കയറിയപ്പോഴാണ് എനിക്കുണ്ടായ മാറ്റം ഞാൻ തിരിച്ചറിഞ്ഞത്. ഒരു കാലത്ത് വേദികളിൽ പ്രസംഗിച്ചിരുന്ന കുട്ടി നേതാവിൽ നിന്ന് ക്യാമ്പസിലെ സാഹിത്യക്ലാസ്സുകളിൽ വാദപ്രതിവാദം നടത്തിയിരുന്ന ആയിഷ മരിച്ചു പോയി എന്ന സത്യം ഞാൻ തിരിച്ചറിഞ്ഞു. വീട്ടിനുള്ളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന എന്നിൽ നിന്നും എല്ലാം പടിയിറങ്ങി പോയ കാര്യം ഞാൻ മനസ്സിലാക്കി.

ലിങ്കേജ് ലോണിനെപ്പറ്റി അറിയുവാൻ സി.ഡി.എസ്. ഓഫീസിൽ ചെന്ന ഞാൻ ചെയർപേഴ്സന്റെ മുമ്പിൽ കണ്ട കസേരയിൽ ഇരുന്ന രീതി ഓർമ്മ വരുന്നു. ബാങ്ക് മാനേജരുടെ ക്യാബിനിൽ തൊണ്ടവരണ്ട് ഇരുന്ന രംഗവും. അവരോട് പറയാനുള്ള കാര്യങ്ങൾ എന്റെ മനസ്സിൽ ഞാൻ പലവുരു പറഞ്ഞെങ്കിലും അതെല്ലാം പുറത്തേക്ക് കൊണ്ടുവരാൻ എനിക്ക് കഴിഞ്ഞില്ല. വിദ്യാഭ്യാസമുണ്ട്, കഴിവുണ്ട്, പക്ഷെ........ ആത്മവിശ്വാസമില്ലായ്മ അവിടെയൊക്കെ എന്നെ തളർത്തികളഞ്ഞു.

ലോണുമായി ബന്ധപ്പെട്ട് എനിക്ക് പല മീറ്റിംഗുകളിലും പങ്കെടുക്കേണ്ടി വന്നു. പലരുമായി ഇടപെടേണ്ടി വന്നു. ബാങ്കിൽ കയറിയിറങ്ങേണ്ടി വന്നു. അതെ ഞാൻ മാറുകയായിരുന്നു. ഒരു വ്യക്തി എന്ന നിലയിൽ....ഒരു സ്ത്രീയെന്ന നിലയിൽ....... എനിക്ക് വഴിയിൽ വെച്ച് നഷ്ടപ്പെട്ടു പോയ എന്റെ വ്യക്തിത്വം ഞാൻ തിരിച്ചു പിടിക്കുകയായിരുന്നു. കാരുണ്യത്തിന്റെ നീരുറവ എന്നിലേക്ക് ഞാനറിയാതെ ഒഴുകുകയായിരുന്നു.

എന്റെ കുടുംബശ്രീക്ക് അഞ്ചുവയസ്സു കഴിഞ്ഞു. ഇന്ന് ഞാൻ പ്ലസ്ടു ടീച്ചറാണ്. മാനേജറിന്റെ മുമ്പിൽ നിസ്സഹയായി നിന്നിരുന്ന വെറുമൊരു പെണ്ണിൽ നിന്ന് ഏ.ഡി.എസ്സായും സി.ഡി.എസ്സായും ഞാൻ ഉയർന്നു. അതുവഴി സമൂഹത്തിലെ

പല ഉന്നത വ്യക്തികളും എന്റെ സുഹൃത്തുക്കളായി. ഇന്ന് ബാങ്കിൽ ചെല്ലുമ്പോൾ മാഡം ഇരിക്കൂ..എന്നു എന്നോട് മാനേജർ പറയുന്നുണ്ടെങ്കിൽ എനിക്കത് സമ്മാനിച്ചത് എന്റെ കുടുംബശ്രീയാണ്.

കാരുണ്യം വാക്കുകളിലല്ല പ്രവൃത്തിയിലാണ് വേണ്ടതെന്ന് എനിക്ക് പഠിപ്പിച്ചു തന്നു. അതിന്റെ മാനസിക സംതൃപ്തി എന്താണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു. ഒരു കാലത്ത് കുടുംബശ്രീയുടെ കാര്യം പറഞ്ഞാൽ മുഖം ചുളിച്ചിരുന്ന കുറെ ആൾക്കാർ ഇപ്പോൾ അവരെ അതിൽ അംഗങ്ങളാക്കുവാൻ എന്നോട് ആവശ്യപ്പെടുന്നു. അതിനു കാരണം ഞങ്ങൾ തുടങ്ങിവെച്ച സംരംഭങ്ങളാണ്. ഒരു ടൈലറിങ്ങ് സെന്ററും സ്റ്റേഷനറി കടയും വിജയകരമായി മൂന്ന് വർഷം പിന്നിടുകയാണ്....അതിലൂടെ സ്വന്തമായി ചെറിയൊരു നിക്ഷേപം ഉണ്ടാക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു.

ഒരു ദിവസം ഞാൻ ക്ലാസ്സു കഴിഞ്ഞ് നടന്നു വരികയായിരുന്നു. നടുറോഡിൽ വെച്ച് ഒരു സ്ത്രീ എന്നെ കെട്ടിപിടിച്ച് കരഞ്ഞു....എനിക്കു വേണ്ടി കുറെ പ്രാർത്ഥിച്ചു. എന്താണു സംഭവമെന്ന് ആദ്യം എനിക്കു മനസ്സിലായില്ല. ആൾക്കാർ മൊത്തം ശ്രദ്ധിക്കുന്നു. അവർ പറഞ്ഞപ്പോഴാണ് അവരുടെ എന്തോ കാര്യം ഞാൻ ശരിയാക്കി കൊടുത്തിരുന്നു എന്നു ഓർമ്മ വന്നത്. എനിക്ക് മറന്നുപോയ കാര്യം അവരുടെ മനസ്സിൽ മായാതെ നിലനിന്നുവെങ്കിൽ, എനിക്കാ പ്രാർത്ഥന ലഭിച്ചെങ്കിൽ അതിനു കാരണം ഈ മഹത്തായ പ്രസ്ഥാനം തന്നെയാണ്.

അനുഭവങ്ങൾ......അത് അവസാനിക്കാത്ത പ്രതിഭാസമാണ്. അത് ഇന്നും തുടർന്നു കൊണ്ടേയിരിക്കുന്നു. പരിഹാസങ്ങൾ, കുറ്റപ്പെടുത്തലുകൾ, അപമാനങ്ങൾ.......പട്ടികയിൽ ഇവയും ഇല്ലാതില്ല.

വേണ്ട; ഇതിവിടെ അവസാനിക്കട്ടെ. എന്നെ തളർത്തിക്കളഞ്ഞ പല സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം മറവിയുടെ മൂടുപടം കൊണ്ട് മൂടട്ടെ. കണ്ണുനീർ പൊഴിക്കുന്നത് ലജ്ജാകരമല്ലെന്ന ലിങ്കന്റെ വാക്കുകൾ ഓർത്തുകൊണ്ട് ഞാനാ കണ്ണുനീർ തുള്ളികൾ നെഞ്ചോട് ചേർക്കുകയാണ്. ഇന്നലെയുടെ കയ്പ് ഓർത്തു വെക്കുന്നത് നാളെയുടെ മധുരത്തെ ഇല്ലാതാക്കും. അത് കൊണ്ട് ആ കയ്പുനീർ താളുകൾ നമുക്ക് അടർത്തി മാറ്റാം, നാളെയുടെ മധുരത്തിനായി കാത്തിരിക്കാം.

**ആയിഷത്ത് ഫർസാന,**
തവക്കൽ കുടുംബശ്രീ
പതിനേഴാം വാർഡ്, അജാനൂർ

# സമഗ്രവികസനത്തിന് നാന്ദികുറിച്ച കുടുംബശ്രീ

കേരളത്തിന്റെ വികസന ചരിത്രത്തിൽ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന കുടുംബശ്രീ എന്ന മഹാപ്രസ്ഥാനം അതെന്റെ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ, അനുഭവങ്ങൾ കുറച്ചൊന്നുമല്ല. പറഞ്ഞാലും എഴുതിയാലും തീരാത്ത അത്രയും ഒരു പാടൊരുപാട്..........................

ഒരു യാഥാസ്ഥിക മുസ്ലീം കുടുംബത്തിലെ അംഗമായ എനിക്ക് ചെറുപ്പം മുതൽക്കേ കഷ്ടപ്പാടു നിറഞ്ഞ ജീവിതമായിരുന്നു. 5 വയസ്സുള്ളപ്പോൾ എന്റെ ഉപ്പ മരിച്ചു. പിന്നെ എന്റെ ഉമ്മയും സഹോദരന്മാരും വളരെയധികം കഷ്ടപ്പെട്ടാണ് കുടുംബം നോക്കിയിരുന്നത്. സഹോദരന്മാർ പഠിത്തം നിർത്തി ജോലിക്കു പോയി തുടങ്ങി. വളരെയധികം കഷ്ടപ്പെട്ട് ഞാൻ പഠിച്ചെങ്കിലും പി.ഡി.സി. പൂർത്തിയാക്കാൻ കഴിഞ്ഞില്ല. സ്വന്തമായി ഒരു വരുമാനം ഉണ്ടാവണമെന്ന് എനിക്കു തോന്നിയതുകൊണ്ടാണ് ഞാൻ ടൈലറിംഗ് ജോലി പഠിച്ചത്. അതിൽ നിന്നും ചെറിയ വരുമാനം ഉണ്ടാവാൻ തുടങ്ങിയപ്പോഴാണ് 2001-ൽ കുശവൻകുന്ന് കുടുംബശ്രീയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടത്. വല്ലാത്ത പേടിയും പരിഭ്രമവും ആയിരുന്നു എനിക്ക്. അപ്പോൾ അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ദേവിയേച്ചി എനിക്കു കാര്യങ്ങൾ പറഞ്ഞുതന്നു. അയൽവക്കത്തെ കുടുംബശ്രീയിൽ അംഗങ്ങളായ എല്ലാവരും എനിക്കു ധൈര്യം നൽകുകയും ചെയ്തു.

2004-ൽ ഞാൻ ഏ.ഡി.എസ്. പ്രസിഡണ്ടായി അപ്പോഴാണ് കുടുംബശ്രീയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ചും, പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ അറിയാനും പഠിക്കാനും സാധിച്ചത്. കുടുംബശ്രീ പ്രവർത്തനം എനിക്ക് സമൂഹത്തിൽ ഇറങ്ങിച്ചെല്ലാനും ഒരുപാട് ആളുകളുമായി പരിചയപ്പെടാനും അവരുടെ വിഷമങ്ങളും കഷ്ടപ്പാടുകളും മനസ്സിലാക്കി അവരെ സഹായിക്കാനും അവർക്ക് അർഹതപ്പെട്ട ധനസഹായം വീട്, വീട് പുതുക്കൽ, കക്കൂസ് തുടങ്ങി വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങിച്ചു കൊടുക്കാനും കഴിഞ്ഞു. മറ്റു പല ആവശ്യങ്ങൾക്കു വേണ്ടി പല ഓഫീസുകളിലും ഞാൻ കയറിയിറങ്ങിയിട്ടുണ്ട്. ഇതനൊക്കെ എനിക്കു ധൈര്യം കിട്ടിയത് കുടുംബശ്രീ എന്ന മഹാപ്രസ്ഥാനത്തിലൂടെയാണ്. കുറച്ച് പേരുടെ മുമ്പിൽ നിന്ന് സംസാരിക്കാൻ ചമ്മലായിരുന്ന എനിക്ക് ഇന്ന് ഒരുപാട് ആൾക്കാരുടെ മുമ്പിൽ സംസാരിക്കാനുള്ള കഴിവ് കിട്ടിയത് കുടുംബശ്രീ പ്രവർത്തനത്തിലൂടെയാണ്.

പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന്റെ ഭാഗമായി റിസോഴ്സ് ടീമംഗമായി പർത്തിക്കാനും അതുവഴി വികസന പ്രശ്നങ്ങൾ, ആവശ്യങ്ങൾ, പ്രാദേശിക വിഭവങ്ങൾ എന്നിവയിൽ പങ്കാളിത്ത പഠനം, സ്ത്രീകളുടെ സുരക്ഷിതത്വവും പഞ്ചായത്തിന്റെ പുരോഗതിയും ലക്ഷ്യം വെച്ച് ജാഗ്രതസമിതി രൂപീകരണം എന്നിവയെ കുറിച്ച് പഠനം നടത്താനും ആൾക്കാരുമായി നല്ലൊരു ബന്ധം സ്ഥാപിക്കാനും സാധിച്ചു. വീട്ടിൽ ഒതുങ്ങികൂടിയിരുന്ന എന്റെ 5വർഷത്തെ കുടുംബശ്രീ പ്രവർത്തനം എന്നെ ആകെ മാറ്റി മറിച്ചു.

2006-ജൂൺ 6-ാം തീയതി ഞാൻ സി.ഡി.എസ്. ചെയർപേഴ്സനായി. അന്ന് മുതൽ എനിക്ക് ഒരുപാട് പ്രശ്നങ്ങൾ.....രാവിലെ വീട്ടിൽ നിന്നും ഇറങ്ങിയാൽ സന്ധ്യയാവും വീട്ടിലെത്താൻ. അതൊക്കെ വീട്ടിൽ പ്രശ്നമായി. ഇതുകാരണം ഒരുപാട് പ്രശ്നങ്ങൾ....ഒന്നും ഞാൻ ചെവികൊണ്ടില്ല. എന്റെ മനസ്സുനിറയെ രോഗം ബാധിച്ചവർ, സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർ ഇതൊക്കെ സത്യത്തിൽ എന്നെ ജീവിതം എന്താണെന്ന് പഠിപ്പിച്ചു. അതുകൊണ്ടുതന്നെ പഞ്ചായത്തിന്റെ തീരദേശ മേഖലയിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ കുടുംബശ്രീ അംഗങ്ങളാക്കുകയും അതുവഴി അവരുടെ കുടുംബത്തിന്റെ കണ്ണീരൊപ്പാനും സാധിച്ചു. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും നാടിന്റെ വികസനപ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഗ്രാമസഭകളിൽ സജീവമായി പ്രവർത്തനം നടത്തുന്നതിന് സഹായിക്കുകയും ചെയ്തു.

ജാതി-മത-കക്ഷി-രാഷ്ട്രീയങ്ങൾക്കതീതമായി സ്ത്രീശാക്തീകരണത്തിനു വേണ്ടി ഞാൻ വിശ്രമമില്ലാതെ പ്രവർത്തിച്ചു. പഞ്ചായത്തിലെയും മറ്റും വികസന ചർച്ചകളിൽ സജീവമായി പങ്കെടുത്തു. കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ചു. ഇതിന് എനിക്ക് പ്രചോദനമായത് 2006-ൽ കുടുംബശ്രീ ജില്ലാമിഷൻ ഉദുമ എരോൽ പാലസിൽ വെച്ച് നടത്തിയ ഏക്സത്ത് പരിശീലനമാണ്. അന്ന് ആദ്യമായിട്ടാണ് വീട് വിട്ട് പുറത്തുപോവുന്നത്. അതിന്റെ ഭാഗമായി വീട്ടിൽ പ്രശ്നങ്ങൾ...പിന്നെ പിന്നെ എന്റെ വീട്ടുകാർ എന്നെ പ്രോത്സാഹിപ്പിച്ചു. സി.ഡി.എസ്. ചെയർപേഴ്സനായി ആദ്യത്തെ ഒരു വർഷത്തെ പ്രവർത്തനം കൊണ്ട് കുടുംബശ്രീ എണ്ണവും അതുപോലെ തന്നെ അംഗങ്ങളുടെ എണ്ണവും അതുവഴി അവരുടെ വരുമാനവും വർദ്ധിപ്പിക്കാനും സാധിച്ചു. മക്കളുടെ വിദ്യാഭ്യാസത്തിന്, വിവാഹാവശ്യത്തിന്, വീടുപണി പൂർത്തിയാക്കുന്നതിന് ചികിത്സ ചിലവിനു കഷ്ടപ്പെട്ടിരിക്കുന്ന അമ്മമാർക്ക്, സഹോദരിമാർക്ക് താങ്ങായി 250-ൽ പരം കുടുംബശ്രീക്ക് ലിങ്കേജ് വായ്പ 80 ഭവന വായ്പ 432 ഗ്യാസ്കണക്ഷൻ, പാട്ടകൃഷി ഇന്റൻസീവ് ഉൽപ്പന്നങ്ങളുടെ വിപണനം സുഗമാ

ക്കുന്നതിന് ഓണചന്തകൾ, മാസചന്തകൾ, വിഷുചന്തകൾ, ക്രിസ്സ് ഫെയർ എന്നിവ സംഘടിപ്പിച്ചുകൊണ്ടും കുട്ടികളുടെ കലാകായിക സാംസ്കാരിക പരിപാടികളെ പ്രോത്സാഹിക്കുന്നതിനും കുട്ടികൾക്ക് അറിവും വിജ്ഞാനവും പ്രദാനമാക്കുക എന്ന ലക്ഷ്യത്തോടെ ബാലപഞ്ചായത്ത് രൂപീകരിക്കുകയും സഹവാസ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തു.

ഇത്തരം പ്രവർത്തനങ്ങൾക്കൊക്കെ നേതൃത്വം കൊടുക്കുമ്പോഴും അതിനപ്പുറം എന്നെ കൂടുതൽ കൂടുതൽ പ്രവർത്തിക്കാൻ പ്രേരിപ്പിച്ചത് ദരിദ്രരിൽ ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനായുള്ള ആശ്രയപദ്ധതി പരസ്പരം ഒന്നു സഹായിക്കാൻ പോലുമില്ലാത്തവർ പല രോഗത്തിന് അടിമയായവർ, സംസാരിക്കാൻ പറ്റാത്തവർ കാഴ്ചശേഷി ഇല്ലാത്തവർ, അച്ഛനമ്മമാർ നഷ്ടപ്പെട്ട കുട്ടികൾ ഇതൊക്കെ എന്നെ വേദനിപ്പിച്ചു. 28അഗതികുടുംബങ്ങളാണ് പഞ്ചായത്തിലുണ്ടായിരുന്നത്. ഇവരെ മാസംതോറും കാണാൻ ഞാൻ പോവുമായിരുന്നു. ഇന്നും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുകയാണ്. കുടുംബശ്രീ പ്രവർത്തനത്തിലെ ഇത്തരം ദുരിത അനുഭവങ്ങൾ എന്നെ ജീവിതം എന്താണെന്ന് പഠിപ്പിച്ചു.

അഗതി കുടുംബങ്ങളെ കുറിച്ച് ഓർക്കുമ്പോൾ ആദ്യം ഓർമ്മ വരുന്നത് തമ്പായിയേട്ടയെയും മീനാക്ഷിയേട്ടിയുമാണ്. അസുഖം കൂടുതലായി ബാധിച്ച് അവർ കിടപ്പിലായപ്പോൾ അവരുടെ വീട്ടിൽ പോയി അവരെ സഹായിച്ച് ഒരു താങ്ങായി ആശ്വസിപ്പിച്ചു. ഇതൊക്കെ എന്റെ ജീവിതത്തിൽ മറക്കാനാവാത്ത നിമിഷങ്ങളാണ്. സംസാരിക്കാൻ പറ്റാത്ത ഒരമ്മയും മകളും. ആംഗ്യം കാണിച്ച് അവരുടെ വിഷമങ്ങൾ പറയുമ്പോൾ ആദ്യമൊക്കെ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. പക്ഷെ ഇപ്പോൾ ഞാനതു പഠിച്ചു. അവരെ ആശ്വസിപ്പിക്കാനും, സാന്ത്വനിപ്പിക്കാനും ഞാനിന്ന് സമയം കണ്ടെത്തുന്നു. അവർക്ക് വീട്, സ്വയംതൊഴിൽ ചെയ്യുന്നതിന് തയ്യൽമെഷീൻ എന്നിവ നൽകാൻ കുടുംബശ്രീ പദ്ധതിയിലൂടെ നൽകാൻ സാധിച്ചതിൽ ഞാൻ സന്തോഷവതിയാണ്. ഇന്ന് എന്റെ സമ്പാദ്യം എന്നു പറയുന്നത്. എന്റെ സഹപ്രവർത്തകരും സുഹൃത്തുക്കളുമാണ്. നെഹ്റു യുവകേന്ദ്രയും കുടുംബശ്രീയും സംയുക്തമായി നടത്തിയ താഹപദ്ധതിയുടെ ഭാഗമായി ഞാനും സി.ഡി.എസ്. മെമ്പറുമായ സുജാതയേച്ചിയും കൂടി കാഞ്ഞങ്ങാട് ചെമ്മട്ടംവയലിൽ പ്രവർത്തിക്കുന്ന പ്രത്യാശ കേന്ദ്രത്തിൽ പോയി ആദ്യമായിട്ടാണ് എച്ച്.ഐ.വി. ബാധിച്ചവരെ കാണുന്നതും സംസാരിക്കുന്നതും. ചെറിയൊരു പേടി എനിക്കും സുജാതയേച്ചിക്കും തോന്നിയെങ്കിലും പിന്നീടത് മാറി. അവർ ഈ അവസ്ഥയിലെത്തിയതിന്റെ കാരണം അറിഞ്ഞപ്പോൾ അതിൽ പത്തിരുപത് വയസ്സായ ഒരു മുസ്ലീം പെൺകുട്ടി ഉണ്ടായിരുന്നു. അന്യനാട്ടിൽ നിന്നും വന്ന ഒരാളെ വീട്ടുകാരുടെ നിർബന്ധംകൊണ്ട് കല്ല്യാണം കഴിച്ചതുകൊണ്ട് ആകുട്ടിക്ക് ഈ അവസ്ഥ വന്നു എന്നറിഞ്ഞപ്പോൾ വല്ലാത്ത വിഷമം തോന്നി. അവർ ഓരോരുത്തരും അവരുടെ അനുഭവങ്ങൾ ഞങ്ങൾക്കു മുന്നിൽ തുറന്നു. ഉദ്യോഗസ്ഥരും മറ്റും ഞങ്ങളെ കാണാൻ വരാറുണ്ട്. ആദ്യമായിട്ടാണ് കുടുംബശ്രീ പ്രവർത്തകർ

ഞങ്ങളെ കാണാൻ വരുന്നതെന്നും പറഞ്ഞപ്പോൾ അവരുടെ കണ്ണുനിറയുന്നത് ഞങ്ങൾ കണ്ടു. അവരോടൊപ്പം ഇരുന്ന ചായ കുടിച്ചതിനു ശേഷമാണ് ഞങ്ങൾ മടങ്ങിയത്. ആ ഒരു കൂടികാഴ്ച എന്റെയും സുജാതയേച്ചിയുടെയും മനസ്സിൽ ഇപ്പോഴും മായാതെ നിറഞ്ഞു നിൽക്കുന്നു

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ നേട്ടങ്ങൾ ഉണ്ടാക്കുമ്പോഴും വഴിയിൽ ഉണ്ടായ മുള്ളുകളൊന്നും വക വെക്കാതെ എന്നെ ഇവിടം വരെ എത്താൻ സഹായിച്ച വർ അന്നത്തെ ഡി.എം.സി. മുഹമ്മദ് സാർ, ഏ.ഡി.എം.സി. നിസാർ സാർ, പഞ്ചായത്തു സെക്രട്ടറി ഗോവിന്ദൻ സാർ, എന്റെ സഹപ്രവർത്തകർ നല്ലവരായ നാട്ടുകാർ എല്ലാവരും എന്നോടൊപ്പം കൂട്ടായ പ്രവർത്തനത്തിന് ആക്കംകൂട്ടി.

2007-ൽ എനിക്ക് കാസറഗോഡ് ജില്ലയിലെ ബെസ്റ്റ് സി.ഡി.എസ് ചെയർപേഴ്സനുള്ള അംഗീകാരം 2008-ൽ ബെസ്റ്റ് സി.ഡി.എസിനുള്ള അംഗീകാര സർട്ടിഫിക്കറ്റ് കിട്ടി. അന്നത്തെ ധനമന്ത്രി ബഹു:തോമസ് ഐസക്ക് സാറിൽ നിന്ന് അതു ഏറ്റുവാങ്ങുമ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി 2010-ൽ ജില്ലയിലെ ബെസ്റ്റ് 3 സി.ഡി.എസിൽ മൂന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞതും 50,000/-രൂപ സി.ഡി.എസിന് പാരിതോഷികമായി ലഭിച്ചതും എന്റെ പ്രവർത്തനത്തിന് ഒരു മുതൽകൂട്ടായി കരുതുന്നു. മാത്രമല്ല ഇന്ന് എന്റെ പ്രവർത്തനത്തിൽ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും എന്റെ വീട്ടുകാരും ഭർത്താവും മോനും എന്നോടൊപ്പമുണ്ട്. എന്റെ മോന് ഇപ്പോൾ രണ്ട് വയസ്സ്. അവന് 9മാസം പ്രായമുള്ളപ്പോൾ ആണ് 2011-ൽ തിരുവനന്തപുരം സി.ഡി.എസ്. ചെയർപേഴ്സന്മാരുടെ സംഗമത്തിൽ 3ദിവസം ഞാൻ പങ്കെടുത്തത്. അതൊക്കെ മറക്കാൻ പറ്റുമോ? കാസറഗോഡ് ജില്ലയ്ക്ക് പുറത്തുപോവാൻ തന്നെ എനിക്ക് അവസരം കിട്ടിയത് കുടുംബശ്രീ പ്രവർത്തനമാണ്. പരിശീലനത്തിന് കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ ജില്ലയിലെ കില യിൽ പോവാൻ കഴിഞ്ഞതും നിയമസഭ മന്ദിരം സന്ദർശിക്കാനും മന്ത്രിസഭ യോഗം ചേരുന്നതു കാണാനും എനിക്ക് അവസരമുണ്ടായി. അതുമാത്രമല്ല ഒറ്റയ്ക്ക് യാത്രചെയ്യാനുള്ള ധൈര്യം ഏത് പ്രതിസന്ധിയിലും തളരാതെ മുന്നോട്ട് പോവാനുള്ള കരുത്ത്, സ്വന്തമായി വണ്ടി ഓടിക്കാനുള്ള ഡ്രൈവിംഗ് പഠിക്കാനുള്ള ധൈര്യം ഒക്കെ എനിക്കിന്ന് ലഭിച്ചത് കുടുംബശ്രീ എന്ന മഹാപ്രസ്ഥാനത്തിലൂടെയാണ്. ഇനിയും ഒരുപാട് ഉയരങ്ങൾ കുടുംബശ്രീ പ്രസ്ഥാനത്തിനു ഉണ്ടാവട്ടെഎന്നു ആശംസിച്ചുകൊണ്ട് സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്ന സ്ത്രീസമൂഹത്തിന് ഒരു താങ്ങായി തണലായി കുടുംബശ്രീ പ്രസ്ഥാനം എന്നുമുണ്ടാവട്ടെ എന്നാശംസിച്ചുകൊണ്ട്

**റഷീദ.കെ**
കുശവൻകുന്ന് കുടുംബശ്രീ
അജാനൂർ പഞ്ചായത്ത്.

## എന്റെ അനുഭവക്കുറിപ്പ്

**പ**നത്തടി ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ ഒരു കുടുംബശ്രീ അംഗമാണ് ഞാൻ. അംഗൺവാടി ഹെൽപ്പറായി ജോലിചെയ്യുന്നു. ഞാനിന്ന് കുടുംബശ്രീയിൽ ചേർന്നിട്ട് 3 വർഷത്തോളമായി. എല്ലാത്തരത്തിലും എനിക്ക് കുടുംബശ്രീ സഹായ സഹകരണങ്ങൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഞാൻ അത്രത്തോളം ഇതിന്റെ ഭാരവാഹികളോട് കടപ്പെട്ടിരിക്കുന്നു. എന്നാലും ഒരു കാലത്ത് കുടുംബശ്രീ ഒരു ദു:ഖശ്രീയുടെ ചിത്രമായിരുന്നു എന്റെ മനസ്സിൽ.കാരണം ഇതിൽ നിന്നുണ്ടായ ഒരു അനുഭവം തന്നെയാണ്.ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല.അന്നത്തെ അവസ്ഥയും പ്രവർത്തനവും എന്റെ ഭാഗത്തെ ഒരു വീഴ്ചയാണ്.ആദ്യമായി കുടുംബശ്രീ കൂടിയ വർഷം എന്റെ വീടിന്റെ പ്രദേശത്ത് നിന്നും കുറച്ചു ദൂരെ മാറിയാണ് ഞാൻ കുടുംബശ്രീയിൽ ചേർന്നത്.അടുത്തു ചേർന്ന കുടുംബശ്രീയിൽ 20 അംഗങ്ങളും തികഞ്ഞിരുന്നു. 5 രൂപമുതലാണ് നിക്ഷേപം സ്വീകരിച്ചിരുന്നത്. സ്ഥിരമായി തൊഴിലോ വരുമാനമോ ഇല്ലാത്ത എനിക്ക് ഭാരം തന്നെയായിരുന്നു. കുടുംബശ്രീയിൽ നിന്നും നിക്ഷേപമനുസരിച്ചു മെമ്പർമാർക്ക് ലോൺ നൽകിയിരുന്നു. പല ആവശ്യത്തിനായി ഞാനും ലോൺ എടുത്തു. തുടർന്നു സാമ്പത്തിക ബുദ്ധിമുട്ടുകൾ ഓരോന്നായി ഞങ്ങളുടെ മേൽ പതിച്ചുകൊണ്ടിരുന്നു. ദാരിദ്ര്യം കൊണ്ട് പൊറുതിമുട്ടിയ നിമിഷങ്ങൾ. എല്ലാ യോഗത്തിലും എനിക്ക് പങ്കെടുക്കാൻ സാധിച്ചില്ല. സാമ്പത്തികവും ദൂരവും ഒരു പ്രശ്നമായി പതിയെ വായ്പ തവണയും പലിശയും മുടങ്ങി. ലോണിന്റെ കാലാവധി വരെ കഴിഞ്ഞു. കുടുംബശ്രീ ഭാരവാഹികൾ എനിക്ക് പലതവണ അറിയിപ്പ് തന്നു. എനിക്ക് തിരിച്ചടയ്ക്കാൻ സാധിച്ചില്ല. പലതരത്തിലുള്ള ആക്ഷേപങ്ങളും അവഗണനകളും എന്റെ മേൽ പതിച്ചു. തീർത്തും യോഗത്തിൽ പങ്കെടുക്കാൻ പറ്റാത്ത മാനസികമായ അവസ്ഥ വന്നു. കുടുംബശ്രീ എ.ഡി.എസ്. ഭാരവാഹികൾ വീട്ടിലേക്കെത്തി പലിശയടക്കം മുതൽ നിക്ഷേപത്തിൽ നിന്നും കഴിച്ച് ബാക്കിതുക അടയ്ക്കാൻ അവധി വച്ചു. പറഞ്ഞ അവധിക്ക് വീട്ടുകാർ സഹായിച്ച് ഞാൻ തുകയടച്ച് കുടുംബശ്രീയിൽനിന്നും പിരിഞ്ഞു. കുടുംബശ്രീ യൂണിറ്റിന്റെ പ്രവർത്തനവും അതിന്റെ കൃത്യനിഷ്ഠയും കൃത്യമായി യോഗത്തിൽ പങ്കെടുക്കാതിരുന്നതുകൊണ്ട് എനിക്ക് അറിയുമായിരുന്നില്ല. പിന്നെ എന്റെ മനസ്സിലും സാധാരണ കൂടാറുള്ള സംഘങ്ങളെല്ലാം പൂർത്തിയാകാതെ നടക്കാതെ പിരിഞ്ഞുപോകുന്ന അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. പക്ഷെ പിന്നീട് എനിക്ക് എന്റെ പോരായ്മകൾ മനസ്സിലാക്കാൻ കഴിഞ്ഞു. വ്യക്തിപരമായല്ല അവരെല്ലാം എന്നോട് കാര്യങ്ങൾ പറഞ്ഞത് എന്നും യൂണിറ്റിനുവേണ്ടിയാണെന്നും മനസ്സിലാക്കി. ഞാൻ വീണ്ടും കുടുംബശ്രീയിൽ അംഗമാകാൻ തീരുമാനിച്ചു. വർഷങ്ങൾക്കുശേഷം ഞാൻ വീണ്ടും അടുത്തുള്ള കുടുംബശ്രീയിൽ

കൂടി പ്രവർത്തിക്കുന്നു. കുടുംബശ്രീയുടെ വാർഡ് തല യോഗങ്ങൾക്കും മറ്റും പങ്കെടുക്കാറുണ്ട്. എന്റെ മക്കളുടെ കല്യാണം, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കുടുംബശ്രീ എന്നെ സഹായിച്ചിട്ടുണ്ട്. എന്നാലും കഴിഞ്ഞ കാലത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ആ ദിവസങ്ങൾ എനിക്ക് മറക്കാനാകില്ല.

ഒരു സാധാരണ കുടുംബത്തിൽ ജനിച്ചുവളർന്ന ഞാൻ പി.ഡി.സി. യോടെ വിദ്യാഭ്യാസം പൂർത്തിയാക്കി. തൊഴിലധിഷ്ഠിത കോഴ്സ് എന്തെങ്കിലും പഠിക്കണമെന്നും ഒരു ജോലി നേടണമെന്നുമൊക്കെ എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. അമ്മയും രണ്ടു പെൺകുട്ടികളുമടങ്ങുന്നതായിരുന്നു ഞങ്ങളുടെ കുടുംബം. വളരെ കഷ്ടപ്പെട്ടാണ് ഞങ്ങൾ ജീവിച്ചിരുന്നത്. രണ്ടുപേരുടേയും വിദ്യാഭ്യാസം ഒരുപോലെ തുടർന്നുകൊണ്ടുപോകാൻ സാമ്പത്തികം ഞങ്ങളെ അനുവദിച്ചില്ല. അങ്ങനെ എന്റെ വിവാഹം നടന്നു. ഭർത്താവിന് കൂലിപ്പണിയാണ്. കുടുംബജീവിതം ആരംഭിച്ചു. ഭർത്താവിന്റെ കുടുംബത്തിൽ കടബാധ്യതകളേറെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ സാമ്പത്തികമായി ഞങ്ങൾ വളരെ കഷ്ടപ്പാടും ദുരിതങ്ങളും അനുഭവിച്ചുകൊണ്ടേയിരുന്നു. 2006ൽ ഞങ്ങളുടെ അടുത്തുള്ള കുടുംബശ്രീയിൽ ചേർന്നത് ഇരുപത് പേരിൽ ഒരാൾ പരിഞ്ഞുപോയ ഒഴിവിലാണ്. അന്ന് 10 രൂപയാണ് നിക്ഷേപം സ്വീകരിച്ചിരുന്നത്. ഒരാളുടെ മാത്രം വരുമാനമാർഗ്ഗത്തിൽ ജീവിക്കുന്ന ഞാൻ വല്ലപ്പോഴും മാത്രമായിരുന്നു യോഗത്തിൽ നിക്ഷേപം വെച്ച് പങ്കെടുക്കാറുണ്ടായിരുന്നത്. ആയിടയ്ക്കാണ് കുടുംബശ്രീ പശുവളർത്തലിനായി ബാങ്കിൽ നിന്നും ലോണെടുക്കാൻ തീരുമാനിച്ച വിവരം എന്നെ അറിയിച്ചത്. 10 പേർക്കാണ് ലോൺ നൽകുന്നത്. ഞങ്ങളുടെ സെക്രട്ടറിയുടെ നിർബന്ധപ്രകാരം ഞാനും അപേക്ഷനൽകി. രണ്ട് പശുക്കളെ വാങ്ങാനായിട്ടാണ് ലോൺ ലഭിച്ചത്. ഇത് ഞങ്ങളുടെ ജീവിതത്തിൽ ഒരുവഴിത്തിരിവായി. എന്നുതന്നെ പറയാം. തുടർന്ന് ഞങ്ങൾക്ക് 5 പശുവരെയായി. ജോലിഭാരം കൂടുതലായിരുന്നെങ്കിലും ഇതിൽനിന്നുള്ള ചെറിയലാഭം ഞങ്ങളുടെ ജീവിതം പതിയെ പച്ചപിടിപ്പിച്ചുതുടങ്ങി. ലോൺ കൃത്യമായി അടച്ചുകഴിഞ്ഞു. പിന്നീട് സജീവമായി കുടുംബശ്രീയിൽ തുടർന്ന് എന്നെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. പിന്നീട് പഞ്ചായത്തിൽ നിന്നും അന്നത്തെ ഞങ്ങളുടെ വാർഡ് സി.ഡി.എസ്. മെമ്പറുടെ നേതൃത്വത്തിൽ മേറ്റ് പരിശീലനം ലഭിച്ചു. ഞാനിന്ന് തൊഴിലുറപ്പ് പദ്ധതിയിൽകൂടി പണിക്ക് പോകുകയും കൂടെ തയ്യലും നടത്തിവരുന്നു. സ്വന്തമായി വരുമാനവും അതനുസരിച്ചുള്ള സമ്പാദ്യവുമായി. കുടുംബശ്രീ പ്രവർത്തനത്തിലൂടെ ധാരാളം അറിവുകളും പരിശീലനക്ലാസ്സുകളും അതിലൂടെ നല്ല അനുഭവങ്ങളും ലഭിച്ചു. സമൂഹവുമായും പഞ്ചായത്തുമായും അടുത്തിടപഴകാനും സമ്പർക്കം പുലർത്താനും പ്രവർത്തിക്കാനും സാധിക്കുന്നതിൽ ഒരു കുടുംബശ്രീ പ്രവർത്തക എന്ന നിലയിൽ ഞാൻ സന്തുഷ്ഠയാണ്.

**എസ്.കെ. ഓട്ടമല,**
നാലാം വാർഡ് എ.ഡി.എസ്. കുടുംബശ്രീ
പനത്തടി ഗ്രാമപഞ്ചായത്ത്

******

# തീനാളം

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ ആയിറ്റി 1-ാം വാർഡിൽ പേക്കടത്ത് പ്രവർത്തിക്കുന്ന ഐശ്വര്യ കുടുംബശ്രീ.

കുടുംബശ്രീ രൂപീകരണം എന്നത് പല വാർത്തകൾ വഴിയും കേട്ടതിനെ തുടർന്ന് ഞാൻ എന്റെ അയൽവാസികളായ ഒന്നുരണ്ടു പേരോട് കുടുംബശ്രീ രൂപീകരിക്കാം എന്നു പറഞ്ഞു. അവർ പറഞ്ഞത് അകത്ത് നിന്ന് പുറത്ത് ഇറങ്ങാത്തവരാണ് ആര് ചേരും എന്ന്. അങ്ങനെ ഞാനും എന്റെ ഒരു കൂട്ടുകാരിയും ചേർന്ന് ഒരു ഉറച്ച തീരുമാനത്തിൽ പല വീടുകളിലും പോയി അവിടത്തെ സ്ത്രീകളോട് കുടുംബശ്രീയെ കുറിച്ച് പറഞ്ഞപ്പോൾ അവർ പറഞ്ഞത് നിനക്ക് വേറെയൊന്നും പണിയില്ലേ എന്നാണ്. ഞാൻ പറഞ്ഞു അങ്ങനെ പറഞ്ഞാൽ ശരിയാവില്ല നമുക്ക് ഒരു കുടുംബശ്രീ രൂപീകരിക്കാം എന്ന് ഉറച്ച് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 20 പേർ ചേർന്ന് കുടുംബശ്രീ രൂപീകരിച്ചു.

14 വർഷമായി ഐശ്വര്യ കുടുംബശ്രീ പ്രവർത്തിക്കുന്നു. ചില കശപിശകളൊക്കെ ഉണ്ടായാലും സ്ത്രീകളല്ലെ അതൊക്കെ സാധാരണയാണ് എന്നാലല്ലേ ഒരു രസം എന്നൊക്കെ പറഞ്ഞു നല്ല രീതിയിൽ തന്നെ മുന്നോട്ടു പോകുന്നുണ്ട്. ഇപ്പോൾ ഞാൻ പറയുന്നത് ഇതിൽ നിന്ന് ആരെങ്കിലും കൊഴിഞ്ഞു പോകുന്നുണ്ടോ എന്ന് ചോദിച്ചാൽ ഞങ്ങളാരും ഇനി കുടുംബശ്രീയില്ലാതെ ജീവിക്കാൻ പറ്റില്ല എന്നാണ് എല്ലാവരുടേയും പേരിൽ പാസ് ബുക്കിൽ പൈസ ഇടുന്നത് പല കച്ചവടങ്ങളും നടത്തുന്നു. 1 1/4 ലക്ഷം രൂപ വരെ സബ്സിഡി വാങ്ങാൻ കഴിഞ്ഞതും ഒരു അനുഭവം തന്നെയാണ്.

ഞാൻ ഒരു കുടുംബശ്രീ യോഗത്തിൽ വെച്ച് നമുക്കൊരു നെൽകൃഷി നടത്താം എന്നകാര്യം വിശദീകരിച്ചപ്പോൾ ആരും തന്നെ തയ്യാറായില്ല. നിനക്ക് വേറൊന്നും പണിയില്ലേ എന്നാണ് ചോദിച്ചത്. അത് എന്നെ വല്ലാത്ത വിഷമത്തിലാക്കി. അങ്ങനെ ഞാൻ ഉറച്ച തീരുമാനത്തിൽ 5 പേരോട് നിർബന്ധിച്ച് നെൽകൃഷി നടത്താൻ ഗ്രൂപ്പാക്കി. അവര് പറഞ്ഞത് നീ തന്നെ എല്ലാം മുന്നിൽ നിന്നാൽ നമ്മൾ തയ്യാറാണ് എന്നാണ്. നമുക്കൊരു കൈ നോക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ എന്റെ വാർഡിലെ അൽ – അമീൻ കുടുംബശ്രീയിലെ ഒരു അംഗത്തിനോട് കൃഷി സ്ഥലത്തിനെ കുറിച്ച് അന്വേഷിച്ചു. അവർ എന്നോട് ആദ്യം പറഞ്ഞത് എന്നെ കൂടെ കൂട്ടുമെങ്കിൽ ഞാൻ കൃഷിസ്ഥലം തരാം എന്ന്. അങ്ങനെ അവരെ കൂടെ കൂട്ടി 6 പേർ ചേർന്ന ഗ്രൂപ്പാക്കി.

തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിന്റെ നെല്ലറ എന്ന് അറിയപ്പെടുന്ന കുട്ടനാടി പാടശേഖരത്തിൽ 1 1/2 ഏക്കർ സ്ഥലം കൃഷി ചെയ്യാൻ തീരുമാനിച്ചു. സംഘ കൃഷി ഗ്രൂപ്പിൽ ഒരു പേരുനൽകുന്നതിന് ഞാൻ ഒരുപാട് പേരോട് ചോദിച്ചു. ആ സമയത്ത് എന്റെ ചെറി

യച്ഛൻ പറഞ്ഞു എന്തിനാണ് നിങ്ങൾ ഇങ്ങനെ പേരിടാൻ കഷ്ടപെടുന്നത് കുട്ട നാടി എന്ന് തന്നെ പേര് നൽകിക്കോ എന്ന് പറഞ്ഞു. അങ്ങനെ കുട്ടനാടി ജെ എൻ ജി എന്ന് പേര് നൽകി. ഈ പേരിപ്പോൾ കാസർഗോഡ് മുതൽ തിരുവനന്ത പുരം വരെ എത്തിയ ഒരു ജെ എൻ ജി തനെനയാണ് എന്നത് ഒരു മറക്കാൻ പറ്റാത്ത അനുഭവം തന്നെയാണ്.

കുട്ടനാടി പാടശേഖരത്തിൽ ഞങ്ങൾ 6 പേർ ചേർന്ന് കൃഷിയിറക്കാൻ തീരു മാനിച്ചു. തരിശു ഭൂമിയായിരുന്നു. കൃഷി സ്ഥലത്ത് ചെന്നപ്പോൾ അടുത്ത വയലിൽ കൃഷിയിറക്കുന്നവരും നമ്മുടെ വീട്ടുകാരും നമ്മളോട് പറഞ്ഞത് നിങ്ങൾക്ക് വേറൊന്നും പണിയില്ലേ എന്ന്. പെണ്ണ് ഒരുമ്പെട്ടാൽ എന്തും ചെയ്യാൻ കഴിയും എന്ന ഉറച്ച തീരുമാനത്തിൽ നമ്മൾ പ്രായമായ ഒരു അമ്മയിൽ നിന്ന് ഉപദേശം തേടി. അങ്ങനെ 90 ആം നെല്ലാണ് നല്ലത് 90 ദിവലം കൊണ്ട് വിളവെടുക്കാം എന്ന തിന്റെ അടിസ്ഥാനത്തിൽ 90 ാം കൃഷിയുടെ വിത്തിറക്കി.

വിത്തിറക്കി 7 ദിവസം കഴിഞ്ഞതിനുശേഷം കൃഷിയിൽ വെള്ളം കയറ്റാൻ തുടങ്ങണം എന്നു പറഞ്ഞു. എല്ലാവർക്കും മക്കളും കുടുംബവുമായി ജീവിക്കുന്നവ രായതു കൊണ്ട് വെള്ളം കയറ്റുന്നതിന് സമയം കണ്ടെത്താൻ വേണ്ടി കൃഷിപാട ത്തിന്റെ കരയിൽ ഇരുന്ന് ആലോചിച്ചു. വെള്ളം കയറ്റാനുള്ള സമയം എപ്പോഴാണ് എന്ന്. അങ്ങനെ എന്റെ മനസ്സിൽ വന്നത് രാവിലെ 4 മണിക്ക് വന്നാലോ എന്ന് എല്ലാവരും ഒന്നും ഞെട്ടുക തന്നെ ചെയ്തു. നിനക്ക് നല്ല ധൈര്യം തന്നെ 4 മണിക്ക് ഞങ്ങൾ സ്ത്രീകൾ ഇത്ര ദൂരെ വന്നിട്ട് വെള്ളം കയറ്റാനോ എന്ന്. ഞാൻ പറഞ്ഞത് സ്ത്രീ ശാക്തീകരണത്തിന്റെ കാലമാണ് ഇത് അങ്ങനെ പേടിച്ചാൻ ജീവിക്കാൻ കഴിയില്ല എന്ന് പറഞ്ഞ് മനസ്സിലാക്കിയതിന് ശേഷം എല്ലാവരും തീരുമാനിച്ചു. ഞാൻ കൃഷി സ്ഥാലത്തു നിന്നും വന്നിട്ട് എന്റെ ഭർത്താവിനോട് ഞാൻ പറഞ്ഞു ഞാൻ രാവിലെ 4 മണിക്ക് കൃഷിയിൽ വെള്ളം കേറ്റാൻ പോകും എന്ന് പറഞ്ഞപ്പോൾ എന്നോട് പറഞ്ഞത് നിനക്കെല്ലാം മാനസിക രോഗം വന്നോ എന്നാണ്..

രാവിലെ 4 മണിക്കുള്ള അലാറാം വച്ച് ഞാൻ രാവിലെ എണീച്ചു. ഞാൻ ഇത്രകാലമായിട്ടും 4 മണിയെന്ന പുലർച്ച കണ്ടിട്ടില്ല. ഇപ്പോൾ അതും കണ്ടു. ഇത് എന്റെ ഒരു മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ്. ഞാൻ എണീറ്റ് അടുത്ത വീട്ടിലെ കോളിങ് ബെൽ അടിച്ച് അവിടുത്തെ അംഗത്തിനെ വിളിച്ച് നമ്മൾ അടുത്ത വീട്ടിലെ ബെല്ലടിച്ച് അങ്ങനെ എല്ലാവരും കൂടി റോഡിൽ കയറിയപ്പോഴാണ് കണ്ടത് പല പല വീടുകളിലേയും സ്ത്രീകളും പുരുഷന്മാരും റോഡിലൂടെ നടക്കാൻ ഇറങ്ങുന്ന ത്. നമ്മൾ 4 മണി സമയം മുതൽ തിരിച്ചു വരുന്നതു വരെ നാട്ടുകാര്യങ്ങളെ കുറിച്ച് പറഞ്ഞു കൊണ്ടാണ് നടന്നത്. യാതൊരു പരിചയവും ഇല്ലാത്തവരുമായി 3 മാസം വരെ അതായത് വിളവെടുക്കുന്നതുവരെ നല്ല ഒരു കമ്പനിയായി മാറിയത് പറഞ്ഞറി

യിക്കാൻ പറ്റാത്ത ഒരു അനുഭവം തന്നെയാണ്.

ഈ തൊണ്ണൂറു ദിവസത്തിനുള്ളിൽ തന്നെ പച്ചക്കറി കൃഷിയും നടത്തിയിരുന്നു. കുടുംബശ്രീയിൽ അംഗമായി പ്രവർത്തിച്ചതിന് ശേഷം തന്നെ ഞാൻ ആരോഗ്യ വകുപ്പിന്റെ ആശാ വർക്കറായി ജോലി ലഭിച്ചു. കൂട്ടുകുടുംബമായി ജീവിക്കുന്നതാണ്. രാവിലെ 4 മണിക്ക് വെള്ളം കേറ്റാൻ പോയി വന്നിട്ട് വീട്ടിലെ ജോലി കഴിഞ്ഞ് ആശാ വർക്കറുടെ ജോലിക്ക് പോയി വന്നിട്ട് വൈകുന്നേരം പച്ചക്കറിക്ക് വെള്ളമൊഴിക്കാൻ പോകണം അതു കഴിഞ്ഞു വന്നിട്ട് വീട്ടുജോലി ഇങ്ങനെ ഒരു നല്ല രീതിയിലുള്ള വ്യായാമം തന്നെയായിരുന്നു. എന്തോ പറഞ്ഞാൻ തീരാത്ത അനുഭവം തന്നെയാണ്.

രണ്ട് പ്രാവശ്യം കൃഷിയിറക്കിയതിന്റെ ലാഭ വിഹിതം കൊണ്ട് ഞാൻ ഒരു പശുവിനെ വാങ്ങി. പശുവിനെ എങ്ങനെ പോറ്റണം എന്നൊന്നും എനിക്കറിയില്ലായിരുന്നു. എന്തോ വന്നാൽ വന്നപോലെ കാണാം എന്ന് പറഞ്ഞ് തുടങ്ങി. ഇപ്പോൾ നല്ല രീതിയിൽ തന്നെ നടക്കുന്നു. സംഘകൃഷി നടത്തിയതിൽ തൃക്കരിപ്പൂർ പഞ്ചാ.ത്തിൽ നിന്ന് കാസർഗോഡ് ജില്ലയിൽ കുട്ടനാടി സംഘകൃഷിക്ക് ഒന്നാം സ്ഥാനവും തൃക്കരിപ്പൂർ സിഡി എസിൽ നിന്ന് രണ്ട് പ്രാവശ്യം അവാർഡും  കിട്ടിയത് എം കെ എസ് പി പദ്ധതിയിൽ തൃശ്ശൂരിൽ പോകാനുള്ള അവസരം കിട്ടിയതും ജീവിതത്തിൽ തന്നെ ഒരു അനുഭവം തന്നെയാണ്. മക്കളെയും ഭർത്താവിനെയും മറന്ന് ഉമ്മുക്കുൽസുവും ഞാനും തൃശ്ശൂരിൽ ഏതോ ഒരു വീട്ടിൽ 3 ദിവസം താമസിച്ചത് പറഞ്ഞറിയിക്കാൻ കഴിയില്ല. ഞാൻ കൃഷി ചെയ്ത നെല്ലിന്റെ അരിയും ഞാൻ ചെയ്ത പച്ചക്കറിയും കൂട്ടി ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ ഞാൻ എന്റെ ഭർത്താവിനോട് പറയും ഞാൻ ഉണ്ടാക്കിയതാണ്. ഇത് എന്റേതാണ് എന്ന്. അഭിമാനത്തോടെ പറയാനുള്ള മനക്കരുത്ത് എനിക്കിന്ന് ഉണ്ടായത് ഞാൻ കുടുബശ്രീയിൽ വന്നതിന് ശേഷമാണ്. ഇപ്പോൾ കുടുംബശ്രീ സംഘകൃഷി, ആശാ വർക്കർ , കുടുംബ ജീവിതം എല്ലാം ഒന്നിച്ചു കൊണ്ടുപോകാനുള്ള ഒരു മനക്കരുത്ത് തന്നെ എനിക്കിന്ന് ഉണ്ടായിട്ടുണ്ട്.

**കെ.വി.ശോഭന.**

ഐശ്വര്യ കുടുംബശ്രീ,

പേക്കടം 1-ാം വാർഡ്

******

# പെൺകരുത്ത്

ഞാൻ വി.പി.കുഞ്ഞാമി ഒരു യാദാസ്ഥിതിക മുസ്ലിം കുടംബത്തിലാണ് ജനിച്ചത്ണ്. ഭർത്താവ്, മക്കൾ, വീട്ടുജോലികൾ എന്നിവയിൽ ഒതുങ്ങി കൂടി ജീവിച്ചിരുന്ന ഒരാളായിരുന്നു. ഞാൻ അത് കൊണ്ട് തന്നെ പുറം ലോകവുമായി എനിക്ക് പരിചയം ഇല്ലായിരുന്നു. അതിനിടയിലാണ് ഞാൻ എന്റെ അയൽവാസിയിൽ നിന്നും കുടുംബശ്രീയെക്കുറിച്ച് അറിയുന്നത്. ഭർത്താവിനോടും കുട്ടികളോടും പറഞ്ഞപ്പോൾ അതിൽ അംഗമാകാൻ പൂർണ്ണ സമ്മതം മൂളി എന്നെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ ഞാൻ 20 പേർ അടങ്ങുന്ന ഒരു കുടുംബശ്രീയിലെ അംഗമായി. 19-1-2003 9-ാം വാർഡ് മെമ്പർ പി.രാഘവൻ കുടുംബശ്രീ രൂപീകരണ യോഗം ഉൽഘാടനം ചെയ്തു സംസാരിച്ചു. അപ്പോൾ എന്തെന്നില്ലാത്ത സന്തോഷവും ഒപ്പം ഒരു പേടിയും തോന്നി. പേടി തോന്നാൻ കാരണം എനിക്ക് കുടുംബശ്രീയെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. കുടുംബശ്രീയുടെ പ്രവർത്തനവും അതിന്റെ ലക്ഷ്യങ്ങളെയും പറ്റി ശ്രീ.ഇ.വി.ഗണേശൻ ക്ലാസ് എടുത്തപ്പോൾ എനിക്ക് എന്തെങ്കിലുമൊക്കെ ചെയ്യാൻ സാധിക്കും എന്നു തോന്നി. നമ്മുടെ കുടുംബശ്രീ അംഗങ്ങളുടെ നിർദ്ദേശം അനുസരിച്ച് എന്നെ പ്രസിഡണ്ട് സ്ഥാനത്തേക്കും എന്റെ അയൽവാസിയും എന്റെ സുഹൃത്ത് കൂടിയായ വി.പി.പി.ഫൗസിയയെ സെക്രട്ടറി സ്ഥാനത്തേക്കും തെരഞ്ഞെടുത്തു. അങ്ങനെ ഞങ്ങൾ (കുടുംബശ്രീ അംഗങ്ങൾ) എല്ലാവരും ചേർന്ന് കുടുംബശ്രീക്ക് പേരിടാൻ തീരുമാനിച്ചു. അംഗങ്ങൾ വിവിധ പേരുകൾ നിർദ്ദേശിച്ചു. അതിൽ വിന്നേഴ്സ് എന്ന പേര് എല്ലാവർക്കും ഇഷ്ടപ്പെട്ടു. അങ്ങനെ നമ്മുടെ കുടുംബശ്രീക്ക് വിന്നേഴ്സ് എന്ന പേരിട്ടു. കുടുംബശ്രീ യോഗം നടക്കുന്നത് ആഴ്ചയിൽ ഒരു ദിവസം ഒരു കുടുംബശ്രീ അംഗത്തിന്റെ വീട്ടിലാണ്. ഞങ്ങൾ കുടുംബശ്രീയുടെ പേരിൽ തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് കോ-ഓപ് ബാങ്കിൽ എക്കൗണ്ട് തുടങ്ങി.

അതിന്റെ ഇടപാടുകൾ നടത്താൻ പ്രസിഡണ്ടായ എന്നെയും സെക്രട്ടറിയെയും അധികാരപ്പെടുത്തി. കുടുംബശ്രീയുടെ ഭാഗമായി 7-2-2003ൽ ബലിപെരുന്നാൾ പ്രമാണിച്ച് ഓർഡർ പ്രകാരം ഓരോ വീടുകളിലും കോഴിയെ അറുത്തുകൊടുത്തു. കോഴിയെ അറുക്കുന്നതിനായി അയൽവാസികളായ കുറച്ച് ചെറുപ്പക്കാർ ഞങ്ങളെ സഹായിച്ചു. അത് നല്ല ഒരു അനുഭവം എനിക്ക് സമ്മാനിച്ചു. ഏറെ സന്തോഷവും തോന്നി. കുടുംബശ്രീയിലെ ഒരു പാട് പ്രവർത്തനങ്ങളിലൂടെ എനിക്ക് ഒരു പാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ സമൂഹത്തെ അഭിമുഖീകരിക്കാനും സമൂഹവുമായി എങ്ങനെ ഇടപഴകണം എന്നും ഞാൻ പഠിച്ചു. പിന്നീട് 21-2-2003 മുതൽ പലഹാരം ഉണ്ടാക്കി വീടുകളിലും കടകളിലും ഓർഡർ പ്രകാരം കൊടുക്കുവാൻ തുടങ്ങി. ആദ്യമൊക്കെ കുറച്ച് ഓർഡർ മാത്രമേ കിട്ടിയിരുന്നുള്ളുവെങ്കിലും പിന്നീട് ഓർഡറുകൾ കൂടി കൂടി വന്നു. അതിൽ നല്ല ലാഭം കൊയ്യാനും ഞങ്ങൾക്ക് സാധിച്ചു. പിന്നെ തൃക്കരിപ്പൂർ പഞ്ചായത്തിലെ ഗ്രാമസഭ മുൻകൈ എടുത്ത്

കുന്നച്ചേരി എൽ.പി.സ്കൂളിൽ സഹവാസ ക്യാമ്പ് ഉണ്ടായിരുന്നു. അതിൽ ഒരു പാട് കുടുംബശ്രീയോടൊപ്പം നമ്മുടെ കുടുംബശ്രീയും പങ്കെടുത്തു. അതിൽ നിന്നും ഒരു പാട് കാര്യങ്ങൾ ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചു. കുറെ കുടുംബശ്രീ കൾ കൂടി എ.ഡി.എസ്.ൽ രൂപീകരിച്ചു. 14-4-2003ൽ കുടുംബശ്രീ അംഗങ്ങൾ ചേർന്ന് സോപ്പ് വാങ്ങി വിറ്റു. അത് നല്ല വിജയകരമായ പ്രവർത്തനമായിരുന്നു. ഒരു ദിവസം ഹെൽത്ത് ക്ലബ് മുഖേന മഴക്കാല രോഗങ്ങൾക്കെതിരെ ബോധവൽക്കരണ ക്ലാസ് നമുക്ക് ഇടയിൽ നടത്തി. മഴക്കാല രോഗങ്ങളെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ചും ഞങ്ങൾ ബോധവാൻമാരായി. 3-ാംമത് നടന്ന

വിന്നേഴ്സ് കുടുംബശ്രീയുടെ യോഗത്തിൽ ഇന്ത്യയുടെ 52-ാംമത് സ്വാത ന്ത്ര്യദിനം വലിയ പരിപാടികളോടെ ആഘോഷിക്കാൻ തീരുമാനിച്ചു. ശുചിത്വ പരി പാടികൾക്ക് ഞങ്ങൾ മുൻതൂക്കം നൽകി. ഞങ്ങൾ സ്വാതന്ത്ര്യ ദിനം ആഘോഷി ച്ചു. അതിൽ ട്രഷറർ ഹബീപ ഒരു ചെറു പ്രസംഗം അവതരിപ്പിച്ചു. പരിപാടിയിൽ ലഡു വിതരണം നടത്തുകയും ചെയ്തു. ഞാനായിരുന്നു പരിപാടിയിൽ അദ്ധ്യ ക്ഷത വഹിച്ചത്. കുടുംബശ്രീ മുഖേന ചെറിയ ലോണുകൾ കിട്ടിതുടങ്ങിയത് കൊണ്ട് ചെറിയ ചെറിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ തീർത്തും പരിഹരിക്കാൻ കഴിഞ്ഞു. ഗവൺമെന്റിന്റെ തൊഴിലുറപ്പ് പദ്ധതിയിൽ ചേരുകയും ചെയ്തതോടെ ജോലി യൊന്നും ഇല്ലാത്ത വീട്ടമ്മമാർക്ക് ജോലിയും ചെറിയ ശമ്പളവും കിട്ടി. ഒത്തൊരുമി ച്ചുള്ള നമ്മുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു പാട് നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചു. ഞാനും ഒരു അനാദികട തുടങ്ങാൻ തീരുമാനിച്ചത് പ്രകാരം ഒരു മുറി വാടകയ്ക്ക് എടുത്ത് കച്ചവടം തുടങ്ങി. കച്ചവടം പുരോഗമിച്ചുകൊണ്ടിരുന്ന സമ യത്ത് നമ്മുടെ കടയുടെ അരികിൽ മറ്റൊരു കട തുടങ്ങുകയും അത് നമ്മുടെ കടയുടെ കച്ചവടത്തെ സാരമായി ബാധിക്കുകയും നമ്മുടെ കച്ചവടം പൂട്ടിക്കേണ്ടി വന്നു. അത് ഞങ്ങളെ ഒരു പാട് വിഷമിപ്പിച്ചെങ്കിലും എല്ലാത്തിലും സങ്കടവും സന്തോഷവും ഉണ്ടെന്ന് ഞങ്ങൾ ആദ്യമായി തിരിച്ചറിഞ്ഞു. സങ്കടത്തെ തരണം ചെയ്യാനും കൂടുതൽ വിജയം നേടാനും ഞങ്ങൾ പരിശ്രമിക്കുകയും വിജയിപ്പിക്കു കയും ചെയ്തു. കടയ്ക്ക് വേണ്ടി 25,000 രൂപ ലോണും 20000 രൂപ സബ്സിഡിയും ലഭിച്ചിരുന്ന കട പൂട്ടേണ്ടി വന്നെങ്കിലും ആദ്യമാദ്യം ഉണ്ടായിരുന്ന ലാഭത്തിൽ നിന്നും ലോൺ അടക്കാൻ സാധിച്ചത് ഭാഗ്യമായി കരുതുന്നു.

എന്നെ ഒരു പാടു വേദനിപ്പിച്ച എന്റെ ഹൃദയത്തിൽ മുറിവേൽപ്പിച്ച ഒരു സംഭവം എന്നത് വി.പി.പി.ഖദീജയുടെ വേർപാടാണ്. ഖദീജ ഞങ്ങളുടെ കുടുംബ ശ്രീയുടെ വളരെ നല്ല പ്രവർത്തകയും ഞങ്ങളുടെ മാർഗ്ഗദർശിയുമായിരുന്ന ആ സംഭവം എന്നെ മാനസികമായി വളരെയധികം തളർത്തി.

പിന്നീടുള്ള നമ്മുടെ പ്രവർത്തനം എന്നത് വാഴകൃഷിയും പച്ചക്കറി കൃഷിയുമായിരുന്നു. നമ്മുടെ കൂട്ടായ്മയിലൂടെ മണ്ണിനെ അറിയാനും കൃഷിയെ അറിയാനുമെല്ലാം ഇതിലൂടെ സാധിച്ചു. ആ പ്രവർത്തനത്തിലൂടെ നമ്മൾ നല്ല കർഷകർ കൂടിയാണെന്ന് തെളിയിച്ചു.

നമ്മുടെ കുടുംബശ്രീ തുടങ്ങിയിട്ട് 10 വർഷമായി. അതിനിടയിൽ ഞാൻ 3 തവണയാണ് പ്രസിഡണ്ടായി പ്രവർത്തിച്ചത്. അത് എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. എ.ഡി.എസ് സെക്രട്ടറിയായും എന്നെയാണ് തിരഞ്ഞെടുത്തത്. അത് എനിക്ക് ഒരു പ്രോത്സാഹനവും ബഹുമതിയായും തോന്നി. വിജയകരമായ പ്രവർത്തനത്തിന്റെ ഭാഗമായി കുടുംബശ്രീക്ക് 1 ലക്ഷം രൂപ ലോൺ ലഭിച്ചു. ആ പണം കൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് കുട്ടികളുടെ പഠനകാര്യം മെച്ചപ്പെടുത്താനും മറ്റു ബാധ്യതകൾ നീക്കം ചെയ്യാനും സാധിച്ചു. ചെറിയ പലിശയടക്കം ലോൺ തിരിച്ചടക്കണം എങ്കിലും ആ ലോൺ കിട്ടിയത് കുടുംബശ്രീ അംഗങ്ങൾക്ക് വലിയ ഒരു ആശ്വാസമായി.

നമ്മുടെ ഓരോ പ്രവർത്തനത്തെപ്പറ്റി ചിന്തിക്കുമ്പോഴും എനിക്ക് അഭിമാനം തോന്നുകയാണ്. കുടുംബശ്രീയിൽ പ്രവർത്തിച്ചത് മൂലം എന്റെ കുറെ ബാധ്യതകൾ തീർക്കാനും കുടംബത്തിൽ ഒതുങ്ങി കൂടിയ ഞാൻ സമൂഹത്തിലേക്ക് ഇറങ്ങി വരുവാനും കൂടി എനിക്ക് സാധിച്ചു. എന്റെ ഭർത്താവും കുട്ടികളും എന്നെ അളിവിലേറെ അഭിനന്ദിച്ചു. എന്റെ മാറ്റത്തിൽ എന്റെ ഭർത്താവ് അഭിമാനം കൊണ്ടു. എന്റെ നാട്ടുകാർ എന്നെ പ്രോത്സാഹിപ്പിച്ചു. ആണുങ്ങൾക്ക് ചെയ്യാൻ സാധിക്കുന്ന ഒട്ടുമിക്ക കാര്യങ്ങൾ പെണ്ണുങ്ങൾക്കും ചെയ്യാൻ സാധിക്കും എന്ന് ഈ കുടുംബശ്രീയിലൂടെ നമ്മൾ തെളിയിച്ചു. ഇതിലൂടെ സ്ത്രീ ശാക്തീകരണമാണ് സാധിച്ചത്. ഈ കുടുംബശ്രീയോട് ഞാൻ വളരെയധികം കടപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

എന്ന്,

**വി.പി.കുഞ്ഞാമി**

******

# എന്റെ അനുഭവക്കുറിപ്പ്

കള്ളാർ സി.ഡി.എസിലെ രാജപുരം എ.ഡി.എസിൽ പ്പെട്ട തേജസ്വിനി അയൽക്കൂട്ടത്തിലെ അംഗമാണ് ഞാൻ. 2001 ഒക്ടോബർ മാസത്തിൽ അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായ ശ്രീ.പി.കെ.രാമന്റെ അദ്ധ്യക്ഷതയിൽ റിട്ട. അദ്ധ്യാപിക ഇ.ടി.ക്ലാര ടീച്ചറിന്റെ നേതൃത്വത്തിലാണ് ഞങ്ങൾ ഈ അയൽക്കൂട്ടം രൂപീകരിച്ചത്. ടീച്ചർ പ്രസിഡണ്ടും ഞാൻ സെക്രട്ടറിയുമായിരുന്നു. ഈ അയൽക്കൂട്ടമാണ് എന്നെ ഞാനാക്കി മാറ്റി ഇത്രയും നല്ല ഒരു ഉയർന്ന സ്ഥാനത്തിലേക്ക് എത്തിച്ചത് ടീച്ചറാണ്. എന്നിൽ മൂടികുത്തിപ്പോയ എന്റെ കഴിവുകളെ കണ്ടെത്തുകയും എന്റെ വളർച്ചയ്ക്ക് വേണ്ടുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനവും ഉപദേശങ്ങളും നൽകിക്കൊണ്ടിരുന്നു.

10 വർഷം മുമ്പ് വീട് വിട്ടാൽ പള്ളി. പള്ളി കഴിഞ്ഞാൽ വീട്. കുഞ്ഞുങ്ങൾക്ക് അസുഖം വന്നാൽ പൂടംകല്ല് ആശുപത്രി അല്ലെങ്കിൽ കാഞ്ഞങ്ങാട് ആശുപത്രി ഇത്രയുമൊക്കെയായിരുന്നു എനിക്ക് പുറംലോകവുമായുള്ള ബന്ധം. പാറി പറന്നു കളിച്ച ഒരു പക്ഷിയെ കൂട്ടിലടച്ച അവസ്ഥയോട് ഉപമിക്കാം എന്റെ ജീവിതത്തെയും.

ഓർമ്മ വെച്ച നാൾ മുതൽ ഒരു നേഴ്സാകണം എന്നതായിരുന്നു എന്റെ ആഗ്രഹം. ആതുരസേവനം ഒരു കടമയും കർത്തവ്യവുമായാണ് ഞാൻ കണ്ടിരുന്നത്. ഓരോ ക്ലാസിലും ഞാൻ നല്ല മാർക്കോടെ പാസ്സായി. എസ്.എസ്.എൽ.സിക്ക് എനക്ക് 600ൽ 412 മാർക്കുണ്ടായിരുന്നു. പി.ഡി.സിയ്ക്കാണെങ്കിലും (സയൻസ് ഗ്രൂപ്പ്) 900–ൽ 647 മാർക്കോടെ പാസായ ഞാൻ വിധിയെന്നോ, ഒരു നിമിത്തമെന്നോ ഒക്കെ പറയാൻ നേഴ്സിംഗിന് പേകാൻ അഡ്മിഷനു വേണ്ടി അന്വേഷിച്ചുകൊണ്ടിരുന്ന സമയത്താണ് എന്റെ അമ്മ പെട്ടന്ന് ഒരു ഹൃദ്രോഗി ആയത്. പിന്നീട് അമ്മയേയും കൊണ്ട് ആശുപത്രികൾ കയറിയിറങ്ങാൻ തുടങ്ങി. 3 വർഷമെ അമ്മ ജീവിച്ചിരിക്കുകയുള്ളു എന്ന് അമ്മയെ ചികിത്സിച്ച ഡോക്ടർ വിധിയെഴുതി. മരണം കാത്ത് കഴിയുന്ന അമ്മയെ വിട്ട് എനിക്ക് എങ്ങും പോകാൻ പറ്റാത്ത അവസ്ഥ അത്രയ്ക്കും ജീവനായിരുന്നു എനിക്ക് എന്റെ അമ്മയെ. രോഗിയാകുന്നതിനുമുമ്പ് മകളെ പഠിപ്പിച്ച് ജോലിക്കാരിയാക്കണമെന്നാഗ്രഹിച്ച അമ്മയ്ക്കും എന്നെ അകലെ വിട്ട് പഠിപ്പിക്കാൻ താല്പര്യമില്ലാതായി. എന്നെ ഏതെങ്കിലുംസുരക്ഷിതത്വമുള്ള കരങ്ങളിൽ ഏൽപ്പിക്കാനായിരുന്നു കണ്ണടയുന്നതിനുമുമ്പ് അമ്മയുടെ ചിന്ത. രോഗിയായ മാതാവിന്റെ വാക്കുകളെ ധിക്കരിക്കാനുള്ള മനസ് എനിക്കും ഇല്ലായിരുന്നു. പി.ഡി.സി. റിസൾട്ട് വരുന്നതിന് മുമ്പ് തന്നെ വിവാഹം ഉറപ്പിച്ചു. ഒരു വർഷത്തിനുള്ളിൽ വിവാഹം കഴിഞ്ഞു. യാതൊരു ദുശ്ശീലങ്ങളുമില്ലാത്ത സ്നേഹസമ്പന്നനായ ഒരു ഭർത്താവിനെയും, നല്ലൊരു ഭർതൃ വീട്ടുകാരെയും ദൈവം എനിക്ക് നൽകിയെങ്കിൽ പോലും എന്റെ ഉള്ളിലെ നീറുന്ന ഒരു മോഹമായി അവശേഷിച്ചു എന്റെ ആഗ്രഹം. ലാസ്റ്റ് ഗ്രേഡിന്റെ ജോലിക്ക് ശ്രമിച്ചെങ്കിൽ പോലും ലഭിച്ചില്ല.

ഈ അയൽക്കൂട്ടം കുടുംബശ്രീ ഒന്നും വന്നില്ലായിരുന്നെങ്കിൽ ഞാൻ ഇന്ന് എന്താകുമായിരുന്നു. അധികം ആരോടും സംസാരിക്കുകയോ ഇടപെടുകയോ ചെയ്യുമായിരുന്നില്ല. എനിക്ക് ആൾക്കാരോട് സംസാരിക്കാൻ അപകർഷതബോധം ആയിരുന്നു. ഇങ്ങനെയെക്കെയായിരുന്ന എനിക്ക് എവിടെയും ഒറ്റയ്ക്ക് പോകുവാനും സമൂഹവുമായി ഇടപെഴുകാനും ബാങ്കിൽ പോയി പണമിടപാട് നടത്താനും ഏത് ഉയർന്ന മേഖലയിൽ ജോലിയുള്ളവരുമായും സംസാരിച്ച് എനിക്കും എന്റെ സി.ഡി.എസിനും വേണ്ടി പ്രവർത്തിക്കുവാനും ഒരു കഴിവ് ലഭിച്ചു. എന്റെ പല വിഷമഘട്ടങ്ങളിലും എന്നെ സഹായിച്ചത് പലിശയില്ലാതെ ഒരു പാട് പൈസ തന്ന് എന്നെ സഹായിച്ചത് എന്റെ അയൽക്കൂട്ട സഹോദരിമാരാണ്. ഇന്ന് എനിക്ക് ഈ കള്ളാർ പഞ്ചായത്തിലെ 14വാർഡുകളിലെ 185 അയൽക്കൂട്ടങ്ങളുടെ നേതൃത്വസ്ഥാനത്ത് ഇരിക്കാനുള്ള ഒരു അസുലഭ ഭാഗ്യം കൈവന്നു. ഇതും ഒരു നിമിത്തമെന്ന് വേണം വിശേഷിപ്പിക്കാൻ. ഈ സ്ഥാനത്തേക്ക് വന്നപ്പോൾ ഒരു പാട് പ്രതിസന്ധികൾ എനിക്കുണ്ടായി. ഒരിക്കൽപോലും കണ്ടിട്ടില്ലാത്തവർ ശത്രുക്കളായി. മിത്രങ്ങൾ ശത്രുക്കളായി. ആരെ വിശ്വസിക്കണം ആരെ അവിശ്വസിക്കണം എന്നൊന്നും അറിയാത്തവസ്ഥ. പുലിമടയിൽ ചെന്നുപെട്ട ആട്ടിൻകുട്ടിയുടെ അവസ്ഥയായിരുന്നു ഒരു മൂന്നു മാസത്തേയ്ക്ക്. പ്രതിസന്ധികളിൽ തളർന്നു പോകുമ്പോൾ എനിക്ക് ആശ്വാസം തന്നിരുന്നത് എന്റെ ചേച്ചിമാരും, വൈസ് പ്രസിഡണ്ടും, വാർഡുമെമ്പറുമായ ലീലാമ്മചേച്ചിയുമാണ്. എല്ലാത്തിനും ഉപരിയായി എന്റെ ഭർത്താവും.

ഞാൻ ഒരിക്കലും എന്റെ മനസിൽപോലും കാണാത്ത ഈ ചെയർപേഴ്സൺ സ്ഥാനം ഇന്ന് ഞാൻ ഒരു വെല്ലുവിളിയായി ഏറ്റെടുത്തിരിക്കുകയാണ്. വെറും അയൽക്കൂട്ടത്തിൽനിന്നുമാത്രം വന്ന എനിക്ക് ഈ ഏഴുമാസം കൊണ്ട്, ഭരണസമിതിയംഗങ്ങൾ, സി.ഡിഡി.എസ് മെമ്പർമാർ, മെമ്പർ സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെയൊക്കെ സഹകരണം കൊണ്ട് പല പ്രവർത്തനങ്ങളും പൂർണ്ണമായിട്ടല്ലെങ്കിലും എന്റെ കഴിവിന്റെ പരമാവധി ഭംഗിയായി നടത്താൻ സാധിച്ചു എന്നാണ് എന്റെ വിശ്വാസം. പഞ്ചായത്ത് പ്രസിഡണ്ട്, ജനപ്രതിനിധികൾ ഇവരുടെയൊക്കെ ഒപ്പം വേദിയിലിരിക്കാനും ഒരു സദസ്സിന്റെ മുന്നിൽ നിന്ന് സംസാരിക്കാനുമുള്ള കഴിവ് പൂർണ്ണമായിട്ട് ആയില്ലെങ്കിൽപോലും ഇന്നെനിക്കുണ്ട്. ഇനിയുള്ള ഈ 2 വർഷവും 3 മാസവും ഭരണസമിതിയുടെയും സി.ഡി.എസ് മെമ്പർമാരുടെയും മെമ്പർസെക്രട്ടറി ഗോപൻ സാറിന്റെയും അക്കൗണ്ടിന്റെയും സഹായത്തോടെ ആറാം സ്ഥാനത്ത് നിൽക്കുന്ന ഈ കള്ളാർ സി.ഡി.എസിനെ ഒന്നാം സ്ഥാനത്ത് എത്തിച്ചിട്ട് അന്തസ്സോടെയും അഭിമാനത്തോടെയും എന്റെ കയ്യും മനസും ശുദ്ധമായി തന്നെ സി.ഡി.എസ് ഓഫീസിന്റെ പടി ഇറങ്ങണമെന്നാണ് എന്റെ ആഗ്രഹം. ഇതിനുവേണ്ടി സ്വർഗ്ഗത്തിലിരിക്കുന്ന മാതാപിതാക്കൻമാരോടും ദൈവത്തോടും ഞാൻ പ്രാർത്ഥിക്കുന്നു.

**വിൻസി ചാക്കോ,**

തേജസ്വിനി അയൽക്കൂട്ടം

******

# അനുഭവങ്ങളുടെ തിരിനാളം

**സിന്ധു ചന്ദ്രൻ**
W/o ചന്ദ്രൻ
തലപ്പച്ചേരി (ഹൗസ്)
ഉർദൂർ (പി.ഒ), അഡൂർ

മലയാളത്തിനേയും മണ്ണിനേയും നെഞ്ചോട് ചേർക്കുന്ന കാപ്പിയും കുരുമുളകും ഏലയും വിളയുന്ന വയനാടിന്റെ തണുത്ത മലനിരകളിലെ മഞ്ഞുതുള്ളികൾ പോലെ സുന്ദരമായ കുറുവാദ്വീപിന്റെ തോളോട് ചേർന്ന പാൽ വെളിച്ചം എന്ന കൊച്ചു ഗ്രാമത്തിലാണ് ഞാൻ ജനിച്ചതും വളർന്നതും. മതസൗഹാർദ്ദത്തിന്റേയും ദൈവത്തിന്റെ സ്വന്തം ജില്ലയായ കാസർഗോഡിലേക്ക് എത്തുന്നത് എന്റെ കല്ല്യാണ ശേഷമാണ്. നാനാ കലാരൂപങ്ങൾ നിറഞ്ഞ് തുളുമ്പുന്ന വൈവിദ്യമാർന്ന ഭാഷകളുടെ നാടായ അഡൂർ എന്റെ മനസ്സിനോട് ഇണങ്ങിയത് വളരെ പെട്ടന്നായിരുന്നു. അഡൂരിന്റെ സംസ്കാരശുദ്ധി ആരംഭിക്കുന്നത് പയശ്വനിയുടെ തീരങ്ങളിൽ നിന്നാണ്. അമ്പലവും പള്ളിയും പാടങ്ങളും ഇവിടത്തെ സ്നേഹിക്കാൻ മാത്രമറിയാവുന്ന ജനങ്ങളും ഈ ഗ്രാമത്തെ ഒരു സ്വർഗ്ഗമാക്കുന്നു. അമ്പലത്തിന്റെ കിഴക്കോട്ട് മാറി ശങ്കുവിളികളും രാമായണസ്വരങ്ങളും വിരിയുന്ന തൽപ്പച്ചേരിയിലാണ് എന്റെ ഭവനം.

ഇതുവരെ ഞാൻ എന്നെ പരിജയപ്പെടുത്തിയില്ല. ഞാൻ സിന്ധു. ഭർത്താവ് ചന്ദ്രൻ റബർ ടാപ്പിംഗ് തൊഴിലാളിയാണ്. എനിക്ക് രണ്ടു കുട്ടികളുണ്ട് അനഘ, അർജുൻ. ഞാൻ വീട്ടിൽ നിന്നും എവിടേയും പോകാതെ കഴിഞ്ഞിരുന്ന ഒരു കുടുംബിനിയായിരുന്നു. അങ്ങനെയിരിക്കെയാണ് 2002 ഡിസംബർ മാസത്തിൽ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം തൽപ്പച്ചേരിയിൽ കുടുംബശ്രീ, അയൽക്കൂട്ടം രൂപീകരിക്കാൻ തീരുമാനിച്ചത്. എല്ലാ സ്ത്രീകളേയും പോലെ കൗതുകത്തോടെയും ആകാംക്ഷയോടെയുമാണ് ഞാൻ ആദ്യത്തെ യോഗത്തിൽ പങ്കെടുത്തത്. ഒരു യോഗത്തെക്കുറിച്ചുള്ള യാതൊരുവിശേഷണവും അറിയാത്തവരായിരുന്നു ഞങ്ങൾ. അന്ന് വാർഡ് മെമ്പർ ശ്രീ. കുശലേട്ടന്റെ വാക്കുകളിലെ അക്ഷരങ്ങൾ ഞങ്ങളിൽ പുതിയ പ്രതീക്ഷകൾക്ക് തിരികൊളുത്തി. സ്ത്രീകൾ സമൂഹത്തിന്റെ മുന്നിലേക്ക ഇറങ്ങി വരാനുള്ള ആദ്യത്തെ ധൈര്യം പകർന്ന് കിട്ടിയത്. അന്നായിരുന്നു ആ യോഗത്തിന്റെ ഭാഗമായി ഞാൻ മയൂരി കുടുംബശ്രീയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു തികച്ചും വെല്ലുവിളിയുള്ള ഒരു സ്ഥാനമായിരുന്നു

അത്. കാരണം ആദ്യത്തെ യോഗങ്ങളൊക്കെ കുടുംബവഴക്കുകളുടെ പേരിൽ കലഹിക്കുന്ന ഒരു വേദിയായിരുന്നു. രാഷ്ട്രീയത്തിന്റെ പേരിലും ജാതിയുടേയും മതത്തിന്റെയും അറിവില്ലായ്മയുടേയും നിരക്ഷരതയുടേയും പേരിലും പലരും തമ്മിൽ വഴക്കിട്ടും പിണങ്ങിയും ഉള്ള കഥകളായിരുന്നു ആദ്യത്തെ യോഗങ്ങൾ. ഇത് എനിക്ക് തികച്ചും വെല്ലുവിളിയുയർത്തി. സമൂഹ നന്മയ്ക്കുവേണ്ടി സ്ത്രീ ക്ഷേമത്തിനു വേണ്ടി ഞാൻ അലങ്കരിച്ച എന്റെ സ്ഥാനം കർത്തവ്യങ്ങൾ എല്ലാം ഞാൻ ഒരു നിമിഷം ഓർത്തു. അതുകൊണ്ട് സ്ത്രീകൾക്കിടയിലുള്ള പ്രശ്നങ്ങളിൽ ഇടപെട്ട് അതൊക്കെ പരിഹരിക്കാൻ കഴിഞ്ഞത് എന്റെ ജീവിതത്തിലെ മനസിനെ സ്പർശിച്ച ആദ്യത്തെ വിജയമായിരുന്നു. തുടർച്ചയായുള്ള യോഗങ്ങളിൽ ഞങ്ങൾ സ്വരൂപിച്ച ചെറിയ തുക 500 ൽ എത്തിനിൽക്കെയാണ് ആദ്യത്തെ ലോൺ അനുവദിക്കാൻ തീരുമാനമായത്. കുടുംബശ്രീ അംഗമായ ജയലക്ഷ്മിക്ക് പ്രസവ ആവശ്യത്തിനായി നൽകിയ ധനസഹായമായിരുന്നു. ആദ്യത്തെ ലോൺ പ്രസവ ആവശ്യത്തിനുള്ള പണത്തിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കി എല്ലാവരുടേയും സമ്മതത്തോടെ കൂടുതലായി 150 രൂപ നൽകി. അന്ന് ആ പണം വാങ്ങിയപ്പോൾ അവരുടെ കണ്ണിലുണ്ടായ ആനന്ദം നമ്മളിലെല്ലാം സന്തോഷം വിതറി. കുടുംബശ്രീ പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ ജനങ്ങളിലേക്കും എല്ലാ മേഖലകളിലേക്കും ഞങ്ങൾക്ക് ഇറങ്ങി ചെല്ലാൻ കഴിഞ്ഞു. കുടുംബശ്രീ രൂപീകരിച്ചതിന്റെ രണ്ടാം വർഷമാണ് ഞങ്ങൾ വാർഷികം ആഘോഷിച്ചത്. അന്നത്തെ എം.എൽ.എ ശ്രീ കെ.വി.കുഞ്ഞിരാമന്റെ മുന്നിൽ രണ്ട് വരി പ്രസംഗിക്കുമ്പോൾ ഞാൻ വിറച്ച് വിറച്ച് പറഞ്ഞ വാക്കുകൾ എനിക്കിപ്പോഴും ഓർമ്മയുണ്ട്.

തുമ്പപൂചോറും, സാമ്പാറും, പപ്പടവും, പായസവുമായി ഞങ്ങൾ ആഘോഷം ഗംഭീരമാക്കി. കുടുംബശ്രീ അംഗമായതിനുശേഷം എന്റെ പെരുമാറ്റത്തിലും സ്വഭാവത്തിലും ഒരുപാട് മാറ്റങ്ങളുണ്ടായി. എല്ലാവരുടേയും മനസറിയാനും സുഖത്തിലും ദുഖത്തിലും പങ്കുചേരാനും എനിക്കുകഴിഞ്ഞു. അതിന്റെ ഭാഗമായി അഡൂർ ഹോമിയോപ്പതി ഹോസ്പ്പിറ്റലിൽ സേവനം അനുഷ്ടിക്കാനും കഴിഞ്ഞു. 2008-ലാണ് ഞാൻ എ,ഡി.എസ് സെക്രട്ടറിയായിതെരഞ്ഞെടുക്കപ്പെടുന്നത്. അതോടെ സി.ഡി.എസ്. ന്റെ മെമ്പറായും തെരഞ്ഞെടുക്കപ്പെട്ടു. സി.ഡി.എസ് മുഖേനയുള്ള ഗ്യാസ് വിതരണം എന്റെ നേതൃത്വത്തിൽ വാർഡിൽ നടന്നു. ഗ്യാസ് വിതരണത്തിന്റെ ലഭ്യതക്കുറവ് മൂലം എല്ലാവർക്കും ഒരേസമയം എത്തിക്കാൻ കഴിയാത്തതുതകൊണ്ട് പലരുടേയും ചീത്തവിളികേൾക്കാൻ വിധിയായി. കാര്യ കാരണം അന്വേഷിക്കാതെ ഭീക്ഷണിവരെയുണ്ടായി. പക്ഷേ അത് വെറും തെറ്റിദ്ധാരണമാത്രമാണെന്ന് തെളിയിക്കാൻ എനിക്കു കഴിഞ്ഞു. സി.ഡി.എസ്-ൽ പ്രവർത്തിക്കുന്ന സമയത്താണ് എന്നെ ആശപ്രവർത്തകയായി തെരഞ്ഞെടുക്കുന്നത്. ആരോഗ്യ പ്രവർത്തനത്തിന്റെ മുൻപരിജയം എനിക്കിവിടെ തുണയായി. എ.ഡി.എസിൽ വന്നതിനു ശേഷമാണ് തൊഴിലുറപ്പിന്റെ മേറ്റ് ആയി തെരഞ്ഞെടുത്തത്. വാർഡിൽ വിവിധ

മേഖലകളിൽ തൊഴിലുറപ്പ് പദ്ധതി വിജയകരമായി നടത്താൻ എനിക്കു കഴിഞ്ഞു. സ്ത്രീകൾക്ക് ഒരു സ്വയം വരുമാനത്തിനുള്ള അവസരത്തിൽ എല്ലാവരേയും പങ്കുചേർക്കാൻ എനിക്ക് കഴിഞ്ഞു. കുടുംബശ്രീ പ്രവർത്തകർ മണ്ണിന്റെ മനസ്സറിഞ്ഞ് വിത്തെറിഞ്ഞ് നെൽകൃഷി ചെയ്തു. നെൽക്കതിരുകൾ വിയർപ്പിന്റെ വിലയറിഞ്ഞ് പഴുത്ത് മുഴുവനും ചിരിച്ചുനിന്നു. അത് കൊയ്ത് അരിയാക്കി മാറ്റി. കൃഷി വിജയകരമാക്കാൻ കഴിഞ്ഞു.

ഈ സമയത്താണ് എന്റെ നിത്യ രോഗം ശരീരത്തിന് വിപരീതമായി പ്രവർത്തിക്കാൻ തുടങ്ങിയത്. ഹൃദയത്തിന്റെ വാൽവ് ചുരുങ്ങുന്നത് ഒരു വലിയ പ്രശ്നമായിരുന്നു. അതിനാൽ ശ്വാസം കിട്ടാതെ ശരീരം തളർന്നു പോവുകയായിരുന്നു. കുടുംബശ്രീ യോഗത്തിന്റെ ഭാഗമായി പഞ്ചായത്തിൽ ചെന്നപ്പോഴാണ് ഞാൻ തലകറങ്ങി വീണത്. പിന്നീട് തുടർച്ചയായി കോഴിക്കോട് മെഡിക്കൽ കോളേജിൽ പോയി ചെക്കപ്പ് ചെയ്ത് മരുന്ന് കഴിക്കേണ്ടി വരുന്നു. ഡോക്ടർമാർ ഓപ്പറേഷൻ വേണമെന്ന് കടലാസ് എഴുതുമ്പോൾ കുടുംബശ്രീ പ്രവർത്തനം നന്നായി നടത്താൻ സി.ഡി.എസ്. ഉം എന്റെ സഹപ്രവർത്തകരും കൂട്ടായി നിന്നു ഇന്നും ആത്മസമർപ്പണത്തോടെയുള്ള കുടുംബശ്രീ പ്രവർത്തനമാണ് മനസ്സിന് സ്വാന്തനമേകുന്നത്. നാലു ചുമരുകൾക്കുള്ളിൽ അടുക്കളയുടെ കരിയും പുകയും കൊണ്ട് കഴിഞ്ഞിരുന്ന സ്ത്രീകളെ സമൂഹത്തിൽ ഇറങ്ങി ചെല്ലാനും തെറ്റും ശരിയും തിരിച്ചറിയാനും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനും തിന്മയ്ക്കെതിരെ വിരൽ ചൂണ്ടാനും കുടുംബശ്രീ സഹായിച്ചു. അതിനുള്ള ഒരു ഉത്തമ ഉദാഹരണമാണ് സിന്ധു ചന്ദ്രൻ എന്ന ഞാൻ.

ഇനിയും എന്റെ പ്രവർത്തനങ്ങൾ എന്റെ നാട്ടിലെ ജനങ്ങൾക്ക് വേണ്ടി ഉണ്ടാകും. കൽപ്പനചൗളയേപ്പോലെ വാനോളം സ്വപ്നങ്ങളുള്ള സ്ത്രീകൾ മുഖം മറച്ചിരിക്കേണ്ടതില്ല. എന്ന യാഥാർത്ഥ്യബോധത്തോടെ

**സിന്ധു ചന്ദ്രൻ**

*******

# അനുഭവക്കുറിപ്പ്

**പുഷ്പ,**

**സൗഭാഗ്യ കുടുംബശ്രീ, കാട്ടിപ്പാറ**

എന്റെ പേര് പുഷ്പ. എന്റെ കുടുംബശ്രീയുടെ പേര് സൗഭാഗ്യ. വാർഡ് 9. സ്ഥലം കാട്ടിപ്പാറ. ആദ്യമായി കുടുംബശ്രീയിൽ ചേരുന്നത് 2004 ലാണ്. അന്ന് ഞങ്ങളുടെ കുടുംബശ്രീയിൽ 20 ലധികം അംഗങ്ങൾ ഉണ്ടായിരുന്നു. അന്ന് കുടുംബശ്രീയുടെ സെക്രട്ടറി ആയി റൂബി മോഹനും, പ്രസിഡണ്ടായി ശാന്ത ജി നായരെയുമാണ് തെരഞ്ഞെടുത്തത്. കുടുംബശ്രീയിൽ തേനീച്ച വളർത്തൽ സംരംഭം തുടങ്ങിയത് 5 അംഗങ്ങൾ കൂടിയാണ് സംരംഭം ആരംഭിച്ചത്. ആ സംരംഭം വിജയിച്ചില്ല. അതിൽ വലിയ നഷ്ടമൊന്നും സംഭവിച്ചില്ലെങ്കിലും കുറച്ചൊക്കെ നഷ്ടം സംഭവിച്ചിരുന്നു. ഞങ്ങളുടെ ബുദ്ധിമുട്ടിന് ലോൺ എടുക്കുകയും കൃത്യമായി പലിശയും മുതലും അടച്ച് തീർക്കുകയും ചെയ്തിരുന്നു. അങ്ങനെ 20 ലധികം അംഗങ്ങളുള്ള കുടുംബശ്രീ ആയതുകൊണ്ട് കുടുംബശ്രീയെ രണ്ടായി വിഭജിച്ചു. സംഗമം, സൗഭാഗ്യ. ആദ്യത്ത കുടുംബശ്രീ സംഗമവും, ഞങ്ങളുടെ കുടുംബശ്രീ സൗഭാഗ്യ. 2008 ഡിസംബർ 14 നാണ് ഞങ്ങളുടെ കുടുംബശ്രീ ആരംഭിച്ചത്. അന്ന് ഞങ്ങളുടെ കുടുംബശഅരീയിൽ 15 അംഗങ്ങളാണ് ഉണ്ടായത്. എന്നെ സെക്രട്ടറിയായും സുബൈദ കാട്ടിപ്പാറയെ പ്രസിഡണ്ടുമായി തെരഞ്ഞെടുത്തു. സാമ്പത്തിക വളണ്ടിയറായി പാർവ്വതി.എം., അടിസ്ഥാന വളണ്ടിയറായി ഫൗസിയ.കെ.സി.യും, ആരോഗ്യ വളണ്ടിയറായി പ്രീത അശോകനും തെരഞ്ഞെടുക്കപ്പെട്ടു.

കുടുംബശ്രീ തുടങ്ങി തുടങ്ങി. വരിസംഖ്യ തുക 2 രൂപ എടുക്കാൻ തുടങ്ങി. ആദ്യം സി.ഡി.എസിൽ പേര് രജിസ്റ്റർ ചെയ്യാനും ബാങ്കിൽ അക്കൗണ്ട് തുടങ്ങാനും പോയപ്പോൾ 540 രൂപയോളം ചെലവായി. പ്രസിഡണ്ടും സെക്രട്ടറിയും മുമ്പത്തെ കുടുംബശ്രീയിലെ റൂബി മോഹനും ആയിരുന്നു പോയത്. ആദ്യം കുടുംബശ്രീയിൽ ഉണ്ടാകുമ്പോൾ ഞാൻ ഒന്നും ശ്രദ്ധിച്ചില്ലായിരുന്നു. ചെലവിനുള്ള പൈസയൊക്കെ എങ്ങനെ എടുക്കുന്നത് എന്ന്. വരിസംഖ്യ തുക 2 രൂപ എടുത്താൽ തികയില്ല. കുടുംബശ്രീ തുടങ്ങി ഞാൻ സെക്രട്ടറിയാകുമ്പോൾ തന്നെ എന്റെ അമ്മ പറഞ്ഞിരുന്നു അവളെ കൊണ്ട് അതിന് കഴിയില്ല എന്ന്. എന്റെ അന്നത്തെ സാഹചര്യം അങ്ങനെയായിരുന്നു. എന്റെ ഭർത്താവ് മരിച്ചതും, മോന് സുഖമില്ലാത്തതും അങ്ങനെ ഒരുപാട് ടെൻഷനുണ്ടായിരുന്നു. അപ്പോൾ എനിക്ക് അമ്മയോട് ദേഷ്യമായിരുന്നു. ഇപ്പോൾ എനിക്ക് തോന്നുന്നു. അന്ന് അമ്മയുടെ വാക്ക് കേട്ടിരുന്നെങ്കിൽ എനിക്ക് ഇന്ന് ഒന്നും കേൾക്കേണ്ടി വരുമായിരുന്നില്ല. കാരണം കുടുംബശ്രീയുടെ പൈസ അടയ്ക്കാനും മീറ്റിംഗിനുമൊക്കെ ഞാനാണ് പോകാറുണ്ടായിരുന്നത്. കുടുംബശ്രീയിൽ നിന്ന് പൈസ എടുത്തിട്ട് പൊയ്ക്കൂടാ എന്ന് എനിക്ക് അറിയില്ലായിരുന്നു. ഞാൻ കുടുംബശ്രീയിൽ നിന്നും വരിസംഖ്യതുകയും എടുത്തിട്ടാണ് എല്ലാം

ചെയ്തിരുന്നത്. 31.03.2012ന് കുടുംബശ്രീയുടെ ഓഡിറ്റിംഗ് അടൂർ പഞ്ചായത്തിൽ നിന്ന് മുകുന്ദൻ സാറാണ് ചെയ്തത്. പിന്നീട് 19.06.2011 ന് കുടുംബശ്രീയുടെ വാർഷി കത്തിന് റിപ്പോർട്ട് വായിച്ചപ്പോൾ 4000 രൂപയോളം ചെലവ് കാണിച്ചു. അന്ന് മെമ്പർ കുറച്ച് കാര്യങ്ങളൊക്കെ പറഞ്ഞു തന്നു. അങ്ങനം ചെലവായാൽ ലാഭമൊന്നും ഉണ്ടാകില്ല എന്ന്. കൈയ്യിൽ നിന്ന് പൈസ എടുക്കാൻ ആർക്കും കഴിയില്ലായിരു ന്നു. തുടങ്ങീട്ട് കുറച്ചു വർഷം ആയതുകൊണ്ട് ലോൺ കൊടുക്കാനും വൈകി. പലിശയും കുറച്ചു മാത്രമേ കിട്ടിയുള്ളൂ. അന്നും എനിക്ക് അറിയില്ലായിരുന്നു കുടും ബശ്രീ നഷ്ടത്തിലേക്കാണ് പോകുന്നതെന്ന്. 4000 രൂപയോളം ചെലവ് വന്നപ്പോൾ ഞാൻ വരിസംഖ്യ തുകയും, ഫൈൻ കിട്ടിയതും ബാങ്കിലടക്കാൻ തുടങ്ങി.

പിന്നീട് 29.9.2011ന് വീണ്ടും പഞ്ചായത്തിൽ സി.ഡി.എസിന്റെ ഓഫീസിൽ ഓഡിറ്റിംഗ് നടത്തി. അതിന് ഞാൻ തനിച്ചാണ് പോയത്. ഷൈനി എന്ന ആളാണ് അന്ന് ഓഡിറ്റിംഗ് നടത്തിയത്. അവരോട് ഞാൻ എന്റെ കാര്യങ്ങ ളൊക്കെ പറഞ്ഞപ്പോൾ അവർക്ക് ഒരുപാട് സങ്കടമായി. അവർ ഓഡിറ്റിംഗ് ചെയ്ത് കഴിഞ്ഞപ്പോൾ എന്നോട് പറഞ്ഞു ഷോർട്ട് കാണുന്നു. ഞാൻ നാദിറയോട് പറയാം എന്ന്. അവരോട് ഞാൻ പറഞ്ഞിരുന്നു. ചിലവിന് വേണ്ടി എടുത്ത പൈസയാണെ ന്ന്. അവർ നല്ലൊരു സ്വഭാവമുള്ള ആളായിരുന്നു. 8653 രൂപ ഷോർട്ട് ഉള്ളതായി അറിഞ്ഞു. അതിൽ 5000 രൂപയോളം എന്റെ കൈവശം ഉണ്ടായിരുന്നു. ആ രൂപ ഞാൻ ബാങ്കിലടച്ചു. 8653 രൂപ ഷോർട്ട് ഉണ്ടെന്നറിഞ്ഞപ്പോൾ ഞാൻ തകർന്നുപോ യി. കൂലിപ്പണി ചെയ്തിട്ടാണ് എന്റെ മോനെ വളർത്തുന്നത്. അങ്ങനെയുള്ള ഞാൻ എങ്ങനം 8653 രൂപ അടയ്ക്കും. ഞങ്ങൾക്ക് ബാങ്കിൽ പോകാൻ കുറച്ച് ദൂരമുണ്ട്. അതുകൊണ്ടാണ് അത്രയും രൂപ എന്റെ കൈവശമുണ്ടായിരുന്നത്. അതിനിടയ്ക്കാണ് കുടുംബശ്രീ വീണ്ടും തെരഞ്ഞെടുപ്പ് നടത്തിയത്. അതിനുമുമ്പേ ഞങ്ങളുടെ കുടും ബശ്രീയുടെ പ്രസിഡണ്ട് സുബൈദ ഞങ്ങളോട് പറഞ്ഞിരുന്നു ഞാൻ പ്രസിഡണ്ട് സ്ഥാനം മാറുമെന്ന്. പുഷ്പ മാറാൻ പറ്റില്ല ബാങ്ക് ലിങ്കേജ് ലോൺ ഉള്ളതുകൊണ്ട് എന്ന്. അങ്ങനെ ഞങ്ങൾ 25.12.2011 ന് കുടുംബശ്രീയുടെ തെരഞ്ഞെടുപ്പ് നടത്തി. പ്രസിഡണ്ട് സുബൈദയെ മാറ്റി പ്രീത അശോകനെ തെരഞ്ഞെടുത്തു. പിന്നീട് 2 ആഴ്ച സുബൈദ കുടുംബശ്രീയിൽ വന്നു. ഒരു പ്രശ്നവുമില്ലായിരുന്നു. പിന്നീട് അവർ കുടുംബശ്രീയിൽ നിന്നും പിൻമാറുന്നു എന്ന് പറഞ്ഞു. അവൾ ഗ്യാസ് കണ ക്ഷന്റെ കാര്യമറിയാൻ വേണ്ടി കുടുംബശ്രീ ഓഫീസിൽ പോയി. അവിടെനിന്ന് നാദിറയോട് എന്നെ കുടുംബശ്രീയിൽ നിന്ന് ഒഴിവാക്കി എന്ന് പറഞ്ഞു.

പക്ഷെ സത്യാവസ്ഥ അറിയുന്നവർ ഉണ്ടായിരുന്നു. ആയിഷ, കദീജ. ഞങ്ങൾ മൂന്നാളോട് മാത്രമാണ് ഞാൻ പ്രസിഡണ്ട് സ്ഥാനം ഒഴിവാകുന്നു എന്ന് പറഞ്ഞത്.

നാദിറ സുബൈദയോട് ചോദിച്ചു പൈസ ഷോർട്ടാകുമ്പോൾ അത് ശരിയാക്കാതെ നീ മാറിയാൽ ശരിയാകുന്നത് എങ്ങനെയെന്ന്. അങ്ങനെ അവർ കുടുംബശ്രീ യിൽ വന്ന് ചർച്ച തുടങ്ങി. എല്ലാവരും എനിക്ക് നേരെ തിരിഞ്ഞു. അന്ന് എനിക്ക് ധൈര്യം പകർന്ന് തന്നത് 4 ആൾക്കാരായിരുന്നു. പിറ്റേദിവസം 8000 ഷോർട്ടുള്ളത് 14000 രൂപയാണെന്ന് പറഞ്ഞു. ഞാൻ പിറ്റേദിവസം തന്നെ എല്ലാവരെയും പാസ്ബുക്കും ലെഡ്ജറും, ബാങ്ക് പാസ്ബുക്കും കൊണ്ട് സി.ഡി.എസ്.ഓഫീസിൽ പോയി അവിടെ നിന്ന് സി.ഡി.എസ്. അക്കൗണ്ടന്റായ നാദിറ കണക്ക് നോക്കി യിട്ട് പറഞ്ഞു. നിന്റെ കയ്യിൽ നിന്ന് ഇനി പൈസ ബാങ്കിലടക്കാനുണ്ടെന്ന്. ഞാൻ അപ്പോൾത്തന്നെ എന്റെ കയ്യിലുണ്ടായിരുന്ന പൈസ ബാങ്കിലടച്ചിട്ട് വന്നു. എല്ലാം നോക്കിയതിന് ശേഷം നാദിറ പറഞ്ഞു. 3000 ത്തി ചില്ലറ രൂപ ഷോർട്ട് കാണുന്നു എന്ന്. നീ ഇനി വരിസംഖ്യയും, ഫൈനും കിട്ടിയ പൈസ അടച്ചിട്ട് ഷോർട്ട് ഇല്ലാ താക്കണം എന്ന്. ഇപ്പോൾ എനിക്ക് കുടുംബശ്രീയുടെ ഓരോ കാര്യങ്ങളും ഏത് പോലെ ചെയ്യണമെന്നും മനസ്സിലായി. അങ്ങനെ ഞാൻ ഓരോ പടിയും മുന്നോട്ട് കേറി. ഓരോ പടി കയറുമ്പോഴും എനിക്കെതിരെ ശക്തിയായിട്ട് എതിരാക്രമണ മായിരുന്നു. എന്തൊക്കെയോ പറഞ്ഞുണ്ടാക്കി ഒരു പെണ്ണ് കേൾക്കാൻ ആഗ്രഹി ക്കാത്തത് എന്തോ അത് പോലും പറഞ്ഞുണ്ടാക്കി. പക്ഷെ ഞാൻ അതൊന്നും ചെവിക്കൊണ്ടില്ല. ഒരു ചെവിയിലെ കേട്ടു മറ്റേ ചെവിയിലെ വിട്ടു. എനിക്ക് ഒരേ ലക്ഷ്യം എന്റെ കുടുംബശ്രീ മാത്രമായിരുന്നു. പിന്നീട് ഓരോ കാര്യവും ഞാൻ കണ്ടും കേട്ടും ചെയ്തു. എന്തെങ്കിലും സംശയം വന്നാൽ ഞാൻ സി.ഡി.എസ്.ന്റെ ഓഫീസിൽ ചോദിക്കും. അവർ അത് നന്നായിട്ട് ചെയ്തു തരും.

ഇപ്പോൾ കുടുംബശ്രീയിൽ വന്നതിൽപിന്നെ പഞ്ചായത്തിലും, ബാങ്കിലും ഒക്കെ പോകാനും എല്ലാ കാര്യങ്ങളും ചെയ്യാനും കഴിയുന്നു. ഇനി എന്ത് അപവാദം കേട്ടാലും ഞാൻ തളരില്ല. പക്ഷെ ഞാൻ ഒരുപാട് കേട്ടു. എന്നിട്ടും ഞാൻ തളർന്നില്ല. എനിക്ക് ഒരേ ലക്ഷ്യം എന്റെ കുടുംബശ്രീ മാത്രമാണ്. എന്റെ കുടുംബശ്രീയെ നല്ല നിലയിലേക്ക് എത്തിക്കണമെന്ന് മാത്രമേ ഞാൻ ആഗ്രഹി ക്കുന്നുള്ളൂ. എന്റെ കണ്ണ് തുറപ്പിച്ചത് നാദിറയും, ഷൈനിയുമാണ്. 3000 രൂപ ഷോർട്ട് ഉള്ള കുടുംബശ്രീയിൽ ഇന്ന് 684 രൂപയാണ് ഉള്ളത്. എന്നെ പറഞ്ഞവരോടൊക്കെ എനിക്ക് വാശിയുണ്ട്. ഞാൻ എന്റെ കുടുംബശ്രീയെ തകരാൻ സമ്മതിക്കില്ല.

******

# അനുഭവക്കുറിപ്പ്

പടന്ന ഗ്രാമപഞ്ചായത്തിലെ ഓരി എന്ന ഒരു കൊച്ചു തീരപ്രദേശത്തെ അനശ്വര കുടുംബശ്രീ അംഗമാണ് ഞാൻ. പടന്ന പഞ്ചായത്തിൽ 1999 മുതൽ സ്വയം സഹായ സംഘം പ്രവർത്തിക്കുന്നുണ്ട്. 2002ൽ ആയിരുന്നു കുടുംബശ്രീയായി രൂപം കൊണ്ടത്. അപ്പോഴും ഞാൻ ഒന്നിലും അംഗമാകാതെ മടിച്ച് നിന്നു, കാരണം എനിക്ക് ഒന്നും കഴിയില്ല എന്ന തോന്നൽ എന്നെ അലട്ടിയിരുന്നു. എങ്കിലും എന്റെ ചുറ്റു പാടും ഉള്ള സാധാരണക്കാരെ കൂട്ടി പുതിയ ഒരു കുടുംബശ്രീക്ക് രൂപം നൽകി അതിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. ആദ്യമൊക്കെ യങ്കര മടിയായിരുന്നു. ഞാൻ ഒരു വികലാംഗയാണ് അതുകൊണ്ട് തന്നെ എനിക്ക് എല്ലാത്തിനും മുന്നിട്ടിറങ്ങാൻ മടിയായിരുന്നു. എന്നാലും എന്റെ കടുംബശ്രീ അംഗങ്ങൾ എന്നെ നല്ല രീതിയിൽ പ്രോൽസാഹിപ്പിക്കുകയും എല്ലാത്തിനും സഹായിക്കുകയും ചെയ്തു. ആയിടയിൽ നമ്മുടെ വാർഡ് സമിതി ചേരുകയും എന്നെ വാർഡ് സെക്രട്ടറിയായി തെരഞ്ഞെടുക്കുകയും ചെയ്തു. അത് എന്റെ ജീവിതത്തിലെ ആദ്യത്തെ അംഗീകാരമായിരുന്നു വാർഡ് സെക്രട്ടറിയായി തെരഞ്ഞെടുത്തതിനുശേഷം എല്ലാ രംഗത്തും കുറച്ചു കൂടി ഇടപെടാൻ എനിക്ക് സാധിച്ചു. 2008 ൽ സി.ഡി.എസ്സ് തെരഞ്ഞെടുപ്പ് നടത്തിയപ്പോൾ എന്നെ സി.ഡി.എസ്സ് അംഗമായി തെരഞ്ഞെടുത്തു. എന്റെ വാർഡിലെ എല്ലാ അംഗങ്ങളേയും കൂട്ടി യോജിപ്പിച്ച് പ്രവർത്തനം നടത്താൻ ഒരുപാട് പ്രയാസപ്പെട്ടെങ്കിലും എല്ലാവർക്കും വേണ്ടുന്ന ഗ്രേഡിംഗ് നടത്താനും, മാച്ചിംഗ് ഗ്രാന്റ് വാങ്ങി കൊടുക്കാനും സാധിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ാഗമായുള്ള ത്രിതല സംഘടനാ സംവിധാനം സുതാര്യമായി നടത്തുന്നതിന് കഴിഞ്ഞിണ്ട്.

തീരപ്രദേശമായതുകൊണ്ടു തന്നെ കുടുംബശ്രീ കുടുംബാഗങ്ങൾ 95ശതമാനവും മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനമാർക്ഷം കണ്ടെത്തുന്നവരാണ്. ഇതുകൊണ്ട് തന്നെ പടന്നഗ്രാമപഞ്ചായത്തിലെ ഓരി പ്രദേശത്ത് കല്ലുമ്മക്കായകൃഷി ചെയ്യുന്നതിന് അനുയോജ്യമായ പ്രദേശമാണ് എന്നു മനസിലാക്കി ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് കല്ലുമ്മക്കായകൃഷിക്ക് ആവശ്യമായ പ്രോത്സാഹനവും, ഉപദേശങ്ങളും സ്വീകരിച്ച് എല്ലാ കുടുംബശ്രീ യൂണിറ്റുകളും കല്ലുമ്മക്കായ കൃഷി ഏറ്റെടുത്തുനടത്തുന്നതിനു തയ്യാറാക്കിയെടുത്തു, ആരം ഘട്ടത്തിൽ കല്ലുമ്മക്കായവിത്തിന് ഏറെ ക്ഷാമം നേരിട്ടു ഇടനിലക്കാരുടെ വിലപേശൽ കൃഷിയെ വല്ലാതെ ബാധിച്ചിരുന്നു, ഈ കാര്യം എ ഡി എസ്സിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ എ ഡി എസ്സിന്റെ തീരുമാന പ്രകാരം ഒരു പ്രാവശ്യം കാസറഗോഡ് നിന്നും വിത്ത് കൊണ്ടുവന്നു അവിടേയും ഇടനിലക്കാരുടെ ഇടപെടൽ ഉണ്ടായിരുന്നു. അന്ന് വിത്തു കൊണ്ടുവന്നതിന്റെ പ്രയാസം ഇന്നും ഓർമ്മവരുന്നു. സ്വകാര്യ ഏജൻസിയുമായി ബന്ധപ്പെട്ട് ഇപ്പോൾ കോഴിക്കോട് നിന്നും

കൊണ്ടുവരുന്ന വിത്താണ് ഉപയോഗിച്ചുവരുന്നത്. ഈ ഏജൻസി മുഖേന തന്നെയാണ് വിപണനവും നടത്തുന്നത്. വാർഡിലേ മുഴുവൻ കുടുംബശ്രീ യൂണിറ്റുകൾക്കും ലിങ്കേജ് വായ്പയും, സംരം വായ്പയും ല ഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്

2008 ൽ കുടുംബശ്രീക്ക് ഏകീകൃത ബൈലോ നിലവിൽ വരികയും ബൈലോയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം പുർണ്ണമായും പ്രാവർത്തീകമാവുകയുംചെയ്തു. തുടർന്ന് തെരഞ്ഞെടു പ്പിലൂടെയായിരുന്നു കുടുംബശ്രീ ാരവാഹികളേയും, എ ഡി എസ്സ് ാരവാഹികളേയും, സി ഡി എസ്സ് ാരവാഹികളേയും തെരെഞ്ഞെടുത്തത്. ആ തെരഞ്ഞെടുപ്പിൽ ഞാൻ കുടുംബശ്രീ ആരോഗ്യവളണ്ടിയറായി, എ ഡി എസ്സ് സെക്രട്ടറിയായി, സി ഡി എസ്സ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. ത്രിതല സംഘടനാസംവിധാനത്തിലൂടെ കുടുംബശ്രീ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാനും, സുതാര്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.. സി ഡി എസ്സിൽ നിന്നുള്ള എല്ലാ നിർദ്ദേശങ്ങളും താഴെതട്ടിൽ എത്തിക്കുന്നതിന് എ ഡി എസ്സ് യോഗം വിളിച്ചുചേർക്കുകയും, എല്ലാ അയൽകൂട്ടങ്ങളുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുന്നതിനും, കൃത്യമായി അയൽകൂട്ടങ്ങൾക്ക് വിവരങ്ങൾ എത്തിക്കുവാനും ത്രിതല സംഘടനാ സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്, സ്ത്രീകളെ മുഖ്യധാരയിലെത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

കുടുംബശ്രീ രംഗത്ത് സജീമായി ഇടപെടാൻ സാധിച്ചതിന്റെ ഫലമായി ഇന്ന് എനിക്ക് എല്ലാ രംഗത്തും ശോഭിക്കാൻ കഴിയുന്നുണ്ട് കുറേ ആൾക്കാർ കൂടുന്ന സ്ഥലത്ത് വെച്ച് വിറയലോടെ മാത്രമെ എനിക്ക് സംസാരിക്കാൻ സാധിക്കാറുള്ളു കുടുംബശ്രീയാണ് എന്നെ ഞാനാക്കിയത് അതിലൂടെ സാക്ഷരത പ്രവർത്തനരംഗത്ത് നല്ലരീതിയിൽ എനിക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് നമ്മുടെ നാട്ടിലെ കുടുംബശ്രീ പ്രവർത്തകരെ നാലാംതരം തുല്യത വിജയിപ്പിക്കുന്നതിന് കഴിഞ്ഞു സ്വന്തമായി അവർ അക്ഷരം എഴുതുന്നതും, വായിക്കുന്നതും കാണുമ്പോൾ എനിക്ക് എന്തെന്നില്ലാത്ത ആഹ്ലാദമായിരുന്നു. ആയിടയിലായിരുന്നു പഞ്ചായത്ത് തെരെഞ്ഞെടുപ്പിന്റെ പ്രഖ്യാപനം ഉണ്ടായത് തെരെഞ്ഞെടുപ്പിൽ മത്സരിക്കണമെന്ന് എനിക്ക് താത്പര്യമുണ്ടായിരുന്നില്ല പക്ഷേ എന്നെ കുടുംബശ്രീപ്രവർത്തകർ വെറുതെ വിട്ടില്ല അവർ തന്നെ എല്ലാ ചെലവും ചെയ്ത് എന്നെ മത്സരിക്കാൻ പ്രോത്സാഹിപ്പിച്ചു അവരുടെ ആവേശം എനിക്കു തള്ളാൻ സാധിച്ചില്ല വാർഡിലെ മുഴുവൻ കുടുംബശ്രീ പ്രവർത്തകരും കക്ഷിരാഷ്ട്രീയ ബേധമന്യേ കുടുംബശ്രീ പ്രവർത്തനം പോലെ തന്നെയായിരുന്നു എന്റെ ഇലക്ഷൻ പ്രവർത്തനത്തിനും മുന്നോട്ട് വന്നത് അതിൽ എനിക്ക് അ ിമാനമുണ്ട് എന്റെ വാർഡിലെ ജനങ്ങൾ എന്നെ അംഗീകരിക്കുന്നു അതിലുപരി എന്നെ സ്നേഹിക്കുന്നു അതുകൊണ്ട് തന്നെ വമ്പിച്ച ൂരിപക്ഷത്തോട് കൂടി വിജയിച്ച എനിക്ക് വാർഡിലെ മുഴുവൻ കുടുംബശ്രീ അംഗങ്ങളും സ്വീകരണം നൽകുകയും, മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

അതോടൊപ്പം മൊമന്റോ നൽകുകയും ചെയ്തു കുടുംബശ്രീയുടെ പേരിൽ അതൊക്കെ ഏറ്റ് വാങ്ങുമ്പോൾ എനിക്കുള്ള കുറവ് ഒന്നുമല്ലാതായി മാറൻ കഴിഞ്ഞത് കുടുംബശ്രീ പ്രസ്ഥാനത്തിന്റെ നേട്ടമാണ്. ഇന്ന് ഞാൻ പടന്ന ഗ്രാമപഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സനാണ് കംമ്പ്യൂട്ടർ പഠനം അത് എന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു അതിനിടയിലാണ് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ശ്രീശക്തി പോർട്ടൽ പഠനം നടത്തുന്നതിന് എനിക്ക് അവസരം ല ിച്ചത് അതിലൂടെ മലയാളം ടൈപ്പ് ചെയ്യാനും ഇന്റർനെറ്റ് കൈകാര്യം ചെയ്യാനും ഞാൻ പഠിച്ചു. അകത്ത് തളച്ചിടപ്പെട്ട എന്റെ എല്ലാ കഴിവുകളും കുടുംബശ്രീയിൽ വന്നത് കൊണ്ടാണ് പുറത്ത് കൊണ്ടവരാൻ സാധിച്ചത്. കുടുംബശ്രീയെ തകർക്കാൻ എനിയൊരു ശക്തിക്കും കഴിയാതിരിക്കട്ടെ.

**ലീന.എ.വി,**

അനശ്വര കുടുംബശ്രീ, ഓരി

******

# അനുഭവക്കുറിപ്പ്

നമ്മുടെ പഞ്ചായത്തിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് രണ്ടുവർഷം കഴിഞ്ഞാണ് ഞാൻ കുടുംബശ്രീയിൽ അംഗമായി ചേർന്നത്. അയൽക്കാരുടെ നിർബന്ധവും ഭാവിയിൽ ഇതിലൂടെ എന്തെങ്കിലും നേട്ടമുണ്ടാകും എന്ന വിശ്വാസവും ഉള്ളതുകൊണ്ടാണ് കുടുംബശ്രീ അംഗമായത്. രണ്ടുവർഷം കഴിഞ്ഞപ്പോൾ എല്ലാവരുടെയും നിർബന്ധപ്രകാരം അയൽക്കൂട്ടം സെക്രട്ടറിയായി പിന്നീട് എ.ഡി.എസ് അംഗമാവുകയും തുടർന്ന് സി.ഡി.എസ് അംഗമാവുകയും ചെയ്തു. അന്ന് തെരഞ്ഞെടുപ്പിലൂടെ ഭാരവാഹികളെ തീരുമാനിക്കുന്ന നിയമം ഇല്ലായിരുന്നു.

എ.ഡി.എസ്. അംഗമായതിനുശേഷം ആദ്യമായി അയൽക്കൂട്ടങ്ങളുടെ മാസറിപ്പോർട്ട് കൊടുക്കുന്നതിനായി സി.ഡി.എസ്. ഓഫീസിൽ പോയ ആ ദിവസം എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. രാഗിണി രാമകൃഷ്ണനായിരുന്നു അന്നത്തെ ചെയർപേഴ്സൺ. പിന്നീട് ഓരോ ആവശ്യങ്ങൾക്കായി അവിടെ പോവുകയും സംസാരിക്കുകയും ചെയ്തപ്പോൾ ആദ്യമായി തോന്നിയ ആ ഭയവും ജാള്യതയും എല്ലാം മാറുകയും ചെയ്തു. ഇന്ന് എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളിൽ ഒരാളാണ് ആ ചെയർപേഴ്സൺ.

ഇന്നത്തെ പോലെ ഓരോ വാർഡിലും ഓരോ സി.ഡി.എസ് അംഗങ്ങളുണ്ടായിരുന്നില്ല. രണ്ടോ മൂന്നോ വാർഡുകളുടെ ചുമതലയായിരുന്നു ഓരോ അംഗങ്ങൾക്കും ഉണ്ടായിരുന്നത്. പല ആവശ്യങ്ങൾക്കുവേണ്ടിയും പഞ്ചായത്തിൽ പോകേണ്ടിവന്നു. അങ്ങനെ എല്ലാവരുമായും ഒരു നല്ല സൗഹൃദം ഉണ്ടാക്കിയെടുക്കുവാൻ സാധിച്ചു. സർവ്വേ പ്രവർത്തനങ്ങൾക്കും കുടുംബശ്രീയുടെ ആവശ്യത്തിനുവേണ്ടിയും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പോകാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ പഞ്ചായത്തിലെ ഏതു ഭാഗത്ത് ചെന്നാലും പരിചയമുള്ള ഒരു മുഖമെങ്കിലും ഉണ്ടായിരിക്കും. പഞ്ചായത്തിലെ ഉദ്യോഗസ്ഥരിൽനിന്നും ഭരണസമിതി അംഗങ്ങളിൽ നിന്നും ഏതു കാര്യത്തിനായാലും ഒരു പരിഗണന ലഭിച്ചിരുന്നു. കുടുംബശ്രീയിൽ വന്നില്ലായിരുന്നുവെങ്കിൽ ഞാൻ ഇന്നും സ്വന്തം വീട്ടിൽ മാത്രം ഒതുങ്ങി കഴിയുന്ന ഒരു സാധാരണ വീട്ടമ്മ മാത്രമാകുമായിരുന്നു. ഇന്ന് ഏതൊരാവശ്യത്തിനായാലും ഏത് ഓഫീസിലായാലും പോകുന്നതിനും കാര്യങ്ങൾ അന്വേഷിക്കുവാനുമുള്ള ഒരു ധൈര്യവും ആത്മവിശ്വാസവും എനിക്കുണ്ട്.

ആദ്യമായി അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ലോൺ കൊടുത്തത് സി.ഡി.എസ് മുഖേനയാണ്. ഇന്നത്തെപോലെ നേരിട്ട് ബാങ്കുകളഅഞ്ഞ അയൽക്കൂട്ടങ്ങൾക്ക് ലോൺ നൽകിയിരുന്നില്ല. ഓരോ അയൽക്കൂട്ടവും നിശ്ചിത തുക മാസംതോറും സി.ഡി.എസിൽ അടയ്ക്കുകയും സി.ഡി.എസ് അത് ബാങ്കിൽ അടയ്ക്കുകയുമാണ് ചെയ്തിരുന്നത്. അതു

പോലെതന്നെ അയൽക്കൂട്ട അംഗങ്ങൾക്ക് സി.ഡി.എസ് മുഖാന്തിരം ബേങ്ക് ലോൺ എടുത്ത് ഗ്യാസ് കണക്ഷൻ നൽകുകയും ചെയ്തു. ഗ്യാസ് കണക്ഷൻ എടുത്ത ഓരോ അയൽക്കൂട്ടവും അവരുടെ വായ്പാ തുക ശേഖരിച്ച് സി.ഡി.എസിൽ മാസം തോറും അടയ്ക്കുന്ന രീതിയുണ്ടായിരുന്നു.

ഗ്യാസ് കണക്ഷൻ എടുത്തവർക്ക് അവ വീണ്ടും നിറച്ച് കൊടുക്കുന്നതിനു വേണ്ടി ഒരു സംവിധാനം സി.ഡി.എസ് മുഖേന നടപ്പിലാക്കി. ആദ്യം കോളിയടുക്കം ബേങ്കിന്റെ ഒരു മുറിയിൽ അതിനുവേണ്ടി സൗകര്യം ഉണ്ടാക്കി. പിന്നീട് വാടക കൊടുക്കാനുള്ള ബുദ്ധിമുട്ട് കാരണം ആ മുറി ഒഴിവായി. മാസംതോറും വാടകയും ശമ്പളം എന്ന രീതിയിൽ ഒരു തുക ലഭിക്കുമെന്നു പറഞ്ഞതുകൊണ്ട് അതിന്റെ ഉത്തരവാദിത്വം ഞാനേറ്റെടുത്തു. പക്ഷെ പ്രതീക്ഷിച്ചതുപോലെ കാര്യങ്ങൾ നടന്നില്ല. അന്നത്തെ മെമ്പർ സെക്രട്ടറിയായിരുന്ന വി.ഇ.ഒ. ചന്ദ്രൻ സാറിന്റെ സഹായത്തോടെയാണ് അങ്ങനെയൊരു സംവിധാനം ഉണ്ടായത്. മുൻ പ്രസിഡന്റ് ശ്രീ പാദൂർ കുഞ്ഞാമു ഹാജിയുടെയും വൈസ് പ്രസിഡന്റ് ശ്രീ. ടി. നാരായണന്റെയും സമ്മതത്തോടെ മറ്റുള്ളവരുടെ എതിർപ്പ് വകവയ്ക്കാതെ പഞ്ചായത്തിൽ തന്നെ ഒരു മുറി ഗ്യാസ് സിലിണ്ടറുകൾ സൂക്ഷിക്കുന്നതിന് അനുവദിച്ച് തന്നു. പക്ഷെ മാസംതോറും ഒരു നിശ്ചിത തുക ശമ്പളം തരുമെന്ന് പറഞ്ഞ കമ്പനി പിന്നീട് അതിൽനിന്നും പിന്മാറി. കാരണം അവർ പ്രതീക്ഷിച്ചതുപോലൊരു കച്ചവടം അവിടെ നടന്നില്ല. നമ്മുടെ നാട്ടിലെ ആളുകൾക്ക് ആറോ ഏഴോ മാസം കൂടുമ്പോൾ മാത്രമേ ഗ്യാസ് സിലിണ്ടർ നിറയ്ക്കേണ്ട ആവശ്യമുള്ളൂ. എങ്കിലും പ്രതിഫലം ലഭിച്ചില്ലെങ്കിലും കച്ചവടം നിർത്താൻ കഴിയുമായിരുന്നില്ല. എത്രയോ ആൾക്കാരുടെ ചീത്തവിളയും ഭീഷണിയുമായി അഞ്ചാറ് വർഷക്കാലം ഞാൻ ആ ജോലി തുടർന്നു. അതിനിടയിൽ എംപ്ലോയ്മെന്റിൽനിന്നും ആറുമാസത്തെ ജോലി ലഭിച്ച് ഞാൻ പോയി. പക്ഷെ തിരിച്ച് വന്നപ്പോഴും ആ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ എനിക്ക് കഴിഞ്ഞില്ല. കുറച്ചുകാലം പിന്നേയും മുന്നോട്ട് നീങ്ങി. ഇതിൽ നിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടണം എന്ന ലക്ഷ്യത്തോടുകൂടി ആയിരക്കണക്കിന് രൂപ നഷ്ടം സഹിച്ച് ഒരുവിധം ആ ഉത്തരവാദിത്വം അവസാനിപ്പിച്ചു. പക്ഷെ ഇന്നും ഞാൻ അതുമായി ബന്ധപ്പെട്ട് അനേകം പേരോട് കടപ്പെട്ടിരിക്കുന്നു.

ഒരുപാട് കഷ്ടപ്പാടുകളും ത്യാഗങ്ങളും സഹിക്കേണ്ടി വന്നെങ്കിലും ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കുവാൻ എനിക്ക് സാധിച്ചു. സി.ഡി.എസ് അംഗമായിരുന്ന രാഗിണി രാമകൃഷ്ണൻ, അനീസ് പാലോത്ത്, സഫിയ അബ്ദുള്ള, ഉഷ ജി, സുമിത്ര കൃഷ്ണൻ തുടങ്ങിയവരോടൊപ്പം ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞ നാളുകളുണ്ടായിരുന്നു. ഇവരെല്ലാം ഇന്നെന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളാ

ണ്. മറക്കാൻ പറ്റാത്ത ഒരുപാട് അനുഭവങ്ങൾ എനിക്കുണ്ട്. ബിട്ടിക്കൽ ശ്രീലക്ഷ്മി കുടുംബശ്രീയുടെ നെൽകൃഷി വിളവെടുപ്പുമായി ബന്ധപ്പെട്ട് കൊല്ലന്തോറും പുത്തരിയുണ്ണാൻ വിളിക്കാറുണ്ട്. ചെമ്മനാട് കുടുംബശ്രീ ഹോട്ടലുമായും നല്ല ബന്ധം സ്ഥാപിക്കാൻ സാധിച്ചു. സ്വാതി പ്രസിന്റെ ആരംഭം മുതൽ അവരുമായുള്ള അടുപ്പം. ആദ്യകാല ഇൻഫോശ്രീയിലെ അംഗങ്ങളുമായുള്ള സൗഹൃദം. ഇവയെല്ലാം എന്റെ ജീവിതത്തിലെ വിലപ്പെട്ട അനുഭവങ്ങളാണ്.

മാസംതോറുമുള്ള റിവ്യൂ മീറ്റിംഗിൽ ജില്ലാമിഷനിൽ പോകുമായിരുന്നു. അവിടെയുള്ള ഉദ്യോഗസ്ഥരെ പരിചയപ്പെടുവാൻ ഇതുമൂലം സാധിച്ചു. പല ട്രെയിനിംഗിലും പങ്കെടുത്തു. പി.എൻ. പണിക്കർ സ്മാരക ആയുർവേദ കോളേജിൽവെച്ച് എ.ഡി.എസ് അംഗങ്ങൾക്കായി നടത്തിയ മൂന്ന് ദിവസത്തെ പരിശീലന പരിപാടിയിൽ പങ്കെടുത്തു. എം.ഇ.സിമാർക്കായി നടത്തിയ ഏഴുദിവസത്തെ പരിശീലനത്തിൽ കാസർകോട് 'വെൽവിഷർ' ഹോട്ടലിൽ വെച്ച് നടത്തിയ പരിശീലനം മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു. അന്നത്തെ ട്രെയിനിംഗിൽ ഉണ്ടായിരുന്ന കുറച്ചുപേർ ഇന്ന് ജില്ലാമിഷനിൽ എം.ഇ.സിമാരായി ജോലിചെയ്യുന്നുണ്ട്.

പല പരിശീലനങ്ങളിലും പങ്കെടുത്തതു മൂലം ധാരാളം അറിവുകൾ നേടാനും പല തരത്തിലുള്ള ആൾക്കാരുമായി പരിചയപ്പെടാനും കഴിഞ്ഞു. വിദ്യാഭ്യാസമുണ്ടായിട്ടും ഒരു തൊഴിലും ഇല്ലാതെ വീട്ടിൽ ഒതുങ്ങിക്കഴിഞ്ഞ എനിക്ക്, പുറമെ ഇങ്ങനെ ഒരു ലോകമുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇന്ന് നാലാളുകളുടെ മുമ്പിൽ മടിയോ പേടിയോ കൂടാതെ രണ്ട് വാക്ക് പറയാനുള്ള ഒരു ചെറിയ കഴിവുണ്ട് എന്ന് ഞാൻ അഭിമാനത്തോടെ പറയട്ടെ. അതിനുള്ള അവസരം എനിക്ക് ഉണ്ടാക്കിത്തന്നത് അയൽക്കൂട്ടം ഒന്ന് മാത്രമാണ്. ഇന്നെനിക്ക് നാൽപത്തഞ്ച് വയസ്സായി. ഒരു ഇരുപത് വർഷം മുമ്പ് ഇങ്ങനെയൊരു സംവിധാനം നിലവിൽ വന്നിരുന്നെങ്കിൽ ഞാൻ നല്ലൊരു നിലയിൽ എത്തിച്ചേരുമായിരുന്നു.

പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയപ്പോൾ ആദ്യമായി ഞങ്ങളുടെ വാർഡിൽ തൊഴിൽ ചെയ്യുവാനുള്ള അവസരം കിട്ടി. അതുവഴി ധാരാളം ആൾക്കാരെ പരിചയപ്പെടുവാൻ കഴിഞ്ഞു. തേനീച്ച വളർത്തൽ പരിശീലനവുമായി ബന്ധപ്പെട്ട് കോളിച്ചാൽ എന്ന സ്ഥലത്ത് പോവുകയും തേനീച്ച വളർത്തൽ നേരിട്ട് കണ്ട് മനസ്സിലാക്കുകയും ചെയ്തു. പരിശീലനത്തിന് പോയ ഞങ്ങൾ എല്ലാവരും ചേർന്ന് അവിടെനിന്ന് റാണിപുരം വരെ ഉല്ലാസയാത്ര പോയി.

ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടന്ന മൂന്ന് ദിവസത്തെ ബാലസഭ ക്യാമ്പിൽ കുട്ടികളോടൊപ്പം ചെലവഴിക്കാൻ കഴിഞ്ഞു. സംസ്ഥാനതലത്തിൽ നടന്ന ആ ബാലസഭ സംഗമത്തിൽ അവരുടെ കഴിവുകളും അഭിരുചികളും കണ്ട് മനസ്സിലാക്കാൻ സാധിച്ചു. ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമാ

യിരുന്നു അത്. വിജ്ഞാൻ ജ്യോതി സംഘടിപ്പിച്ച പഠനയാത്ര ഒരു പ്രത്യേക അനുഭവമായിരുന്നു. എഴുത്തും വായനയും അറിയാത്ത അമ്മമാർക്ക് അവ നേടാനുള്ള ഒരു അവസരം ലഭിക്കുമ്പോൾ അവർക്കുണ്ടാകുന്ന ആ സന്തോഷം വാക്കുകളിൽ വിവരിക്കാൻ കഴിയില്ല. പഠനയാത്രയുമായി ബന്ധപ്പെട്ട് കണ്ണൂർ മിൽമ, പത്രമോഫീസ്, പയ്യാമ്പലം ബീച്ച്, കണ്ണൂർ സെൻട്രൽ ജയിൽ എന്നിവിടങ്ങളിലൊക്കെ പോകാൻ സാധിച്ചു.

നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന മണ്ണ് ജലസംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നീർത്തട വികസന സമിതിയിലെ ഒരംഗമായി ഞാനിന്ന് പ്രവർത്തിക്കുന്നു. കുടുംബശ്രീ മുഖേന പൊതു പ്രവർത്തനത്തിനിറങ്ങിയ എനിക്ക് ഇന്ന് നിരാശയില്ല. കാരണം ചട്ടഞ്ചാൽ പി.എച്ച്.സിക്ക് കീഴിലെ ഒരു ആശാവർക്കറായി ഞാൻ സാമൂഹ്യസേവനം നടത്തുന്നു. മറ്റു പ്രവർത്തനങ്ങൾക്കൊപ്പം അമ്മയുടെയും കുഞ്ഞിന്റെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഒരു പരിധിവരെ സഹായിക്കാൻ എനിക്കും സാധിക്കുന്നു. കുടുംബശ്രീയുടെ മുദ്രാവാക്യമായ സ്ത്രീകളിലൂടെ കുടുംബങ്ങളിലേക്ക് കുടുംബങ്ങളിലൂടെ സമൂഹത്തിലേക്ക് എന്നതിന് എന്റെ പ്രവർത്തന മേഖലയുമായി ഒരു ബന്ധമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇന്നത്തെ ചെയർപേഴ്സണായ ശ്രീമതി ജാനകിയുടെ ആത്മാർത്ഥമായ സ്നേഹവും പിന്തുണയും എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഒരു പ്രചോദനമായി ഞാൻ കരുതുന്നു.

******

# എന്റെ അനുഭവക്കുറിപ്പ്

**ജയശ്രീ പി.**

**ശാരദ കുടുംബശ്രീ**

പാവപ്പെട്ട കുടുംബത്തിലെ ഒരംഗമാണ് ഞാൻ. ചെറുപ്പം മുതലേ വളരെ കഷ്ടപ്പെട്ടാണ് ഞാൻ വളർന്നത്. പത്താം ക്ലാസ്വരെ പഠിക്കാനേ സാധിച്ചിട്ടുള്ളു. പഠിക്കണം സ്വന്തമായി ഒരു ജോലി വേണം എന്നത് എന്റെ ഒരു സ്വപ്നമായിരുന്നു. പക്ഷെ കുടുംബത്തിലെ പ്രാരാബ്ധങ്ങൾ കാരണം അതിനൊന്നും സാധിച്ചില്ല. 10–ാം ക്ലാസ്സ് കഴിഞ്ഞ് 2 വർഷം കഴിയുമ്പോഴേക്കും കല്യാണം കഴിഞ്ഞു. അതു ഒരു പാവപ്പെട്ട കുടുംബത്തിലേക്ക് തന്നെയായിരുന്നു. ഭക്ഷണം ഉണ്ടാക്കലും വിളമ്പികൊടുക്കലും കഴിക്കലും മാത്രമായി വീട്ടിൽ ഒതുങ്ങി കൂടികയായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ഞങ്ങളുടെ വാർഡു മെമ്പറും, ആരോഗ്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും കൂടി ഞങ്ങളുടെ വീട്ടിൽ വരികയുണ്ടായി. നിങ്ങൾ നാളെ അംഗൻവാഡിയിൽ വരണം എന്നും പറഞ്ഞു. പക്ഷെ അയൽ കൂട്ടം എന്താണെന്ന് അറിഞ്ഞില്ലെങ്കിലും ഒന്നു പോയേക്കാമെന്ന് വിചാരിച്ച് അയൽപക്കത്തുള്ള കൂട്ടുകാരിയേയും കൂട്ടി ഞാൻ 3 മണിക്ക് അംഗൻവാടിയിൽ ചെന്നു. അപ്പോഴേക്കും 15 ഓളം പേര് അവിടെ കൂടിയിരുന്നു. ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥനും മെമ്പറും കുറേ കാര്യങ്ങൾ പറഞ്ഞുവെങ്കിലും ആദ്യം അതൊന്നും എന്റെ തലയിൽ കയറിയില്ല. പിന്നെ കുറച്ച് കഴിഞ്ഞപ്പോൾ ഒരു പ്രസിഡന്റ് വേണം, സെക്രട്ടറി വേണം എന്നൊക്കെ പറഞ്ഞ് പ്രസിഡന്റ് സ്ഥാനത്തേക്ക് എന്റെ പേര് ആളുകൾ നിർദ്ദേശിക്കുകയും പ്രസിഡന്റ് സ്ഥാനം നൽക്കുകയും ചെയ്തു. ഞാൻ സമ്മതിച്ചില്ല. എന്നെ കൊണ്ട് പറ്റില്ല. എനിക്ക് വിദ്യാഭ്യാസമില്ല. അതുകൊണ്ട് വേറെ ആളെ തെരെഞ്ഞെടുക്കണമെന്ന് ഞാൻ പറഞ്ഞു. പക്ഷെ ഒരു കാരണവശാലും അത് അംഗീകരച്ചില്ല. അങ്ങനെ പ്രസിഡന്റ് സ്ഥാനവുമായി ഞാൻ വീട്ടിൽ വന്നു. രാത്രി കിടന്നിട്ട് തീരെ ഉറക്കം വരുന്നില്ല. എന്റെ തലയിൽ എന്തോ ഭാരം കെട്ടി വച്ചതുപോലെതോന്നി. അങ്ങനെയിരിക്കെ വീണ്ടും പറയുന്നു. 5 പേര് നീർച്ചാൽ എന്ന സ്ഥലത്തുള്ള കമ്മ്യുണിറ്റിഹാളിൽ വരണം അവിടെ എ.ഡി.എസ്. രൂപീകരിക്കണമെന്ന് പറഞ്ഞതനുസരിച്ച് ഞങ്ങൾ 5 പേര് ചെന്നു. ചെല്ലുമ്പോൾ അവിടെ പഞ്ചായത്ത് മെമ്പറും മെമ്പർ സെക്രട്ടറി എന്നു പറയുന്ന ആരോഗ്യ വകുപ്പിലെ ഒരു ഉദ്യേഗസ്ഥനും ഉണ്ടായിരുന്നു. പിന്നെ കുറേ സ്ത്രീകളും.

ഉദ്യോഗസ്ഥനും ജനപ്രതിനിധികളും കുറേകാര്യങ്ങൾ പറഞ്ഞതിനു ശേഷം എ. ഡി.എസ്. രൂപീകരിക്കണം എന്നു പറഞ്ഞു. പക്ഷെ അതിലും പ്രസിഡന്റ് സ്ഥാനത്തേക്കു പെട്ട്പോയതും ഞാൻതന്നെയാണ്. പിന്നെ അന്നു തന്നെ ഒരു തിയതി നിശ്ചയിച്ച് പറയുകയും പഞ്ചായത്തിൽ വരണം. അവിടെ സി.ഡി.എസ്. രൂപീകരിക്കുന്നിണ്ട് എന്ന് പറയുകയും ചെയ്തു. അങ്ങനെ 2002 ജുലൈ മാസത്തിൽ ഞാൻ സി. ഡി. എസ്. പ്രസിഡന്റ് ആയി ചുമതല ഏറ്റെടുക്കുകയും ചെയ്തു. കാര്യങ്ങൾ ഒന്നും അറിയില്ല, ഓഫീസുമായി ഒരു ബന്ധവുമില്ല. ആൾക്കാരോട് ഇടപെടാൻ അറിയില്ല. എങ്കിലും എല്ലാം പഠിക്കാൻ ശ്രമിച്ചു.

പഞ്ചായത്ത് ഓഫീസിൽ കയറുമ്പോൾ കുടുംബശ്രീയെ കുറിച്ച് കൂടുതൽ പഠിക്കാൻ ശ്രമിച്ചു. അതിന് ഏറ്റുവും കൂടുതൽ പിന്തുണ നൽക്കിയത് അന്നത്തെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും, പ്രസിഡന്റും മറ്റും മായിരുന്നു. അങ്ങനെയിരികെ പഞ്ചായത്തിൽ ആശ്രയ പദ്ധതി പോലുള്ള നിരവധി പദ്ധതികൾ വരികയുണ്ടായി. പഞ്ചായത്ത് പ്രസിഡന്റ് ആയ മാലതി  അവരുകളുടെ നേതൃത്വത്തിൽ കുടുംബശ്രീക്കാർ ചേർന്ന് ഒരു സർവ്വേ നടത്തുകയും അതിൽ 52 കുടുംബംഗങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്യാൻ സാധിച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം ഞങ്ങളുടെ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രെസിഡന്റ് രാജിവെച്ചതിനെ തുടർന്ന ഒരു ഉപതെരെഞ്ഞെടുപ്പ് നടത്തുകയും അതിൽ സ്ഥാനാർത്ഥിയായി മൽസരിക്കാൻ എനിക്ക് അവസരം കിട്ടുകയും പഞ്ചായത്തിന്റെയും രാഷ്ട്രീയ പാർട്ടിക്കാരുടെയും അതിലുപരി കുടുംബശ്രീ അംഗങ്ങളുടെയും ആത്മാർത്ഥമായി ശ്രമത്തിന്റെയും ഫലത്തിൽ ഞാൻ വൻ ഭൂരിപക്ഷത്തോടെ വിജയിക്കുകയും 3 വർഷം ബ്ലോക്ക് പഞ്ചായത്ത് മെമ്പറാക്കുകയും ചെയ്തു. പക്ഷെ ഇതിനൊക്കെ വഴിയൊരുക്കി തന്നത് കുടുംബശ്രീ എന്ന ആ മഹാപ്രസ്ഥാനമാണ്. വീടിനുള്ളിൽ ഒതുങ്ങി കിടന്നിരുന്ന, ആരോടും നിവർന്ന് നിന്ന് സംസാരിക്കുകയും മുഖത്തേക്ക് ഒന്നു നോക്കാനും പറ്റാത്ത് ഞാൻ ഇന്നു എല്ലാ ഓഫീസിൽ കയറി ഇറങ്ങുകയും ഏവർക്കും വേണ്ടുന്ന സഹായങ്ങൾ ചെയ്തു കൊടുക്കാനുള്ള ധൈര്യം ഇന്നു ഉണ്ടാക്കി തന്നത് നമ്മുടെ കുടപംബശ്രീയാണ്. സ്ത്രീ ശാക്തീകരണം, സാമൂഹ്യ ശാക്തീകരണം, സാമ്പത്തിക ശാക്തികരണം എന്ന മുദ്രാവാക്യം ഉയർത്തി പിടിച്ചുകൊണ്ട് ഒരുപാട് കാലം ഈ കുടുംബശ്രീ പ്രസ്ഥാനം  നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

******

# എന്നിലൂടെ

**ചിന്താമണി**

**സൂര്യ അയൽക്കൂട്ടം, 7-ാം വാർഡ്**

ഉദുമ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് എന്ന വലിയ തറവാട്ടിലെ അയൽക്കൂട്ട കുടുംബമാണ് സൂര്യ. വാർഡിലെ അമ്മവീടിന്റെ പേര് എ.ഡി. എസ് നാലാം വാതുക്കലാണ്. 'ഉദയം' ബാലസഭയും ചേർന്നാൽ സൂര്യോദയം ഫാമിലിയായി.

'ഞങ്ങൾക്കും വേണം ഒരു കുടുംബശ്രീ എന്ന് എന്റെ ചുറ്റുവട്ടത്ത് താമസിക്കുന്ന സ്ത്രീപ്രജകളുടെ ആഗ്രഹ സാഫല്ല്യമാണ് എന്റെ സൂര്യ അയൽക്കൂട്ടം. രൂപീകരണ യോഗത്തിന്റെ അന്നുതന്നെ എനിക്ക് മനസ്സിലായി ഞങ്ങൾക്കെല്ലാവർക്കും ഒരേ മനസ്സാണെന്ന്. പ്രസ്ഥാനത്തിലേക്ക് മുമ്പേ ഗമിച്ചവരിൽ ചിലർ സെക്രട്ടറി സ്ഥാനം 'തലവേദനയാണെ'ന്നു പറഞ്ഞു കേട്ടതുകൊണ്ട് ഏതായാലും സെക്രട്ടറിയാവാൻ ഞാനില്ല......... എന്നായിരുന്നു എന്റെ മനസ്സിലിരിപ്പ്, അവരുടേയും !

നേതൃത്വമില്ലാതെ എന്തുസംഘടന? അതുകൊണ്ട് ഞാനുമൊരു സെക്രട്ടറിയായി. 2011 മെയ് 12ന് സി.ഡി.എസിൽ കൂട്ടിച്ചേർത്തതാണ് എന്റെ അയൽക്കൂട്ടം. 20 മെമ്പർമാർ, സെക്രട്ടറിയും പ്രസിഡണ്ടും മാത്രം, ലഘു നിക്ഷേപങ്ങൾ സ്വീകരിക്കലും നാട്ടുവർത്തമാനവും കൊണ്ട് ആഘോഷമാക്കിമാറ്റിയ രണ്ടുമാസക്കാലം. അടുത്ത ദിവസം എ.ഡി. എസിൽ നിന്നും അറിയിപ്പുകിട്ടി സൂര്യ അയൽക്കൂട്ടത്തിൽ ഓദ്യോഗിക സന്ദർശനം നടത്താൻ മെമ്പർ സെക്രട്ടറി അടുത്ത ദിവസം എത്തിച്ചേരും എന്നായിരുന്നു അത്. പറഞ്ഞതുപോലെ കൃത്യസമയത്തു തന്നെ സന്തോഷ് കുമാർ സാർ എത്തിച്ചേർന്നു. യോഗ നടപടികൾ ആരംഭിച്ചു. ഒന്നാംക്ലാസ്സിൽ ചേർത്ത കുട്ടികളുടെ പരിഭ്രമത്തോടെ സൂര്യ കുടുംബവും. സെക്രട്ടറിയുടെ സ്വാഗതവും റിപ്പോർട്ടവതരണവും, പേടിച്ച് പേടിച്ച് എണീറ്റു. അവതരണം തുടങ്ങി. അന്ന് ഞാൻ അതരിപ്പിച്ച റിപ്പോർട്ടിലെ 'അന്യായ'മോർത്ത് ഇപ്പോഴും ചിരിയുടെ അല എന്റെ മനസ്സിൽ ഉയരാറുണ്ട്.

ദിശാബോധം ഇല്ലാത്തവരായിരുന്നു ഞങ്ങൾ. ഊർജവും ലക്ഷ്യബോധവും ഉള്ളവരായി പ്രതീക്ഷയുടെ സൂര്യവെളിച്ചത്തിലേക്ക് ഞങ്ങളെ നയിക്കുവാൻ സന്തോഷ് കുമാർ സാറിന്റെ ക്ലാസ്സിന് സാധിച്ചു. ആറുപേർ വീതമുള്ള മൂന്ന് സബ് കമ്മിറ്റി സംവിധാനം വഴി എല്ലാവർക്കും അധികാരവും ചുമതലയുമുള്ള സബ് കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു. എല്ലാമെമ്പർമാർക്കും സന്തോഷം സമാധാനം.

ജീവകാരുണ്യപ്രവർത്തനത്തിനായി 'നന്മ' സഹായ നിധി രൂപീകരിച്ചു. ഇതിനോടകം തന്നെ നന്മയിൽ നിന്നും സഹായമെത്തിക്കാൻ എന്റെ അയൽക്കൂട്ടത്തിന് സാധിച്ചിട്ടുണ്ട്. ഫാൻസി ആഭരണ നിർമ്മാണ പരിശീലനം, വീട്ടുമുറ്റത്തെ കോഴി വളർത്തൽ

ക്ലാസ്സ് ചെമ്മനാട് ജമാഅത്ത് ഹയർ സെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപകൻ പി. കെ. മുകുന്ദന്റെ സഹകരണത്തോടുകൂടി ഉദയംബാലസഭയ്ക്ക് വേണ്ടി സംഘടിപ്പിച്ച മധുരം മലയാളം ക്ലാസ്സ്, 'അടുക്കളയിലെ രസതന്ത്രം' ക്ലാസ്സുകൾ, സോപ്പ് നിർമ്മാണ പരിശീലനം എന്നിവ അയൽക്കൂട്ട പ്രവർത്തനത്തിന്റെ ഭാഗമായി ഞങ്ങൾ ഏറ്റെടുത്ത് നടത്തി. മുല്ലപെരിയാർ പ്രശ്നത്തെ തുടർന്ന് കോഴിമുട്ടകളുടെ വരവ് നിലച്ചത് എനിക്കും എന്റെ പരിസരത്തുള്ളവർക്കും ഒരു പ്രശ്നമേ ആയിരുന്നില്ല. (ഞങ്ങളുടെ കോഴികൾ ചെയ്ത ഉപകാരം) കുടുംബശ്രീ വിപണന മേളകളിൽ ഞങ്ങളുടെ വരുമാന മാർഗ്ഗമാണ് ഇവയെല്ലാം.

അക്ഷയ വഴിയുള്ള സേവനങ്ങൾ വിവിധ പെൻഷനുകൾ ലഭ്യമാക്കുന്നതിനും വീടുകൾക്കുള്ള അപേക്ഷകൾ എന്നിവയിലും അഗതി ആശ്രയപദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അയൽക്കൂട്ട സെക്രട്ടറി എ.ഡി.എസ്. ചെയർപേഴ്സൺ എന്ന നിലയിൽ എനിക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രസ്ഥാനത്തിലേക്ക് വൈകിയാണ് വന്നതെങ്കിലും ഗ്രാമസഭയിലെ സ്ഥിരം മെമ്പറാകാൻ എനിക്ക് സാധിച്ചിട്ടുണ്ട്. മുമ്പ് ഉത്സവമായിരുന്ന ഗ്രാമസഭയിലും ഇപ്പോൾ കുടുംബശ്രീ അംഗങ്ങളെകൊണ്ട് സജീവമാകുന്ന ഗ്രാമസഭകളിലും ഒരുപോലെ പങ്കാളിത്തം നൽകിയിരുന്നു.

ആന്തരിക വായ്പയും ലിങ്കേജും ആവശ്യങ്ങളുടെ മുൻഗണന ക്രമത്തിൽ വിതരണം ചെയ്തു ക്ഷേമ ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഉദുമ ഗ്രാപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്. നേതൃത്വം നൽകിയ ടൈലറിംങ്ങ് പരിശീലനം വഴി ടൈലറിംങ്ങ് യൂണിറ്റ് സംരംഭമായി ആരംഭിച്ചു. അയൽക്കൂട്ടത്തിന്റെ ഒന്നാം വാർഷികാഘോഷം കലാപരിപാടികളോടൊപ്പം കമ്പവലി എന്ന കായികമത്സരവും ഉൾപ്പെടുത്തിയിരുന്നു. ഏട്ടിമാരും(ചേച്ചി) അനിയത്തിമാരും സമപ്രായക്കാരും പരസ്പരം മത്സരിച്ചത് സന്തോഷം നൽകുന്ന അനുഭവമാണ്. എല്ലാ ടെൻഷനുകളും സങ്കടവും മറന്ന് സന്തോഷത്തിന്റെ മണിക്കൂറുകൾ നൽകിയ അനുഭവത്തിന് പകരം വെയ്ക്കാൻ മറ്റൊന്നില്ല.

അയൽക്കൂട്ട പ്രവർത്തനം കുറ്റമറ്റതാക്കി നവോന്മേഷവും പ്രോത്സാഹനവും നൽകുന്നതിനായി ഉദുമ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ നേതൃത്വം ആവിഷ്ക്കരിച്ച് നടപ്പാക്കിയ ഗ്രേഡിംങ് പരിഷ്ക്കരണവും വിലയിരുത്തലുകളും ഏറെ സ്വാഗതം ചെയ്യപ്പെട്ട കാര്യമാണ്. തിരഞ്ഞെടുത്ത 56 എഗ്രേഡ് അയൽക്കൂട്ടങ്ങളിൽ നിന്നും മികച്ച 10ൽ ഒന്നാവാൻ എന്റെ അയൽക്കുട്ടത്തിന് ആദ്യവർഷം തന്നെ സാധിച്ചു എന്നതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു. സൂര്യ അയൽക്കൂട്ടതിന് വേണ്ടി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്യാമളാദേവിയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങിയ ആ നിമിഷം അയൽക്കൂട്ട ഓർമ്മതാളുകളിൽ മറക്കാൻ പറ്റാത്ത അനുഭവമായി മാറി.

ഇതിന് പ്രോത്സാഹനവും ദിശാബോധവും നൽകിയത് സന്തോഷ് കുമാർ സാറും ചെയർപേഴ്സൺ പ്രേമലതയും എന്റെ സി.ഡി.എസ് മെമ്പർ ഉമയുമാണ്. മികച്ച അയൽക്കൂട്ടങ്ങളെ കണ്ടെത്തുന്നതിനുള്ള സൂര്യ അയൽക്കൂട്ട മിനുട്സ് പരിശോധ നയിൽ മെമ്പർ സെക്രട്ടറി സന്തോഷ് കുമാർ സാർ സൂര്യ അയൽക്കൂട്ടത്തിന് നൽകിയ ആശംസ സംസ്ഥാനങ്ങൾ മുഴുവൻ അറിയപ്പെടുന്ന അയൽക്കൂട്ടമായി മാറട്ടെ എന്നാണ്. ഈ പുസ്തക യാത്രയിലൂടെ ഞങ്ങൾ ഇത് യാഥാർത്ഥ്യമാക്കു ന്നു. സൂര്യ അയൽക്കൂട്ട സബ്കമ്മിറ്റി പ്രവർത്തനവും ഏറെ പ്രശംസിക്കപ്പെട്ട ഒരാ ശയമാണ്. ഇന്ന് മറ്റു പല അയൽക്കൂട്ടങ്ങളും 'സൂര്യയെ മാതൃകയാക്കി പ്രവർത്തി ക്കുന്നു.

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ അയൽക്കൂട്ടത്തിൽ തന്നെ സംഘ ടിപ്പിക്കാറുണ്ട് സി.ഡി.എസ്. നേതൃത്വം നൽകുന്ന ട്രെയിനിങ് ക്ലാസ്സുകളിലും പഠന ക്ലാസ്സുകളിലും സജീവമായി പങ്കെടുക്കാറുണ്ട്. അതിൽ നിന്നും ലഭി ക്കുന്ന അറിവുകൾ അയൽക്കൂട്ട അംഗങ്ങൾക്ക് നിറവേകുവാൻ എന്നും ശ്രമിക്കാ റുണ്ട്.

നവോത്ഥാന പ്രസ്ഥാനങ്ങളുടെയും സാമൂഹ്യ പരിഷ്കരണത്തിന്റെയും ചൂടും ചൂരുമറിഞ്ഞ മലയാളി തല്ലിയുടച്ച അന്ധവിശ്വാസത്തിന്റെ ചിതാഭസ്മ കുടങ്ങൾ പുതിയ രൂപത്തിലും ഭാവത്തിലും 'മാന്ത്രിക ഏലസ്സായും, ഭാഗ്യ രത്നമായും, ആൾദൈവമായും അക്ഷയ ത്രൃദ്വീയ നാളിലെ ടോക്കണ്'ായും മർഡോക്ക് മാധ്യമങ്ങ ളായും എന്റെ പൊതുബോധത്തെ വെല്ലുവിളിക്കുമ്പോൾ വ്യക്തിപരവും സാമൂഹ്യ പരമായ അനുഭവങ്ങളിൽ നിന്നും പ്രതികരണത്തിന്റെയും പ്രതിഷേധത്തിന്റെയും പാഠങ്ങൾ എനിക്ക് ലഭിച്ചത് സി.ഡി.എസ് നേതൃത്വം നൽകിയ ക്ലാസ്സുകളിലൂടെയും സ്ത്രീപദവി സ്വയംപഠന ക്ലാസ്സുകൾ വഴിയുമാണ്.

സൂര്യ സംഘകൃഷി ഗ്രൂപ്പ് രൂപീകരിച്ചു. നിലമുരുക്കുന്നതിന്റെ ഭാഗമായി മാക്ഡവൽ അതുപോലുള്ള സ്റ്റിക്കറുകളുള്ള കുപ്പികളും തരിശ്ശായ വയലിൽ നിന്നും പെറുക്കിയെടുക്കുക എന്നതായിരുന്നു ഞങ്ങളുടെ ആദ്യത്തെ ജോലി. സ്വകാര്യ തരിശ്ശുകണ്ടെത്തി നിലമൊരിക്കിയത് ഇതുവരെയും പുറത്തിറങ്ങി പണിയെടുക്കാ ത്തവർ നിലംകിളച്ചതും ഞാറുനട്ടതും അന്നേറ്റ വെയിലും ക്ഷീണവും ഇപ്പോൾ പാടത്തിന്റെ പച്ചപ്പു കണ്ടപ്പോൾ ഞങ്ങൾ മറക്കുന്നു.

മദ്യപന്റെ അക്രമവും ആക്രോശവും കൊണ്ട് ജീവിത ദുരിതം അനുഭവി ക്കുന്ന ഒരു കുട്ടിയുടെ സംരക്ഷണ ചുമതലകൂടി ജീവിത വഴികളിൽ സന്തോഷ ത്തോടുകൂടി ഏറ്റെടുത്തിട്ടുണ്ട്. അതിവിടെ പറയേണ്ടിവന്നത് മറ്റൊന്നും കൊണ്ടല്ല. സി.ഡി.എസ് നേതൃത്വം നൽകിയ നിയമ സാക്ഷരത പഠനത്തിലൂടെ എനിക്ക് ലഭി

ച്ചത് ഒരു 'മകന്റെ' നിയമ സാക്ഷരത ക്ലാസ്സായിരുന്നു. യാദൃശ്ചികമായാണ് സംഭവിച്ചതെങ്കിലും ആത്മഹർഷം നിറഞ്ഞ അനുഭവമാണ് എനിക്ക് ലഭിച്ചത്.

മന്ത്രി മുനീറിക്കയെ എന്നെപ്പോലെ എന്റെ അയൽക്കൂട്ട അംഗങ്ങൾക്കെല്ലാം വലിയ ഇഷ്ടമാണ്. ലോകത്തിന് മാതൃകയായ മികച്ച പ്രവർത്തനം കൊണ്ട് ശ്രദ്ധ നേടിയ കുടുംബശ്രീക്കെതിരായ നീക്കങ്ങൾക്ക് തടയിടാൻ നെഞ്ച് വിരിച്ച് ഞാൻ മുന്നിലുണ്ടാവും' എന്ന് പറയാൻ മുനീറിക്ക മാത്രമല്ലേയുള്ളൂ. അതുകൊണ്ട് തന്നെ വിശ്വാസമാണ്. 'വിശ്വാസം അതല്ലേ എല്ലാം'.

എന്റെ സി.ഡി.എസ്. മെമ്പറായിരുന്ന ഉമയ്ക്കുവേണ്ടി ഉദുമ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ നേതൃത്വം ഏറ്റെടുത്ത ജീവകാരുണ്യ പ്രവർത്തനത്തിൽ എല്ലാ അയൽക്കൂട്ടങ്ങളും പൂർണ്ണസഹകരണം നൽകിയിരുന്നു. സ്വരൂപിച്ച തുക ഉമ ഏറ്റുവാങ്ങിയ ആ നിമിഷം ആ വേദിയിൽ അന്നുണ്ടായിരുന്ന എല്ലാവരുടെയും കണ്ണുനനയിച്ചൊരനുഭവമാണ്. ഒരു കൂടപ്പിറപ്പിനെപ്പോലെ എനിക്ക് ഉമയെ ഇഷ്ടമായിരുന്നു. എല്ലാ ദുഃഖങ്ങളും ഞങ്ങൾ പരസ്പരം പങ്കുവെച്ചിരുന്നു. ഇന്ന് ഉമ ഞങ്ങളോടൊപ്പം ഇല്ലെങ്കിലും ഉമയുടെ ഓർമകൾ നിലനിർത്തുന്നതിന് പദ്ധതികൾ എ.ഡി.എസിൽ തയ്യാറായി വരുന്നുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എ.ഡി.എസ്. മേറ്റായി പണിയെടുക്കുന്ന എനിക്ക് ലഭിച്ച സന്തോഷം നൽകുന്ന ഒരനുഭവം എസ്.സി കോളനിയിൽ താമസിക്കുന്ന എല്ലാ തൊഴിലാളികളും മസ്റ്റർറോൾ പേരെഴുതി ഒപ്പിടുന്നു എന്നതാണ്. ഈ അക്ഷരവെളിച്ചം ഇവർക്ക് നൽകിയത് സി.ഡി.എസ് മെമ്പറും സാക്ഷരത പ്രേരകുമായിരുന്ന ഉമയാണ്. ഇന്ന് ഉമയുടെ സ്മരണ ദിവസവും എന്നിലേക്ക് വരുന്നത് ഈയൊരു സേവനത്തിലൂടെയാണ്. എ.ഡി.എസ് അയൽക്കൂട്ട സന്ദർശനത്തിൽ എനിക്ക് ലഭിച്ച അനുഭവം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട സമ്പന്ന വിഭാഗവും സർക്കാറിന്റെ ദത്തുമക്കൾക്കുമിടയിൽ അഭിമാനമാണ് വലുതെന്ന് കരുതി 'കാടിയായാലും മൂടികുടിക്കുന്ന' ഇടത്തരം വിഭാഗത്തിന്റെ പ്രശ്നങ്ങളിലേക്കാണ്. പല അയൽക്കൂട്ട അംഗത്തിന്റെയും ഭർത്താക്കന്മാർ ഗൾഫിലാണ് ജോലി ചെയ്യുന്നത്. നാട്ടിലേക്ക് അയക്കുന്ന പണത്തിന്റെ അളവ് നാമമാത്രമാകുകയും വലിയ ഇടവേളകൾ വരികയും ചെയ്യുന്നു. ഇന്ന് പല അയൽക്കൂട്ട വനിതകളും ധൈര്യപൂർവ്വം തൊഴിലുറപ്പ് പദ്ധതിയിലേക്ക് കടന്നുവരികയും മക്കൾക്ക് സ്ക്കൂൾ തുറക്കുമ്പോൾ എന്റെ അക്കൗണ്ടിലെ പണമെടുത്ത് പുസ്തകവും ഡ്രസ്സും കുടയും വാങ്ങി എന്ന് അഭിമാനത്തോടെ പറയുന്നത് കേൾക്കുമ്പോൾ സന്തോഷം തോന്നുന്നു. ഉപയോഗം കൊണ്ട് ആറാം ഇന്ദ്രിയമായി മാറിയിരിക്കുന്ന മൊബൈലുകൾ സ്ത്രീ ജീവിതത്തിൽ ചെലുത്തിയ ആപത്കരമായ സ്വാധീനം ജീവിക്കാൻ

നെട്ടോട്ടമോടുന്നതിനിടയിൽ സ്നേഹ സല്ലാപങ്ങൾ മൊബൈലും എസ്എം.എസും ഏറ്റെടുക്കുമ്പോൾ എല്ലാത്തിനുമൊടുവിൽ വിവാഹ മോചനത്തിനും ആത്മഹത്യ കളിലും അഭയം കണ്ടെത്തുകയും ചെയ്യുമ്പോൾ ആരെയും പഴിക്കാതെ എങ്ങനെ ആശ്വസിപ്പിക്കും എന്ന് അറിയാതെ പകച്ചു നിൽക്കേണ്ടിവന്ന അനുഭവവും ഉണ്ടാ യിട്ടുണ്ട്.

ഒരയൽക്കൂട്ട അംഗമായിരുന്നില്ലെങ്കിൽ ഉദുമ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് എന്ന തറവാട്ടിലെ മുഴുവൻ സഹോദരിമാരെയും വിശേഷ അവസ രങ്ങളിൽ ഒന്നിച്ചുകാണാനും വലിയൊരു സൗഹൃദ സമ്പത്ത് സ്വന്തമാക്കാനോ പറ്റുമായിരുന്നില്ല. പാലക്കുന്നിലെ എത്രവലിയ ഓഡിറ്റോറിയം ബുക്ക് ചെയ്താലും നിറഞ്ഞുകവിയുന്ന അയൽക്കൂട്ട സഹോദരിമാർ ഓരോ അയൽക്കൂട്ടത്തിന്റെ പേരും മെമ്പർ മാരുടെ പേരും ഓർത്തുവെയ്ക്കുന്ന മെമ്പർ സെക്രട്ടറി. നല്ല നിലയിൽ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കുന്ന ചെയർപേഴ്സൺമാർ, നല്ല പ്രോത്സാ ഹനം നൽകുന്ന പഞ്ചായത്ത് ഭരണസമിതി, സി.ഡി.എസ്. മെമ്പറായിരുന്ന ഉമ യുടെ നഷ്ടം നൽകിയ മാനസിക പ്രശ്നങ്ങൾ, എന്റെ അയൽക്കൂട്ടം ഒരുവർഷവും മൂന്നുമാസവും പിന്നിടുമ്പോൾ പുതിയ ചിന്തയുടെ മഴവില്ലുകൾ വിരിയിച്ച് ലോകത്തെ എന്നും വിസ്മയിപ്പിച്ച കുടുംബശ്രീ മിഷൻ പുതിയ ദൗത്യമായി ഏറ്റെ ടുത്തിരിക്കുന്ന പുസ്തകയാത്രയിലേക്ക് വൈകിയെത്തിയ യാത്രകാരിയായി ഞാനും.

******

# കുടുംബശ്രീയും ഞാനും

**പ്രേമലത.വി**

**തുല്യത കുടുംബശ്രീ, വാർഡ് 3**

ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യത്തോടെ 1998 മെയ് മാസം 17-ാം തീയ്യതി ആരംഭിച്ച കുടുംബശ്രീ സംവിധാനം ഇന്ന് ലക്ഷ്യ പൂർത്തീകരണത്തിനുവേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച മഹത്തായ ഒരു സംഘടനാ സംവിധാനമായി മാറിക്കഴിഞ്ഞിരുന്നു. കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനം എന്നെ ഞാനാക്കിയ കുറച്ച് അനുഭവങ്ങളാണ് ഞാൻ നിങ്ങൾക്കുവേണ്ടി പങ്കുവെയ്ക്കുന്നത്.

02.07.2000 ലാണ് മുൻ പഞ്ചായത്ത് പ്രസിഡണ്ട് എം. ലക്ഷ്മിയും മുകുന്ദൻ മാഷും വന്ന് സ്വയം സഹായ സംഘത്തെപറ്റി നമുക്ക് പരിചയപ്പെടുത്തുന്നത്. 40 പേർ അന്ന് ആ യോഗത്തിൽ ഉണ്ടായിരുന്നു. അങ്ങനെ സംഘം രൂപീകരിച്ചു. അയൽവാസികളെല്ലാം ഓരോരോ ആക്ഷേപം ഉയർത്തി. ചിട്ടിയോ മറ്റോ ആണെന്ന് പലരും വ്യാഖ്യാനിച്ചു. എന്നാൽ നമ്മൾ ധൈര്യ പൂർവ്വം 40 പേർ ചേർന്ന് സംഘം രൂപീകരിച്ചു. തുല്യത എന്ന പേരിട്ടു. അനിത സെക്രട്ടറിയായി പി. ലക്ഷ്മി പ്രസിഡ ണ്ടായും യോഗത്തിൽ തീരുമാനിച്ചു. അടിസ്ഥാന വളണ്ടിയറായിട്ടായിരുന്നു എന്റെ തുടക്കം.

എന്റെ മകൻ 4 മാസം മാത്രം പ്രായമുള്ള കുട്ടിയായിരുന്നു. മകൾ ഒന്നാം ക്ലാസ്സിൽ പഠിക്കുന്നു. നമ്മുടെ സംഘത്തിലെ അധികം പേരും ബീഡി തൊഴിലാളി കളായിരുന്നു. എനിക്കാണെങ്കിൽ സ്വയം തൊഴിൽ ഒന്നും അറിയില്ലായിരുന്നു. 10 രൂപക്ക് ആഴ്ചതോറും ഭർത്താവിനെ ആശ്രയിക്കേണ്ടിവന്നു. പിറുപിറുത്തുകൊണ്ട് 10 രൂപ ആഴ്ചയിൽ തരുമായിരുന്നു. അങ്ങനെ ദിവസങ്ങളും മാസങ്ങളും വർഷ ങ്ങളും കടന്നു പോയി. 2002 സ്വയം സഹായ സംഘം കുടുംബശ്രീയായി അഫിലി യേറ്റ് ചെയ്തു. 2003 ൽ വി.ഇഒ പ്രമീള മാഡം സ്വയം തൊഴിലിനെപറ്റി അയൽകൂട്ട സെക്രട്ടറിയോട് സംസാരിച്ചു. അനിത അയൽകൂട്ടത്തിൽ സംസാരിച്ചു. അങ്ങനെ ഞങ്ങൾ ബാഗ് യൂണിറ്റ് തുടങ്ങാൻ ആലോചിച്ചു. മാങ്ങാട് എ.കെ.ജി. ക്ലബ്ബിലെ അംഗം മോഹനൻ നമുക്ക് വഴിയൊരുക്കി തന്നു. 10 പേർ ചേർന്ന് ബാഗ് യൂണിറ്റ് ട്രെയിനിംഗിന് ചേർന്നു. കുടുംബശ്രീയിൽ നിന്ന് 10000 രൂപ എടുത്തായിരുന്നു ആദ്യ തുടക്കം. 5 പേർക്ക് ബ്ലോക്കിൽ നിന്ന് ട്രെയിനിംഗ് ലഭിച്ചു. ബാക്കിയുള്ളവർക്ക് മാങ്ങാട് വാടക കെട്ടിടത്തിൽവെച്ച് ടീച്ചറെ വെച്ച് ട്രെയിനിംഗ് ലഭിച്ചു. 2005 ൽ റൂം വാടക യ്ക്കെടുത്ത് ബാഗ് യൂണിറ്റ് ആരംഭിച്ചു. നല്ല ഡിസൈനുള്ള ബാഗുകളെല്ലാം ഞങ്ങൾ

ഉണ്ടാക്കാൻ തുടങ്ങി. സ്കൂളിലും മാർക്കറ്റിലും കൊടുക്കാൻ തുടങ്ങി. ആവശ്യക്കാർ കൂടുതൽ വന്ന് ഇതിനുവേണ്ട സഹായം ക്ലബ്ബ് അംഗങ്ങൾ ചെയ്തു തന്നു. അങ്ങനെ ആദ്യമായി നമുക്ക് 40 രൂപ ഒരു ദിവസം വേതനം ലഭിക്കാൻ തുടങ്ങി. അത് എന്റെ സംബന്ധിച്ചിടത്തോളം വളരെ വലിയ പ്രതിഫലമായിരുന്നു. അങ്ങനെ ആദ്യമായി ഞാൻ ഭർത്താവിനോട് കൈനീട്ടാതെ കുടുംബശ്രീയിൽ 10 രൂപവെയ്ക്കാൻ തുടങ്ങി. നമ്മുടെ വരുമാനം അങ്ങനെ വർദ്ധിക്കാൻ തുടങ്ങി. 2005 ൽ മാങ്ങാട് 2 സെന്റ് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു. പഞ്ചായത്ത് ഓഫീസ് കാണുന്നതു തന്നെ കുടുംബശ്രീയിൽ വന്നതിനുശേഷമാണ്.

പഞ്ചായത്ത് പ്രസിഡണ്ട് ലക്ഷ്മിയേച്ചി എന്നെ എ.ഡി.എസ്. സെക്രട്ടറിയാക്കി. കമലാക്ഷിയേട്ടി പ്രസിഡണ്ടും ആയി. ഞങ്ങളുടെ എ.ഡി.എസിനെ മികച്ച എ.ഡി.എസ്. ആക്കി മാറ്റാൻ പറ്റിയതിൽ ഞാൻ അഭിമാനിച്ചു. 2005 ലായിരുന്നു സി.ഡി.എസ് മെമ്പർ സ്ഥാനത്തേക്കുള്ള എന്റെ പ്രവേശനം. സ്വാഗതം പറയുമ്പോൾ എന്റെ മുട്ടു വിറയ്ക്കുമായിരുന്നു. 2007 ൽ എ.ഡി.എസ്. ഭാരവാഹിക്കുള്ള പരിശീലനം എരോൽ പാലസിൽവെച്ചായിരുന്നു. 3 ദിവസത്തെ ട്രെയിനിംഗ്. ആ ട്രെയിനിംഗ് എന്റെ ജീവിതത്തിൽ ഞാൻ എന്ന വ്യക്തിയെ മാറ്റിമറിച്ചു. അതുവരെ ഞാൻ ആരോടും സംസാരിക്കുന്നത് കുറവായിരുന്നു. നേതൃത്വ ശേഷി വർദ്ധിപ്പിക്കുവാനും അന്നത്തെ ആ ട്രെയിനിംഗ് ഉപകരിച്ചു. 2007 ഏപ്രിൽ 7 നായിരുന്നു എന്റെ ചെയർപേഴ്സൺ സ്ഥാനത്തേക്ക് രംഗപ്രവേശം. വൈസ് ചെയർപേഴ്സണായി പുഷ്പലതയെയും തിരഞ്ഞെടുത്തു.

ജില്ലാ മിഷനിൽ മീറ്റിംഗിനു പോയപ്പോൾ മെമ്പർ സെക്രട്ടറി സന്തോഷ് സാറിനെ പരിചയപ്പെട്ടു. അദ്ദേഹം അന്ന് പള്ളിക്കര മെമ്പർ സെക്രട്ടറിയായിരുന്നു. സി.ഡി.എസ് മീറ്റിംഗ് എങ്ങനെ നടത്തണം എന്നതിനെക്കുറിച്ച് അറിയില്ലായിരുന്നു. മെമ്പർ സെക്രട്ടറി ആക്സിഡന്റായി, സുധ എൽ.ഐ.സി ട്രെയിനിംഗിനും പോയതു കൊണ്ട് ലക്ഷിമിയേട്ടിയും ബാലകൃഷ്ണേട്ടനും യോഗത്തിൽ വരും സംസാരിക്കും അങ്ങനെ രണ്ടുമാസം കടന്നുപോയി. ഞാൻ കുടുംബശ്രീ ഓഫീസിൽ ഇരിക്കുമ്പോൾ അവിചാരിതമായി സന്തോഷ് സാർ കടന്നുവന്നു. കുടുംബശ്രീയുട മെമ്പർ സെക്രട്ടറി ചാർജ്ജ് എടുക്കാൻ ലക്ഷിമിയേച്ചി പറഞ്ഞിട്ടുണ്ട്. ഒന്ന് ഇവിടുത്തെ ക്യാഷ് ബുക്കും ലെഡ്ജർ എന്നിവ കാണട്ടെ എന്നു പറഞ്ഞ് റൂമിൽ പോയി. ഷെൽഫിൽ കുറെ നേരം തപ്പി നോക്കി എനിക്ക് ആ പുസ്തകം അറിയില്ലായിരുന്നു. സാറ് വന്ന് ചോദിച്ചപ്പോൾ എനിക്ക് അറിയില്ലായെന്ന് സാറ് ചോദിച്ചപ്പോൾ ഞാൻ പേടിച്ചുപോയി. ചെയർപേഴ്സണായാൽ ഇതൊക്കെ അറിയണം എന്ന് പറഞ്ഞു.

2008ൽ ബൈലോ പരിഷ്ക്കരണവും തുടർന്ന് നടന്ന തെരഞ്ഞെടുപ്പ് ക്യാമ്പെയിൻ പ്രവർത്തനവും നമ്മുടെ കുടുംബശ്രീ സംവിധാനത്തെ ഊർജ്ജസ്വലമാക്കി. അതിന്റെ ഭാഗമായി എന്നെ സി.ഡി.എസ്. ചെയർപേഴ്സൺ സ്ഥാനത്തേക്ക് വീണ്ടും തെരഞ്ഞെടുത്തു.

സ്ത്രീ പദവി എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാന മിഷനിൽ നിന്നു വന്ന യമുന മാഡം ഒരു ദിവസത്തെ ട്രെയിനിംഗ് തന്നു. സ്ത്രീകൾ അബലകൾ, ദുർബലകൾ എന്ന മേൽ വിലാസം മാറ്റി മറിക്കാൻ കഴിഞ്ഞു. അതിന്റെ തിരുവനന്തപുരം 3 ദിവസത്തെ ട്രെയിനിംഗ് ലഭിച്ചു. ജീവിതത്തിൽ ആദ്യമായിരുന്നു ഈ യാത്ര. അതും കുടുംബശ്രീയിൽ വന്നതു കൊണ്ട്.

എന്നെ ഞാനാക്കിയതിന്റെ പിന്നിൽ ലക്ഷിയേട്ടിയുടെ കഴിവ് മാത്രമാണ്. അതെ പോലെ തന്നെ മെമ്പർ സെക്രട്ടറി സന്തോഷ് സാറിന്റെയും. ഗ്രീൻ കേരള എക്സ്പ്രസ് പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചു. ഈ യാത്ര എനിക്ക് ഒരിക്കലും മറക്കാൻ പറ്റില്ല. എനിക്ക് എന്റെ സ്വന്തം കൂടപ്പിറപ്പായിരുന്നു സി.ഡി.എസ്. മെമ്പർ യമുനയും ഉമയും. സാമൂഹ്യ സബ് കമ്മിറ്റി അംഗമായിരുന്നു ഉമ. ഉമയുടെ അസുഖം അറിഞ്ഞപ്പോൾ തന്നെ അത് എന്റെ മനസ്സിനെ തളർത്തി. വിടർന്നു നിന്ന ഒരു പുഷ്പം ഒരു ദിവസം പെട്ടെന്ന് കൊഴിഞ്ഞുവീഴുമ്പോലെയായിരുന്നു അവളുടെ മരണം.

എന്റെ ജീവിതത്തിൽ എന്നെ വളരെയേറെ സ്വാധീനച്ചത് അഗതി ആശ്രയ പദ്ധതിയാണ്. അഗതികളുടെ വീട്ടിൽ പോകാനും അവരുടെ സങ്കടം പങ്കുവെയ്ക്കാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട്. എന്റെ വ്യക്തി ജീവിതത്തിൽ എനിക്ക് വെറെ അനുഭവമുണ്ടായത് ഫിഷറീസ് പ്രദേശത്ത് പോയപ്പോൾ അവരുടെ ആ സ്നേഹം എനിക്ക് എപ്പോഴും മറക്കാൻ പറ്റില്ല. ആരോഗ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട് വഴിയോരത്ത് മീൻ കച്ചവടം നടത്തുന്നത് തടയാൻ വേണ്ടി കുടുംബശ്രീയുടെ നേതൃത്വത്തിൽ 3 ദിവസം സമരം നടത്തി. എല്ലാവരുടെയും മീൻ മാർക്കറ്റിനകത്തേക്ക് കയറ്റി. എന്നാൽ ഒരു സ്ത്രീ മാത്രം ദേഷ്യം പിടിച്ച് എല്ലാവരുടെ ദേഹത്തേക്ക് മീൻ വെള്ളം ഒഴിച്ചു. എന്റെ ദേഹത്തും ആയി. ചാനലുകാരും പത്രക്കാരും വന്നു. ശാന്തചേച്ചിയുടെ ചെവിയിൽ മീൻ വെള്ളം ആയതുകൊണ്ട് ഡോക്ടറെ കാണിച്ചു. അന്നത്തെ ആ അനുഭവം ജീവിതത്തിൽ മറക്കാൻ പറ്റാത്തതാണ്. കുടുംബശ്രീ പ്രവർത്തകരുടെ ധൈര്യം അന്ന് കാണേണ്ടതായിരുന്നു. ഏത് പരിപാടിയും വിജയിപ്പിക്കാൻ മുന്നിൽ നിൽക്കുന്നത് കുടുംബശ്രീ പ്രസ്ഥാനമാണ്.

2009 ലായിരുന്നു ഓണ ചന്ത. വാർഡ് അടിസ്ഥാനത്തിലായിരുന്നു. അഞ്ച് ദിവസത്തെ അദ്ധ്വാനത്തിന്റെ ഫലമായി നമ്മുടെ പഞ്ചായത്തിനെ ഒന്നാം

സ്ഥാനത്തേക്ക് എത്തിക്കാൻ സാധിച്ചു. മെമ്പർ സെക്രട്ടറിയുടെ പ്രവർത്തനവും സി.ഡി.എസിന്റെ കൂട്ടായ പ്രവർത്തവുമാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചത്. ആ വർഷം നടത്തിയ ക്രിസ്മസ് ചന്തയിൽ സംഘകൃഷി ഉൽപാദിപ്പിച്ച കുത്തിയരി കതിർ റൈസ് എന്ന പേരി 20 കിന്റലോളം വിറ്റഴിക്കാൻ സാധിച്ചു. നമ്മുടെ ബാഗ് യൂണിറ്റുകാർ തുണി സഞ്ചി പ്രിന്റ് ചെയ്തു കൊടുത്തു. കേരളത്തിൽ അറിയപ്പെടുന്ന ഒരു ഉൽപന്നമായി കതിർ റൈസ്.

2010ൽ 10 പേർ ചേർന്ന് സംഘകൃഷി രൂപീകരിച്ചു. ആറര ഏക്കറിൽ കൃഷി ചെയ്തു. ആദ്യമായി തരിശു നിലം കൊത്തി പാടത്ത് പണിയെടുക്കാൻ തുടങ്ങിയ അനുഭവം മറക്കാൻ പറ്റില്ല. ഒരു വർഷം സംഘകൃഷിയിൽ നിന്നും ലഭിച്ച അരിയാണ് ഭക്ഷണത്തിന് ഉപയോഗിച്ചത്. ആ അനുഭവം മറക്കാൻ പറ്റാത്തതാണ്. അയൽകൂട്ടത്തിലും എ.ഡി.എസിലും ഉള്ള പാവപ്പെട്ടവർക്ക് പെൻഷൻ വാങ്ങിക്കൊടുക്കുവാനും ക്ഷേമ കാര്യ പ്രവർത്തനങ്ങൾ ചെയ്യാനും ചികിത്സാ സഹായം ചെയ്യാനും സാധിച്ചു.

കുടുംബശ്രീ എന്ന പ്രസ്ഥാനം ഒരു വടവൃക്ഷമായിരിക്കുകയാണ്. അതിനെ ഒരു ശക്തിക്കും മുറിച്ചുമാറ്റാൻ കഴിയില്ല. എന്നെ ഞാനാക്കിയ കുടുംബശ്രീയെ ഒരിക്കലും മറക്കാൻ പറ്റില്ല. കുടുംബശ്രീ പ്രസ്ഥാനം ഇല്ലായിരുന്നുവെങ്കിൽ ക്ലാവു പിടിച്ച ഒരു ഓട്ടു പാത്രം പോലെ അടുക്കളയിൽ കഴിയേണ്ടിവരുമായിരുന്നു. അതിനാൽ ഞാൻ കുടുംബശ്രീ പ്രസ്ഥാനത്തോട് കടപ്പെട്ടിരിക്കുന്നു.

******

# എന്റെ അനുഭവക്കുറിപ്പ്

**ഉദയ കുടുംബശ്രീ**

ഞാൻ അന്തർമുഖയായി കഴിഞ്ഞിരുന്ന കാലം.ആരോടും കൂടുതലായി സംസാരിക്കുകയോ, അടുക്കുകയോ ചെയ്തിരുന്നില്ല. ആകെ ഒരു അപകർഷതാബോധം. ഇതിന് കാരണം എന്റെ ഭർത്താവ് മദ്യപിക്കും അതാണ് ഞാൻ ഇങ്ങനെ കഴിയാൻ കാരണം. ആ സമയത്താണ് എന്റെ സുഹൃത്ത് ദേവകി പറഞ്ഞത്. എണേ നീ എന്റെ കുടുംബശ്രീയിൽ ചേര്. എന്റെ കുടുംബശ്രീയിൽ അംഗങ്ങൾ കുറവാണ്. കുടുംബശ്രീയിൽ കൂടിയാൽ ആളുകളുമായി ഇടപഴകുമ്പോൾ നിനക്ക് നല്ല തുറസ്സുണ്ടാകും. നീ ഇങ്ങനെ ഇവിടെ തൂങ്ങിക്കെട്ടിയിരിക്കേണ്ട. എന്റെ അമ്മയും അതു ശരിവെച്ചു.(ഭർത്താവിന്റെ അമ്മ).

അങ്ങനെയാണ് ഞാൻ 2003-ൽ കുടുംബശ്രീയിൽ(ഉദയ കുടുംബശ്രീ) അംഗമാകുന്നത്. എന്റെ ഭർത്താവോ അമ്മയോ തന്ന പൈസയാണ് ഞാൻ കുടുംബശ്രീയിൽ അടക്കുന്നത്. ഇങ്ങനെ രണ്ട് മാസം പിന്നിട്ടു. ഒരു കുടുംബശ്രീ യോഗത്തിൽ സെക്രട്ടറി പാർവ്വതി എന്നോട് ചോദിച്ചു. കെ.സി.ക്ക് ഒരു പണിയും ഇല്ലല്ലോ? ബീഡി തെരക്കാൻ അറിയോ? ഞാൻ പറഞ്ഞു. കുറേശ്ശേ അറിയാം. സെക്രട്ടറി തന്നെ അതിനു വേണ്ട ഇലയും പുകയിലയും വാങ്ങിത്തരാൻ ഇതേ കുടുംബശ്രീയിലുള്ള സരസ്വതിയേട്ടിയോട് പറയുകയും, അങ്ങനെ ഞാൻ ബീഡി അവരുടെ കൂട്ടത്തിലിരുന്ന് തെരക്കാനും തുടങ്ങി. ഇതോടെ എനിക്ക് കുടുംബശ്രീയിൽ തൃഫ്റ്റ് അടക്കുവാൻ കഴിഞ്ഞു. ഈ സമയത്താണ് കുടുംബശ്രീയുടെ മേള ആദ്യമായി നടക്കുന്നത്. ഈ പരിപാടിയിൽ കലാപരമായും, കായികപരമായും നന്നായി തിളങ്ങാൻ സാധിച്ചു. പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും നടന്ന കലാപരിപാടിയിൽ എനിക്ക് പങ്കെടുക്കാൻ സാധിച്ചു. ഇത് ജീവിതത്തിലെ ഒരു വഴിത്തിരവാണെന്ന് എനിക്ക് തോന്നുന്നു.

2004-ൽ ഞാൻ ഉദയ കുടുംബശ്രീയുടെ സെക്രട്ടറിയാവുകയും, എ.ഡി.എസ്സ് സെക്രട്ടറിയായി എന്നെ തെരഞ്ഞെടുക്കുകയും ചെയ്തു. ആദ്യമൊക്കെ സി.ഡി.എസി-ൽ പോയി യോഗത്തിൽ കാര്യങ്ങൾ പറയാനും ചെയ്യാനുമൊക്കെ പേടിയായിരുന്നു. എന്നാലും ഒരു വിധമൊക്കെ ഒപ്പിച്ചു പോയി. 2005-ൽ ലാണ് കുടുംബശ്രീകൾ ബേങ്ക് ഉദ്യോഗസ്ഥർ വന്ന് ഗ്രേഡ് ചെയ്യുക, ലോൺ കുടുംബശ്രീക്ക് നൽകുക എന്ന പരിപാടിയൊക്കെ വന്നത്. ഇതേ സമയത്ത് തന്നെ കേരള വികസന സമിതിയുമായി ബന്ധപ്പെട്ട് ഞങ്ങളുടെ കുടുംബശ്രീ കല്ലുമ്മക്കായ കൃഷി, പശുവളർത്തൽ എന്നീ രണ്ടു സംരഭങ്ങൾ തുടങ്ങി. പശുവളർത്തൽ ആറ് അംഗങ്ങളുൾപ്പെടുന്ന ആക്ടിവിറ്റി ഗ്രൂപ്പിനാണ് നൽകിയത്. ഈ ഗ്രൂപ്പിൽ ഞാനും അംഗമായിരുന്നു. ഈ സമയത്ത് തന്നെയാണ് ക്ഷീരോൽപ്പാദക സംഘങ്ങൾ രൂപീകരിക്കാൻ തുടങ്ങിയത്. ഇത് ഞങ്ങളുടെ സംരഭത്തിന് ഒരാശ്വാസമായിരുന്നു. ക്ഷീരസംഘം രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു പ്രമോട്ടിംഗ് കമ്മിറ്റിയെ (രണ്ട് വാർഡുകൾ

ഉൾപ്പെടുന്ന തകകക, തകഡ) തെരഞ്ഞെടുത്തു. ആ കമ്മിറ്റിയിൽ ഞങ്ങളുടെ ഗ്രൂപ്പിലെ രണ്ടംഗങ്ങൾ അംഗമായി. അതിൽ ഒന്ന് ഞാനും മറ്റേത് പാർവ്വതിയുമായിരുന്നു. 2007 -ൽ ക്ഷീരസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. സംഘത്തിന്റെ ഡയരക്ടർ ബോർഡ് അംഗവും ജീവനക്കാരിയുമായി എന്നെ സംഘം ജനറൽബോഡി തെരഞ്ഞെടുത്തു. ഇതോടെ എനിക്ക് ഒരു വരുമാന മാർഗ്ഗം ഉണ്ടായി. ഇപ്പോൾ ഞാൻ ക്ഷീരസംഘത്തിൽ സ്ഥിരജീവനക്കാരിയാണ്. ഇത് എനിക്ക് ലഭിച്ചത് കുടുംബശ്രീ മുഖേനയാണെന്ന് പറയേണ്ടതില്ലല്ലോ.

ഇങ്ങനെ കഷ്ടിച്ച് ജീവിതം മുന്നോട്ട് പോയി. 2009 ഫെബ്രുവരി ഒന്ന് ഇതെന്റെ ജീവിതത്തിലെ കാളരാത്രിയായിരുന്നു എന്നും മറക്കാൻ പറ്റാത്ത കയ്പ്പുറ്റ അനുഭവം. ഇന്നാണ് എന്റെ ചെറിയോന് പാമ്പ് കടിയേറ്റത്. ഞാൻ കുടുംബശ്രീ കഴിഞ്ഞ് വരുന്നതേയുള്ളൂ. എന്റെ വലിയ കുട്ടിയും ഇളയവനും കരഞ്ഞുകൊണ്ട് ഓടി വരുന്നു. ഞാൻ വിചാരിച്ചു തമ്മിൽ അടികൂടിയിട്ടായിരിക്കുമെന്ന്. പക്ഷെ എന്റെ മൂത്തവൻ പറഞ്ഞു അമ്മേ.......ബിച്ചൂനാ പാമ്പ കടിച്ചെന്ന്. ഇതു കേട്ടപ്പോൾ എനിക്ക് ഒന്നും തിരിയാത്താവസ്ഥ. ഞാൻ ഉറക്കെ കരഞ്ഞൂന്നാ തോന്നുന്നേ. എന്റെ കുടുംബശ്രീക്കാരെല്ലാം ഓടിയെത്തി. മോനെ വേഗം ആശുപത്രിയിലേക്ക് കൊണ്ടുപോ. ആരോ ഒരാൾ അവന്റെ കാലിൽ മുറുക്കി കെട്ടി. ഞാൻ കുഞ്ഞിനേയും എടുത്ത് ഓടി.ആ സമയത്ത് കുടുംബശ്രീയിലെ ഒരാൾ നിന്റെടുത്ത് പൈസയില്ലല്ലോ? ഈ പൈസ കൈയ്യിൽ വെച്ചോ എന്ന് പറഞ്ഞ് അന്ന് പിരിഞ്ഞ 860/ -രൂപ എനിക്ക് തന്നു. ആ പരിസരത്തുള്ള കുറേ ആളുകൾ ഓടിയെത്തി. ഏതോ ഒരു കാറിൽ ഞാനും കുഞ്ഞും വേറെ രണ്ടുപേരും കൂടി നീലേശ്വരം ഹരിദാസ് ഡോക്ടറുടെ ആശുപത്രിയിൽ എത്തി. അദ്ദേഹമാണ് പറഞ്ഞത് നല്ല വിഷമുള്ള പാമ്പാണ് കടിച്ചതെന്ന്. പിന്നെ മരുന്നുകൾ ഓരോന്നായി കുത്തിവെച്ചു. അന്ന് എങ്ങനേയോ നേരം പുലർന്നു. പിറ്റേ ദിവസമാണ് മരുന്നിന്റെ ബില്ല് വന്നത്. 10 മണിക്ക് മുമ്പേ ആറായിരത്തി ചില്ല്വാനം രൂപ അടക്കണം. എന്റെ ഈശ്വരാ ഞാൻ എന്ത് ചെയ്യും എന്ന് വിചാരിച്ചിരിക്കുമ്പോൾ തന്നെ എന്റെ കുടുംബശ്രീയിലെ ഒരു സെറ്റ് ആളുകൾ ആദ്യം വന്നു. അവർ പറഞ്ഞു മറ്റപ്യ വരുമ്പോ പണം കൊണ്ടുവരുമെന്ന്.

ഞാൻ ചോദിക്കാതെ തന്നെ കുടുംബശ്രീ വായ്പയെടുത്ത് പണം കൊണ്ടുവന്നു. പിന്നീട് എന്റെ ബന്ധുക്കളും, ഏറെ നാട്ടുകാരും മറ്റ് എന്റെ വാർഡിലെ കുടുംബശ്രീക്കാരും പഞ്ചായത്ത് ഉദ്യോഗസ്ഥർ, ഭരണസമിതി അംഗങ്ങൾ എല്ലാവരും വന്നുകൊണ്ടിരുന്നു. ഇങ്ങനെ ആളുകൾ എന്റെ മോനെ കാണാൻ വരുമ്പോ ഞങ്ങളുടെ തൊട്ടടുത്ത റൂമിലെ ആളുകൾ എന്നോട് ചോദിച്ചു. നിങ്ങളാരാണ്?

നിങ്ങൾ  എന്താണ് ചെയ്യുന്നത്? എത്ര ആളുകളാണ് നിങ്ങളുടെ മകനെ കാണാൻ വരുന്നത്? ഞാൻ പറഞ്ഞു കുടുംബശ്രീ പ്രവർത്തകയാണെന്ന്. അപ്പോൾ ഒരു സ്ത്രീ എന്നോട് പറഞ്ഞു. ഞാനും കുടുംബശ്രീയിലുണ്ടല്ലോ. എന്നെ കാണാൻ ബന്ധുക്കളോ അടുത്ത സുഹൃത്തുക്കളോ അല്ലാതെ പിന്നെയാരും വന്നിട്ടില്ല. ഞാൻ വീണ്ടും പറഞ്ഞു. എ.ഡി.എസ്. സെക്രട്ടറിയാണ്, സി.ഡി.എസ്.മെമ്പറാണ് എന്നൊക്കെ. എന്നാലും ഇങ്ങനെയോ.? അവർ പറഞ്ഞു. അപ്പോഴാണ് ഞാൻഎന്റെ സ്ഥാനത്തിന് ഇത്ര സ്വാധീനം ജനങ്ങളിൽ ഉണ്ടാക്കാൻ സാധിച്ചെന്ന് ഓർത്തത്. കൂടാതെ എനിക്ക് 21,000/- രൂപയോളം ഇവിടെ ചെലവായിട്ടുണ്ട്. ഇതൊക്കെ എന്റെ വാർഡിലെ കുടുംബശ്രീകൾ ആരുടേയും പ്രേരണ ഇല്ലാതെ തന്ന പൈസയാണ്. ഒന്നുമില്ലാത്ത എന്നെ, ഒന്നുമില്ലാത്ത പാവങ്ങള് സഹായിച്ചു രക്ഷപ്പെടുത്തി.

ഇന്ന് ഞാൻ വാർഡ് വികസന സമിതിയുടെ ചെയർപേഴ്സനും, സി.ഡി.എസ് വൈസ് ചെയർപേഴ്സനുമാണ്. ഇനിയും മുന്നോട്ടുള്ള എന്റെ ജീവിത യാത്രയിൽ കുടുംബശ്രീക്കും ,പാവപ്പെട്ടവർക്കും മറ്റ് എല്ലാവരുടേയും നന്മയ്ക്കായി സ്ഥാനമാനങ്ങളില്ലെങ്കിലും അവർക്ക് വേണ്ടി പ്രവർത്തിക്കുമെന്ന് മാത്രം പറഞ്ഞു കൊണ്ട് നിർത്തുന്നു. ഇനിയുമുണ്ട് ഒരുപാട് കാര്യങ്ങൾ. ഇതൊക്കെ എനിക്ക് നേടാൻ കഴിഞ്ഞത് അല്ലെങ്കിൽ ലഭിച്ചത് കുടുംബശ്രീ സംവിധാനത്തിലൂടെയാണ്. കുറച്ചെങ്കിലും നന്മ ചെയ്യാനും, ക്രിയാത്മകമായി എല്ലാ കാര്യങ്ങളിലും ഇടപഴകാനും പ്രാപ്തയാക്കിയ കുടുംബശ്രീ സംവിധാനത്തിന് നന്ദി. നമസ്കാരം.

**യശോദ.കെ.സി,**
ഉദയ കുടുംബശ്രീ
XIV -ാം വാർഡ്

******

# എന്റെ അനുഭവക്കുറിപ്പ്

## നന്ദനം കുടുംബശ്രീ

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ വെങ്ങാട്ട് എന്ന ഒരു ചെറിയ ഗ്രാമത്തിലാണ് ഞാൻ താമസിക്കുന്നത്. എന്റെ വിവാഹം കഴിഞ്ഞു. ഭർത്താവും 2 കുട്ടികളും ഉണ്ട്. മൂത്ത കുട്ടി നവ്യാപവിത്രൻ, Plus One പഠിക്കുന്നു. രണ്ടാമത്തേത് നവീൻ 5-ാം തരത്തിൽ പഠിക്കുന്നു. എനിക്ക് കുടുംബശ്രീയിൽ വരുവാൻ ഉണ്ടായ അനുഭവമാണ്. എന്റെ ഭർത്താവിന് ടൈലറിംഗ് പണിയാണുണ്ടായത്. അന്ന് വളരെ തുച്ഛമായ വരുമാനം മാത്രമേ ഉണ്ടായുള്ളൂ. അതുകൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസം ജീവിത ചെലവ് എല്ലാം കൊണ്ട് വളരെ കഷ്ടപ്പെട്ടാണ് ജീവിതം മുന്നോട്ട് കൊണ്ടുപോയത്. സ്വന്തമായൊരു വീടില്ല. ഭർത്താവിന്റെ വീട്ടിലാണ് താമസം. അത് ഭർത്താവിന്റെ അനുജത്തിമാരുടെ പേരിലാണ്. അങ്ങിനെയിരിക്കെ ഒന്നു പുറത്തിറങ്ങുവാനും പത്തു രൂപ വരുമാനം ഉണ്ടാക്കുവാനും എനിക്ക് തോന്നി. മൂത്തകുട്ടിക്ക് 8 വയസ്സും രണ്ടാമത്തേതിന് 3 വയസ്സും പ്രായമായി. സ്കൂളിലും ബാലവാടിയിലും പോകാൻ തുടങ്ങി. അങ്ങനെയിരിക്കെ എനിക്ക് ഒരു കുടുംബശ്രീയിൽ ചേരുവാൻ തീരുമാനിച്ചു. ഭർത്താവിനോട് അനുവാദം ചോദിച്ചു. വീടിനടുത്തുള്ള മാതുചേച്ചിയോട് പോയി പറഞ്ഞു. ആ സമയത്ത് അവർ പറഞ്ഞു ഞങ്ങളുടെ കുടുംബശ്രീയിൽ 28 പേർ ഉണ്ട്. ഇതിൽ തുടർന്നുപോകാൻ ബുദ്ധിമുട്ടാണെന്ന്. പുതുതായി ഒരു കുടുംബശ്രീ രൂപീകരിച്ചോ. ഇതിൽ നിന്നും 8 പേരെ അതിലേക്ക് മാറ്റുവാനും പറഞ്ഞു. ഒന്നും തിരിയാതെ ഇത് കേട്ടപ്പോൾ എനിക്ക് പേടിയായി. അങ്ങനെ ഒരാഴ്ച്ച വീണ്ടും കഴിഞ്ഞു. എനിക്ക് എന്ത് തന്നെയായാലും തുടങ്ങാതിരിക്കാൻ പറ്റില്ല. സെക്രട്ടറി ഞാൻ ആയാലും കുടുംബശ്രീ തുടങ്ങുവാൻ തീരുമാനിച്ചു.

പിറ്റേ ദിവസം അവരുടെ അടുത്ത് പോയി സമ്മതം പറഞ്ഞു. 8 പേർ പഴയതിൽ നിന്നും 12 പേരെ ഞാൻ പോയി കണ്ട് സമ്മതം എടുത്തു. അങ്ങനെ 20 പേർ ചേർന്ന് ഒരു കുടുംബശ്രീ തുടങ്ങി. 2004 സെപ്തംബർ 24 -നാണ് കുടുംബശ്രീ രൂപീകരിച്ചത്. കുടുംബശ്രീയുടെ പേര് നന്ദനം എന്നാണ്. ഇന്ന് 8 വർഷം പിന്നിട്ടിരിക്കയാണ് കുടുംബശ്രീ. രൂപീകരിച്ച ഉടനെ സി.ഡി.എസ്സിൽ പോയി രജിസ്റ്റർ ചെയ്തു. അഫിലിയേഷൻ വാങ്ങിച്ചു. ബാങ്കിൽ പോയി അക്കൗണ്ട് തുടങ്ങി. കൃത്യമായി എല്ലാ മാസവും എ.ഡി.എസ്സ് യോഗത്തിൽ പോകും. കിട്ടുന്ന വിവരങ്ങൾ അയൽക്കൂട്ടങ്ങളിൽ വിവരിക്കും. കുടുംബശ്രീ 6 മാസം കഴിഞ്ഞ ഉടനെ ആന്തരിക വായ്പ കൊടുക്കുവാൻ തുടങ്ങി. കൃത്യമായി എല്ലാവരും തിരിച്ചടവ് തുടങ്ങി. 6 മാസം കഴിഞ്ഞപ്പോൾ ബാങ്കിൽ ഗ്രേഡിങ്ങിന് പോകാൻ

തീരുമാനിച്ചു. അടുത്തുള്ള കുടുംബശ്രീയും ഞങ്ങളുടെ കുടുംബശ്രീയും ഒരുമിച്ച് ഗ്രേഡ് ചെയ്യാൻ ബേങ്ക് മാനേജർ ഡാറ്റാ തന്നു. ഇതിന്റെ കൂടെ വാർഡ് മെമ്പറും ഉണ്ടായിരുന്നു. ഗ്രേഡ് ചെയ്യുന്നതിന് ബാങ്ക് മാനേജരും വാർഡ് മെമ്പറും യോഗ സ്ഥലത്തെത്തി. പെട്ടെന്ന് വാർഡ് മെമ്പർ പറയുകയാണ് ഒരു കുടുംബശ്രീ സെക്ര ട്ടറി സ്വാഗതം പറഞ്ഞ് മറ്റൊരാൾ അദ്ധ്യക്ഷത വഹിക്കണം എന്ന്. ആ സമയത്ത് എനിക്ക് ഉണ്ടായ പേടി ഞാൻ മറക്കാത്ത ഒരനുഭമായി കാണുന്നു. കുടുംബശ്രീ തുടങ്ങിയിട്ട് ആറ് മാസമേ ആയിട്ടുള്ളൂ. പതിയെ പതിയെ പുറം ലോകം കാണുന്ന തേയുള്ളൂ. അങ്ങനെയുള്ള ഞാൻ എന്ത് അദ്ധ്യക്ഷത വഹിക്കും. ഞാൻ വാർഡ് മെമ്പറുടെ മുഖത്തും മറ്റുള്ള അംഗങ്ങളുടെ മുഖത്തും മാറിമാറി നോക്കി. എന്തൊ ക്കെയോ രണ്ട് വർത്തമാനങ്ങൽ പറഞ്ഞൊപ്പിച്ച് ബാങ്ക് മാനേജരെ കാര്യങ്ങൾ സംസാരിക്കുന്നതിന് വേണ്ടി ക്ഷണിച്ചു. ഇത്തരത്തിലുള്ള ഒരനുഭവം എനിക്ക് കുടും ബശ്രീയിൽ വന്നത് കൊണ്ട് ആദ്യമായി കിട്ടിയതാണ്. ആ ഒരനുഭവം ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു.

ഓരോ മാസവും 3-ാം തീയ്യതി റിപ്പോർട്ട് കൊടുക്കുവാൻ എ.ഡി.എസ് യോഗ ത്തിന് പോയപ്പോൾ സി.ഡി.എസിൽ നിന്നും ഒരു വിവരം കിട്ടി. ഓഫീസ് സ്റ്റേഷ നറി & ബുക്ക് ബൈന്റിംഗ് പരിശീലനവും നൽകുന്നു. അയൽക്കൂട്ടത്തിൽ വിവരം കൊടുത്തു. നമ്മുടെ അയൽക്കൂട്ടത്തിൽ നിന്ന് 3 പേർ പരിശീലനത്തിന് പോയിരു ന്നു. 1 മാസത്തെ കോഴ്സായിരുന്നു. അതിനിടയിൽ നോട്ട് ബുക്ക് ലഡ്ജർ , ഓഫീസ് ഫയൽ, ബുക്ക് ബൈന്റിംഗ് എന്നിവ വളരെ നല്ല രീതിയിൽ ചെയ്യുവാൻ പഠി ച്ചു.കോഴ്സിന് ശേഷം പഠിപ്പിച്ച അദ്ധ്യാപകർ ഞങ്ങളെ 30 പേരെയും കൂട്ടി കണ്ണൂരിൽ ഒര് ദിവസത്തെ ടൂറിന് പോയി. പ്രിന്റിംഗ് പ്രസിലും പേപ്പർ റൂൾ ചെയ്യുന്ന സ്ഥലം കൊണ്ടുപോയി കാണിച്ചു. അവിടെ സ്ത്രീകൾ മാത്രം നടത്തുന്ന ഒരു സംരംഭക യൂണിറ്റും കാണിച്ചു തന്നു. ആ സമയത്ത് നമ്മൾക്കും തോന്നി ഇത്തരത്തിലുള്ള ഒരു സംരംഭക യൂണിറ്റ് നമ്മൾക്കും തുടങ്ങി ഒരുനല്ല രീതിയിൽ ചെറിയൊരു വരു മാനം ഉണ്ടാക്കുവാനും. അങ്ങനെ നമ്മൾ 5 പേർ കൂടി കുടുംബശ്രീയിൽ നിന്ന് കുറഞ്ഞ പലിശ നിരക്കിൽ ചെറിയൊരു ലോൺ എടുത്തു. കണ്ണൂരിൽ പോയി സാധ നങ്ങൾ കൊണ്ടു വന്നു. ഒരു നോട്ട് ബുക്ക് കട തുടങ്ങി. നമ്മൾക്ക് പരിശീലനം നൽകിയ സ്ഥാപനത്തിലെ അദ്ധ്യാപകന്റെ സഹായത്തോടെ നല്ലൊരു യൂണിറ്റ് തുട ങ്ങുവാൻ കഴിഞ്ഞു. ജോലി കൃത്യമായി ചെയ്തു. നോട്ട് ബുക്ക് നല്ല രീതിയിൽ ഉണ്ടാക്കി കടയിൽ പോയി അന്വേഷിച്ചു. കടക്കാർ എടുക്കുവാൻ തയ്യാറായി. ഏക ദേശം 5000-ത്തിൽ അധികം നോട്ട് ഉണ്ടാക്കി കൊടുത്തു. വലിയ തരത്തിൽ ലാഭമി ല്ലെങ്കിലും നമ്മൾ എടുത്ത വായ്പയും പലിശയും കൃത്യമായി അടക്കുവാനും, ചെറി

യൊരു തുക മിച്ചം വെക്കുവാനും കഴിഞ്ഞിട്ടുണ്ട്. വാർഡ് മെമ്പറും ഉണ്ടായിരുന്നു. ഗ്രേഡ് ചെയ്യുന്നതിന് ബാങ്ക് മാനേജരും വാർഡ് മെമ്പറും യോഗ സ്ഥലത്തെത്തി. പെട്ടെന്ന് വാർഡ് മെമ്പർ പറയുകയാണ് ഒരു കുടുംബശ്രീ സെക്രട്ടറി സ്വാഗതം പറഞ്ഞ് മറ്റൊരാൾ അദ്ധ്യക്ഷത വഹിക്കണം എന്ന്. ആ സമയത്ത് എനിക്ക് ഉണ്ടായ പേടി ഞാൻ മറക്കാത്ത ഒരനുഭമായി കാണുന്നു. കുടുംബശ്രീ തുടങ്ങിയിട്ട് ആറ് മാസമേ ആയിട്ടുള്ളൂ. പതിയെ പതിയെ പുറം ലോകം കാണുന്നതേയുള്ളൂ. അങ്ങനെയുള്ള ഞാൻ എന്ത് അദ്ധ്യക്ഷത വഹിക്കും. ഞാൻ വാർഡ് മെമ്പറുടെ മുഖത്തും മറ്റുള്ള അംഗങ്ങളുടെ മുഖത്തും മാറിമാറി നോക്കി. എന്തൊക്കെയോ രണ്ട് വർത്തമാനങ്ങൽ പറഞ്ഞൊപ്പിച്ച് ബാങ്ക് മാനേജരെ കാര്യങ്ങൾ സംസാരിക്കുന്നതിന് വേണ്ടി ക്ഷണിച്ചു. ഇത്തരത്തിലുള്ള ഒരനുഭവം എനിക്ക് കുടുംബശ്രീയിൽ വന്നത് കൊണ്ട് ആദ്യമായി കിട്ടിയതാണ്. ആ ഒരനുഭവം ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു.

ഓരോ മാസവും 3-ാം തീയ്യതി റിപ്പോർട്ട് കൊടുക്കുവാൻ എ.ഡി.എസ് യോഗ ത്തിന് പോയപ്പോൾ സി.ഡി.എസിൽ നിന്നും ഒരു വിവരം കിട്ടി. ഓഫീസ് സ്റ്റേഷനറി & ബുക്ക് ബൈന്റിംഗ് പരിശീലനവും നൽകുന്നു. അയൽക്കൂട്ടത്തിൽ വിവരം കൊടുത്തു. നമ്മുടെ അയൽക്കൂട്ടത്തിൽ നിന്ന് 3 പേർ പരിശീലനത്തിന് പോയിരുന്നു. 1 മാസത്തെ കോഴ്സായിരുന്നു. അതിനിടയിൽ നോട്ട് ബുക്ക് ലഡ്ജർ , ഓഫീസ് ഫയൽ, ബുക്ക് ബൈന്റിംഗ് എന്നിവ വളരെ നല്ല രീതിയിൽ ചെയ്യുവാൻ പഠിച്ചു.കോഴ്സിന് ശേഷം പഠിപ്പിച്ച അദ്ധ്യാപകർ ഞങ്ങളെ 30 പേരെയും കൂട്ടി കണ്ണൂരിൽ ഒര് ദിവസത്തെ ടൂറിന് പോയി. പ്രിന്റിംഗ് പ്രസിലും പേപ്പർ റൂൾ ചെയ്യുന്ന സ്ഥലം കൊണ്ടുപോയി കാണിച്ചു. അവിടെ സ്ത്രീകൾ മാത്രം നടത്തുന്ന ഒരു സംരംഭക യൂണിറ്റും കാണിച്ചു തന്നു. ആ സമയത്ത് നമ്മൾക്കും തോന്നി ഇത്തരത്തിലുള്ള ഒരു സംരംഭക യൂണിറ്റ് നമ്മൾക്കും തുടങ്ങി ഒരുനല്ല രീതിയിൽ ചെറിയൊരു വരുമാനം ഉണ്ടാക്കുവാനും.

അങ്ങനെ നമ്മൾ 5 പേർ കൂടി കുടുംബശ്രീയിൽ നിന്ന് കുറഞ്ഞ പലിശ നിര ക്കിൽ ചെറിയൊരു ലോൺ എടുത്തു. കണ്ണൂരിൽ പോയി സാധനങ്ങൾ കൊണ്ടു വന്നു. ഒരു നോട്ട് ബുക്ക് കട തുടങ്ങി. നമ്മൾക്ക് പരിശീലനം നൽകിയ സ്ഥാപനത്തിലെ അദ്ധ്യാപകന്റെ സഹായത്തോടെ നല്ലൊരു യൂണിറ്റ് തുടങ്ങുവാൻ കഴിഞ്ഞു. ജോലി കൃത്യമായി ചെയ്തു. നോട്ട് ബുക്ക് നല്ല രീതിയിൽ ഉണ്ടാക്കി കടയിൽ പോയി അന്വേ ഷിച്ചു. കടക്കാർ എടുക്കുവാൻ തയ്യാറായി. ഏകദേശം 5000-ത്തിൽ അധികം നോട്ട് ഉണ്ടാക്കി കൊടുത്തു. വലിയ തരത്തിൽ ലാഭമില്ലെങ്കിലും നമ്മൾ എടുത്ത വായ്പയും പലിശയും കൃത്യമായി അടക്കുവാനും, ചെറിയൊരു തുക മിച്ചം വെക്കുവാനും കഴി ഞ്ഞിട്ടുണ്ട്. അതിനപ്പുറം നമ്മളുടെ കുട്ടികളുടെ ആവശ്യത്തിനുള്ള നോട്ടു ബുക്കും ഉണ്ടാക്കുവാനും കഴിഞ്ഞു. ആയതിനാൽ കുടുംബശ്രീ സംരംഭക ലോൺ എടുക്കു

വാനും സംരംഭം തുടർന്ന് കൊണ്ട് പോകുവാനും തീരുമാനിച്ചു. ലോൺ എടുക്കുവാൻ ബാങ്കിൽ പോയി. സി.ഡി.എസ്സിന് വിവരം നൽകി. ആ സമയത്താണ് പഞ്ചായത്ത് ഈ തരത്തിലുള്ള കാര്യങ്ങൾ ഒന്നും അറിയില്ല എന്നും ഇത്തരത്തിൽ ഒരു ട്രെയിനിംഗ് സംഘടിപ്പിച്ചത് അറിയാത്തത് കൊണ്ട് നമ്മൾക്ക് കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് തരുവാൻ സാധ്യമല്ല എന്നും ഭരണ സമിതി പറഞ്ഞു. ട്രെയിനിംഗ് സർട്ടിഫിക്കേറ്റ് ഇല്ലാത്തത് കാരണം ബേങ്ക് ലോൺ തരുവാൻ പറ്റില്ലെന്ന് പറഞ്ഞു. ഇതോടെ നമ്മളുടെ അഞ്ചുപേരുടേയും പ്രതീക്ഷ നഷ്ടപ്പെട്ടുപോയി. ഈ അനുഭവം എന്റെ ജീവിതത്തിൽ ഉണ്ടായ ഏറ്റവും ദുഖകരമായ ഒരനുഭവം ആണ്. മുന്നോട്ട് പോകാൻ പറ്റാത്ത അവസ്ഥയിൽ നമ്മൾ ഓരോരുത്തരും അവരവരുടെ ആവശ്യത്തിനുള്ള നോട്ട് ബുക്ക് ഇപ്പോഴും ഉണ്ടാക്കാറുണ്ട്. പഠിച്ച ഒരു സംരംഭം മുറുകെ പിടിച്ച് മുന്നോട്ട് കൊണ്ടുപോകാൻ തന്നെ തീരുമാനിച്ചു.

സ്നേഹബന്ധത്തിലാണ്, നമ്മൾ 2 പേർ ഒരു കുടുംബശ്രീയിലും 3 പേർ വേറെ വാർഡിലെ കുടുംബശ്രീയിലുമാണ്. എങ്കിലും നമ്മൾക്ക് കൂട്ടായ ഒരു സംരംഭം തുടങ്ങാൻ പറ്റാത്തതിനപ്പുറം ഒരു നല്ല സ്നേഹബന്ധം ഇത്തരത്തിലുള്ള ട്രെയിനിംഗിലൂടെയും കുടുംബശ്രീ എന്ന ഈ പ്രസ്ഥാനത്തിലൂടെയും വീണ്ടെടുക്കാൻ കഴിഞ്ഞതാണ് ഏറ്റവും വലിയ സന്തോഷമുള്ള കാര്യം. ഈ ഒരു സുഹൃത്ബന്ധം ഇപ്പോഴും നിലനിൽക്കുന്നു. അങ്ങനെയിരിക്കെ 2006-07-ൽ ഞാൻ എന്റെ വാർഡിനകത്തെ എ.ഡി.എസ്. സെക്രട്ടറിയായി. എന്റെ അയൽക്കൂട്ടത്തിനപ്പുറം മറ്റ് അയൽക്കൂട്ടങ്ങളിലേക്കും ശ്രദ്ധചെലുത്താൻ പറ്റി. 2006-07-ൽ മെയ്യ് 20,21,22,23 എന്നീ തീയ്യതികളിൽ ഉദുമ ഏരോൽപാലസിൽ വെച്ച് എ.ഡി.എസ് മെമ്പർമാർക്ക് ഒരു പരിശീലനം നൽകുന്ന വിവരം സി.ഡി.എസ്സിൽ നിന്നും ലഭിച്ചു. അതു കേട്ടപ്പോൾ എനിക്ക് പേടിയായി. 4 ദിവസം വീട് വിട്ട് പോയി മറ്റൊരിടത്ത് നിൽക്കുന്ന കാര്യം ഓർക്കുവാൻ പോലും പറ്റാത്തതാണ്. പിന്നെ വീട്, കുട്ടികൾ, ഭർത്താവ് എന്തു ചെയ്യാൻ. സി.ഡി.എസ്-ൽ നിന്നും ഉറച്ച തീരുമാനം. നിർബന്ധമായും പങ്കെടുക്കണം. അങ്ങനെ കാര്യങ്ങൾ വീട്ടിൽ വിശദീകരിച്ചു. ആദ്യം ഭർത്താവ് പറഞ്ഞു. 4 ദിവസം ഒരിടത്ത് പോയി നിൽക്കുമ്പോൾ കുട്ടികൾ വിഷമിക്കില്ലേ? ഒരു ഭാഗത്ത് ആ ഒരു ചിന്തയും മറുഭാഗത്ത് ട്രെയിനിംഗിന് പോകേണ്ട ചിന്തയും. ഒടുവിൽ ചിന്തിച്ച് ട്രെയിനിംഗിന് പോകാൻ തീരുമനിച്ചു. കൃത്യമായി ട്രെയിനിംഗിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും 60 പേർ പങ്കെടുത്തു. വളരെ നല്ലൊരു ട്രെയിനിംഗ് ആയിരുന്നു അവിടെ നിന്ന് 4 ദിവസം കിട്ടിയത്.

അതിന്റെ ഇടയിൽ മറക്കാൻ പറ്റാത്ത ഒരനുഭവം കൂടി എനിക്കുണ്ടായി. ജീവിതത്തിൽ ആദ്യമായി ഞാൻ ഒരു വേദിയിൽ കയറി മൈക്കിന് മുന്നിൽനിന്ന് സംസാരിച്ചു. ഓരോ കളിയിലൂടെയാണ് അവിടെ ക്ലാസ്സ് നടന്നിരുന്നത്. 20-ാം

തീയ്യതി നമ്മൾ എല്ലാവരോടും ഓരോരുത്തരുടെ പേരും, അഡ്രസ്സും, ജനന തീയ്യതിയും എഴുതി ഒരു ബോക്സിൽ ഇടുവാൻ പറഞ്ഞു. പറഞ്ഞ പ്രകാരം ഞാനും അത് ചെയ്തു. ചെയ്യുമ്പോൾ എന്തിനാണ് അത് ചെയ്യുന്നത് എന്ന് അറിയില്ല. 21-ാം തീയ്യതി രാത്രി ഒരു 10.30-ന് ഞങ്ങളോട് സാർ പറഞ്ഞു, നിങ്ങളെല്ലാവരും ഒന്ന് കണ്ണടച്ച് ഇരിക്കണം. ഇന്നലെ തുടങ്ങിയ കാര്യങ്ങൾ ഒക്കെ നിങ്ങളോട് ഞാൻ പറഞ്ഞു തരും. അത് നിങ്ങൾ കണ്ണടച്ച് ഏറ്റു പറയണം. ആ സമയത്ത് എല്ലാവരും ഒന്നടങ്കം കണ്ണടച്ചു. കാര്യങ്ങൾ ഏറ്റുപറഞ്ഞു. ഏകദേശം ഒരു 10 മിനുട്ടോളം അതേ ഇരിപ്പിൽ തന്നെ ഇരുന്നു സംസാരിച്ചു. ശേഷം പെട്ടെന്ന് കണ്ണ് തുറക്കുവാൻ പറഞ്ഞു. പെട്ടെന്ന് സ്റ്റേജിൽ ഒരു കമ്പ്യൂട്ടർ സ്ക്രീനിൽ ഞാൻ 2 പേര് കാണുന്നു. 1.ഗീത.പി.വി, 21.05.1975, രമണി.എ.വി, 21.05.1975 ആ സമയത്തും എനിക്ക് യാതൊന്നും മനസ്സിലായിരുന്നില്ല. മേശപ്പുറത്ത് മുഴുവൻ മെഴുകുതിരി കത്തിച്ച് വെച്ചിരിക്കുന്നു. ഒരു പ്ലേറ്റ് നിറയെ കേക്ക് വച്ചിരിക്കുന്നു. പെട്ടെന്ന് സാർ പറയുന്നു. ഗീത, രമണി എന്നിവർ വേദിയിലേക്ക് കടന്നു വരിക.

നിങ്ങളുടെ പിറന്നാളാണ് ഇന്ന്. അത് ഇന്ന് നമ്മൾക്ക് ആഘോഷിക്കണം. ഞാൻ സത്യം പറയട്ടെ ഞാൻ ഒന്നു ഞെട്ടിപ്പോയി. ആ സമയത്ത് എനിക്ക് എന്ത് സംഭവിച്ചു എന്നറിയില്ല. ആകെപ്പാടെ ഒരു ഭയം. സ്റ്റേജിൽ കയറി. ബർത്ത്ഡേ ആഘോഷത്തിന്റെ ഭാഗമായി ആശംസയർപ്പിച്ച് സംസാരിക്കാൻ ജീവിതത്തിൽ വേദിയിൽ കയറി മൈക്കിൽ സംസാരിക്കാത്ത ഞാൻ എന്ത് പറയണമെന്ന് എനിക്ക് അറിയില്ല. എന്തൊക്കെയോ രണ്ട് വാക്യങ്ങൾ പറഞ്ഞൊപ്പിച്ചു. ഈ ഒരു ദിവസം എന്റെ ജീവിതത്തിൽ വെച്ച് മറക്കാൻ പറ്റാത്ത ഒരനുഭവമാണ്. ഇത്തരത്തിലുള്ള ഒരു കുടുംബശ്രീ പ്രസ്ഥാനം വന്നതോട് കൂടി തന്നെയാണ് എനിക്ക് ഇത്തരത്തിലൊരു സൗഭാഗ്യം ലഭിച്ചത്. അതിന് ശേഷം കൂടുതൽ ട്രെയിനിംഗിൽ പങ്കെടുക്കുവാനും കാര്യങ്ങൾ മനസ്സിലാക്കുവാനും ഈ പ്രസ്ഥാനത്തിലൂടെ കഴിഞ്ഞു.അതിനുശേഷം 2007-ൽ ഒരു തേനീച്ച വളർത്തൽ പരിശീലനത്തിനു പോയി. അതും നമ്മുടെ അയൽക്കൂട്ടത്തിൽ നിന്നും 3 പേർ പങ്കെടുത്തു. വിജയകരമായി ട്രെയിനിംഗ് പൂർത്തീകരിച്ചു. കുറച്ച് പെട്ടി തേനീച്ച വാങ്ങിച്ചു. അതിൽ നിന്നും നമ്മുടെ ആവശ്യത്തിനുള്ള തേൻ എല്ലാ വർഷവും കിട്ടാറുണ്ട്. ഇങ്ങനെ ഓരോന്നിനും പോകുന്നത് കൊണ്ട് കുറച്ച് കാര്യങ്ങൾ പഠിക്കുവാനും മനസ്സമാധാനവുമാണ് കിട്ടുന്നത്.

കൂടാതെ ചെറിയൊരു വരുമാനം ഉണ്ടാക്കുവാനും ഇതിലൂടെ കഴിയുന്നുണ്ട്. 2008- പുതിയ ബൈലോ പ്രകാരം തെരഞ്ഞെടുപ്പ് നടന്നു. അതിൽ ഞാൻ ഒരു സി.ഡി.എസ് മെമ്പർ ആയി തെരഞ്ഞെടുക്കപ്പെട്ടു. മാത്രമല്ല ഒരു സബ് കമ്മിറ്റി കൺവീനർ കൂടിയായി തെരഞ്ഞെടുത്തു. 2008-11 വരെ നല്ലൊരു സി.ഡി..എസ്സ് മെമ്പർ ആയി പ്രവർത്തിക്കുവാൻ കഴിഞ്ഞു. 7 അയൽക്കൂട്ടത്തിൽ നിന്നും 15 അയൽക്കൂട്ടം രൂപീക

രിച്ചു. 12 പഴയതും 4 പുതിയതും. ഇതിൽ 11 അയൽക്കൂട്ടം പലിശ സബ്സിഡി പ്രകാരം ലിങ്കേജ് വായ്പ എടുക്കുകയും മാച്ചിംഗ് ഗ്രാന്റ് കൈപ്പറ്റുകയും ചെയ്തു. 3 ബാലസഭ രൂപീകരിക്കുവാനും കൃത്യമായി അവരെ ക്യാമ്പിലും, ട്രെയിനിംഗിൽ പങ്കെടുപ്പിക്കാനും പറ്റിയിട്ടുണ്ട്. കൂടാതെ 12 ഓളം ജെ.എൽ.ജി ഗ്രൂപ്പ് രൂപീകരിക്കാനും അവർക്ക് വേണ്ട ഏരിയാ ഇൻസെന്റീവ് വാങ്ങിച്ച് കൊടുക്കുവാനും പറ്റിയിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്ക് ഒരു നല്ല വരുമാന മാർഗ്ഗം ഉണ്ടാക്കുവാനും കഴിഞ്ഞിട്ടുണ്ട്. സമയം കിട്ടുമ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുകയും ഒരു നല്ല സമ്പാദ്യം കിട്ടുവാനും കഴിഞ്ഞിട്ടുണ്ട്. 2012-ൽ പിന്നെയും തെരഞ്ഞെടുപ്പ് നടന്നു.ഒരു സി.ഡി.എസ്.മെമ്പറായി വീണ്ടും തെരഞ്ഞെടുത്തു. ഇനിയങ്ങോട്ട് വാർഡിലെ മുഴുവൻ അയൽക്കൂട്ടത്തിനും വേണ്ട സഹായങ്ങൾ ചെയ്ത് കൊടുത്തു. ഇത്തരത്തിലുള്ള കുടുംബശ്രീ പ്രസ്ഥാനം 14 വർഷം പിന്നിട്ടപ്പോഴും ഇനിയങ്ങോട്ട് തുടർന്ന് പോകട്ടെ എന്ന് ആശിച്ച് കൊണ്ട് എന്റെ ഈ അനുഭവ കഥ ഇവിടെ വെച്ച് നിർത്തുന്നു. നന്ദി, നമസ്കാരം

******

# അനുഭവകിരണങ്ങൾ












**KUDUMBASHREE**

**KASARAGOD DIST. MISSION**

CIVIL STATTION, VIDYANAGAR, KASARAGOD - 671 123, PH: 04994 256111

Email: spemksd@gmail.com, www.kudumbashree.org